H·S·1652

കേരള മലയാള പാഠാവലി

KOTTAYAM
STATE

പുസ്തകം ൨

H.S.1652

കേരള

മലയാള പാഠാവലി

പുസ്തകം ൫

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE.

ഗവണ്മെൻറിൽനിന്നും നിയമിച്ച കമ്മിററി
തയാറാക്കിയതു്

വില : 80 നയാപൈസ

1958

©

The Government of Kerala
1958

ഉള്ളടക്കം

			പേജ്
1.	സാങ്കേതികവിദ്യാഭ്യാസം —എസ്. പരമേശ്വരൻ		1
2.	ലങ്കാപ്രവേശം —എഴുത്തച്ഛൻ	(പദ്യം)	9
3.	"എസ്സേ" —എം. പി. ശിവദാസമേനോൻ		11
4.	മദം ശമിച്ച പാത്ഥൻ —കുഞ്ചൻനമ്പ്യാർ	(പദ്യം)	22
5.	"കിടച്ചതു കല്യാണം" —കുട്ടിക്കൃഷ്ണമാരാര്		25
6.	ഗോകുലത്തിലേയ്ക്കുള്ള യാത്ര —ചെറുശ്ശേരി	(പദ്യം)	34
7.	അർജ്ജുനൻെറ പ്രതിജ്ഞാപാലനം —പൂന്താനം	(പദ്യം)	38
8.	ഹെമ്മൻ സ്ലൻഡർട്ട് —ഡോക്ടർ കെ. എം. ജോർജ്ജ്		40
9.	പാർവ്വതിയുടെ ശൈശവം —"ഗിരിജാകല്യാണം"	(പദ്യം)	50
10.	സ്വനഗ്രാഹിയന്ത്രത്തിൻെറ തിരപ്പുറപ്പാട് —എം. ബാലരാമമേനോൻ		53
11.	ശാസ്താംകാവിലെ ശാന്തിക്കാരൻ —വി. ടി. ഭട്ടതിരിപ്പാട്		66
12.	കുചേലൻെറ യാത്ര —രാമപുരത്തു വാരിയർ	(പദ്യം)	76
13.	ഹൈദരാലിയുടെ മലയാളഗവർണ്ണർ —പ്രഫസർ ഒ. കെ. നമ്പ്യാർ		79

GOVERNMENT ... KOTTAYAM KERALA ... SCHOOL

			പേജ്
14.	മിനിക്കോയ് —I —എൻ. വി. കൃഷ്ണവാരിയർ		87
15.	കോമന്റെ പുറപ്പാട് —"വടക്കൻപാട്ട്"	(പദ്യം)	98
16.	മിനിക്കോയ് —II —എൻ. വി. കൃഷ്ണവാരിയർ		101
17.	കൃഷിക്കാരന്റെ വീട് —കുററിപ്പുറത്ത് കേശവൻനായർ		111
18.	പേര് —പ്രൊഫസർ സി. ആർ. കേരളവർമ്മ		113
19.	ശംഖ് —I —ദേവീദാസമേനോൻ		121
20.	സുകുമാരസ്സൃഷ്ടി —പള്ളത്ത് രാമൻ	(പദ്യം)	129
21.	ശംഖ് —II —ദേവീദാസമേനോൻ		131
22.	കലിയും ഇന്ദ്രനും —ഉണ്ണായിവാരിയർ	(പദ്യം)	141
23.	കുലദ്രോഹി —എസ്സ്. കെ. പൊററക്കാട്		145
24.	സാഹിത്യപുരോഗതി —കെ. എസ്സ്. എഴുത്തച്ഛൻ		164
25.	മാഢം ക്യൂറി —ഡോക്ടർ കെ. ഭാസ്കരൻനായർ		172
26.	ഒരു കഠിനതപസ്സ് —പ്രൊഫസ്സർ എ. ആർ. രാജരാജവർമ്മ	(പദ്യം)	186
27.	എവറസ്റ്റാരോഹണം —വി. വി. മേനോൻ		191

H.S.1652

കേരള മലയാള പാഠാവലി

പാഠം 1

സാങ്കേതികവിദ്യാഭ്യാസം

"വിയൎത്തുവേണം നീ ഉപജീവനം കഴിക്കാൻ"— ഇതായിരുന്നു മനുഷ്യനു കിട്ടിയ ശാപം. ജീവസന്ധാരണത്തിന്നു് ആവശ്യമായ സാധനങ്ങൾ ധാരാളമായി സമ്പാദിക്കാൻ സാധിച്ചിരുന്നെങ്കിൽ വിയൎക്കുന്നതിൽ സങ്കടമില്ലായിരുന്നു. നട്ടെല്ലു വെള്ളമാക്കീട്ടും കിട്ടുന്നതു് അല്പപ്പട്ടിണിക്കുള്ള വക മാത്രം. ഇതോൎക്കുമ്പോളാണു് ഈ ശാപത്തിന്റെ തീക്ഷ്ണത മനസ്സിലാവുക. ഇതത്രെ ഇന്നു സകലരെയും തുറിച്ചുനോക്കുന്ന വിഷമപ്രശ്നം. പലരും പല പ്രകാരത്തിലാണു് ഈ ദുർഘടാവസ്ഥയ്ക്കു പരിഹാരം നിർദ്ദേശിക്കുന്നതു്. പഞ്ചവത്സരപദ്ധതികളും ദശവത്സരപദ്ധതികളും മററും ഇവയുടെ പ്രകാരാന്തരങ്ങൾ മാത്രം. ഈ പദ്ധതികളുടെയെല്ലാം അടിസ്ഥാനം വ്യവസായപോഷണവും സാങ്കേതികപ്രസാരവുമാണെന്നു് അല്പം ചിന്തിക്കുന്നവൎക്കു മനസ്സിലാകും. വ്യവസായത്തിന്റെ വളൎച്ചയ്ക്കു് സാങ്കേതികവിജ്ഞാനം അനുപേക്ഷണീയമാകുന്നു. അങ്ങനെ ലോകരുടെ പട്ടിണിപ്പാടു് അകലുന്നതിനും രാഷ്ട്രം പുരോഗമിക്കുന്നതിന്നും സാങ്കേതികവിദ്യാഭ്യാസംകൂടാതെ സാധ്യമല്ലെന്നു സ്പഷ്ടം.

ശക്തിയും ധൈൎയ്യവുംകൊണ്ടു് പ്രയത്നത്തിൽനിന്നുണ്ടാകുന്ന ക്ലേശങ്ങളെയും ശ്രാന്തിയെയും മനുഷ്യർ ആഹ്ലാദമായി രൂപാന്തരപ്പെടുത്തണം. മൃഗക്കൂട്ടത്തിൽ പ്രവൃത്തി. ഒരു

വിനോദമായും, ആ വിനോദം ജീവിതമായും തീരണം. ഇതാണ് സാങ്കേതികവിജ്ഞാനത്തിന്റെ ആദർശം. "പ്രവൃത്തി വിനോദമായിത്തോന്നണം" എന്ന തത്വം വളരെ നല്ലതുതന്നെ. പക്ഷേ, ഇതു നടപ്പിൽവരുത്താൻ സാധ്യമാണോ?

വിനോദം എന്ന പദത്തെ അതിന്റെ സാധാരണമായ, നാടോടിയായ, അർത്ഥത്തിൽ ധരിച്ചുകൊണ്ടാണ്, ഒരു വ്യവസായി ജോലിയെടുക്കുന്നതെങ്കിൽ അയാൾക്കു കുത്തുപാളയെടുക്കാൻ അധികംകാലം വേണ്ടിവരില്ല. കാരണം, അയാളുടെ വിനോദം അഥവാ കളി കഴമ്പില്ലാത്തതും അനിയന്ത്രിതവുമായിത്തീരുമെന്നതുതന്നെ. ആഹ്ലാദവും പ്രോത്സാഹനവും നൽകി നമ്മെ കൂടുതൽ ഉത്സുകരാക്കുന്ന ഒന്നായിട്ടാണ് 'വിനോദ'മെന്ന പദത്തെ ഇവിടെ വ്യാഖ്യാനിക്കേണ്ടതു്. കാര്യമാത്രപ്രസക്തവും രസശൂന്യവുമായ ഒരന്തരീക്ഷത്തേക്കാൾ ആഹ്ലാദജനകവും പ്രോത്സാഹകവുമായ പരിസരം ഒരുവന്റെ പ്രയത്നത്തിന് കൂടുതൽ പ്രചോദനം നൽകുമല്ലോ. അങ്ങനെയുള്ള ഒരു പരിസരത്തിൽ ക്ലേശഭൂയിഷ്ഠമായ ജോലികൂടി, സുഗമവും ഉത്സാഹനിർഭരവുമായിട്ടല്ലേ തോന്നുക?

വളരെക്കൊല്ലമായി ഒരേ ജോലിയിൽത്തന്നെ കഴിഞ്ഞുകൂടുന്ന ഒരു പണിക്കാരനെപ്പറ്റി ഒന്നാലോചിച്ചുനോക്കൂ. എത്രതന്നെ വിദഗ്ദ്ധനായാലും ശരി, അവൻ ഒന്നാംതരം ജോലി ചെയ്യുമോ? 'ചിരകാലമായി നിർവ്വഹിച്ചുപോരുന്ന അധ്വാനത്തിൽ അവനും മുഷിപ്പു തോന്നില്ലേ? തന്റെ ജോലി മേലുദ്യോഗസ്ഥന്റെ പരിശോധനയ്ക്കു വിധേയമാകാതിരിക്കാൻ അവൻ ശ്രമിക്കുന്നതു കാണാം. അങ്ങനെയുള്ള ഒരുവനുണ്ടോ പുതിയ സമ്പ്രദായങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നു? മാത്രമല്ല, മറ്റൊരാൾ കണ്ടുപിടിച്ച

സമ്പ്രദായം, അതു് എത്രതന്നെ എളുപ്പമുള്ളതായിരുന്നാലും സ്വീകാര്യമായിരുന്നാലും ശരി, അയാൾ ഒരിക്കലും അതംഗീകരിക്കാൻ സന്നദ്ധനാവില്ല. "എൻെറ ജീവിതം അവസാനിക്കാറായി. ഈ വയസ്സുകാലത്തുവേണോ ഇനി നൂതനവിദ്യകൾ അഭ്യസിക്കാൻ ?" എന്നായിരിക്കും അയാളുടെ ചിന്താഗതി. ചുരുക്കിപ്പറഞ്ഞാൽ അയാൾ അതൃപ്തിയുടേയും അകർമ്മണ്യതയുടേയും ഒരു ആവാസകേന്ദ്രമായിരിക്കും. പ്രായോഗികമല്ലാത്ത ആശയങ്ങളായിരിക്കും അയാളിൽ കുടികൊള്ളുക. കാലത്തിൻെറ മാററം, വ്യാപാരത്തിൻെറ നില എന്നീ കാര്യങ്ങളിലേയ്ക്കൊന്നും അയാളുടെ ചിന്ത പായില്ല. ആകെക്കൂടി പുരോഗതിക്കു വിഘാതമായേ അയാൾ വർത്തിക്കൂ. മററ പണിക്കാരില്ലെങ്കിൽ ആ പ്രദേശത്തുള്ളവർ കുഴങ്ങും. നേരെമറിച്ചു് ആ ജോലി അറിയുന്നവർ ധാരാളമുണ്ടെങ്കിലോ, നാട്ടാർക്കു വിഷമംകൂടാതെ കഴിക്കാം; സമുദായത്തിന്നു വേണ്ട വസ്തുക്കൾ വേണ്ടസമയത്തു സുലഭമാവുകയുംചെയ്യും. അതിനാൽ സാങ്കേതികപരിശീലനം സിദ്ധിച്ചവരെ സൃഷ്ടിക്കുകയും അവരുടെ വിലയേറിയ സേവനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതു കാലോചിതമായ ഒരുദ്യമം മാത്രമാണു്. കൈമിടുക്കും കാര്യശേഷിയും ഉള്ള തൊഴിലാളികളും, നൂതനസമ്പ്രദായങ്ങൾ ആവിഷ്കരിക്കാൻ പ്രാപ്തിയും പ്രതിഭയുമുള്ള പ്രയത്നശീലന്മാരും, പുതിയ പദ്ധതികൾ പരിശോധിച്ചു പ്രയോഗിക്കാൻ ത്രാണിയും തയ്യാറുമുള്ള മുതലാളിമാരുമാണു് ഇന്നാവശ്യം. എല്ലാററിനുമുപരി, വ്യാവസായികമായ സമാധാനവും നാട്ടിലെങ്ങുമുണ്ടായേ മതിയാകൂ.

രചനാത്മകമായ പ്രവർത്തനത്തിന്നു് ഒന്നാമതായി വേണ്ടതു് മാനസികസന്തോഷമാണു്. സാങ്കേതികപരി

ശീലനം ലഭിച്ചവർക്കു്, ഉത്തേജകമായ പരിസരം നൽകുന്നതായാൽ, അവർ നൂതനസമ്പ്രദായങ്ങൾ ആവിഷ്കരിക്കാൻ ശ്രമിക്കും. അവയെ പരിശോധിച്ചുനോക്കി ഗുണദോഷങ്ങൾ മനസ്സിലാക്കാൻ വ്യവസായതൽപരന്മാരും സന്നദ്ധരാകേണ്ടിയിരിക്കുന്നു. വിശാലവീക്ഷണവും സേവനൗത്സുക്യവുമായിരിക്കണം അവരുടെ ആദർശം. എങ്കിലേ മുതലാളിമാർക്കും തൊഴിലാളികൾക്കും ഇടയിൽ സൗഹാർദ്ദം പുലരൂ; സാങ്കേതികവിദ്യാനിപുണർക്കു മുന്നോട്ടു പോകാൻ ഉത്സാഹം തോന്നൂ. മുതലാളിമാരിൽ അത്തരമൊരു പരിവർത്തനം ഉളവാക്കാൻ സാങ്കേതികവിദ്യാഭ്യാസത്തിനുവേണ്ടി പ്രയത്നിക്കുന്നവർക്കു കഴിയണം.

ആശയഗ്രഹണത്തോടുകൂടി വിദ്യാഭ്യാസം അവസാനിക്കുന്നില്ല. അതു രചനാത്മകമായ പ്രതിഭയെ ഉണർത്താനും കൂടി കഴിവുററതാകണം. ചിന്തയും പ്രവൃത്തിയും ഉണർന്നതിനുശേഷവും അവയ്ക്കു വേണ്ട പ്രചോദനം നല്കാൻ വിദ്യാഭ്യാസത്തിനു സാധിക്കണം. പ്രയോഗിതയുടെ ചൈതന്യം സ്പന്ദിച്ചാലേ വിദ്യാഭ്യാസം സജീവവും ഫലപ്രദവുമാകൂ. പുസ്തകമാത്രനിഷ്ഠമായ വിദ്യാഭ്യാസത്തിനു പ്രായോഗികത്വം കുറയും. വസ്തുതകളെ നേരിട്ടു കണ്ടു മനസ്സിലാക്കാൻ സഹായിക്കുന്നുവെന്നതാണു് ശാസ്ത്രാഭ്യസനത്തിന്റെ പ്രത്യേകത. പ്രകൃതിയിലെ പ്രതിഭാസങ്ങളെ നിരീക്ഷിക്കുകയും, ആ നിരീക്ഷണത്തിൽനിന്നു് അവയുടെ കാര്യകാരണവിവേചനത്തിൽ എത്തിച്ചേരുകയും തത്സംബന്ധികളായ നിയമങ്ങൾ നിർദ്ധാരണം ചെയ്യുകയുമത്രേ ശാസ്ത്രത്തിന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യം. വിദ്യാഭ്യാസത്തെ പ്രായോഗികതയിലേയ്ക്കു നയിക്കുന്ന ഏക

സോപാനം ശാസ്ത്രമാണെന്നുള്ളതും വിസ്മരിച്ചുകൂടാ. ജീവിതത്തെപ്പരാമർശിക്കുന്ന ഏതുതരം വിദ്യാഭ്യാസത്തിനും ശാസ്ത്രം അനുപേക്ഷണീയമാകുന്നതു് അതുകൊണ്ടത്രേ.

സാമാന്യവിദ്യാഭ്യാസവും സാങ്കേതികവിദ്യാഭ്യാസവും അന്യോന്യം വിരുദ്ധമല്ല; അന്യോന്യപൂരകങ്ങളാണു് അവ. സാമാന്യവിദ്യാഭ്യാസത്തെക്കുറിച്ചു ശരിയായ ഒരു ബോധം ലഭിക്കണമെങ്കിൽ സാങ്കേതികപരിശീലനം ലഭിച്ചേ മതിയാകൂ. തൊഴിൽശാലയിൽവെച്ചു് അഭ്യസിക്കുമ്പോഴേ ഗണിതശാസ്ത്രവും യന്ത്രശാസ്ത്രവും മററും പ്രായോഗികവിജ്ഞാനത്തിനുതകൂ. പുസ്തകങ്ങളിൽനിന്നു മാത്രം അവയെക്കുറിച്ചു പഠിക്കുന്ന ഒരു വിദ്യാർത്ഥി വിഹരിക്കുന്നതു് ഭാവനാലോകത്തിലാണു്. കേവലശാസ്ത്രവിഭാഗം അടിസ്ഥാനവും തൊഴിൽശാലാപരിശീലനം പൂരകവുമാകണമെങ്കിൽ സാങ്കേതികപരിശീലനം ആവശ്യമാണു്. അതുപോലെ, സാങ്കേതികപരിശീലനം ഫലപ്രദമാകണമെങ്കിൽ ശാസ്ത്രാഭ്യസനവും വേണം.

പ്രായോഗികജീവിതത്തിനുതകുന്ന വസ്തുക്കൾ നിർമ്മിക്കാൻ വിജ്ഞാനത്തെ ഉപയോഗിക്കുക എന്നതാണല്ലോ സാങ്കേതികവിദ്യാഭ്യാസത്തിന്റെ മൗലികതത്ത്വം. അത്തരം അഭ്യസനത്തിൻ പല വിജ്ഞാനപദ്ധതികളും ആസൂത്രണം ചെയ്യണം. ഇവിടെ പ്രസക്തമായ ഒരു പ്രശ്നമുണ്ടു്:— ഏതെല്ലാം ശാസ്ത്രവിഭാഗങ്ങളാണു് അഭ്യസിപ്പിക്കേണ്ടതു്? ഇതിനു തികച്ചും ക്ലിപ്തമായ ഒരുത്തരം നല്കുക സാധ്യമല്ല. എന്തെന്നാൽ ഇന്നലെവരെ സാങ്കേതികവിദ്യാഭ്യാസത്തോടു ബന്ധമൊന്നുമില്ലെന്നു വിശ്വസിക്കപ്പെട്ടുപോന്ന പല ശാസ്ത്രവിഭാഗങ്ങളും ഇന്നു് അപരിത്യാജ്യമായി വന്നിരിക്കുന്നു.

എന്തായാലും സാങ്കേതികവിദ്യാഭ്യാസപദ്ധതിയിൽ അവശ്യം വേണ്ട ശാസ്ത്രതത്വങ്ങളെ മാത്രമേ ഉൾപ്പെടുത്താവൂ എന്നു നിഷ്കർശിക്കേണ്ടതുണ്ടു്. ശാസ്ത്രവിജ്ഞാനം പ്രചരിക്കണമെങ്കിൽ ശാസ്ത്രഗവേഷണവും പുരോഗമിക്കേണ്ടതുണ്ടു്.

ഈ സന്ദർഭത്തിൽ അതിപ്രധാനമായൊരു ചോദ്യം ഉത്ഭവിച്ചേയ്ക്കാം:—"തികച്ചും ശാസ്ത്രീയമായ അധിഷ്ഠാനത്തിൽ കെട്ടിപ്പടുത്ത സാങ്കേതികവിദ്യാഭ്യാസം ശുഷ്കവും കാര്യമാത്രപ്രസക്തവുമാവില്ലേ? സൗന്ദര്യബോധത്തിന്നും അതിൽനിന്നു് ഉറവെടുക്കുന്ന കലകൾക്കും അതിൽ ഒരു സ്ഥാനവും വേണ്ടെന്നോ?" ശരിയാണു്. സാങ്കേതികവിദ്യാഭ്യാസം അങ്ങനെ ശുഷ്കമായിക്കൂടാ. അതിൽ കലയുടെ അംശം കൂടിച്ചേരുന്നതു നന്നായിരിക്കും; ആവശ്യവുമാണു്. ദേശീയവിദ്യാഭ്യാസത്തിനു് കലാപരം, ശാസ്ത്രീയം, സാങ്കേതികം എന്നു മൂന്നു വിഭാഗങ്ങൾ ഉണ്ടായിരിക്കും. ഇവയിൽ ഓരോന്നിന്റെ അദ്ധ്യയനവും മററു രണ്ടു വിഭാഗങ്ങളേയും ഉൾക്കൊള്ളുന്നതാകണം. ഇതത്രേ വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ അഭിപ്രായം. ശാസ്ത്രം ജീവസന്ധാരണത്തിന്നുള്ള സാധനങ്ങൾ നല്കി നമ്മെ തൃപ്തിപ്പെടുത്തുന്നുണ്ടെങ്കിൽ, കല ആ ജീവിതത്തെ പ്രകാശത്തിലേയ്ക്കു് ഉയർത്തി, ആശാപൂർണ്ണമാക്കാൻ സഹായിക്കുന്നു. ശാരീരികമായ ആഹാരം നല്കാൻ ശാസ്ത്രത്തിന്നു സാധിക്കും; ആത്മാവിന്നു് ആഹാരം നല്കാൻ കലയ്ക്കേ കഴിയൂ. ഈ രണ്ടു അംശങ്ങളും സാങ്കേതികവിദ്യാഭ്യാസത്തിലുണ്ടായിരിക്കണം. സൂക്ഷ്മമുഖമായ ചിന്തകൾക്കു രൂപം കൊടുക്കാനും അതുപകരിക്കണം.

തൊഴിലിൽനിന്നു പഠിക്കുക, പഠിക്കുന്നതോടൊപ്പം ജീവിതാവശ്യത്തിന്നുള്ളതു സമ്പാദിക്കുക—ഇതായിരുന്നു

പ്രാചീനഭാരതത്തിൽ അനുസരിക്കപ്പെട്ടുപോന്ന വിദ്യാഭ്യാസതത്ത്വം. ഇതിന്റെ പുനഃപ്രകാശനമാണല്ലോ ഗാന്ധിജിയുടെ 'അടിസ്ഥാനവിദ്യാഭ്യാസം'. രചനാത്മകമായ പ്രവൃത്തികളിലൂടെ പഠിക്കുക എന്നതു് വിദ്യാഭ്യാസത്തെ കൂടുതൽ ശാസ്ത്രീയവും യഥാർത്ഥവുമാക്കുന്നു; അതോടുകൂടി യുവജനങ്ങൾ കൈത്തൊഴിലുകളുടെ മാഹാത്മ്യം മനസ്സിലാക്കുന്നുമുണ്ടു്. തൽഫലമായി അവർ ഏറെക്കുറെ സ്വാശ്രയശീലരാവാനും ഇടയുണ്ടു്.

സ്വാതന്ത്ര്യം ലഭിച്ചതോടൊപ്പം ഇന്ത്യയുടെ ചുമതല വർദ്ധിച്ചിരിക്കുകയാണല്ലോ. സാങ്കേതികവിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രദ്ധ പതിഞ്ഞു തുടങ്ങിയിരിക്കുന്നുവെന്നതു ആശ്വാസജനകംതന്നെ. ചില പ്രദേശങ്ങളിൽ വിദ്യാഭ്യാസപദ്ധതിതന്നെ തൊഴിൽപരമാക്കുവാൻ തുടങ്ങിയിട്ടുണ്ടു്; സാങ്കേതികവിദ്യാലയങ്ങൾ അവിടവിടെ പൊങ്ങിവരുന്നുമുണ്ടു്. ഇനിയുമുണ്ടാകുമെന്ന വാഗ്ദാനവും ലഭിച്ചിരിക്കുന്നു. വ്യവസായപുരോഗതിയുടെ ആവശ്യം മനസ്സിലാക്കി ഗവൺമെണ്ടു് അതിന്നുവേണ്ട ഏർപ്പാടുകൾ കൈക്കൊണ്ടു കഴിഞ്ഞിരിക്കുന്നു. വിജ്ഞാനത്തിന്റെ രംഗത്തിലേയ്ക്കു് തങ്ങൾ നല്കുന്ന സംഭാവന സാമാന്യജനങ്ങളുടെ നന്മയ്ക്കായി ഉപയോഗിക്കണമെന്നു നമ്മുടെ ശാസ്ത്രജ്ഞന്മാരും സാങ്കേതികവിദഗ്ദ്ധന്മാരും തീരുമാനിക്കുന്ന പക്ഷം, അടുത്ത ഭാവിയിൽത്തന്നെ വിദ്യാഭ്യാസത്തിന്റെ സമ്പ്രദായം പാടെ മാറുമെന്നതിൽ സംശയിക്കേണ്ടതില്ല.

ശാസ്ത്രസൗധം] —എസ്സ്. പരമേശ്വരൻ.

കുറിപ്പുകൾ

ചോദ്യങ്ങൾ:—1. സാങ്കേതികവിദ്യാഭ്യാസത്തിന്റെ ആദർശമെന്തു്?

2. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ന്യൂനതകളേവ?

വ്യാകരണം:—സ്വാതന്ത്ര്യമായി അർത്ഥത്തെ വചിക്കുന്ന ശബ്ദങ്ങളെ വാചകമെന്നും, പദങ്ങൾക്കോ വാക്യങ്ങൾക്കോ ഉള്ള സംബന്ധത്തെ സ്ഫുരിപ്പിക്കുക മാത്രം ചെയ്യുന്ന ശബ്ദങ്ങളെ ദ്യോതകമെന്നും പറയുന്നു. നാമവും ക്രിയയും വിശേഷണവും വാചകമെന്ന വിഭാഗത്തിൽപ്പെടുന്നു; അവ്യയവും നിപാതവും ദ്യോതകം എന്ന വിഭാഗത്തിലും.

ഉദാഹരണം:—"നെടിയ ചമ്പകം പൂത്തു" ഇതിൽ നെടിയ എന്ന വിശേഷണവും ചമ്പകമെന്ന നാമവും പൂത്തു എന്ന ക്രിയയും വാചകങ്ങളാണു്.

"ഉള്ളു പറഞ്ഞു നടക്കുന്നവരും" എന്നിടത്തെ 'ഉം' ദ്യോതകമാകുന്നു. എന്നു്, എങ്കിലും, എന്നാൽ ഇടങ്ങിയവയെല്ലാം ഇതിൽപ്പെടുന്നു.

അഭ്യാസം:—

വാചകവും ദ്യോതകവും കണ്ടുപിടിക്കുക:—

1. ചുടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാൽ പേടിക്കും.
2. പാഞ്ഞറിഞ്ഞതിടുവാനെന്നപോലെ.
3. പച്ചക്കളലിക്കലർക്കിടയ്ക്കിടെ
   മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും.

പാഠം 2

ലങ്കാപ്രവേശം

[കൈരളിയുടെ രൂപത്തിലും ഭാവത്തിലും പുതുമകലർത്തിയ ഒരു യുഗാചാര്യനാണ് തുഞ്ചത്തെഴുത്തച്ഛൻ. കൈരളീയരുടെ സാംസ്കാരികവളർച്ചയ്ക്ക് അദ്ദേഹം നൽകിയ സംഭാവന അമൂല്യമത്രേ.

ഭാരതം കിളിപ്പാട്ട്, ഇരുപത്തിനാലു വൃത്തം, ഹരിനാമകീർത്തനം, ഭാഗവതം കിളിപ്പാട്ട് എന്നീ കൃതികൾ എഴുത്തച്ഛന്റേതായി നമുക്കു കിട്ടിയിട്ടുണ്ട്. അധ്യാത്മരാമായണമാണ് അദ്ദേഹത്തിന്റെ അതിപ്രസിദ്ധമായ ഗ്രന്ഥം. അതിലെ സുന്ദരകാണ്ഡത്തിൽനിന്നാണ് ഈ പാഠം ഉദ്ധരിച്ചിട്ടുള്ളത്.]

ചരമഗിരിശിരസി രവിയും പ്രവേശിച്ചിതു,
ചാരുലങ്കാഗോപുരാഗ്രേ കപീന്ദ്രനും.
ദശവദനനഗരമതിവിമലവിപുലസ്ഥലം
ദക്ഷിണവാരിധിമധ്യേ മനോഹരം
ബഹുലഫലകുസുമദലയുതവിടപിസംകുലം
വല്ലീകലാവൃതം പക്ഷിമൃഗാന്വിതം
മണികനകമയമമരപുരസദൃശമംബുധി-
മധ്യേ ത്രികൂടാചലോപരി മാരുതി
കമലമകൾ ചരിതമറിവതിനു ചെന്നപ്പോൾ
കണ്ടിതു ലങ്കാനഗരം നിരുപമം.
കനകകവിരചിതമതിൽ കിടങ്ങും പലതരം
കണ്ടു കടപ്പാൻ പണിയെന്നു മാനസേ
പരവശതയോടു ഝടിതി പലവഴി നിരൂപിച്ചു
പത്മനാഭൻതന്നെ ധ്യാനിച്ചു മേവിനാൻ.

നിജമനസി നിശിചരകുലാരിയെ ധ്യാനിച്ചു
നിർജ്ജരവൈരിപുരം ഗമിച്ചീടിനാൻ.

രാമായണം കിളിപ്പാട്ട്]   [എഴുത്തച്ഛൻ

കുറിപ്പുകൾ

ചരമഗിരിശിരസി=അസ്തമനപർവ്വതത്തിന്റെ കൊടുമുടിയിൽ. രവി=സൂര്യൻ. ദശവദനനഗരം=രാവണന്റെ നഗരം. ബഹുലഫലകുസുമദലയുതവിടപിസങ്കുലം=അനേകം പഴങ്ങളും പൂക്കളും ഇലകളും ഉള്ള മരങ്ങൾ തിങ്ങിയ. വല്ലീകുലാവൃതം=വള്ളികളാൽ ചുറ്റപ്പെട്ട. പക്ഷിമൃഗാന്വിതം=പക്ഷികളോടും മൃഗങ്ങളോടും കൂടിയ. അമരപുരസദൃശം=ദേവന്മാരുടെ നഗരിയായ അമരാവതിയോടു തുല്യമായ. കമലമകൾചരിതം=സീതയുടെ (ലക്ഷ്മിയുടെ അവതാരമെന്ന സങ്കല്പത്തിൽ) വൃത്താന്തം. നിരുപമം=അതുല്യമായ. ഝടിതി=പെട്ടെന്ന്. നിശിചരകുലാരി=രാക്ഷസവംശത്തിന്റെ ശത്രു (ശ്രീരാമൻ). നിർജ്ജരവൈരിപുരം=ദേവന്മാരുടെ ശത്രുവായ രാവണന്റെ നഗരം (ലങ്ക).

വ്യാകരണം :—

വൃത്തം: കളകാഞ്ചി

മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരു ഗണങ്ങളെ
എട്ടുചേർത്തുള്ളീരടിക്കു ചൊല്ലാം കാകളിയെന്നപേർ
കാകളിക്കാദ്യപാദത്തിൽ രണ്ടോ മൂന്നോ ഗണങ്ങളെ
അല്ലെങ്കിൽ ലഘുവാക്കീടിലുളവാം കളകാഞ്ചി കേൾ.

ഓരോ അടിയിലും മൂന്നക്ഷരങ്ങളുള്ള നാലുഗണം ഉണ്ടായാൽ അതു കാകളി. കാകളിയുടെ ഒന്നാം പാദത്തിലെ മൂന്നു ഗണമോ രണ്ടു ഗണമോ മുഴുവൻ ലഘുവാക്കുന്നതു് കളകാഞ്ചി.

പാഠം 3

"എസ്സേ"

സ്കൂളിൽ പോകുന്ന കുട്ടിയുടെ ഒരു പുസ്തകമെടുത്തു വെറുതെ ഏടുകൾ തിരിച്ചും മറിച്ചും നോക്കിക്കൊണ്ടിരിക്കുമ്പോഴാണു് ആ പാഠം കണ്ടതു്,—'റെയിൽവേ യാത്ര'. എന്താണിപ്പോൾ ഇതിനെക്കുറിച്ചിത്രയൊക്കെ എഴുതാനുള്ളതു്, എന്നാണാദ്യം തോന്നിയതു്. വായിച്ചപ്പോളോ, ഈ നിസ്സാരകാര്യങ്ങൾ ഇത്ര രസാവഹമാക്കി എഴുതാമല്ലോ എന്നൊരത്ഭുതവും.

യാത്രക്കാരുടെ തരഭേദങ്ങളായിരുന്നു പ്രസിദ്ധനായ പ്രീസ്റ്റ്ലിയുടെ ആ ലേഖനത്തിലെ മുഖ്യപ്രതിപാദ്യം. ദുശ്ശാഠ്യം പിടിച്ചു് മറ്റുള്ളവർക്കു് ശല്യം സംഭാവനചെയ്യുന്ന കുട്ടികളോടുകൂടിയ അമ്മമാർ, സാമാനക്കെട്ടുകൾ ഇരിക്കുന്നവരുടെ മേലും തലയിലും വർഷിച്ചും അവയുടെ എണ്ണം നോക്കി പരിഭ്രമിച്ചും അലട്ടിക്കൊണ്ടിരിക്കുന്നവർ, കാറ്റു പോരെന്നു ശഠിച്ചു വാതിലും ജനലും മലക്കെ തുറന്നിട്ടു കാറ്റു മാത്രമല്ല പുകയും കൽക്കരിപ്പൊടിയും ഉള്ളിലേക്കു കടത്തിവിടുന്നവർ, തണുത്ത കാറ്റേറ്റു ചീരാപ്പും തൊണ്ടയടപ്പും വരുമെന്ന പേടിയാൽ എല്ലാം അടച്ചുപൂട്ടി ശ്വാസംമുട്ടി വിങ്ങിപ്പൊട്ടാൻ വാശിപിടിക്കുന്നവർ, വണ്ടിപുറപ്പെട്ട ഉടനെ താന്താങ്ങളുടെ കൊട്ടയോ സഞ്ചിയോ തുറന്നു സദാ ചവച്ചു തുപ്പി ചിലച്ചുകൊണ്ടിരിക്കുന്നവർ, കയറിയിരുന്ന ഉടനെ കണ്ണടച്ചു് എത്തേണ്ടിടത്തെത്തുംവരെ ചിന്തമറ്റില്ലാതെ ഉറങ്ങുന്ന വേറെയൊരുകൂട്ടർ—ഇങ്ങനെ പലപല 'വഹക്കാ'രെയാണദ്ദേഹം ആ പാഠത്തിൽ വർണ്ണിച്ചിട്ടുള്ളതു്. അതും, മനോഹരവും രസാവഹവുമായ ശൈലിയിലും.

നമുക്കുമുണ്ടായിട്ടുള്ളതാണ് ഈ അനുഭവങ്ങളത്രയും. എന്നാലവ ഒരു പത്രത്തിലോ പുസ്തകത്തിലോ ഒരു പ്രബന്ധമാക്കി എഴുതിച്ചേർക്കാമെന്നു നമുക്കാർക്കും തോന്നിയിട്ടില്ല. എന്താവാമതിനു കാരണം? സംസ്കൃതമാതൃകകളിലെ രചനാനിബന്ധനകളാൽ ബദ്ധരാണല്ലോ മലയാളികൾ. ഒരു നിയമവും മര്യാദയും കൂടാതെ അങ്ങനെയൊക്കെ അങ്ങെഴുതുകയോ! അന്തസ്സിനു കുറച്ചിലാണതെന്നൊരു തോന്നലുംകൂടിയുണ്ടോ നമ്മുടെ കൂട്ടർക്കെന്നു സംശയമുള്ളൂ. 'പ്രബന്ധ'മെന്നാണ് 'എസ്സേ'ക്കു നാം പറയാറുള്ളതെങ്കിലും പ്രബന്ധത്തിന്റെ നിബന്ധനകളും റൂളും റെഗുലേഷനുമൊന്നും ബാധകമല്ലാത്തൊരു മട്ടിലാണ് ഇംഗ്ലീഷ് 'എസ്സേ'യുടെ പോക്ക്. പാണ്ഡിത്യപാടവം പ്രകടിപ്പിക്കാനാണ് നമുക്കു വാസന. സ്വന്തം അനുഭവങ്ങളെ ഉപന്യസിക്കുവാനുള്ള ഉശിര്—രചനാനിയമങ്ങളെ കൂട്ടാക്കാതെ ഉള്ളിലുള്ളതു് വന്നപോലെ എഴുതിവിടാൻ വേണ്ട ധൈര്യം—അതു നമുക്കല്പം കമ്മിയാണ്. ഇംഗ്ലീഷിലെഴുതുന്നവർക്കാകട്ടെ ഈ [illegible]മില്ല. സംസ്കൃതസാഹിത്യസങ്കേതങ്ങൾക്കു നേരെ എതിരാണല്ലോ ഇംഗ്ലീഷുകാരന്റെ സ്വാതന്ത്ര്യതൽപരത. രസികത്വവും ജ്ഞാനവുമാണ് ഉള്ളടക്കമെങ്കിൽ, ഏവനും ഏതു രീതിയിലും എന്തും എഴുതാമെന്ന് എന്നോ തീർച്ചയായ കാര്യം, എല്ലാവർക്കും ഒരു വിധം സ്വീകാര്യമായി. എന്നല്ല, പതിനെട്ടാം നൂറ്റാണ്ടിൽ അതു് 'എസ്സേ' എന്നൊരു സാഹിത്യപ്രസ്ഥാനമായിത്തന്നെ വികസിച്ചും തുടങ്ങി.

'ഉദ്യമം' എന്നേ 'എസ്സേ' എന്ന വാക്കിനർത്ഥമുള്ളൂ. എന്തും തരംതിരിച്ചു സമർത്ഥമായി നിർവ്വചിക്കുന്ന ഡോക്ടർ ജോൺസൺ പറയുന്നതു് 'എസ്സേ, 'മനസ്സിന്റെ കൂസലി

ല്ലാത്ത ഒരു കൃതി ആണെന്നാണ്. സമ്പൂർണ്ണസ്വാതന്ത്ര്യത്തോടെ, വിശേഷിച്ചുത്തരവാദിത്വങ്ങളൊന്നുമില്ലാതെ, നമ്മുടെ മനസ്സു വല്ല വിഷയത്തിലേയ്ക്കും കുതിച്ച് പ്രവേശിക്കുന്ന ഒരു വിനോദവിമർശമാണ് എസ്സേ. വിജ്ഞാനസമ്പത്തല്ല ഇതിനാവശ്യം, അനുഭവവും ആത്മാർത്ഥതയുമാണ്. അവ രണ്ടുമുള്ള ആർക്കും യഥേഷ്ടം കടന്നുവരാം.

ഗോൾഡ്സ്മിത്ത് തുടങ്ങി ഇംഗ്ലീഷിലിന്നെഴുതുന്ന പ്രബന്ധകാരന്മാർവരെ ഈ സ്വാതന്ത്ര്യമട്ടു കാണാം. ചരിത്രവും ശാസ്ത്രവും കല്പിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്ന കട്ടപ്പംകൂടിയ ചിന്തകൾ മാററിനിർത്തി, ആത്മവീക്ഷണത്തിൽനിന്നുമാത്രം ഉറന്നുവരുന്ന ചിന്തകൾ ഒതുക്കിയാണവരെഴുതുന്നതു്. ആർക്കും അനുഭവപ്പെട്ടുവന്ന ഒരു നിത്യനിസ്സാരസംഭവം പിടിച്ചിട്ടാവും തുടക്കം. സരസവും സജീവവുമായി അതുപപാദിച്ചതിന്നുശേഷം അതിൽനിന്നുണരുന്ന ചിന്തകളിലേയ്ക്കു സർക്കീട്ടടിച്ചു ലാത്തി ഒടുക്കം മനുഷ്യജീവിതത്തെ സ്പർശിക്കുന്ന സ്നേഹതത്വങ്ങളിലവസാനിക്കുന്നു.

തെരുവിൽ തെണ്ടിപ്പിള്ളർ കളിച്ചുകൊണ്ടിരിക്കുന്നതു്, ഒരു കള്ളുകുടിയൻ പരമാനന്ദതുന്ദിലനായി ആഞ്ഞുലഞ്ഞു നടന്നുവരുന്നതു്, സ്ത്രീകൾ ഒരു മൂലയ്ക്കു നിന്നു സ്വകാര്യം പറയുന്നതു്, ഒരു പ്രാസംഗികൻ പൊതുസ്ഥലത്തു നിന്നു ഒരു പീഞ്ഞപ്പെട്ടിപ്പുറത്തും അടിച്ചു ബോറടിക്കുന്നതു്—ഇങ്ങനെ ഏതിൽനിന്നെങ്ങനെയും തുടങ്ങാം. അങ്ങനെ തുടങ്ങുമ്പോൾ സ്വാഭാവികമായി ആത്മകഥാകഥനത്തിന്റെ ഒരു ഛായ വരും. പക്ഷെ, സ്വാനുഭവചിന്തകളുടെ അകൃത്രിമസുന്ദരമായ ഒരു പ്രവാഹമാധുര്യവും

അതിൽനിന്നൊഴുകുക. അതിൽ കളവില്ല, ചതിയില്ല, തട്ടിപ്പില്ല, പിത്തലാട്ടമില്ല. ഉണ്ടെങ്കിലോ, എന്റേ ഒന്നിനും കൊള്ളാതാവുകയും ചെയ്യും.

ഒരുദാഹരണം പറയാം, ശ്രദ്ധിച്ചുകേട്ടാലും: "കാലത്തേയുണരേണം ബാലകന്മാരേ നിങ്ങൾ" എന്നാണല്ലോ അലിഖിതശാസനം. സത്യം പറഞ്ഞാൽ, നിവൃത്തിയുണ്ടെങ്കിൽ ഇഷ്ടംപോലെ കിടന്നുറങ്ങി വൈകി എഴുന്നേല്ക്കാനാണ് അധികംപേർക്കുമിഷ്ടം. സ്വന്തം ഹിതാഹിതങ്ങളേയും അനുഭവത്തേയും പുച്ഛിച്ചുവെച്ച്, പല അസംബന്ധങ്ങളും പ്രസംഗിക്കാനാണ് സാധാരണ ഒരെഴുത്തുകാരൻ മുതിരുക—ലോകത്തെ നന്നാക്കലാണല്ലോ അവന്റെ ലക്ഷ്യം!

ചാറൽസ് ലാംബ് എന്ന പ്രസിദ്ധ ഗ്രന്ഥകർത്താവ് വൈകി എഴുന്നേററാലുള്ള സുഖത്തെക്കുറിച്ചു ലേശം കവിത കൂട്ടി വളരെ ഭംഗിയിൽ പറഞ്ഞുവെച്ചശേഷം, തനിക്കതാണ് ഏററവും സുഖമെന്നും നിത്യം പത്തുമണിക്കേ താനെഴുന്നേല്ക്കാറുള്ളുവെന്നും തനിക്കു യാതൊരു കേടും തന്മൂലം വന്നിട്ടില്ലെന്നും മറവും കൂസലില്ലാതെ എഴുതിച്ചേർത്തൊരു പ്രബന്ധമുണ്ട്. നേരത്തേ കിടന്നുറങ്ങി നേരത്തേ എഴുന്നേററാൽ ആരോഗ്യവും സമ്പത്തും ദീർഘായുസ്സുമെല്ലാം കിട്ടുമെന്ന് അദ്ദേഹം പറഞ്ഞില്ല. തന്മൂലം പണ്ഡിതന്മാരും ജ്ഞാനികളും ലാംബിനെ ഒരുപക്ഷേ ചീത്തപറഞ്ഞു, പച്ചിച്ചു, എന്നെല്ലാം വരാം. നിങ്ങളും ഞാനും അതു ചെയ്യില്ല. കാരണം, വൈകിയെഴുന്നേല്ക്കുന്നതിലാണ് നമുക്കു താൽപര്യം. എന്നല്ല, ലാംബു പറഞ്ഞതു പരമാർത്ഥമാണെന്നറിയുകയും ചെയ്യാം നമുക്ക്. പല പിഴകളും

വീഴ്ചകളും അറിഞ്ഞും അറിയാതേയും പററിക്കൊണ്ടിരി ക്കുന്ന നമ്മൾ, പാടേ നീക്കംചെയ്യേണ്ടതാണു് പലതു മെന്നറിഞ്ഞിട്ടുകൂടി അതു ചെയ്യുന്നില്ല ; അഥവാ അതിനു കഴിയുന്നില്ല. എന്നിരിക്കേ, അതു തുറന്നു പറയാൻ എന്തിനു മടിക്കുന്നു ? ഇതു ജ്ഞാനയോഗമല്ല, സനാതന ധർമ്മപരിപാലനപ്രസംഗവുമല്ല. ഒരാൾ സത്യമായും കൃത്യ മായും അവനു വരുന്ന വീഴ്ചകളെപ്പററി സവിനയം സമർപ്പി ക്കുന്നൊരു സമ്മതപത്രമാണു്. രസാത്മകമാണു് അതാ പാദചൂഡം. വായിക്കുന്നവർക്കു ബഹുരസം. ഇങ്ങനെ പല സംഗതികളെപ്പരാമർശിച്ചും ലാംബെഴുതിയിട്ടുണ്ടു്. ഓരോന്നു വായിക്കുമ്പോഴും നാം അദ്ദേഹത്തിൻെറ സത്യ സന്ധതയിലും വിനയത്തിലും രസികതത്തിലും അലിഞ്ഞ ലിഞ്ഞു ചേരും.

സാഹിത്യത്തിൽ, ലേഖനത്തിലായാലും സല്ലാപത്തി ലായാലും, തുഷ്ടിയും ആനന്ദവും സംജാതമാകുന്നതു് ആത്മാ ർത്ഥതകൊണ്ടാണു്. നാട്യകപടക്കെട്ടുപാടുകൾ ഒട്ടുമി ല്ലാതെ, ഉള്ളതു സമ്മതിച്ചു സംസാരിക്കുന്നൊരാൾ ഏതു സഭയിലും സ്വാഗതാർഹനായിത്തീരുന്നു. ആയാൾ പറയു ന്നതു് ആളുകൾ സശ്രദ്ധം കേൾക്കും. നേരേമറിച്ചു്, പാണ്ഡിത്യപ്രഘോഷണം ചെയ്തുകൊണ്ടൊരു മഹാജ്ഞാനി അകലെനിന്നു വരുന്നതു കണ്ടാൽ നമ്മളിൽ പലരും ഒഴിഞ്ഞു മാറാനാണു് ശ്രമിക്കുക. ഇതുപോലെയാണു് ഗ്രന്ഥങ്ങളും. ഉള്ളതു ഭംഗിയിൽ പറയുന്ന സഹൃദയനായ ഒരെഴുത്തുകാരനെ നമുക്കൊരുകാലത്തും മടുപ്പുവരികയില്ല. സാങ്കേതികപ്രബ ന്ധങ്ങളും ശാസ്ത്രീയലേഖനങ്ങളും അതുപോലെയുള്ള കനത്ത സാധനങ്ങളും ഒരുകൂട്ടർക്കു പിടിക്കും. സാധാരണന്മാർക്കു രസികതത്തിലാണു് കമ്പം. സത്യവും സൗന്ദര്യവും

പ്രതിഭയുടെ മാധുര്യവും ചേർന്നാലോ, അതു ശക്തിമത്തായ ഒരു പാനീയമായിത്തീരുകയും ചെയ്യും.

'എസ്സേ' എഴുതുന്നതു ഗദ്യത്തിലാണെങ്കിലും നേരിയൊരു കവിഹൃദയംകൂടി ലേഖകനുണ്ടെങ്കിൽ സാധാരണ വിഷയങ്ങൾക്കതു പകിട്ടു കൂട്ടും. നല്ല 'എസ്സേയിസ്റ്റു' കൾക്കെപ്പോഴും ഇതുണ്ടാവുകയും ചെയ്യും.

ലാംബിനെത്തന്നെ എടുത്തുനോക്കുക: രാത്രി താമസിക്കുന്ന മുറിയിൽ തിരിച്ചെത്തി ഒരു മെഴുകുതിരി കൊളുത്തി മേശപ്പുറത്തുവെച്ച് എഴുതാനാരംഭിക്കയാണദ്ദേഹം. തെരുവിൽ ജ്വലിച്ചുകൊണ്ടുനില്ക്കുന്ന ഗ്യാസ്‌വിളക്കുകളുടെ—ഇലക്ട്രിസിറ്റി അന്നേയ്ക്കെത്തിയിട്ടില്ല—പ്രഭയിൽനിന്നാണ് ഇഷ്ടൻ വരുന്നതു്. മെഴുകുതിരിയുടെ വെളിച്ചം മുറിയിൽ പരന്നതോടെ അദ്ദേഹത്തിന്റെ ചിന്ത പോയ പോക്കു നോക്കൂ: "സൂര്യൻ ആവശ്യംതന്നെ—" അദ്ദേഹം എഴുതുകയാണ്: "വെളിച്ചവും ചൂടും നൽകുന്നതുകൊണ്ട്, ആ പ്രകാശത്തെ സംരക്ഷിക്കേണ്ടതുതന്നെ. എങ്കിലും ചന്ദ്രൻ ഉദിച്ചുയരുമ്പോൾ അതിന്റെ ശീതളപ്രഭ സൂര്യന്റേതിനേക്കാൾ എത്രയോ മടങ്ങ് ചേതസ്സമാകർഷകമായിട്ടെനിക്കു തോന്നുന്നു. പ്രഭാപൂരംകൊണ്ട് മഞ്ഞളിച്ച കണ്ണുകൾക്ക് ഈ കൊച്ചുമെഴുകുതിരിയുടെ വെട്ടം എത്ര ആനന്ദപ്രദമായിരിക്കുന്നു!" ഇത്രയും പറഞ്ഞടങ്ങിയിരിക്കാതെ അദ്ദേഹം മെഴുകുതിരിയെ അഭിസംബോധനം ചെയ്തുകൊണ്ട് ഗദ്യത്തിൽ മനോഹരമായ കവിതയുതിർക്കുകയാണ്. പിന്നെ, ലോകത്തിൽ മികച്ചതും പ്രൗഢവും തികഞ്ഞതുമായ വസ്തുക്കൾ സുലഭമാണെങ്കിലും, അവയിൽ താണ പലതും അതുപോലെ മധുരങ്ങളാണെന്നും, നിസ്സാരസംഗതികളിലാണ്

മിക്കപ്പോഴും ഹൃദയസ്പർശിയായ അനുഭവം കൂടികൊള്ളുന്നതെന്നും മററും നമ്മുടെ ചിന്തയ്ക്കു നിറം പിടിപ്പിച്ചുകൊണ്ടു് അറിയാതെ നമ്മെ ഉയർത്തിക്കൊണ്ടുപോകുന്നു. അതാണു് 'എസ്സേ'യുടെ അത്ഭുതാവഹമായ 'പാഠം'—വശ്യശക്തി.

മലയാളഭാഷയിൽ നോവലും ചെറുകഥകളും 'ലിറിക്കു'ന്നു പറയുന്ന ഭാവഗീതികളും നമുക്കുണ്ടായതു് ഇംഗ്ലീഷുസാഹിത്യസ്പർശം കൊണ്ടാണു്. മഹാകാവ്യങ്ങളും 'മഹാനിബന്ധനകളും അവിടേയും ഉണ്ടെങ്കിലും, ബുദ്ധിയുള്ളവനു വേണമെങ്കിൽ ഏതുവഴിക്കും ഓടിനടക്കുവാനുള്ള സ്വാതന്ത്ര്യവും വഴികളും ഇംഗ്ലീഷുകാരന്റെ പ്രത്യേകതയാണല്ലോ. ശാസ്ത്രീയപ്രബന്ധങ്ങളിലെ വിഷയപ്രതിപാദനരീതി വിട്ടു സഞ്ചരിക്കാൻ നാം ഇനിയും തുടങ്ങിക്കാണുന്നില്ല. ചരിത്രശാസ്ത്രോപന്യാസങ്ങൾ ഗൌരവരീതിയിലേ എഴുതാൻ സാധിക്കുകയുള്ളൂ. എന്നാൽ ജീവിതാനുഭവങ്ങൾ ഇതിൽപ്പെടുത്തേണ്ട ആവശ്യമെന്താണു്? 'ജ്ഞാനി' അല്ലെങ്കിൽ 'പണ്ഡിതൻ' എന്ന പരമോന്നതബിരുദം നേടിയിട്ടില്ലാത്തവനും സ്വാനുഭവങ്ങളെപ്പററി എഴുതുവാനും "താഴ്ന്ന"തെങ്കിലും സ്വന്തം ചിന്തകൾക്കു നിറംകൊടുത്തു് ആകർഷകമായ രൂപങ്ങളിൽ പ്രതിപാദിക്കുവാനുമുള്ള സ്വാതന്ത്ര്യം ഉണ്ടെന്നും നമുക്കു ബോധ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. എന്നിട്ടും 'എസ്സേ'രൂപം ഇനിയും മലയാളത്തിൽ അനുഭവമനോധർമ്മവിലാസങ്ങൾ കാണിക്കാത്തതാണത്ഭുതം. ഒരുവക അധൈര്യമായിരിക്കുമോ ഇതിന്നു കാരണം? കേസരി ഒന്നു പരിശ്രമിക്കുകയുണ്ടായി. അധികജ്ഞാനം അദ്ദേഹത്തെ കുഴക്കിലാക്കി. രസികത്വത്തിലും ആത്മാർത്ഥതയിലും ചോർച്ച അനുഭവപ്പെട്ടു.

പാണ്ഡിത്യത്തിന്റെ ഈ മാറാപ്പെല്ലാം കെട്ടിവെച്ച് കയ്യു രണ്ടും വീശി തെല്ലിട നമുക്കൊന്നുഷാറിൽ നടന്നുകൂടെ? വക്ഷളത്തം കാട്ടാതേയും പറയാതേയും സൂക്ഷിക്കുകയേ വേണ്ടു. ഓരോരുത്തരുടേയും തനതായ അനുഭവങ്ങൾ സത്യംപോലെ പറഞ്ഞുകേൾക്കുന്നത് ഒരിക്കലും നഷ്ടമായി കരുതുക വയ്യ. ഏതു 'ഫടിയാളും'—നടക്കാത്തവക്കൂടി— ഇരുപത്തിനാലു മണിക്കൂറുകൾക്കുള്ളിൽ രണ്ടു തവണ 'കൃത്യ' സമയം കാണിക്കാതെ കഴികയില്ല. എന്നതുപോലെ, പാമരന്മാരെന്ന് നിന്ദിച്ചുപോരുന്നവക്കും ചിലപ്പോൾ സരസ്വതീപ്രസാദം കിട്ടിക്കൂടെന്നുണ്ടോ? അതെന്തിനു നഷ്ടപ്പെടുത്തുന്നു? നന്നല്ലെങ്കിൽ നമുക്കു വലിച്ചെറിയാമല്ലോ, കപ്പയിൽ; നല്ലതു മേശയ്ക്കകത്തു സൂക്ഷിക്കുകയും.

എസ്സേയിസ്റ്ററുകൾക്ക് വരാവുന്ന ഏററവും വലിയ തെററ്, അവക്കു ജീവിതത്തിൽ ജുഗുപ്സയോ മനുഷ്യരാശിയോട് വെറുപ്പോ വന്നുപോയെങ്കിലാണ്. എളിയവരോട് സ്നേഹാദരങ്ങളുണ്ടാകാൻ വഴിയില്ലല്ലോ അവക്ക്. സ്നേഹാനുകമ്പകൾ പൊട്ടിയൊഴുകുന്ന ഒരു ഹൃദയത്തിന്റെ ഉടമസ്ഥന്നല്ലാതെ ഇത്തരം ലഘുവിഷയങ്ങളിൽ പ്രവേശിച്ചു കാന്തിചിന്തുവാൻ സാധിക്കുകയുമില്ല. ഗർവ്വും പുച്ഛവും ഔദ്ധത്യംമന്യതയും കൂടെപ്പിറന്നവർ അനുകമ്പ കിളരുന്ന ലഘുഹാസമോ കണ്ണുനീരിൽ കുതിർത്ത ജീവിതവീക്ഷണമോ സ്വപ്നംകാണാൻപോലും നോക്കേണ്ട. അതില്ലാത്ത 'ഒരെസ്സേ' പൂർണ്ണമാകയുമില്ല.

രാജാക്കന്മാരോ പ്രമാണികളോ പ്രഭുക്കളോ അല്ലല്ലോ 'എസ്സേ' യുടെ കേന്ദ്രബിന്ദു. വേലചെയ്തും അദ്ധ്വാനിച്ചും കഴിയുന്ന തൊഴിലാളിവഗ്ഗത്തെ ഉദ്ദേശിച്ചാണ്—അവരു

ന്മാരും ആത്മന്മാരുമായ പിച്ചക്കാർ കൂടി ഇവരിലുൾപ്പെടും—'എസ്സേ' എഴുതപ്പെടുന്നതു്. അവരിലലിവു തോന്നണമെങ്കിൽ അതിനൊരു പ്രത്യേകമനസ്സു വേണം. ചുരുങ്ങിയതു് മാനുഷികസമത്വത്തിന്നനുകൂലിയാവുകയെങ്കിലും വേണം. ചെറിയ ചെറിയ കാര്യങ്ങളെ ലഘൂവാക്കികളയാതെ ജീവിതത്തോടു ചേർക്കാനുള്ള ഒരുക്കം വേണം. അങ്ങനെയൊക്കെ വരുമ്പോഴാണു് എസ്സേ 'കവിത' യാണോ 'ഗാന' മാണോ എന്നൊക്കെ തോന്നിപ്പോകുന്നതു്. സ്വരാജ്യദസ്സഹത്തെ പുരസ്കരിച്ചൊരു 'പ്രബന്ധ' മെഴുതുകയാണെങ്കിൽ ഒരു മണ്ണാത്തി തോട്ടിൽ വെച്ചു മുണ്ടലക്കിക്കൊണ്ടിരിക്കുന്നതിൻെറ ഒരു വർണ്ണന ഒരു കാലത്തും അതിലുൾപ്പെടുകയില്ല. മറിച്ച് "എസ്സേ" യിൽ മണ്ണാത്തിയുടെ അലക്കിൽനിന്നാവും, ഒരു പക്ഷേ കറകളഞ്ഞ സ്വരാജ്യസ്നേഹത്തിൻെറ ശുഭ്രതയിലേയ്ക്കുള്ള അലക്ഷ്യമായ കുതി.

മേല്പറഞ്ഞ ഗുണങ്ങളെല്ലാം തികഞ്ഞ ഒരസാധാരണ വ്യക്തിയായിരുന്നു മുമ്പു പറഞ്ഞ ഗോൾഡ്സ്മിത്തു്. ഇംഗ്ലീഷുകാരനായിരുന്നുവെങ്കിലും അദ്ദേഹത്തിന്നു കണ്ണടച്ചോരാരാധന ഇംഗ്ലണ്ടിനോടുമുണ്ടായിരുന്നില്ല. സ്വന്തം നാട്ടിലെ 'രാഷ്ട്രീയ' ത്തിലും ദൈനംദിനജീവിതത്തിലും തേർവാഴ്ച നടത്തിയിരുന്ന മഹാബലങ്ങളേയും പൊങ്ങച്ചത്തലതിരിച്ചൽകൊണ്ടു വരുന്ന പിഴകളേയും നിർഭയമായി, സരസമായി, അദ്ദേഹം വിമർശിച്ചുവിട്ടു. അതോ, ഒരു പുതിയ രസികൻ മട്ടിലും. അതിൻെറയൊന്നും പിന്നിൽ താനല്ലെന്നാണു് ഭാവം. യദൃച്ഛയാ ചീനയിൽ നിന്നൊരു യാത്രക്കാരൻ ബിലാത്തിയിൽവന്നു് അവിടെ താൻ കണ്ടമ്പരന്ന വ്യത്യസ്തജീവിതരീതിയെ ഉപഹസിച്ചു

വർണ്ണിച്ചും വിമർശിച്ചും തൻെറ നാട്ടിലുള്ള മററൊരു ചീനനയയ്ക്കുന്ന എഴുത്തുകളുടെ രൂപത്തിലാണ് ലേഖനങ്ങളത്രയും. വിമർശിക്കാൻ അതുമൂലം പൂർണ്ണസ്വാതന്ത്ര്യം കിട്ടി. ചീനക്കാരൻെറ പുതുമമൂലം പുതിയ ലോകത്തിലെ അന്യായങ്ങളേയും അഴിമതികളേയും പിഴകളേയും ഒരിംഗ്ലീഷ്കാരനു തോന്നുന്നതിനേക്കാൾ പതിന്മടങ്ങു ശക്തിയിൽ അനുഭവപ്പെട്ടു പ്രതിപാദിക്കാമെന്നു വന്നു. എഴുതുന്ന ഭാഷ, പതിനെട്ടാംനൂററാണ്ടിലെ പണ്ഡിതമല്ലന്മാർ താലോലിച്ചിരുന്ന ഭാഷയായിരുന്നതുമില്ല. അതു സ്വച്ഛവും സുന്ദരവും പ്രസന്നവും ലളിതവുമായിരുന്നു. ലോകത്തിലേതു രാജ്യത്തും ഗുണങ്ങളും നന്മകളുമുണ്ടെന്നും അതിനെ ബഹുമാനിക്കാതെ തരമില്ലെന്നും ഒരു വൈപുല്യവികബോധം അദ്ദേഹത്തിന്നു നന്നേ ഉണ്ടായിരുന്നു. ഇംഗ്ലീഷുകാർക്ക മാത്രമേ ബുദ്ധിയും ശൗര്യവും മററു മികച്ച ഗുണങ്ങളും ഉള്ളു എന്നു് ഉദ്ഘോഷിച്ചുകൊണ്ടാണ് ബുദ്ധിമാനായ ജോൺസൺകൂടി എഴുതിയിരുന്നതും പ്രസംഗിച്ചിരുന്നതും. അങ്ങനെയൊരു വർഗ്ഗഗർവ്വ് നാടാകെ പടർന്നുകത്തിയ ഒരു കാലത്താണ്, എല്ലാ രാജ്യക്കാരേയും ഒരുപോലെ ആദരിക്കുന്ന ഒരു സുമനസ്സ്—ഒലിവർ ഗോൾഡ്സ്മിത്ത്—ഉണ്ടായിവന്നതു്. അദ്ദേഹത്തിൻെറ പ്രബന്ധങ്ങളുടെ കൂട്ടപ്പേർപോലും "ലോകപൗരൻ" എന്നായിരുന്നു. "ലീഗ് ഓഫ് നേഷൻെറ" ഈ നൂററാണ്ടിൽ അതു കേൾക്കമ്പോൾ വലിയ അത്ഭുതം തോന്നാനിടയില്ല. അങ്ങനെയല്ലല്ലോ പതിനെട്ടാം നൂററാണ്ടിൽ. ഗോൾഡ്സ്മിത്തിൻെറ ഈ "ചീനക്കത്തുകൾ" ഇന്നും ആക്കും വായിച്ചു ആസ്വദിക്കാവുന്നവയത്രേ. മറിച്ചു്, ലാററിൻ നിയമങ്ങളിൽനിന്നു് അണുവും ചലിക്കാതെ ഘനാഘനവിഷയങ്ങളെ അധിക-

രിച്ച് ജോൺസൺ എഴുതിയ ശുദ്ധപ്രബന്ധങ്ങൾ, സാഹിത്യപ്പിഴകൾക്കു മാതൃകയായി ഇന്നും അലമാരിയിൽ പിൻഭാഗത്തിരിക്കുകയാണ്, ആരും വായിക്കാനിഷ്ടപ്പെടാതെ !

—എം. പി. ശിവദാസമേനോൻ, എം. എ.

കുറിപ്പുകൾ

ചോദ്യങ്ങൾ :—

(1) നമ്മുടെ ഭാഷയിൽ 'എസ്സേ' ഒരു പ്രസ്ഥാനമാകാതിരിക്കാൻ കാരണമെന്ത് ?

(2) ഇംഗ്ലീഷിലെ ഒരു നല്ല 'എസ്സേയിസ്റ്റായി' ചാറൽസ് ലാംബിനെ ഉദ്ധരിക്കാവുന്നതെന്തുകൊണ്ട് ?

(3) നല്ലൊരു പ്രബന്ധകാരനുണ്ടാകേണ്ട ഗുണങ്ങൾ ഏവ ?

(4) ഗോൾഡ്സ്മിത്തിൻെറ ഗദ്യത്തിനുള്ള മേന്മകൾ എന്തെല്ലാം ?

വ്യാകരണം :—

വാചകപദങ്ങൾ അർത്ഥലോപം വന്ന് ദ്യോതകങ്ങളായിത്തീർന്നിട്ടുണ്ട്. അവയ്ക്ക് അവ്യയങ്ങളെന്നാണ് പേര്. ശുദ്ധമായ ദ്യോതകങ്ങൾക്കു നിപാതമെന്നു പേർ. ഉദാഹരണം :—

'വാല്മീകിയും വ്യാസനും' എന്നതിലെ <u>ഉം</u>,

'പുരാണമോ ഇതിഹാസമോ' എന്നതിലെ <u>ഓ</u>

എന്നിവ നിപാതങ്ങൾ.

'രാമായണമെന്ന കാവ്യം.' ഈ വാക്യത്തിലെ <u>എന്ന</u> അവ്യയമാകുന്നു.

അഭ്യാസം :—

1. നിപാതവും അവ്യയവും തമ്മിലുള്ള അന്തരം വ്യക്തമാക്കുക.

2. നിപാതാവ്യയങ്ങളെ നിർദ്ദേശിക്കുക :—

"മലയാളത്തിലെ ആഖ്യായികാകാരന്മാരിൽ സി. വി. രാമൻപിള്ളയോളം പ്രശസ്തി മററാരും നേടിയിട്ടില്ലെന്ന പരമാർത്ഥം ആരും സമ്മതിക്കും. എന്നാൽ, സാമുദായികനോവലുകൾ എഴുതിയിട്ടുള്ള സാഹിത്യകാരന്മാരിൽ ചന്തുമേനോൻ തന്നെയാണ് അഗ്രഗണ്യൻ".

പാഠം 4

മദം ശമിച്ച പാർത്ഥൻ

[ഭാഷയുടെ ഹാസ്യമായ കുഞ്ചൻനമ്പ്യാരെപ്പററി കേൾക്കാത്ത കേരളീയനുണ്ടാവില്ല. തുള്ളൽപ്രസ്ഥാനത്തിലൂടെ ഓരോ മലയാളിയുടേയും ഹൃദയത്തിൽ അദ്ദേഹം ശാശ്വതപ്രതിഷ്ഠ നേടിയിരിക്കുന്നു. ജനകീയകവി എന്നു് ഒരാളെ വിളിക്കാമെങ്കിൽ, അതു് കുഞ്ചൻനമ്പ്യാരെ മാത്രമാണ്. കിരാതരൂപിയായ ശിവനും അർജ്ജുനനും തമ്മിൽ നടന്ന യുദ്ധത്തെ വർണ്ണിക്കുന്ന നമ്പ്യാരുടെ 'കിരാതം തുള്ളലി'ൽ നിന്നാണ് പ്രസ്തുതഭാഗം ഉദ്ധരിച്ചിട്ടുള്ളതു്.]

മലമകൾ ഭഗവതി പുനരരുൾചെയ്തു

'വലരിപുസുതനുടെ ബാണമശേഷം

മലർസമമാകെ'ന്നരുളിച്ചെയ്തു,
മലർശരനായി മഹേന്ദ്രതനൂജൻ.
'ശരധിയിലൊരു ശരമില്ലാതാകെ'–
ന്നരുളം ചെയ്തു ഗിരിനന്ദിനിയപ്പോഠം ;
ഇല്ലെന്നാകിൽ ശരവും വേണ്ടാ
നല്ലതരം പുനരെന്നു കിരീടി
വില്ലു വലിച്ചഥ തല്ലുതുടങ്ങി
മല്ലശരാരിയെ വിരവൊടു പാൎത്ഥൻ.
ഹരനുടെ ജടയിൽ കുടികൊണ്ടീടിന
സുരനദിയാകിയ ഭഗവതിയപ്പോഠം
വലരിപുസുതനുടെ വില്ലു പിടുങ്ങി–
ത്തരസാ തന്നുടെ തിരയിലൊളിച്ചു.
ചാപം പോയൊരു സമയേ വിജയൻ
കോപം പൂണ്ടു മരങ്ങഠം പറിച്ച്
താപസവന്ദിതനാകിയ ശിവനെ –
ത്താഡനപീഡനമങ്ങു തുടങ്ങീ.
ത്രീക്ഷണനും ഹരിസുതനും തമ്മിൽ
വൃക്ഷം കൊണ്ടുമടിച്ചു പിടിച്ചും
വട്ടം തിരികെ ചവിട്ടുക മുട്ടുക
കട്ടയിലിട്ടു ചവിട്ടിയുരുട്ടുക
തള്ളുക കിള്ളുക തങ്ങളിലിങ്ങനെ
തള്ളിയലഞ്ഞു വലഞ്ഞു കിരീടി.

തല്ലും ചവിട്ടും കൊണ്ടെ–
ന്നെല്ലും പൊടിഞ്ഞു പിന്നെ

പല്ലും കൊഴിഞ്ഞു മട-
മെല്ലാം ശമിച്ചു പാർത്ഥൻ
വല്ലാതെ ഭൂമൗ വീണാൻ
വില്ലാളിമാരിൽ മുമ്പൻ.

കിരാതം തുള്ളൽ] —കുഞ്ചൻനമ്പ്യാർ.

കുറിപ്പുകൾ

വലരിപുസുതൻ = ഇന്ദ്രന്റെ പുത്രൻ (അർജ്ജുനൻ). തനൂജൻ = പുത്രൻ. ശരധി = ആവനാഴി. മല്ലശരാരി = കാമന്റെ ശത്രു (ശിവൻ). തരസാ = പെട്ടെന്നു്. ത്രീക്ഷണൻ = മൂന്നു കണ്ണുള്ള ശിവൻ. ഹരിസുതൻ = ഇന്ദ്രന്റെ മകൻ (അർജ്ജുനൻ). കിള്ളുക = നുള്ളുക. ഭൂമൗ = ഭൂമിയിൽ.

ചോദ്യം :—അർജ്ജുനനും കിരാതനും തമ്മിൽ നടന്ന യുദ്ധം വർണ്ണിക്കുക.

വ്യാകരണം :—

വൃത്തം—തരംഗിണി.

ദ്വിമാത്രം ഗണമെട്ടെണ്ണം യതിമധ്യം തരംഗിണി.

രണ്ടു പാദത്തിലും പതിനാറുമാത്ര വീതം. എട്ടാമത്തെ മാത്രയിൽ യതി, അഥവാ വിരാമം.

ഉദാഹരണം. —

∪ ∪ • ∪ • ∪ ∪ • ∪ • ∪ ∪ — —
മലമകൾ ഭഗവതി പുനരരുൾ ചെയ്തു
• • ∪ • • ∪ ∪ ∪ — ∪ • — —
വലരിപുസുതനുടെ ബാണമശേഷം

പാഠം 5

കിടച്ചത്തു കല്യാണം

മഹാഭാരതം ശാന്തിപർവ്വത്തിൽ ഭീഷ്മർ പറഞ്ഞ അനേകം ഇതിഹാസങ്ങളിൽ ഒന്നാണിതു്.

ധനികനും ഗർവ്വിഷ്ഠനുമായ ഒരു വൈശ്യൻ തേരോടിച്ചുപോകെ വഴിയിൽ ഒരു ബ്രാഹ്മണനെ തള്ളിയിട്ടു കളഞ്ഞു. കശ്യപഗോത്രക്കാരനും തപസ്വിയുമായ ആ ഋഷികുമാരൻ വേദനപ്പെട്ടു് കുപിതനായി ധൈര്യം വെടിഞ്ഞു് പറഞ്ഞു: "ഞാൻ മരിച്ചേയ്ക്കാം. നിസ്വനായി ജീവിച്ചിട്ടെന്തു കാര്യം?". അങ്ങനെ മരിക്കാനുറച്ചു. മിണ്ടാതെ ലോഭംകൊണ്ടു് മനം കെട്ടിരിക്കുന്ന അയാളുടെ അടുക്കൽ ദേവേന്ദ്രൻ ഒരു കുറുക്കന്റെ രൂപമെടുത്തു് വന്നു പറഞ്ഞു.

"സർവ്വഭൂതങ്ങളും മനുഷ്യജന്മം ആഗ്രഹിക്കുന്നു. മനുഷ്യരിൽവെച്ചു് ബ്രാഹ്മണത്വത്തെ സർവ്വരും അഭിനന്ദിക്കുന്നു. താങ്കൾ മനുഷ്യനും ബ്രാഹ്മണനുമാണു്. കിട്ടാൻ പണിയുള്ള ഇതു് കിട്ടിയിട്ടു് മൗഢ്യത്താൽ മരിക്കുകയോ! 'സർവ്വേ ലാഭാഃ സാഭിമാനാഃ' (കിട്ടിയതേതും അഭിമാനാവഹമാണു്) എന്ന ശ്രുതി നേരാണു്. താങ്കൾ സംതൃപ്തി കൊള്ളേണ്ടതാണു്.

"അഹോ! കയ്യുള്ളവരുടെ മെച്ചം! ഞങ്ങൾക്കു് കയ്യുള്ളവരോടാണു് കൊതി. കയ്യുണ്ടാവുന്നതിൽ കവിഞ്ഞ നേട്ടമൊന്നില്ല. ഞങ്ങൾക്കു് കയ്യില്ലാത്തതുകൊണ്ടു് മുള്ളു തറച്ചതു് പറിക്കാൻ വയ്യ. കടിക്കുന്ന പ്രാണികളെ കൊല്ലാൻ വയ്യ. പത്തു വിരലുള്ള ഈ രണ്ടു് കൈ ഈശ്വരൻ കൊടു

ത്തിട്ടുള്ളവക്കു് അതെല്ലാം ചെയ്യാമല്ലോ. അവക്കു് മഴ–മഞ്ഞു്–വെയിലുകളെ ഒഴിക്കാം, വസ്ത്രമുണ്ടാക്കാം, ഭക്ഷണം പാകംചെയ്യാം, മെത്തയുണ്ടാക്കാം, കാററിൽനിന്നു് രക്ഷപ്പെടാം, പയ്യിനെ കറക്കാം, കാളയെ പിടിച്ചു് വാഹനമാക്കാം.

"നാവില്ലാതെ, കരുത്തില്ലാതെ, കയ്യില്ലാതെ പല എളിയ പ്രാണികൾ ഉണ്ടല്ലൊ. അവപോലും ദുഃഖം സഹിക്കുന്നു. മുനേ, താങ്കൾ ഇങ്ങനെയൊന്നുമല്ല. ഭാഗ്യവശാൽ താങ്കൾ കുറുക്കനല്ല, പുഴവല്ല, എലിയല്ല, പാമ്പല്ല, തവളയല്ല. ഇത്രയും നേട്ടംകൊണ്ടുതന്നെ താങ്കൾ തൃപ്തിപ്പെടേണ്ടതാണു്; പോരാത്തതിനു് ഒരു ബ്രാഹ്മണനാണുതാനും.

"എൻെറ സ്ഥിതി നോക്കു: എന്നെ വന്നു കടിക്കുന്ന ഈ പ്രാണികളെ പറിച്ചെറിയാൻ എനിക്കു കയ്യില്ല. എന്നിട്ടും ഞാൻ ആത്മത്യാഗം ചെയ്യുന്നില്ല–പാടില്ലെന്നു് വെച്ചിട്ടു്; ഇതിനേക്കാൾ പാപിയായി വീഴരുതെന്നു് വെച്ചിട്ടു്. ഈ സൃഗാലജന്മത്തേക്കാൾ എത്ര കെട്ട പാപജന്മങ്ങൾ കിടക്കുന്നു!

"മനുഷ്യന്നു് പണമുണ്ടായാൽ രാജ്യം വേണം, അതു കിട്ടിയാൽ ദേവനാവണം, അവിടെനിന്നു് ഇന്ദ്രനാവണം. പ്രിയം കിട്ടുന്നതിൽ മതിവരലില്ല. തൃഷ്ണ വെള്ളംകൊണ്ടടങ്ങില്ല.

"മനുഷ്യനിൽ സുഖവും ദുഃഖവും രണ്ടുമുണ്ടു്. രണ്ടാമതൊരു തല വെട്ടിപ്പോവാനില്ല, മൂന്നാമതൊരു കൈ മുറിഞ്ഞുപോവാനുമില്ല. പിന്നെ എന്തിന്നു് പേടിക്കുന്നു?".

“ രസമറിയാതെ കാമം ഉണ്ടാവില്ല. താങ്കൾക്ക് മദ്യത്തിലോ മാംസത്തിലോ കാമമില്ലല്ലോ. അതുകൊണ്ട് കാമങ്ങൾ അറിയാതിരിക്കുന്നതാണ് മനുഷ്യന്നു് ശ്രേയസ്സ്.

“ മനുഷ്യൻ മനുഷ്യനെത്തന്നെ അടിമയാക്കുന്നു, വധബന്ധപരിക്ലേശങ്ങളെക്കൊണ്ട് കുഴക്കുകയും ചെയ്യുന്നു. എന്നിട്ട് അവർപോലും കളിക്കയും, ചിരിക്കയും, രസിക്കയും ചെയ്യുന്നു. അങ്ങനെയൊന്നുമല്ലാതെ എല്ലാ അംഗങ്ങളും തികഞ്ഞ താങ്കൾക്ക് ലോകത്തിൽ ധിക്കാരമെന്തുള്ളു? അതുകൊണ്ട് ബ്രഹ്മർഷേ, സ്വധർമ്മമനുഷ്ഠിപ്പാൻ എഴുന്നേല്ക്കു.

“ഞാൻ ഹേതുവാദിയും വേദനിന്ദകനുമായ ഒരു പണ്ഡിതനായിരുന്നു. സഭകളിൽ ബ്രഹ്മവാക്യങ്ങളെ ആക്ഷേപിച്ചും പുച്ഛിച്ചും ഒടുവിൽ സൃഗാലനായി ജനിച്ചു. ഇനിയും എന്നെങ്കിലുമൊരിക്കൽ മനുഷ്യനാകാൻ ആഗ്രഹിച്ചു കഴിയുകയാണ്. ”

ഇതുകേട്ടപ്പോൾ ആ കശ്യപൻ എഴുന്നേററു് “അമ്പമ്പോ, നീയൊരു മിടുമിടുക്കൻ! ബുദ്ധിശാലിയാണല്ലോ!” എന്നത്ഭുതപ്പെട്ടു. അയാൾ ജ്ഞാനദൃഷ്ടികൊണ്ടു നോക്കി, അതു് ദേവദേവനായ ഇന്ദ്രനാണെന്നു് മനസ്സിലാക്കി പൂജിച്ചു. അദ്ദേഹത്തിൻെറ അനുമതിയോടെ സ്വഗൃഹത്തിലേയ്ക്കു് പോകയും ചെയ്തു.

ദേവനേയും മനുഷ്യനേയും തിര്യക്കിനേയും അയഥാതഥമായി കൂട്ടിക്കലർത്തി കെട്ടിയുണ്ടാക്കിയ ഈ കഥയെ ആധുനികജീവിതത്തിലേയ്ക്കു് ഭാഷാന്തരപ്പെടുത്തിനോക്കുക: ഇന്നു് നിരത്തുകളിലൂടെ അങ്ങോട്ടുമിങ്ങോട്ടും പറന്നുപോകുന്ന മോട്ടോർവാഹനങ്ങൾ അതിലെ കാൽനട നടക്കുന്ന

ആളുകളെ പൊടി പാറിച്ചോ ചളി തെറിപ്പിച്ചോ ആറാ ടിച്ച് വിടാറുണ്ടല്ലോ. ആ മോട്ടോർസവാരിക്കാർ പണം കൊണ്ടല്ലാതെ മററൊന്നുകൊണ്ടും ആ കാൽനടക്കാരേക്കാരം മെച്ചപ്പെട്ടവരല്ലെന്നുവരാം; പലപ്പോഴും മറിച്ചാണെന്നും—വിദ്യാവിനയാദികളിൽ ഇവർ അവരേക്കാരം മേലെയാ ണെന്നും—വരാം. അപ്പോരം ജീവിതത്തിൽ വിലകൂടിയ പല കഴിവുകളുമുണ്ടായിട്ടും, തങ്ങരംക്ക് പണക്കാരിൽനിന്ന് ഈവിധം പരാഭവമേല്ക്കേണ്ടിവരുന്നതിനെച്ചൊല്ലി ഇവർ പലതും ചിന്തിച്ചേക്കാം, ഇവർ ആലോചനാശീലർകൂടി യാണെങ്കിൽ. ജീവിതത്തിൽ മററു പലപ്പോഴും മററു പല വിധത്തിലും ഉണ്ടാകുന്ന ഇത്തരം നൂറുനൂറ് പരാഭവങ്ങരം ഈട്ടംകൂടി ഇവരിൽ ലോകത്തിലെ സാമ്പത്തികവൈഷമ്യ ങ്ങളോട്ട് കടുത്ത അമർഷവും ആത്മനിന്ദയും വളർത്തി തഴ പ്പിച്ചേക്കാം. ഇങ്ങനെയാണ് ചില ആളുകരം നിർവ്വേദി കളായി—സിനിക്കുകളും പെസിമിസ്റ്റുകളും ഡിഫീററിസ്റ്റു കളും മററുമായി—പരിണമിക്കുന്നത്. ആവിധമുള്ള പരി ണാമമാകട്ടെ ഉപവാസംകൊണ്ടോ കയർകൊണ്ടോ വിഷം കൊണ്ടോ അല്ലാത്ത, മാനസികമായ, ആത്മഹത്യയാണു താനും.

ഇങ്ങനെ പിഴച്ചവഴിക്ക് തിരിഞ്ഞ് അപായത്തി ലേയ്ക്ക് കുതിക്കുന്ന ചിത്തവൃത്തിയെ നേർവഴിക്കാക്കുവാൻ ഒരു ഉപായമേ ഉള്ളൂ. നാം നമുക്കില്ലാത്തതിനെപ്പററി വിഷാദിക്കുന്നതിനുപകരം ഉള്ളതിനെപ്പററി അഭിമാനം കൊള്ളുക. ആളുകരം മിക്കപ്പോഴും ഇല്ലാത്തതിനെപ്പററി യല്ലാതെ ഉള്ളതിനെപ്പററി ആലോചിക്കാറില്ല. ഉള്ള തിനെ എന്നതിലധികം ഇല്ലാത്തതിനെയാണ് വിലവെ ക്കാറുള്ളത്. ആ മനോഗതിയെ ഒന്നു മറിച്ചിട്ട

നോക്കുക. അതിന്നു വേണ്ടതു് നമ്മുടെ ദൃഷ്ടിയെ കീഴ്പ്പോട്ടു കീഴ്പ്പോട്ടു പിടിക്കുകയാണു്. നമ്മളിലെല്ലാം താരതമ്യേനയുള്ള ബുദ്ധി, പഠിപ്പു് മുതലായ അനേകം കഴിവുകളുടെ കഥയിരിക്കട്ടെ. ഇങ്ങേയററം വെറും തിര്യക്കുകളെ കവിഞ്ഞുള്ള മനുഷ്യത്വത്തെ ചൊല്ലിത്തന്നെ എത്രമാത്രം കൃതാർത്ഥതകൊള്ളാനിരിക്കുന്നു! ഈശ്വരൻ തന്ന രണ്ടു കൈ ഉള്ളപ്പോഠം അവകൊണ്ടു് ശ്രേയസ്സിന്നുവേണ്ടി എന്തെല്ലാം ചെയ്യാനിരിക്കുന്നു! ഏതു ജീവിയിലും ഏതു കഷ്ടപ്പാടിലും വിഷാദശീലമല്ല, പ്രസാദശീലമാണു് കാണപ്പെടുന്നതെന്നതിൽനിന്നു് എന്തെല്ലാം പഠിക്കാനിരിക്കുന്നു!

പ്രപഞ്ചമുള്ള കാലത്തോളം വിലയിടിയാത്ത ഈ വിചാരങ്ങളാണു് മേൽപറഞ്ഞ കഥയിൽ അടങ്ങിയിരിക്കുന്നതു്. അവയെ ആവിഷ്കരിക്കാൻ ഉപയോഗിച്ച അതിലെ കലാവിദ്യയെ ഇങ്ങനെ അപഗ്രഥിക്കാം: തുടക്കത്തിൽ ലഘുവും ക്ഷണികവുമായ ഒരു മനോവൃത്തിയെ അതു പലവട്ടം ആവർത്തിച്ചാൽ കാലക്രമത്തിൽ വളർന്നേക്കാവുന്ന ആ ഉഗ്രരൂപത്തിൽ, ഒരു ദിവ്യഗർഭത്തെ എന്നപോലെ പെട്ടെന്നു് വലുതാക്കി കാണിച്ചു; അതിനെ തുടക്കത്തിൽ തന്നെ നേരിടേണ്ടതെന്തുകൊണ്ടോ, ആ പ്രജ്ഞയെ, നാട്ടുഭാഷയിൽ 'തൻേറട'ത്തെ, മറെറാരു വ്യക്തിയായി—നമ്മുടെ ദൃഷ്ടി ഏതു വശത്തേയ്ക്കു് തിരിയണമോ, ആ വശത്തുള്ള ഒരു തുച്ഛജീവിയായി—അവതരിപ്പിച്ചു; ആ തുച്ഛജീവിയെത്തന്നെ ദേവദേവൻെറ മായാരൂപമാണെന്നു കല്പിച്ചു മനുഷ്യൻെറ ശ്രേയസ്സിന്നുതകുന്ന ആ പ്രജ്ഞോദയം ഒരു ദിവ്യലാഭംതന്നെയാണെന്നു സൂചിപ്പിച്ചു. അങ്ങനെ സൂക്ഷ്മബുദ്ധിഗ്രാഹ്യമായ ഒരു ഉപദേശയുക്തിയെ ഒരു സ്ഥൂലകഥയായി രൂപപ്പെടുത്തിവെച്ചു.

"പ്രപഞ്ചം മിത്ഥ്യ; ജീവിതം തുച്ഛം" എന്നെല്ലാമാണ് ഭാരതീയസാഹിത്യത്തിൽ പൊക്കിനിർത്തിയിട്ടുള്ള പൊതുവുപദേശമെന്ന് പരക്കെ ഒരു ധാരണയുണ്ട്. ചില പില്ക്കാലഗ്രന്ഥങ്ങൾ പക്ഷേ അങ്ങനെ ചെയ്തിരിക്കാം; എന്നാൽ ആർഷഗ്രന്ഥങ്ങൾ ഒരിക്കലും ആ അബദ്ധം കാണിച്ചിട്ടില്ല. സ്വധർമ്മലംഘനം ചെയ്യത്തക്കവണ്ണം ജീവിതത്തിൽ അത്യാസക്തിവെച്ചുപോകരുതെന്ന് മനസ്സിലാക്കാൻ വേണ്ടേടത്തോളമേ അവരതു ചെയ്തിട്ടുള്ളു. മറിച്ച്, ജീവിതത്തേയും പ്രപഞ്ചത്തേയും തികച്ചും വിലവെക്കണമെന്നു വെച്ചുതന്നെയാണ് അവർ ആത്മഹത്യയെ മഹാപാപങ്ങളിലൊന്നായി പരിഗണിച്ചിട്ടുള്ളതു്. പക്ഷേ, ഒന്നുണ്ട്: ചിലർക്കുള്ളതെല്ലാം അതേ അളവിൽ ഓരോരുത്തനും വേണമെന്നുള്ള ആധുനികവാദത്തോളം അവർ വളർന്നിരുന്നില്ല. മറിച്ച് ജീവജ്യോതിസ്സ് ഇക്കണ്ട ഒരു ജന്മംകൊണ്ട് പററെ കെട്ടുപോകുന്നതല്ലെന്നു കണ്ടവരായതുകൊണ്ട് അവരുടെ പ്രതീക്ഷകൾ കുറേക്കൂടി ക്ഷമയുള്ളവയായിരുന്നു. പിന്നെ എന്തൊക്കെത്തന്നെയുണ്ടായാലും ജീവിതത്തിൽ ദുഃഖം ബാക്കിയാണെന്നും, ജീവിതോദ്ദേശം സുഖിക്കുക മാത്രമല്ലെന്നും, അവർ വിചാരിച്ചിരുന്നു. അപ്പോൾ ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ട്, കൂടുതൽ സുഖത്തിനുവേണ്ടിയും, അതിലുമധികം ശ്രേയസ്സിന്നുവേണ്ടിയും, സ്വന്തം കഴിവുകളെ ഉപയോഗപ്പെടുത്തണമെന്നായി അവരുടെ ഉപദേശം. മനുഷ്യക്ക് പൊതുവിലുള്ള രണ്ടുകയ്യിരിക്കെ—അയ്യഞ്ചു വിരലുകളുള്ളതും, മടക്കുകയും നിവർത്തുകയും തിരിക്കുകയും ചെയ്യാവുന്നതുമായ രണ്ടു നീണ്ട കയ്യിരിക്കെ—സന്തോഷിപ്പാനല്ലേ ഉള്ളൂ എന്നുപദേശിക്കുന്ന ഈ കഥ എന്തെല്ലാം വാഗ്ദാനം ചെയ്യുന്നില്ല!

മഹത്തരമായ ഈ ജീവിതോപദേശത്തിന്നു പുഴ, പാററ തുടങ്ങിയ ക്ഷുദ്രജീവികളേയും വധബന്ധപരിക്ലേശങ്ങൾക്കു പാത്രമായ അടിമകളേയും മാതൃകയായി ഉദാഹരിച്ചതിൽ നിന്നു് മനസ്സിലാക്കേണ്ടതിതാണു്: അവർ ആ നികൃഷ്ടാവസ്ഥയിലും ആഹ്ളാദിക്കാൻ നോക്കുന്നതു് വെറും മൂഢതകൊണ്ടാണെന്നു വിചാരിക്കേണ്ട; എന്തും കൈക്കൊള്ളാൻ ത്രാണിയുള്ള ജീവൻെറ മൗലികപ്രേരണയാണതു്. ആ പ്രേരണയുടെ പ്രഭാവത്തെ, നാം പ്രജ്ഞാശക്തികൊണ്ടു് വളർത്തുകയാണു് വേണ്ടതു്, തളർത്തുകയല്ല. എന്നല്ല, മൂഢന്മാൎക്കു് പലപ്പോഴും പ്രമാദങ്ങൾ പററാം, പററിപ്പോയ പ്രമാദം തിരുത്തുവാൻ കഴിഞ്ഞില്ലെന്നും വരാം. അതിൽ പ്രജ്ഞാപൂൎവ്വം പ്രവൎത്തിക്കുകയാണെങ്കിലോ, പ്രമാദം പററാതെ, പററിയ പ്രമാദം തിരുത്തിക്കൊണ്ടു്, ഈ കശ്യപബ്രാഹ്മണന്നെന്നപോലെ, നമുക്കും സ്വന്തം ലാഭങ്ങളെ കൂടുതൽ ലാഭങ്ങൾക്കായി വിനിയോഗിപ്പാൻ സാധിക്കും. അതുകൊണ്ടാണു് ഭീഷ്മർ ഈ കഥ പറഞ്ഞു തുടങ്ങുംമുമ്പു് ഇപ്രകാരം ഊന്നിപ്പറഞ്ഞതു് :—

"പ്രജ്ഞാ പ്രതിഷ്ഠാ ഭൂതാനാം,
പ്രജ്ഞാ ലാഭഃ പരോ മതഃ,
പ്രജ്ഞാ നിഃശ്രേയസീ ലോകേ,
പ്രജ്ഞാ സ്വൎഗ്ഗോ മതഃ സതാം."

ഈ കഥയോടൊപ്പം, അനുശാസനപൎവ്വത്തിൽ ഭീഷ്മർ പറഞ്ഞിട്ടുള്ള മറെറാരു കഥയേക്കൂടി ചേൎത്തുവായിക്കുന്നതു് പ്രയോജനകരമാകുന്നതുകൊണ്ടു് അതുകൂടി ഉദ്ധരിച്ചിട്ടേ ഇതുപസംഹരിക്കുന്നുള്ളു.

പണ്ടു് ബ്രഹ്മാവായിബ്ഭവിച്ച കൃഷ്ണദ്വൈപായനൻ നിരത്തിൽ ഒരു പുഴ വേഗംപിടിച്ചു പായുന്നതു കണ്ടെത്തി.

എല്ലാ ഭൂതങ്ങളുടേയും ഗതിയും ഭാഷയും അറിയുന്ന ആ സർവ്വജ്ഞൻ ആ പുഴുവിനോടു ചോദിച്ചു: "പുഴുവേ, നീയെന്താ പേടിച്ചു പായുംപോലെ ഇഴികുന്നുവല്ലോ. എങ്ങോട്ടാണീ പാച്ചിൽ? എന്താണു് നിനക്കു പേടി?"

പുഴു പറഞ്ഞു. "അതാ, വലിയൊരു വണ്ടിയുടെ ഒച്ച കേൾക്കുന്നു; അതെത്തി. ഒച്ചതന്നെ ഭയങ്കരം! അതു വന്നു് എന്നെ അരച്ചുകളഞ്ഞാലോ എന്നുവെച്ചോടുകയാണു് ഞാൻ. ഭാരമേററി തെളിക്കപ്പെടുന്ന കാളകളുടെ കിതപ്പു കേൾക്കുന്നു, തെളിക്കുന്ന ആളുകളുടെ സംഭാഷണവും. ഈ അപകടത്തിൽനിന്നു് രക്ഷപ്പെടുവാൻ നോക്കുകയാണു് ഞാൻ. മരണം ജീവികൾക്കൊക്കെ ദുഃഖമാണു്, ജീവിതമോ സുദുർല്ലഭവും. സുഖത്തിൽനിന്നു് അസുഖത്തിലേക്കു പോകുവാൻ പേടിച്ചു പായുകയാണു് ഞാൻ."

"നിനക്കെന്തു സുഖമാണു്?" വ്യാസൻ ചോദിച്ചു, "മരണമല്ലേ സുഖം? നീ തിര്യക്കാണല്ലോ. ശബ്ദ-സ്പർശ-രസ-ഗന്ധങ്ങളും പലതരം ഭോഗങ്ങളും നിനക്കറിഞ്ഞുകൂടല്ലോ? നിനക്കു മരണമല്ലേ ശ്രേയസ്സു്?"

"ജീവൻ എവിടേയും നിരതനാണു്," പുഴു തുടർന്നു: "എനിക്കിതിലും സുഖമുണ്ടെന്നാണെൻെറ തോന്നൽ. അതുകൊണ്ടു് ഞാൻ ജീവിക്കുവാനാഗ്രഹിക്കയും ചെയ്യുന്നു. എൻെറ ഈ ദേഹത്തിലും ഇതിനൊത്തവണ്ണം എല്ലാ വിഷയഭോഗങ്ങളിലും ഏർപ്പെട്ടിട്ടുണ്ടു്. വിശേഷിച്ചും, മനുഷ്യർക്കും തിര്യക്കുകൾക്കുമുള്ള ഭോഗങ്ങൾ വെവ്വേറെയാണു്....." എന്നും മററും.

—കുട്ടികൃഷ്ണമാരാർ

കുറിപ്പുകൾ

ചോദ്യം :—ഭീഷ്മർ നിർദ്ദേശിച്ച ഈ കഥയിൽനിന്നു് മനസ്സിലാക്കേണ്ടതെന്തെന്നു സംക്ഷേപിച്ചെഴുതുക.

(ആവർത്തനം)

വ്യാകരണം :—"അവർ ആ നികൃഷ്ടാവസ്ഥയിലും ആഹ്ലാദിക്കാൻ നോക്കുന്നതു് വെറും മൂഢതകൊണ്ടാണെന്നു് വിചാരിക്കേണ്ട; എന്തും കൈക്കൊള്ളാൻ ത്രാണിയുള്ള ജീവന്റെ മൗലികപ്രേരണയാണതു്."

ഇതിൽ അംഗികളായ രണ്ടു വാക്യങ്ങൾ ചേർന്നിരിക്കുന്നു. അവ രണ്ടു പ്രധാന ക്രിയകളിലുമാണു്. രൂപംകൊണ്ടു രണ്ടു വാക്യങ്ങളാണെന്നു തോന്നുമെങ്കിലും, ആശയബന്ധംകൊണ്ടു് ഒരേ വാക്യമായിത്തീർന്നിരിക്കയാണു്.

ഇത്തരം വാക്യത്തെ <u>മഹാവാക്യ</u>മെന്നും '<u>യൗഗിക വാക്യ</u>'മെന്നും പറയുന്നു.

'ചൂർണ്ണിക'യ്ക്കു് ഇംഗ്ലീഷിലെ Simple Sentence-ന്റെയും 'സങ്കീർണ്ണ'ത്തിനു് Complex Sentence-ന്റെയും 'യൗഗിക'ത്തിനു് Compound Sentence-ന്റെയും സ്ഥാനമാണു്, ഭാഷയിൽ.

അഭ്യാസം :—

താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളിൽ ചൂർണ്ണിക, സങ്കീർണ്ണം, യൗഗികം—ഇവയേതാണെന്നു നിർദ്ദേശിക്കുക :—

(1) "നിർമ്മാനനായി ജീവിച്ചിട്ടെന്തു കാര്യം?"

(2) "കിട്ടിയതെല്ലാം അഭിമാനാവഹമാണു് എന്ന ശ്രുതി നേരാണു്."

(3) "അതു് ദേവദേവനായ ഇന്ദ്രനാണെന്നു മനസ്സിലാക്കി പൂജിച്ചു."

(4) "ചില പില്ക്കാല ഗ്രന്ഥങ്ങൾ അങ്ങനെ ചെയ്തിരിക്കാം; എന്നാൽ ആർഷഗ്രന്ഥങ്ങൾ ഒരിക്കലും ആ അബദ്ധം കാണിച്ചിട്ടില്ല."

(5) "ജീവിതോദ്ദേശം സുഖിക്കുക മാത്രമല്ലെന്നു അവർ വിചാരിച്ചിരുന്നു."

(6) "മനുഷ്യന് പണമുണ്ടായാൽ ഭാഗ്യം പോരാ; അതു കിട്ടിയാൽ ദയാലുവാവണം; അതിൽ നിന്നു് ഉദാരനാവണം."

(7) "ഇഞ്ചു വെള്ളംകൊണ്ടു് കളഞ്ഞില്ല."

പാഠം 6

ഗോകുലത്തിലേയ്ക്കുള്ള യാത്ര

[ചെറുശ്ശേരി രചിച്ചിട്ടുള്ള ഒരു ഗാഥാകാവ്യമാണ് 'കൃഷ്ണഗാഥ'. അതിലെ ഭാഷ മൃദുവും ഇമ്പ- സുന്ദരമാണു്; സരളവും.

ലാളിത്യം, അകൃത്രിമത്വം എന്നിവയാണു് കൃഷ്ണഗാഥയുടെ സവിശേഷതകൾ. ഭാവനാശാലിയായ ചെറുശ്ശേരിയുടെ സൂക്ഷ്മമായ കണ്ണുകൾ ഇതിലെല്ലാം പതിഞ്ഞിട്ടുള്ളതായി നാം കാണുന്നു.

ശ്രീകൃഷ്ണനെ അമ്പാടിയിലേയ്ക്കുള്ള യാത്രയുടെ വർണ്ണനമാണു് ഈ ഭാഗം.]

കംസനെപ്പേടിച്ചുള്ളൊരുകൂറ്റു,മി
ഭൂപതിമന്നവരെ ഭീതിയിലാക്കി

അമ്പാടിതന്നിലേ പോവാനായിക്കൊണ്ടു—
ജനങ്ങളോട ചാലേ നടന്നാരെ,

ഞങ്ങളേ തന്നോ ഉറങ്ങേളു കാണായി
ചന്ദ്രല പൂണ്ടുള്ള ശാന്തിയെല്ലാം.

സൃഷ്ടവും കൈകവിട്ട ശൌര്യം പിന്നിട്ട്
നിസ്തമിച്ചങ്ങവൻ നിന്നനേരം,

ഉൽപ്രേക്ഷ

എന്നിട്ട് കാന്തിയെക്കാട്ടമിച്ചെപ്പതലെ
ചിന്നനാക്ഷണമിയൊന്നപോലെ

പാരിടിപൂണ്ടമക്കാർകുകിൽ വന്നിട്ട
പാരമ്മര ഉകിട്ടുങ്ങേിക്കപ്പുറം.

എന്നതു കണ്ടോരു ദേവനായകൻ
അന്നമെയ്യന്നനാളങ്ങളെ

കൂടവേ ചാലപ്പൂരത്തിൽ [illegible]
നൽക്കടയാക്കി [illegible]

[illegible]

[illegible] നിശിലിനാൽ,
[illegible] അായം.

രൂപകം

[illegible], മിതന്മാരെ [illegible]
[illegible]

[illegible] നിരന്തര [illegible].
[illegible] പൂരിച്ചുള്ളും

[illegible]
[illegible]

[illegible] നൽപ്പെട്ടതലായ് [illegible]-
[illegible]

[illegible] കലർന്നോരു [illegible] -
[illegible]

നൽവഴി നന്നായി നല്കിനിന്നീടിനാർ;
നല്ലവർക്കങ്ങനെ തോന്നിതായം.
പാദങ്ങൾ പോലും നനഞ്ഞു നിന്നീടാതെ
പാഴ്പ്പുറമ്പേറി നടക്കുംപോലെ,
ആനന്ദം പൂണ്ടുള്ളൊരാനകദുന്ദുഭി
കാളിന്ദിതന്നെയും പിന്നിട്ടപ്പോൾ
അംഭോജലോചനൻതന്നെയും പൂണ്ടുകൊ-
ണ്ടമ്പാടിതന്നിലും ചെന്നുപുക്കാൻ.

കൃഷ്ണോൽപത്തി] —ചെറുശ്ശേരി

കുറിപ്പുകൾ

ആനകദുന്ദുഭി=വസുദേവൻ. വ്യഗ്രം=ദുഃഖം; വല്ലായ്മ [വ്യഗ്രത എന്നതാണു് ശരിയായ പാഠം] പന്നഗനായകൻ=സർപ്പരാജാവായ അനന്തൻ. ആനനജാലകം=മുഖങ്ങളുടെ കൂട്ടം. [ആയിരം പത്തികളുണ്ടല്ലോ അനന്തനു്] വാരിദനാദം=മേഘനാദം. കൈടഭവൈരി=കൈടഭനെന്ന അസുരന്റെ ശത്രു (ശ്രീകൃഷ്ണൻ). അംഭോജലോചനൻ=അംഭോജം (താമര) പോലുള്ള കണ്ണുകളുള്ളവൻ.

ചോദ്യം:—കാളിന്ദി കടക്കുന്ന വസുദേവരെ ആരെല്ലാം ഏതെല്ലാം വിധത്തിൽ സഹായിച്ചു? വിവരിക്കുക.

വ്യാകരണം:—"എന്നുടെ കാന്തിയെ........തുടങ്ങീടുമ്പോൾ." ഈ വരികളിലെ അലങ്കാരം ഉൽപ്രേക്ഷ.

"മറ്റൊന്നിൻ ധർമ്മയോഗത്താൽ അതുതാനല്ലയോ ഇതു്
എന്നു വർണ്ണ്യത്തിലാശങ്ക ഉൽപ്രേക്ഷാഖ്യയലംകൃതി."

ഇവിടെ മഴ പെയ്യാൻ തുടങ്ങിയതാണു് വർണ്ണ്യം. അതിലാണു് ആശങ്ക. മേഘം വർഷിക്കാൻ തുടങ്ങിയതു്, തന്റെ കാന്തിയെ അപഹരിക്കുന്ന ശ്രീകൃഷ്ണനെ കൊ

വല്ലായ്മപ്പെട്ടതാമെന്നു കരുതിയിട്ടാണോ എന്നു കവി ഉൽപ്രേക്ഷിക്കുന്നു. ശ്രീകൃഷ്ണന്റേയും മേഘത്തിന്റേയും നിറം നീലയാണല്ലോ. അതുതന്നെയാണു് ഉൽപ്രേക്ഷിക്കാനുള്ള സാധാരണധർമ്മവും.

“ ഘനകടന്ദ്യമീ തന്നുടെ ....
...................ചൂടി നന്നായ്”

അലങ്കാരം— രൂപകം.

“ അവർണ്ണ്യത്തോടു വർണ്ണ്യത്തിന്നഭേദം ചൊല്ക രൂപകം.” വസുദേവരുടെ കൈയിനെ വാഹനമായും, മേഘനാദത്തെ ഭേരിനാദമായും, സർപ്പരാജാവിനെ വെൺകുടയായും രൂപണം ചെയ്തിരിക്കുന്നു.

“ മേളം കലർന്നൊരു ....
..............തോന്നിഞായം.”

അലങ്കാരം—അർത്ഥാന്തരന്യാസം.

“ സാമാന്യംതാൻ വിശേഷംതാൻ
ഇവയിൽ പ്രസ്തുതത്തിനു്
അർത്ഥാന്തരന്യാസമാകും
അന്യംകൊണ്ടു സമർത്ഥനം.”

പ്രസ്തുതമായ വിശേഷത്തെ അപ്രസ്തുതമായ സാമാന്യം കൊണ്ടോ പ്രസ്തുതമായ സാമാന്യത്തെ അപ്രസ്തുതമായ വിശേഷംകൊണ്ടോ സമർത്ഥിക്കുന്നതാണു് അർത്ഥാന്തരന്യാസം.

ഇവിടെ കാളിന്ദി വഴിമാറിക്കൊടുത്തുവെന്ന വിശേഷത്തെ “നല്ലവർക്കെന്നെ തോന്നി ഞായം.” എന്ന സാമാന്യംകൊണ്ടു സമർത്ഥിച്ചിരിക്കുന്നു.

വൃത്തം :—മഞ്ജരി.

ശ്ലഥകാകളിവൃത്തത്തിൽ രണ്ടാംപാദത്തിലന്ത്യമാം
രണ്ടക്ഷരം കുറഞ്ഞീടിലതു മഞ്ജരിയായിടും.

മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരു ഗണങ്ങളെ
എട്ടുചേർത്തുമതീരടിയിട്ടു ചൊല്ലാം കാകളിയെന്നപേർ.

കാകളിയിൽ മൂന്നക്ഷരമുള്ള ഒരു ഗണത്തിന് അഞ്ചു മാത്രയേ ആകാവൂ. അതിനാൽ സർവ്വഗുരുവായ മഗണം അതിൽ വരില്ല. മഗണം വന്നാൽ അതിനെ ഗൂഢകാകളിയെന്നു പറയും. അതിൽ രണ്ടാംവരിയിൽ രണ്ടക്ഷരം കുറഞ്ഞാൽ വൃത്തം മഞ്ജരി.

പാഠം 7

അർജ്ജുനന്റെ പ്രതിജ്ഞാപാലനം

[“ജ്ഞാനപ്പാന പാടിയ പുംസ്കോകില”മത്രെ—ഭക്തകവിയായ പൂന്താനത്തെ—പ്പറ്റി കേൾക്കാത്ത മലയാളിയുണ്ടോ ? സാരതത്വങ്ങളുടെ പ്രകീർത്തനമാണ് അദ്ദേഹത്തിന്റെ ഓരോ ഈരടിയും. ലളിതമായ ഭാഷയിൽ ഗഹനമായ വേദാന്തതത്വങ്ങൾ പകർന്നുതരുന്ന ‘ജ്ഞാനപ്പാന’യും ഭക്തിരസനിഷ്യന്ദിയായ ‘സന്താനഗോപാലം പാന’യും പൂന്താനത്തിന്റെ വിശിഷ്ടകൃതികളത്രെ.

“സന്താനഗോപാല”ത്തിൽനിന്നു ശേഖരിച്ച ഭാഗങ്ങളാണ് ഈ പാഠം.]

വളർന്നീടുന്ന ഷഷ്ഠിയെ വന്ദിച്ചു
വലവൈരിതനൂജനമന്നേരം
അഴകോടൊരു പൊയ്കയിൽച്ചെന്നുടൻ
മുഴുകിപ്പരിശുദ്ധി വരുത്തിനാൻ.

വിലസീടുന്ന പണ്ഡിതലക്ഷണങ്ങളിൽ
ഇളസ്മിതംകൊണ്ടു നിറച്ചിരുന്നു.

കലവില്ലും മുരളികളെടുത്ത നി-
ഷ്കളമായുള്ള മാറമെടുത്തുടൻ

കിഴിഞ്ഞീടുന്ന വാർകുഴൽതന്നിലു-
ങ്ങൊഴുകീടുന്ന വാരികണങ്ങളും.

ഹരിഷാശ്രു വഴിഞ്ഞു നിറഞ്ഞൊരു
വരി നീണ്ട വിലോചനമംഗിയും

അന്നേരത്തെ വേഷം നിരൂപിച്ചാ-
ലതിമോഹനമെന്നേ പറയാവൂ.

കരുണാകരമൂർത്തി മുകുന്ദന്റെ
ചരണാംബുജമുള്ളിലുറപ്പിച്ചു

പരമാനന്ദത്തോടെയടുത്താന-
ങ്ങെരിഞ്ഞീടുന്നൊരഗ്നികുണ്ഡത്തിങ്കൽ.

വലമാനം മുഴന്ന മുഴന്നോരം
ജ്വലിച്ചീടുന്നൊരഗ്നിദേവനെ

വലംവെച്ചു വണങ്ങി വിരവോട-
ഞ്ജലി പൂണ്ടിവണ്ണം കഥിനാൻ :—

“വിശ്വനായക, നിന്നുടെ ഭക്തനാ-
മർജ്ജുനനിതാ വഹ്നിയിൽച്ചാടുന്നു.

ചിത്തമോഹമശേഷമകന്നു ഞാൻ
ചിൽസ്വരൂപത്തിൽച്ചെന്നു ലയിക്കണം.”

ഞങ്ങനേതോപാലം] —മൃത്താനം.

കുറിപ്പുകൾ

വലാരാതിതനൂജൻ = ഇന്ദ്രന്റെ പുത്രൻ (അർജ്ജുനൻ).

ഹരിഷാശ്രു = സന്തോഷംകൊണ്ടുള്ള കണ്ണുനീർ

ചിൽസ്വരൂപം = ജ്ഞാനസ്വരൂപം

ചോദ്യം :—"വിലസീടുന്ന . . . . . . പറയവ്വേ'' എന്ന വരികളിലെ വർണ്ണനയുടെ സൗന്ദര്യം വ്യക്തമാക്കുക.

സന്താനഗോപാലം കഥ സംക്ഷേപിച്ചെഴുതുക.

വൃത്തം :—പാന. ഒരു പാദത്തിൽ പതിനൊന്നക്ഷരമുണ്ടായിരിക്കും.

പാഠം 8

ഹെർമ്മൻ ഗുണ്ടർട്ട്

ഇന്ത്യയിൽ ക്രിസ്തീയസുവിശേഷപ്രചരണം നടത്തുവാൻ 1836-ാമാണ്ടിൽ യൂറോപ്പിൽനിന്നും പുറപ്പെട്ട ഒരു ജർമ്മൻ മിഷ്യനറിയായിരുന്നു ഹെർമ്മൻ ഗുണ്ടർട്ട്. 1814 ഫെബ്രുവരി 14-ാം തിയ്യതിയാണ് അദ്ദേഹത്തിന്റെ ജനനം. ലൂഡ്വിഗ് ഗുണ്ടർട്ടിന്റെയും, ക്രിസ്ത്യാനെ എൻഡ്ലരിന്റെയും മൂന്നാമത്തെ പുത്രനായിരുന്ന ഹെർമ്മൻ ഈ ബാലൻ അഞ്ചാമത്തെ വയസ്സിൽത്തന്നെ ലാററിൻഭാഷ പഠിച്ചുതുടങ്ങി. അസാധാരണമായ ദൈവഭക്തിയും മതതീക്ഷ്ണതയും ഉണ്ടായിരുന്ന മാതാപിതാക്കന്മാർ, മകനെ

സുവിശേഷപ്രചരണത്തിനായി പരിശീലിപ്പിക്കണമെന്നു് അഭിലഷിച്ചു. പക്ഷേ, ബാലന്റെ പ്രവണത അതിനു തീരെ അനുയുക്തമായിരുന്നില്ല. ഹെമ്മന്റെ ഔദ്ധത്യവും അഹങ്കാരവും എത്രത്തോളമുണ്ടായിരുന്നുവെന്നതു ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തു് അദ്ദേഹം എഴുതിവെച്ചിരുന്ന ഡയറിക്കുറിപ്പുകളിൽനിന്നും അറിയാൻ കഴിയും. പക്ഷേ, 1827-ൽ തന്റെ ഒരു സഹോദരി മരിച്ചുപോയ ഘട്ടത്തിൽ ഗണ്യമായ ഒരു മനഃപരിവർത്തനത്തിനു് അദ്ദേഹം വിധേയനായി. കുറേക്കഴിഞ്ഞു് അതിന്റെ ചൂടും പോയി. 1831-ൽ ഗുണ്ടർട്ട് ട്യൂബിംഗൻ എന്ന നഗരത്തിലെ സർവ്വകലാശാലയിൽ ചേർന്നു. അതിന്റെശേഷം സ്വിറ്റ്സർലാണ്ടിൽ പോയി ഡോക്ടർബിരുദവും സമ്പാദിച്ചു. നാസ്തികചിന്താഗതിയിൽനിന്നു് ഗുണ്ടർട്ടിനെ പിന്തിരിക്കുവാൻ പ്രധാനകാരണക്കാരൻ നോറിസ് ഗ്രോവ്സ് എന്ന ഒരു ഇംഗ്ലീഷ് പാതിരിയായിരുന്നു. അദ്ദേഹത്തോടൊന്നിച്ചാണു് 1836-ൽ ഗുണ്ടർട്ട് മിഷ്യൻപ്രവർത്തനത്തിനായി ഇന്ത്യയിലേക്കു തിരിച്ചതു്. കപ്പലിൽവെച്ചുതന്നെ ബംഗാളി, തെലുങ്കു്, ഹിന്ദുസ്ഥാനി എന്നീ ഭാഷകൾ പഠിച്ചുതുടങ്ങി. കൽക്കത്തയിലേക്കു് പോകണമെന്നാണു് അവർ ആദ്യം തീർച്ചയാക്കിയതെങ്കിലും വന്നിറങ്ങിയതു് മദ്രാസിൽ ആയിരുന്നു. പിന്നെ അവിടെത്തന്നെ ആകട്ടെ എന്നു തീരുമാനിക്കുകയാൽ ഗുണ്ടർട്ട് തമിഴും തെലുങ്കും പഠിച്ചുതുടങ്ങി. കുറേക്കാലം ചിറ്റൂരിലും, പിന്നെ തിരുനെൽവേലിയിലും അദ്ദേഹം മതപ്രചരണം നടത്തി. തിരുനെൽവേലിയിൽവെച്ചു് അദ്ദേഹം യേശുവിന്റെ ജനനം വരെയുള്ള ലോകചരിത്രം തമിഴിൽ എഴുതിയതായി കാണുന്നു.

തെക്കൻകർണ്ണാടകത്തിൽ മിഷ്യൻവേല നടത്തിക്കൊണ്ടിരുന്ന 'ബാസൽമിഷ്യൻ' എന്ന സംഘത്തിൽ ഡാക്ടർ ഗുണ്ടർട്ട് ചേർന്നു. 1838-ൽ അദ്ദേഹം മംഗലാപുരത്തു പോകയും ചെയ്തു. ആ വഴിക്ക് അദ്ദേഹം തിരുവനന്തപുരം സന്ദർശിക്കുകയും മലയാളഭാഷ ആദ്യമായി കേൾക്കുകയും ചെയ്തുവത്രെ. അന്നു തോന്നിയ ആ താൽപര്യം ദൃഢമായിത്തന്നെ, അദ്ദേഹത്തിൽ മരണപര്യന്തം പ്രകടമായിരുന്നു. മംഗലാപുരത്തെത്തി അധികകാലം കഴിയുന്നതിനു മുമ്പ്, മലയാളക്കരേത്തേക്ക് ഒരു മിഷ്യൻ ഏർപ്പെടുത്തുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി ഗുണ്ടർട്ട് നിയുക്തനായി. അതു മലയാളഭാഷയുടെ ഭാഗ്യോദയമായി കലാശിക്കയും ചെയ്തു. 1839 ഏപ്രിൽ മാസത്തിൽ ഡാക്ടർ ഗുണ്ടർട്ട് തലശ്ശേരിയിൽ താമസമുറപ്പിച്ചു. പിന്നെ ഇരുപതുവർഷം പണിപ്പെട്ട് മിഷ്യൻവേലയുടെ അടിസ്ഥാനം അദ്ദേഹം ഉറപ്പിച്ചു.

മതപരമായും സാമൂഹ്യമായും മങ്ങിച്ചു കിടന്നിരുന്ന ഒരു ജനസമൂഹത്തെ ഉണർത്തുന്നതിനും വളർത്തുന്നതിനും ഡാക്ടർ ഗുണ്ടർട്ട് വളരെ ഉത്സാഹിച്ചു. ചില ആളുകളെ ക്രിസ്തുമതത്തിൽ ചേർത്തതുസംബന്ധിച്ച ചില വഴക്കുകളും ബഹളങ്ങളും ഉണ്ടായിട്ടുണ്ട്. താഴ്ന്ന ജാതികളിൽനിന്നാണ് മതപരിവർത്തനം അധികമായി നടന്നിട്ടുള്ളത്. അവരുടെ സാമൂഹ്യസ്ഥിതിയിൽ ഗണ്യമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നുള്ള നിഷ്പക്ഷബുദ്ധികൾ സമ്മതിക്കാതിരിക്കയില്ല. ഗുണ്ടർട്ടിന്റെ ഭാര്യ സാമൂഹ്യപ്രവർത്തനങ്ങളിൽ ഭർത്താവിനെ ഗണ്യമായി സഹായിച്ചിരുന്നു. 1836-ൽ ഗുണ്ടർട്ടിനോടുകൂടി കപ്പലിൽ ഉണ്ടായിരുന്ന യൂലിയ ഡിബോവ എന്ന മഹതിയെയാണ് അദ്ദേഹം വിവാഹം

കഴിച്ചതു്. ഡാക്ടർ ഗുണ്ടർട്ടിൻെറ മതപരവും സാമൂഹ്യപരവുമായുള്ള പ്രവർത്തനങ്ങളെക്കാൾ നമ്മെ കൂടുതൽ ആകർഷിക്കുന്നതു് അദ്ദേഹത്തിൻെറ ഭാഷാസ്നേഹമാകുന്നു.

കേരളത്തിൽ കാലുകുത്തുന്നതിനു മുമ്പുതന്നെ ഡാക്ടർ ഗുണ്ടർട്ടിനു് തമിഴ്, തെലുങ്ക്, ഹിന്ദുസ്ഥാനി, ബംഗാളി മുതലായ ഭാഷകൾ പരിചയമായിരുന്നുവെന്നു മുമ്പെ പ്രസ്താവിച്ചുവല്ലോ. അദ്ദേഹത്തിൻെറ മാതൃഭാഷ ജർമ്മനും ഭാര്യയുടെ ഭാഷ പരന്ത്രീസുമായിരുന്നതിനാൽ അവ രണ്ടും സ്വാഭാവികമായിത്തന്നെ വശമായി. പിന്നെ ഇംഗ്ലീഷിലും അദ്ദേഹത്തിനു നല്ല ജ്ഞാനമുണ്ടായിരുന്നു. സംസ്കൃതത്തിൽ ഗുണ്ടർട്ടിനുണ്ടായിരുന്ന അറിവു് അദ്ദേഹത്തിൻെറ ശിഷ്യന്റെ ഓരോ പുറവും വിളിച്ചു പറയുന്നു. ആകെ 18 ഭാഷകൾ അദ്ദേഹത്തിനു് അറിയാമായിരുന്നുവെന്നാണു് പറയപ്പെടുന്നതു്. എന്തായാലും ഭാഷാപഠനത്തിൽ അദ്ദേഹത്തിനു് ഒരു ജന്മവാസനതന്നെ ഉണ്ടായിരുന്നു. അതുകൊണ്ടാണു്, "സ്വർഗ്ഗത്തിൽവെച്ചും ഓരോ പുതിയ ഭാഷ പഠിക്കുവാൻ എനിക്കു് അവസരം കിട്ടിയാൽ എന്തൊരു സന്തോഷമായിരിക്കും!" എന്നു് അദ്ദേഹം ഒരിക്കൽ പറഞ്ഞതു്.

1859-വരെ, അതായതു് ഇരുപതുവർഷം, ഗുണ്ടർട്ട് മലബാറിൽ താമസിച്ചു. ഈ കാലത്തിൻെറ ഭൂരിഭാഗവും മലയാളഭാഷയിലും സാഹിത്യത്തിലും അഗാധമായ പാണ്ഡിത്യം നേടുന്നതിനു് അദ്ദേഹം വിനിയോഗിച്ചു. 1859 ഏപ്രിൽ 11-ാംനു- അദ്ദേഹം ബിലാത്തിയിലേക്കു് തിരിച്ചതു് തനിക്കു പിടിപെട്ട രക്താതിസാരം നാട്ടിലെ ചികിത്സയ്ക്കു വിധേയമാകാഞ്ഞതുകൊണ്ടു മാത്ര

മാണു്. തിരികെ മടങ്ങാമെന്നു പ്രതീക്ഷിച്ചാണു് പോയതെങ്കിലും, ആരോഗ്യസ്ഥിതി അതിന്നനുകൂലമായിരുന്നില്ല. മലയാളഭാഷാവ്യാകരണത്തിന്റെ ഒന്നാംപതിപ്പു് 1851-ൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. നിഘണ്ടുവിനു വേണ്ട സാമഗ്രികൾ ശേഖരിച്ചുകൊണ്ടാണു് അദ്ദേഹം സ്വദേശത്തേക്കു പോയതു്. അവിടെ ചെന്നശേഷം ഒരു പത്തുകൊല്ലംകൂടെ പണിയെടുത്തതിന്റെ ഫലമായിട്ടാണു് ആ നിഘണ്ടു ഇന്നു നമുക്കു ലഭിക്കുന്ന രൂപത്തിലായതു്. മലബാറിൽ താമസിക്കുമ്പോൾ രണ്ടുകൊല്ലത്തോളം ഡാക്ടർ ഗുണ്ടർട്ടു് മലയാളം, കന്നടകം ജില്ലകളിലെ ഒന്നാം സ്കൂൾ ഇൻസ്പെക്ടരായി ജോലിനോക്കിയിട്ടുണ്ടു്. അക്കാലത്തു് ബൈബിളിന്റെ മലയാളതർജ്ജമ പരിഷ്കരിക്കുന്ന വിഷയത്തിലും അദ്ദേഹം ഫലപ്രദമായി പ്രവർത്തിച്ചിട്ടുണ്ടു്.

മലയാളഭാഷയുടെ ശാസ്ത്രവിഭാഗത്തിനു് ഡാക്ടർ ഗുണ്ടർട്ടു് ചെയ്തിട്ടുള്ള സംഭാവനകളുടെ വിലയും നിലയും അറിയണമെങ്കിൽ തത്സംബന്ധമായി അക്കാലത്തു നമ്മുടെ സ്ഥിതി എന്തായിരുന്നു എന്നു മനസ്സിലാക്കേണ്ടതാണു്. 1840-നോടടുത്തു് മലയാളത്തിന്റെ സ്ഥിതി എന്തായിരുന്നു? കുറെ പദ്യകൃതികളായിരുന്നു നമ്മുടെ ഏകസമ്പാദ്യം. എഴുത്തച്ഛന്റേയും നമ്പ്യാരുടേയും കാലം കഴിഞ്ഞു് പദ്യസാഹിത്യംതന്നെ ഒന്നു ശോഷിച്ചുപോയി. നാടകങ്ങൾ, ആഖ്യായികകൾ തുടങ്ങിയ സാഹിത്യശാഖകളൊന്നുംതന്നെ മുളപൊട്ടിയിരുന്നില്ല. ഗദ്യവിഭാഗത്തിൽ ദുർല്ലഭം ചില കൃതികൾ ഉണ്ടായിരുന്നുവെന്നല്ലാതെ സാഹിത്യം എന്നു ഗണിക്കത്തക്ക നേട്ടങ്ങൾ ഉണ്ടായിരുന്നില്ല. സാഹിത്യത്തിന്റെ കഥ പോകട്ടെ, ഭാഷയ്ക്കുതന്നെ വിദ്യാഭ്യാസരംഗത്തിൽ വേണ്ടത്ര സ്ഥാനം ലഭിച്ചിരുന്നില്ല. "മലയാളത്തിൽ

എന്തു പഠിക്കാനാണ്? പണ്ഡിതഭാഷയായ ചെന്തമിഴോ ദേവഭാഷയായ സംസ്കൃതമോ ആണ് പഠിക്കേണ്ടതു്" എന്ന അഭിപ്രായമാണ് അന്നു പ്രബലമായിരുന്നതു്. ഒരക്ഷരംപോലും പഠിക്കാതെ മലയാളഭാഷ സാമാന്യം ഭംഗിയായി പറയാൻ കഴിയുന്ന എത്രയോ ആളുകൾ ഇക്കാലത്തും നമ്മുടെ ഇടയിലുണ്ടു്. കണക്കുപറഞ്ഞു വാഴക്കുലയും ചക്കയും വില്ക്കാനും, അരിയും ഉപ്പും വാങ്ങാനും അവർക്കു വല്ല പ്രയാസവുമുണ്ടോ? അവർ എങ്ങനെയാണ് മലയാളം പഠിച്ചതു്? ആർക്കും അറിഞ്ഞുകൂടാ. കാരണം പഠിക്കാനും പഠിപ്പിക്കാനും ആരും ഉദ്യമിച്ചില്ല എന്നതുതന്നെ. പരിതഃസ്ഥിതിയുടെ പരിശീലനംകൊണ്ടു് സ്വാഭാവികമായി അത്യാവശ്യത്തിനുമാത്രമുള്ള ആശയവിനിമയസങ്കേതങ്ങൾ അവർക്കു ലഭിക്കുന്നു. 1840-ൽ ഒരു വലിയ പങ്കു് കേരളീയരുടെ നില ഇതുതന്നെയായിരുന്നു. മലയാളം പ്രത്യേകിച്ചു പഠിക്കേണ്ട ആവശ്യമില്ലെങ്കിൽ പിന്നെന്തിനാണ് വ്യാകരണവും നിഘണ്ടുവും? 19-ാം ശതകത്തിനുമുമ്പു് മലയാളത്തിന് ഒരു വ്യാകരണം ഉണ്ടായിരുന്നില്ല എന്നതു് ഒരു അപകർഷബോധത്തോടെയാണ് നാം സമ്മതിക്കാറുള്ളതു്. ഇന്നു ചിലർ 14-ാം ശതകത്തിലെ 'ലീലാതിലക'ത്തിന്റെ പേർ പറഞ്ഞ് ആ കുറവ് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ടു്. മണിപ്രവാളഭാഷയെക്കുറിച്ചും, മണിപ്രവാളസാഹിത്യത്തിന്റെ മീമാംസയെക്കുറിച്ചും പ്രതിപാദിക്കുന്ന ഒരു സംസ്കൃതഗ്രന്ഥമാണ് ലീലാതിലകം. അതിൽ മലയാളഭാഷയുടെ ചില പ്രത്യേകതകളെക്കുറിച്ചും പരാമർശങ്ങളുണ്ടു്. എന്നാൽ ഇതിനെ ഒരു മലയാളവ്യാകരണമായി ഗണിക്കുവാൻ സങ്കല്പശക്തിയുടെ സഹായം കൂടിയേ തീരൂ.

ലീലാതിലകം ഭാഷാഭിമാനികളുടെ ദൃഷ്ടിയിൽ പെട്ടതു് 1908-ലാണു്. ഡാക്ടർ ഗുണ്ടർട്ട് അതിനെ കുറിച്ചു കേട്ടിട്ടുണ്ടായില്ല. അദ്ദേഹത്തിന്റെ മലയാള വ്യാകരണത്തിന്റെ ഒന്നാംപതിപ്പു് 1851-ലാണു് പ്രസിദ്ധപ്പെടുത്തിയതു്. ഇതാണു് മലയാളത്തിലെ ആദ്യത്തെ വ്യാകരണം എന്നു പറഞ്ഞാൽ ശരിയല്ല. അതിനുമുമ്പു് റോബർട്ടു് ഡ്രമ്മണ്ടു് (1799), എഫ്. സ്പ്രിങ്ങ് (1814), ജോസഫ് പീറ്റ് (1841) എന്നിവർ വ്യാകരണവിഷയകമായി ചില ലഘുഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടു്. 1868-ലാണു് ഗുണ്ടർട്ടിന്റെ മലയാളഭാഷാവ്യാകരണം പൂർണ്ണവും പരിഷ്കൃതവുമായ രീതിയിൽ പ്രസിദ്ധപ്പെടുത്തിയതു്. ഈ രണ്ടാം പതിപ്പിനെ ഭാഷയിലെ പ്രഥമഗണനീയമായ വ്യാകരണമെന്നു പറയുവാൻ ഞാൻ പ്രേരിതനാകുന്നു. ഗുണ്ടർട്ടിന്റെ നിഘണ്ടു 1872-ലാണു് പ്രസിദ്ധപ്പെടുത്തിയതു്. അതിനു മുമ്പു് ശബ്ദകോശസംബന്ധമായി ചിലരെല്ലാം പ്രയത്നിച്ചിട്ടുണ്ടു്. അക്കൂട്ടത്തിൽ സി. എം. എസ്. മിഷ്യനറിയായിരുന്ന ബെയിലിയുടെ (1846) പേരു് എടുത്തുപറയേണ്ടതാണു്. എങ്കിലും ഗുണ്ടർട്ടിന്റെ നിഘണ്ടുവിനുള്ള പ്രാമാണ്യം പ്രചാരമുള്ള സ്ഥാനം മറ്റൊന്നിനും ലഭിക്കേണ്ടതില്ല.

വ്യാകരണവും നിഘണ്ടുവുമാണു് ഒരു ഭാഷയുടെ മുഖ്യഘടകങ്ങളിലേക്കു പ്രവേശനം നൽകുന്നതു്. വൃത്തനിയമങ്ങളും അലങ്കാരശാസ്ത്രങ്ങളും സാഹിത്യതത്ത്വങ്ങളും ഉയർന്ന കലാസൃഷ്ടികളിൽ; ഒരു സാധാരണക്കാരനു് അവ അത്ര അപേക്ഷണീയങ്ങളല്ല. പദങ്ങളുടെ അൎത്ഥംകൊടുക്കുന്ന ഗ്രന്ഥം നിഘണ്ടുവും, അവ ക്ലിപ്തമായി വാക്യങ്ങളിൽ പ്രയോഗിക്കാനുള്ള സാങ്കേതികരീതി വിശദമാക്കുന്ന ഗ്രന്ഥം

വ്യാകരണവുമാകുന്നു. ഛന്ദശ്ശാസ്ത്രജ്ഞാനവും വ്യാകരണ ജ്ഞാനവും പരമ്പരയായിട്ടുള്ള പ്രായോഗികപരിചയംമൂലം നാട്ടുകാർക്കുണ്ടായിരുന്നു. ഇക്കാര്യംതന്നെയാണ് ഗുണ്ടർട്ടിന്റെ വ്യാകരണത്തിന്റെ മുഖവുരയിൽ സൂചിപ്പിച്ചിരിക്കുന്നതു്. "മലയാളവിദ്വാന്മാർ ഏറിയ ഗ്രന്ഥങ്ങളെ വായിച്ചു കാവ്യാദികളെ പഠിച്ചതിനാൽ ഒരുവക അവ്യക്തവ്യാകരണത്തെ മനസ്സിൽ സംഗ്രഹിച്ചിട്ട് ശിഷ്യന്മാരെ ചൊല്ലി പഠിപ്പിച്ചുപോരുന്നു." ഈ 'അവ്യക്ത വ്യാകരണത്തെ വ്യക്തമാക്കുവാനാണ് മുമ്പു പറഞ്ഞ വിദേശപണ്ഡിതന്മാർ പരിശ്രമിച്ചതു്. എന്തുകൊണ്ടു നാട്ടുകാർ ഈ വിഷയത്തിൽ ശ്രദ്ധിച്ചില്ല? അതു മുമ്പേ തന്നെ ആശയവിനിമയം നടത്താൻ കഴിയുമെന്നതുകൊണ്ടും, തമിഴിനെയും സംസ്കൃതത്തെയും അപേക്ഷിച്ചു മലയാളത്തിനു് ഒരു താണ നില കല്പിച്ചുവന്നതുകൊണ്ടുമായിരിക്കാം അവർ ഈ വിഷയത്തെ ത്യാജ്യകോടിയിൽ പെടുത്തിയിരുന്നതു്. ഏതെങ്കിലും ഒരു വിദേശിക്കു നമ്മുടെ ഭാഷ പഠിക്കണമെങ്കിൽ രണ്ടു കാര്യങ്ങൾ അത്യന്താപേക്ഷിതങ്ങളാണ്. ഒന്നാമതായി പുതിയ ഭാഷയിലെ പദങ്ങളും അവയുടെ അർത്ഥങ്ങളും അറിയണം. ഇതിനു സഹായിക്കുന്ന ഗ്രന്ഥമാണല്ലോ നിഘണ്ടു. രണ്ടാമതായി പദങ്ങളുടെ പ്രത്യേക വിഭാഗങ്ങളും അവ തമ്മിൽ ചേർത്തു പ്രയോഗിക്കേണ്ട രീതികളും അറിയണം. ഇതിന്റെ നിയമങ്ങൾ നിർദ്ദേശിക്കുന്ന ഗ്രന്ഥമാണ് വ്യാകരണം. അങ്ങനെ മലയാളം പഠിക്കുവാൻ നിശ്ചയിച്ച വിദേശികൾക്കു് മലയാളവ്യാകരണവും മലയാളനിഘണ്ടുവും ഭാഷയുടെ മുഖ്യഘടകങ്ങളായിട്ടു പ്രയോജനപ്പെടുന്നതിനുള്ള ഉപകരണങ്ങൾക്കെല്ലാം ഉപയോഗപ്പെട്ടു.

എന്നാൽ ഗുണ്ടർട്ടിന്റെ നിഘണ്ടുവും വ്യാകരണവും മറ്റു വിദേശികളുടെ നിഘണ്ടുക്കളിൽനിന്നും വ്യാകരണകൃതികളിൽനിന്നും പ്രകടമായ വ്യത്യസ്തതയോടുകൂടി നിലകൊള്ളുന്നു. മറ്റുള്ളവരുടെ കൃതികൾ വിദേശീകൾക്കു മലയാളഭാഷ പഠിക്കുവാൻ കഷ്ടിച്ച് ഉപകരിക്കുമെന്നേയുള്ളു. എന്നാൽ ഗുണ്ടർട്ടിന്റെ വ്യാകരണവും നിഘണ്ടുവും, സ്വദേശികൾക്കും വിദേശികൾക്കും, പണ്ഡിതന്മാർക്കും സാധാരണന്മാർക്കും ഒരുപോലെ ഉപകരിക്കുന്നു. അത്രയ്ക്കു വിസ്തൃതവും, അഗാധവും, ശാസ്ത്രീയവും, താരതമ്യപരവുമായിട്ടുണ്ട് അദ്ദേഹത്തിന്റെ അവലോകനങ്ങൾ. 1917-ൽ എ. ആർ. രാജരാജവർമ്മയുടെ 'കേരളപാണിനീയ'ത്തിന്റെ രണ്ടാംപതിപ്പു പ്രസിദ്ധപ്പെടുത്തുന്നതുവരെ, ഡാക്ടർ ഗുണ്ടർട്ടിന്റെ ഭാഷാവ്യാകരണംതന്നെയായിരുന്നു പ്രമാണഗ്രന്ഥമായി കരുതപ്പെട്ടുവന്നതു്. ഒരു വ്യാകരണഗ്രന്ഥത്തിനു് അരശതാബ്ദകാലം പ്രാമുഖ്യം ലഭിക്കുകയെന്നതു് ഒരു നിസ്സാരകാര്യമല്ല. പല നിഘണ്ടുക്കളും ഇതിനകം മലയാളത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും, 1872-ൽ ഗുണ്ടർട്ട് പ്രസിദ്ധപ്പെടുത്തിയ നിഘണ്ടുവിനെ അധഃകരിക്കുന്നതു പോകട്ടെ, സമീപിക്കുന്നതിനുപോലും അവയിൽ ഒന്നിനും കഴിഞ്ഞിട്ടില്ല.

ഒരു തികഞ്ഞ ഭാഷാശാസ്ത്രവിശാരദനായിരുന്ന ഡാക്ടർ ഗുണ്ടർട്ട് ഒരു ഭാഷാചരിത്രംകൂടി എഴുതിയില്ലല്ലോ എന്നു ചിലർ പറയാറുണ്ടു്. ആരോഗ്യം അനുവദിച്ചിരുന്നുവെങ്കിൽ ആ കൃത്യവും അദ്ദേഹം സസന്തോഷം നിർവ്വഹിച്ചേനെ. അദ്ദേഹത്തിന്റെ നിഘണ്ടുവിന്റെ മുഖവുരയിൽ ഉള്ളതും മലയാളഭാഷയുടെ ചരിത്രത്തെ സ്പർശിക്കുന്നതുമായ രണ്ടോ മൂന്നോ വാചകങ്ങൾ ഉദ്ധരിക്കാത്ത ദേശചരിത്രമോ

സാഹിത്യചരിത്രമോ ഇംഗ്ലീഷിലാകട്ടെ മലയാളത്തിലാകട്ടെ കണ്ടിട്ടില്ല. അത്രയ്ക്കു വിലമതിക്കപ്പെട്ട ഒരു ഭാഷാവിദഗ്ദ്ധനായിരുന്നു അദ്ദേഹം.

ഇന്ത്യയിൽനിന്നു് അവസാനമായി തിരിച്ചുപോയതിൻെറശേഷം മുപ്പതിൽപരം വർഷങ്ങൾ, ഡാക്ടർ ഗുണ്ടർട്ട് മതസംബന്ധമായ ഗ്രന്ഥങ്ങൾ രചിക്കുന്നതിൽ വ്യാപൃതനായി സ്വദേശത്തുതന്നെ ജീവിച്ചു. പല പത്രങ്ങളുടെ ആധിപത്യവും അക്കാലത്തു് അദ്ദേഹം വഹിച്ചിരുന്നു. ജർമ്മനിയിലെ 'കല്വ' എന്ന നഗരത്തിലായിരുന്നു അദ്ദേഹം തൻെറ അവസാനകാലം കഴിച്ചുകൂട്ടിയതു്. 1890-ൽ മഹോദരം എന്ന രോഗം പിടിപെട്ടു; 1893 ഏപ്രിൽമാസത്തിൽ അദ്ദേഹം ഇഹലോകവാസം വെടിയുകയും ചെയ്തു. അങ്ങനെ കേരളഭാഷയുടെ മൂലഘടകങ്ങളിൽ അരശതകത്തിലധികം വ്യാപൃതമായിരുന്ന ആ വന്ദ്യഹൃദയം നിശ്ചലമായി; എങ്കിലും ആ വിശാലവിശിഷ്ടമായ ഹൃദയത്തെ സ്മരിച്ചു് ഇന്നു് എത്രയോ ഹൃദയങ്ങൾ ചലിക്കുന്നുണ്ടാവും !

—ഡോക്ടർ കെ. എം. ജോർജ്ജ്.

കുറിപ്പുകൾ

ചോദ്യം :—ഡോക്ടർ ഗുണ്ടർട്ടിൻെറ അമൂല്യഭാഷാസേവനൗത്സുക്യത്തെ അധികരിച്ചു് ഒരു പ്രബന്ധമെഴുതുക.

വ്യാകരണം :—സങ്കീർണ്ണവാക്യം.—(ആവർത്തനം)

അംഗങ്ങളായ വാക്യങ്ങളോടുകൂടിയ അംഗിവാക്യത്തെ സങ്കീർണ്ണമെന്നു പറയുന്നു.

ഉദാഹരണം :—"സ്വാതന്ത്ര്യം ജന്മാവകാശമാണെന്നു് ബാലഗംഗാധരതിലകൻ പ്രഖ്യാപിച്ചു."

ഇതിൽ "ബാലഗംഗാധരതിലകൻ പ്രഖ്യാപിച്ചു" എന്നതു് അംഗിവാക്യം. 'സ്വാതന്ത്ര്യം ജന്മാവകാശമാണെന്നു്' എന്ന ഭാഗം അംഗവാക്യവും.

പാഠം 9

പാൎവ്വതിയുടെ ശൈശവം

[ഭാഷയും സംസ്കൃതവും ഇടകലൎന്നു പ്രയോഗിച്ചിരുന്ന മണിപ്രവാളത്തിന്റെ സംഭാവനകളിൽ എടുത്തുപറയാവുന്ന ഒരു കൃതിയാണു് 'ഗിരിജാകല്യാണം'. ഉണ്ണായിവാരിയരാണു് ഇതിന്റെ കൎത്താവെന്നു ചിലർ അഭിപ്രായപ്പെടുന്നു. ശിശുവായ ഉമയെ അവതരിപ്പിക്കുന്ന ഈ ഭാഗത്തിൽനിന്നുതന്നെ ഗിരിജാകല്യാണത്തിന്റെ കാവ്യഭംഗി വേണ്ടത്ര വിശദമാകും.]

പാൎവ്വണചന്ദ്രാതിശായിമുഖിതന്നെ-
പ്പാൎവ്വതിയെന്നു വിളിപ്പരെല്ലാവരും.

മേനയാം ദേവി വിളിപ്പതുമയെന്നും
മാനിനിമാരെല്ലാമുണ്ണിയുമയെന്നും

നാരായണന്റെ ഭഗിനിയെന്നോൎക്കയാൽ
നാരായണിയെന്നു നാകനിവാസികൾ

ദുൎഗ്രഹമാഹാത്മ്യശാലിനിയെന്നിട്ടു
ദുൎഗ്ഗയെന്നോതി മുനികളെല്ലാവരും.

സീമയില്ലാത ഗുണഗണനിൎമ്മിത-
നാമസഹസ്രമവൾക്കായി മേല്ക്കുമേൽ.

നന്നായ്ക്കുളിപ്പിച്ചു ഭസ്മം തൊടിയിച്ചു
കണ്ണെഴുതിച്ചു വയമ്പും കൊടുത്തുടൻ

പിന്നെ മുലയും കൊടുത്തു കിടത്തിനാൾ
കണ്ണുകൾക്കാനന്ദമെന്തു പറവതും?

ഒട്ടൊട്ടറിവും മമതയും തോന്നിച്ച
ദൃഷ്ടിവിലാസങ്ങൾ ചുറ്റുററ പുഞ്ചിരി

നിശ്ചലഭാവവും കൈകാൽ കുടച്ചിലു-
മിച്ഛ മുലയിലുറക്കൊണ്ട കരച്ചിലും
അച്ഛനെന്നമ്മയെന്നോരോ സമയത്തി-
ലുച്ചാരണച്ഛായ തോന്നിച്ചൊരൊച്ചയും
നിച്ചലും കണ്ടങ്ങനുഭവിച്ചമ്മയു-
മച്ഛനും മററുള്ള ബന്ധുജനങ്ങളും
ഉച്ചൈരനാരതം വെച്ചന്യകൗതുക-
മച്ചോ ! രമിച്ചതുരച്ചാലൊടുങ്ങുമോ ?

ഗിരിജാകല്യാണം]

കുറിപ്പുകഠം

കഠിനപദങ്ങളുടെ അൎത്ഥം :—പാൎവ്വണചന്ദ്രാതിശായിമുഖി= പാൎവ്വണചന്ദ്രനെ (പൗൎണ്ണമീചന്ദ്രനെ) അതിശയിക്കുന്ന മുഖമുള്ളവഠ—(ബഹുവ്രീഹിസമാസം). ഭഗിനി= സഹോദരി. നാകനിവാസികഠ=നാകത്തിൽ (സ്വൎഗ്ഗത്തിൽ) വസിക്കുന്നവർ (ആധാരികാതൽപുരുഷൻ). ദുർഗ്രഹമാഹാത്മ്യശാലിനി = ദുർഗ്രഹമായ (ഗ്രഹിക്കാൻ പ്രയാസമുള്ള) മാഹാത്മ്യത്താൽ ശോഭിക്കുന്നവഠ. (പ്രയോജികാതൽപുരുഷൻ). സീമയില്ലാത= അളവററ. നിച്ചലും = നിത്യവും. ഉച്ചൈഃ= ഉറക്കെ (ക്രമമായി). അനാരതം = എല്ലായ്പോഴും.

ചോദ്യങ്ങഠ :—

(1) പാൎവ്വതിക്ക് ഉമ, നാരായണി, ദുൎഗ്ഗ എന്നീ പേരുകഠ ഉണ്ടായതെങ്ങനെ ?

(2) "നന്നായ്ക്കുളിപ്പിച്ചു . . . . . പറവതും" എന്നീ വരികളിൽനിന്നു വ്യക്തമാകുന്ന കേരളീയതചത്തിൻെറ സൗന്ദൎയ്യം വൎണ്ണിക്കുക.

(3) പാർവ്വതിയുടെ ശൈശവത്തെ സ്വന്തം വാക്യങ്ങളിൽ വർണ്ണിക്കുക.

പ്രയോഗവിശേഷം കാണിക്കുക :—

1. വിളിപ്പരെല്ലാവരും. 2. സീമയില്ലാത്ത;

വ്യാകരണം :—

വൃത്തം :—കാകളി.

ലക്ഷണം :—

" മാത്രയഞ്ചക്ഷരം മൂന്നിൽ
വരുന്നോരു ഗണങ്ങളെ

എട്ടുചേർത്തുള്ളീരടിക്കു
ചൊല്ലാം കാകളിയെന്നുപേർ. "

ഈ വൃത്തത്തിൽ ഓരോ വരിയിലും പന്ത്രണ്ടക്ഷരം വീതം ഉണ്ടായിരിക്കും. ഓരോ ഗണത്തിലും അഞ്ചു മാത്ര. മൂന്ന് അക്ഷരത്തിൽ ഒരു ഗണം. മഗണം, നഗണം, യഗണം എന്നിവ ഉണ്ടാകരുതെന്ന് ചുരുക്കം. ഓരോ വരിയിലും മുമ്മൂന്ന് അക്ഷരങ്ങളുള്ള നാലു ഗണം. ഉദാഹരണം :—

" പാർവ്വണ|ചന്ദ്രാതി|ശായി മു|ഖി തന്നെ-
പ്പാർവ്വതി|യെന്നു വി|ളിപ്പരെ|ല്ലാവരും. "

മാത്ര തികയാതെ വന്നാൽ ലഘുവിനെ നീട്ടിച്ചൊല്ലണം.

പാഠം 10

സ്വനഗ്രാഹിയന്ത്രത്തിന്റെ തിരുപ്പുറപ്പാട്

പണ്ടൊരു രാജാവിനു കഴുതച്ചെവികളുണ്ടായിരുന്നു. അദ്ദേഹം അതു വലിയൊരു രഹസ്യമായി സൂക്ഷിച്ചുവന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു ഭൃത്യൻ, യാദൃച്ഛികമായി ആ പരമാൎത്ഥം മനസ്സിലാക്കുന്നതിന്നിടയായി. അതിനെപ്പററി പ്രസ്താവിച്ചാൽ തന്റെ തല പോകുമെന്നു് അയാൾക്കു പൂൎണ്ണബോധമുണ്ടായിരുന്നു. അതേ സമയം ആ രഹസ്യം സൂക്ഷിക്കുന്നതു് അയാൾക്കു വളരെ പ്രയാസമായും തോന്നി. ഒടുവിൽ അയാളൊരു വിദ്യ കണ്ടുപിടിച്ചു. വിജനമായ ഒരു നദീതീരത്തു ചെന്നു് "രാജാവിനു കഴുതച്ചെവികളാണു്" എന്നു് ഉറക്കെ ഘോഷിച്ചു് അയാൾ മനസ്സംതൃപ്തി നേടി. പക്ഷേ, അവിടെ നിന്നിരുന്ന ചില ഓടകൾ ആ പ്രസ്താവന അങ്ങനെതന്നെ ആവൎത്തിച്ചു തുടങ്ങി. ആവിധം അരമനരഹസ്യം അങ്ങാടിപ്പാട്ടായിത്തീൎന്നു.

ഇത്തരം ഒരു കഥ ചൈനക്കാരുടെ ഇടയിലുമുണ്ടു്. ഒരു രാജാവു മരിക്കുന്നതിനുമുമ്പു്, തന്റെ പിൻഗാമിയായ മകനു് ഒരു മുളക്കുമ്പത്തിൽ ചില ഉപദേശങ്ങൾ അടച്ചുവെച്ചു. അച്ഛന്റെ മരണശേഷം സിംഹാസനാരൂഢനായ മകൻ സുഖലോലുപതനിമിത്തം രാജ്യകാൎയ്യങ്ങളിൽ അശ്രദ്ധനാകുകയും തന്മൂലം അക്രമങ്ങൾ വൎദ്ധിക്കുകയും ചെയ്തു. ആ അവസരത്തിൽ പരേതനായ രാജാവിന്റെ മരണശാസനപ്രകാരം മുളക്കുമ്പത്തിന്റെ വായ തുറന്നു. ഉടനെ അതിൽനിന്നു ദിവംഗതനായ പിതാവിന്റെതന്നെ ശബ്ദത്തിലുള്ള

ഉപദേശങ്ങൾ കേൾക്കാറാവുകയും, അതു കേട്ട മകൻ സത്സ്വഭാവിയും ജനക്ഷേമൈകതൽപരനും ആയിത്തീരുകയും ചെയ്യുവത്രെ.

3 നിങ്ങൾക്കു് ഈ കഥകൾ വിശ്വസിക്കുവാൻ വിഷമം തോന്നുന്നില്ലേ? അപ്പോൾ 1877–ാമാണ്ടിൽ, തോമസ് എഡിസൻ സംസാരിക്കുന്ന ഒരു യന്ത്രം കണ്ടുപിടിച്ചിരിക്കുന്നു എന്ന വാർത്ത പുറത്തു വന്നപ്പോൾ ജനങ്ങളുടെ സ്ഥിതി എന്തായിരുന്നിരിക്കും? കേട്ടവർ കേട്ടവർ അമ്പരന്നുപോയി. മനുഷ്യശബ്ദം പുറപ്പെടുവിക്കുന്ന ഒരു യന്ത്രമോ? അവർക്കതു വിശ്വസിക്കുന്നിനു കഴിഞ്ഞില്ല. സാധിക്കാവുന്നവർ എഡിസൻെറ വസതിയായ 'മെൻലോപാർക്കിൽ' പോയി സംശയനിവൃത്തി വരുത്തി. അല്ലാത്തവർക്കു് അത്തരം യന്ത്രങ്ങൾ വില്പനയ്ക്കു വരുന്നതുവരെ കാത്തിരിക്കേണ്ടിവന്നു. എല്ലാവരും അതു് ഒരു ജാലവിദ്യയായിത്തന്നെ കരുതി.

4 എഡിസന്നു് അന്നു മുപ്പത്തിയൊന്നു വയസ്സു പ്രായമേ ആയിരുന്നുള്ളു. അദ്ദേഹം ദൂരഭാഷിണിയെസ്സംബന്ധിച്ചുള്ള ചില പരീക്ഷണങ്ങളിൽ ഏർപ്പെട്ടിരിക്കയായിരുന്നു. ഒരവസരത്തിൽ അദ്ദേഹം 'ടെലിഫോണി'ലേയ്ക്കു സംസാരിക്കുമ്പോൾ അതിനോടു് ബന്ധിച്ചിരുന്ന ഒരു സൂചി അദ്ദേഹത്തിൻെറ വിരലിന്മേൽ കുത്തുന്നതായും, തൻെറ ശബ്ദത്തിൻെറ ആരോഹാവരോഹണങ്ങൾ ആ സൂചിയുടെ ചലനത്തെ നിയന്ത്രിക്കുന്നതായും കണ്ടു. ആ കുശാഗ്രബുദ്ധിയുടെ ശ്രദ്ധ ഉടനെ അതിലേയ്ക്കു തിരിഞ്ഞു. ആ സൂചിയുടെ ചലനങ്ങൾ രേഖപ്പെടുത്തി ആ രേഖകളിൽക്കൂടി വീണ്ടും ആ സൂചിയെ നടത്തിക്കുന്നതായാൽ എന്തുകൊണ്ടു പഴയ ശബ്ദം

തന്നെ വീണ്ടും പുറത്തുവരില്ലാ ? ഇതായി അദ്ദേഹത്തിൻെറ ആലോചന. ഉടനെത്തന്നെ അദ്ദേഹം അപ്രകാരം ചെയ്തു നോക്കി. ഫലം തൃപ്തികരമായിരുന്നില്ലെങ്കിലും പ്രോത്സാഹ ജനകമായിരുന്നു.

5 ആകസ്മികമായി താൻ കണ്ടുപിടിച്ച തത്ത്വം തൃപ്തി കരമായ വിധം പ്രായോഗികമാക്കേണ്ടതെങ്ങനെ എന്നു് അദ്ദേഹം വളരെ ആലോചിച്ചു. അതിൻെറ ഫലമായി, ഒരു ദിവസം, അദ്ദേഹം തൻെറ ഏററവും വിദഗ്ദ്ധനായ സഹപ്രവത്തകൻ 'ക്രൂസി'യെ വിളിച്ചു് അദ്ദേഹത്തിൻെറ കൈയിൽ ഒരു യന്ത്രത്തിൻെറ ചിത്രം കൊടുത്തു് അതു പോലെ ഒന്നുണ്ടാക്കിക്കൊണ്ടുവരുന്നതിന്നു് ആവശ്യപ്പെട്ടു. ആ യന്ത്രം എന്തിനുള്ളതായിരിക്കുമെന്നു് ക്രൂസിക്കു് ഊഹി ക്കുന്നതിനുപോലും കഴിഞ്ഞില്ല. ജിജ്ഞാസ വർദ്ധിക്കുക യാൽ അയാഠം എഡിസനോടുതന്നെ അതെന്തിനുള്ളതാണു് എന്നു ചോദിച്ചു. "സംസാരിക്കുന്ന ഒരു യന്ത്രം നിമ്മിക്കു വാൻ ഞാൻ ഭാവിക്കുകയാണു്. നിങ്ങഠം ആ യന്ത്രം ഉണ്ടാ ക്കിക്കൊണ്ടുവരൂ. അതിനെന്തു ചെയ്യാൻകഴിയുമെന്നു ഞാൻ കാണിച്ചു തരാം" എന്നായിരുന്നു എഡിസൻെറ മറുപടി. എഡിസൻെറ ശേഷിയെക്കുറിച്ചും വൈദഗ്ദ്ധ്യത്തെക്കുറിച്ചും ചിരകാലത്തെ പരിചയവും, നല്ല മതിപ്പും ഉണ്ടായിരുന്നി ട്ടുകൂടി ക്രൂസി ഒന്നു ചിരിച്ചുപോയി. എങ്കിലും തുടർച്ചയായി മുപ്പതുമണിക്കൂർ നേരം—ഉറക്കമൊഴിച്ചും ഊണുകുറച്ചും— പ്രവൃത്തിയെടുത്തു് അയാഠം എഡിസൻെറ ഇച്ഛാനുസരണമു ള്ള യന്ത്രം തയ്യാറാക്കിക്കൊണ്ടുചെന്നു.

6 കാഴ്ചയിൽ അതു വളരെ നിസ്സാരമായ ഒരു യന്ത്രമായി രുന്നു. മരംകൊണ്ടു് ഒരടിത്തട്ടു്; അതിന്മേൽ ഒരു പിടി

പിടിച്ചുതിരിച്ചാൽ, ഒരു സ്ക്രൂപോലെ, തിരിഞ്ഞു തിരിഞ്ഞു മുമ്പോട്ടു പോകുന്ന ഒരു 'ഉരുൾ'; ഒരു ഭാഗത്തായി കോളാമ്പിപോലെ രണ്ടററവും തുറന്ന ഒരു കുഴൽ; ആ കുഴലിന്റെ വട്ടം കുറഞ്ഞ അററത്തു വലിച്ചു കെട്ടീട്ടുള്ള നേരിയ ഒരു ചർമ്മം; ചർമ്മത്തോടനുബന്ധിച്ച് ഒരു സൂചി—ഇത്രയുമായിരുന്നു ആ യന്ത്രത്തിന്റെ ഭാഗങ്ങൾ.

ക്രൂസിയുടെ പിന്നാലെ ബാക്കിയുള്ള പ്രവർത്തകന്മാരും കൂടി. എല്ലാവരും എഡിസന്റെ മുമ്പിലെത്തി. എഡിസൻ ആ യന്ത്രം സസ്മിതം സൂക്ഷ്മാവലോകനം ചെയ്തു. ചുററും നിന്നിരുന്നവർ അത്ഭുതത്തോടും ജിജ്ഞാസയോടുംകൂടി പരസ്പരം നോക്കി. ഇതു ശരിയാവാനുള്ളതല്ലെന്നൊരു ഭാവം അവർക്കുണ്ടായിരുന്നു. എഡിസന്നാകട്ടെ, യാതൊരു ഭാവപ്പകർച്ചയും കണ്ടില്ല. അദ്ദേഹം ആ ഉരുളിന്നു പുറമെ നനുത്ത ഒരു തകരത്തകിടു ചുററി, ആ സൂചിയെ തകരത്തകിടിന്മേൽ മുട്ടത്തക്കവണ്ണം വെച്ചു, ആ പിടി മെല്ലെ തിരിച്ചുകൊണ്ടു ആ വലിയ കുഴലിലേയ്ക്കു ഇംഗ്ലീഷിലെ ഒരു 'താരാട്ടു' ഉറക്കെ പാടിക്കൊടുത്തു. എല്ലാവരും പൊട്ടിച്ചിരിച്ചു. തകരത്തകിടിന്മേൽ ചില അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഉരുളിന്റെ അവസാനമായപ്പോൾ അദ്ദേഹം പാട്ടുനിർത്തി. ചുരുൾ പൂർവ്വസ്ഥാനത്തേയ്ക്കുതന്നെ കൊണ്ടുവന്നു. അദ്ദേഹം പഴയപടി ആ പിടി തിരിക്കുവാൻ തുടങ്ങി. അത്ഭുതമെന്നേ പറയേണ്ടു, ആ യന്ത്രത്തിൽനിന്നു എഡിസൻ പാടിയ പാട്ടു അതേ ശബ്ദത്തിൽ—"അവന്റെ യജമാനന്റെ ശബ്ദ"ത്തിൽ—ബഹിർഗ്ഗമിച്ചു.

അന്നു രാത്രിമുഴുവൻ എഡിസനും ക്രൂസിയും ആ പുതിയ യന്ത്രം പരീക്ഷിച്ചുനോക്കി. ഫലം ഏററവും തൃപ്തികരമാ

യിരുന്നു. പിറേറദിവസം കാലത്തു് ഒമ്പതു മണിക്കു് എഡിസൻ 'സ്വനഗ്രാഹിയന്ത്രം' പൊതിഞ്ഞു കെട്ടിയെടുത്തു് ന്യൂയോക്കിലെ 'സയിൻറിഫിക്ക് അമേരിക്കൻ' എന്ന മാസികയുടെ ആഫീസിൽ കയറിച്ചെന്നു. പത്രാധിപർ എഡിസനെ സൽകരിച്ചിരുത്തി വന്ന കാൎയ്യമെന്തെന്നു് അന്വേഷിച്ചു. എഡിസൻ മറുപടിയൊന്നും പറയാതെ, കയ്യിലുണ്ടായിരുന്ന പൊതി കെട്ടഴിച്ചു് ആ യന്ത്രം പത്രാധിപരുടെ മുമ്പിലേയ്ക്കു നീക്കിവെച്ചു. ഒരു ഉരുളും അതിനു് ഒരു പിടിയും കണ്ടപ്പോൾ മനുഷ്യസഹജമായ ജിജ്ഞാസയോടെ പത്രാധിപർ ആ പിടി പിടിച്ചു തിരിച്ചു. അപ്പോൾ ആ യന്ത്രത്തിൽ നിന്നു് "Good Morning, what do you think of the Phonograph ?" (സുപ്രഭാതം, സ്വനഗ്രാഹിയന്ത്രത്തെപ്പററി നിങ്ങൾ എന്തു വിചാരിക്കുന്നു ?) എന്നീ വാക്കുകൾ പുറത്തുവന്നു.

എഡിസൻ ഒരു സംസാരിക്കുന്ന യന്ത്രം കൊണ്ടുവന്നിരിക്കുന്നു എന്നു കേട്ടു് ആഫീസ്സിലെ ജോലിക്കാരെല്ലാം പത്രാധിപരുടെ മുറിയിൽ തടിച്ചുകൂടി. എഡിസൻ വേറൊരു തകരത്തകിടു് എടുത്തു ചുററി സൂചി ശരിയാക്കി തിരിച്ചു തുടങ്ങി. ഇത്തവണ പഴയ താരാട്ടാണു് ശ്രവിച്ചതു്. വിവരം കേട്ടുകേട്ടറിഞ്ഞു് നഗരത്തിലെ ജനങ്ങൾ ആഫീസ്സിൽ തിക്കിക്കയറുവാൻ തുടങ്ങി. രണ്ടുമൂന്നുമണിക്കൂർനേരം എഡിസൻ തൻെറ യന്ത്രം പ്രവൎത്തിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ തിരക്കു സഹിക്കവയ്യാതായി. ജനക്കൂട്ടത്തിൻെറ ഭാരം കാരണം കെട്ടിടത്തിൻെറ തട്ടുതന്നെ നിലം പതിക്കുമോ എന്നു സംശയിക്കേണ്ട ഘട്ടം വന്നു. അതോടുകൂടി അന്നത്തെ പ്രദർശനം നിൎത്തി.

10 പിറ്റെ ദിവസത്തെ വർത്തമാനപത്രങ്ങളെല്ലാം " ഈ യുഗത്തിലെ ഏററവും വലിയ കണ്ടുപിടുത്തം—സംസാരിക്കുന്ന യന്ത്രം " എന്ന തലക്കെട്ടിൽ സ്വനഗ്രാഹിയന്ത്രത്തിനു പ്രചരണം കൊടുത്തു. അങ്ങനെ ആ വാർത്ത ലോകമെല്ലാം പരന്നു.

11 ഏറെത്താമസിയാതെ, പ്രത്യേകക്ഷണമനുസരിച്ച് എഡിസൻ അമേരിക്കയിലെ കേന്ദ്രസഭാംഗങ്ങളുടെ മുമ്പിൽ തൻെറ യന്ത്രം പ്രദർശിപ്പിച്ചു. അന്നു രാത്രിതന്നെ പ്രസിഡണ്ട് ഹെയിസിൻെറ ആവശ്യപ്രകാരം 'വൈററ് ഹൗസിൽ' വെച്ച് ഒരു പ്രദശനം നടത്തി. പ്രസിഡണ്ടിൻേറയും അദ്ദേഹത്തിൻെറ അതിഥികളുടേയും നിർബ്ബന്ധംനിമിത്തം എഡിസനു രാത്രി പതിനൊന്നു മണിമുതൽ കാലത്ത് മൂന്നരമണിവരെ യന്ത്രം തിരിച്ച് അവിടെ ഇരിക്കേണ്ടിവന്നു.

12 ഇത്രയൊക്കെയായിട്ടും സ്വനഗ്രാഹിയന്ത്രം ഒരു 'വൻ ചതി'യാണെന്നു വിചാരിക്കുന്നവരുണ്ടായിരുന്നു. അവരിൽ പ്രധാനിയായ ' വിൻസൻറ് ' എന്ന ഒരു ബിഷപ്പ് ആ യന്ത്രത്തെ പരീക്ഷിക്കുന്നതിനായി 'മെൻലോപാർക്കി'ൽ ചെന്നു. എഡിസൻെറ അപേക്ഷാനുസരണം ബിഷപ്പുതന്നെ ആ യന്ത്രത്തിലേയ്ക്കു ബൈബിളിലെ ' കടിച്ചാൽ പൊട്ടാത്ത ' ചില പേരുകൾ ദ്രുതഗതിയിൽ ഉച്ചരിച്ചു. യന്ത്രമാകട്ടെ അവയെ യാതൊരു വ്യത്യാസവുംകൂടാതെ അതേപടി വീണ്ടും പുറപ്പെടുവിച്ചു. അപ്പോൾ ബിഷപ്പിനു പൂർണ്ണവിശ്വാസമായി. ആ യന്ത്രത്തിൻെറ അരികത്തെങ്ങാനും ശബ്ദാനുകരണകുശലരായ വല്ലവരും ഒളിഞ്ഞിരിക്കുന്നുണ്ടാകാമെന്ന് സ്നേഹിതന്മാർ ബിഷപ്പിനോടു പറഞ്ഞിരുന്നു. പക്ഷേ, അക്കാര്യത്തിൽ അദ്ദേഹത്തിന് അശേഷം സംശയമുണ്ടായില്ല.

എന്തെന്നാൽ, താൻ ഉച്ചരിച്ച പേരുകൾ അതേവേഗത്തിൽ പറയുന്നവരായി അമേരിക്കയിൽ ആരുമില്ലെന്ന് അദ്ദേഹത്തിനു ദൃഢബോധമുണ്ടായിരുന്നു.

13 ഇക്കാലത്താണ് എഡിസന്റെ ആദ്യത്തെ കുട്ടി ജനിച്ചതു്. സന്താനലബ്ധിയിൽ സന്തുഷ്ടനായ പിതാവു് കുട്ടിയുടെ അവ്യക്തങ്ങളും മധുരങ്ങളും ആയ ജല്പനങ്ങളെല്ലാം 'റിക്കാർഡു'ചെയ്തു. അതുപോലെ തന്റെ കുട്ടിയുടെ കരച്ചിലും ഒന്നു രേഖപ്പെടുത്തിവെക്കണമെന്ന് അദ്ദേഹത്തിനു തോന്നി. ഒരു ദിവസം വൈകുന്നേരം അദ്ദേഹം ഒരു വേലക്കാരനെക്കൊണ്ടു സ്വനഗ്രാഹിയന്ത്രം ചുമപ്പിച്ച് സ്വഗൃഹത്തിലേയ്ക്കു് ചെന്നു. ദൌർഭാഗ്യത്താൽ അന്നു് കുട്ടിക്കു് ഒരു നല്ല ദിവസമായിരുന്നു. എഡിസൻ എന്തുചെയ്തിട്ടും കുട്ടി കരഞ്ഞില്ല. ഉറക്കെ ഉറക്കെ ചിരിച്ചതേയുള്ളു. തന്റെ വിലയേറിയ സമയത്തിൽ ഒരു മണിക്കൂർ നഷ്ടപ്പെട്ടതിൽ വലിയ ഖേദത്തോടെ അദ്ദേഹത്തിനു പരീക്ഷണശാലയലേയ്ക്കു തിരിക്കേണ്ടിവന്നു. പക്ഷേ, അദ്ദേഹം ആ ഉദ്യമം ഉപേക്ഷിച്ചില്ല. പിറ്റേ ദിവസം അദ്ദേഹം അതേ നേരത്തുതന്നെ കുട്ടിയുടെ അടുത്തെത്തി. എന്നാൽ അന്നു കുട്ടിക്കു തലേ ദിവസത്തെക്കാളധികം ഉന്മേഷമായിരുന്നു. അന്നും അദ്ദേഹം നിരാശനായി മടങ്ങി. അടുത്ത രണ്ടു ദിവസങ്ങളിലും അദ്ദേഹത്തിന്റെ അനുഭവം ഇതുതന്നെയായിരുന്നു.

14 പ്രതിബന്ധങ്ങൾ എഡിസന്റെ നിശ്ചയത്തിനു മൂർച്ച കൂട്ടിയതേ ഉള്ളു. അതുതന്നെയാണ് അദ്ദേഹത്തിന്റെ അഭൂതപൂർവ്വമായ വിജയത്തിനു നിദാനവും. ഇക്കാര്യത്തിലും അദ്ദേഹം വിട്ടുവീഴ്ച്ചയ്ക്കു് ഒരുങ്ങിയില്ല. എന്തുവന്നാലും താൻ ഉദ്ദേശിച്ചകാര്യം നിറവേററുമെന്ന് അദ്ദേഹം തീർച്ച

യാക്കി. ഒരു ദിവസം കാലത്ത്, ഭാര്യ പുറത്തുപോയിരുന്ന തക്കം നോക്കി, അദ്ദേഹം കുട്ടിയെ കിടത്തിയിരുന്ന മുറിയിൽ സ്വനഗ്രാഹിയന്ത്രത്തോടുകൂടി ചെന്നു. കുട്ടി മന്ദഹാസപൂർവ്വം അച്ഛനെ സ്വാഗതം ചെയ്തു. അദ്ദേഹം കുട്ടിയുടെ ധാത്രിയെ അവിടെനിന്നു പറഞ്ഞയച്ചു. കുട്ടിയെ എടുത്തു മടിയിലിരുത്തി, കണ്ണുകൾ രണ്ടും മുറുകെ അടച്ച്, പല്ലുകൾ കടിച്ചു പിടിച്ച്, അദ്ദേഹം കുട്ടിയുടെ പിഞ്ചുകാലിന്മേൽ ഒന്നു നുള്ളുവാൻതന്നെ തയാറായി. പെട്ടെന്ന്, വാതിൽപ്പഴുതിൽക്കൂടി നോക്കിനിന്നിരുന്ന ആയ ചാടിവീണ് കുട്ടിയെ അച്ഛന്റെ കൈയിൽനിന്നു തട്ടിപ്പറിച്ചുകൊണ്ടുപോയി. എഡിസൻ ആശ്വാസസൂചകമായ ഒരു നെടുവീർപ്പോടുകൂടി തന്റെ പ്രവൃത്തിസ്ഥലത്തേയ്ക്കു മടങ്ങി.

എന്നാൽ, അദ്ദേഹത്തിന്റെ മനോരഥം അചിരേണ, അവിചാരിതമായവിധം സഫലമായി. ഒരു ദിവസം എഡിസന്റെ ഭാര്യ കുട്ടിയേയും കൊണ്ടു പ്രയോഗശാലയിലേയ്ക്കു ചെന്നു. അവിടത്തെ യന്ത്രങ്ങളുടെ ശബ്ദം കേട്ടവുടൻതന്നെ കുട്ടി പേടിച്ച്, വാ പിളർന്ന്, അലറുവാൻ തുടങ്ങി. "യന്ത്രങ്ങൾ നിർത്തു. സ്വനഗ്രാഹിയന്ത്രം ശരിയാക്കു" എന്ന് എഡിസൻ തത്സമയം കല്പിച്ചു. അങ്ങനെ അവിടെവെച്ചുതന്നെ അദ്ദേഹം കുട്ടിയുടെ കരച്ചിൽ റിക്കാർഡാ'ക്കി.

എഴുത്തുകൾ പറഞ്ഞുകൊടുക്കുക, അന്ധന്മാരെ പഠിപ്പിക്കുക, യഥേഷ്ടം കേൾക്കത്തക്കവിധം പാട്ടുകൾ രേഖപ്പെടുത്തിവെയ്ക്കുക, ഓരോ കുടുംബത്തിലേയും പ്രാമാണികന്മാരായ കാരണവന്മാരുടെ ഉപദേശങ്ങളും മററും അവരുടെ

തന്നെ ശബ്ദത്തിൽ പിൻഗാമികൾക്കു കേൾക്കുമാറാക്കുക, ശ്ലോകങ്ങൾകൊണ്ടു സമയം പറയിക്കുക, വിവിധഭാഷകളിലെ ഉച്ചാരണവിശേഷങ്ങൾ മനസ്സിലാക്കുക, വിദ്യാഭ്യാസം കൂടുതൽ സുഗമമാക്കുക, ദൂരഭാഷിണിമുഖേന വന്നുചേരുന്ന സന്ദേശങ്ങൾ പിന്നീടുപയോഗിക്കത്തക്കവണ്ണം സംഭരിച്ചുവെയ്ക്കുക—ഇങ്ങനെ പല കാര്യങ്ങൾക്കും സ്വനഗ്രാഹിയന്ത്രം പ്രയോജകീഭവിക്കുമെന്നു് എഡിസൻ അന്നുതന്നെ പ്രവചിച്ചിട്ടുള്ളതാണു്.

17 സ്വനഗ്രാഹിയന്ത്രമുണ്ടാക്കിയസമയംതന്നെ എഡിസൻെറ ശ്രദ്ധ വൈദ്യുതദീപനിർമ്മാണത്തിലേയ്ക്കു തിരിഞ്ഞു. അതുകൊണ്ടു പിന്നെ പതിനൊന്നു കൊല്ലത്തേയ്ക്കു് എഡിസൻ അതു പരിഷ്കരിക്കുന്ന കാര്യത്തിൽ മനസ്സുചെലത്തിയില്ല. 1888-ൽ അദ്ദേഹം സ്വനഗ്രാഹിയന്ത്രത്തെ തികച്ചും പ്രയോഗക്ഷമമാക്കുന്നതിനു് അത്യദ്ധ്വാനം ചെയ്തു. ഓരോരോ വ്യത്യാസം വരുത്തി, ഒന്നിനു പുറകെ ഒന്നായി, അദ്ദേഹം അയ്മ്പതോളം യന്ത്രങ്ങൾ ഉണ്ടാക്കിനോക്കി. ഈ ആവശ്യത്തിലേക്കു് ഏതാണ്ടു് ഇരുപതുലക്ഷം ഡോളർ അദ്ദേഹം ചിലവുചെയ്തു. ഉരുളിന്നും തകരത്തകിടിന്നും പകരം മെഴുകുകൊണ്ടുള്ള ഉരുൾ, 'സ്പ്രിങ്ങ്' വെച്ചു് അതിനെ ക്ലിപ്തമായ വേഗതയോടുകൂടി തിരിക്കുന്നതിനുള്ള ഏർപ്പാട്—ഇവയായിരുന്നു തൽഫലമായുണ്ടായ പ്രധാനമാററങ്ങൾ.

18 അക്കൊല്ലത്തിൽതന്നെ സ്വനഗ്രാഹിയന്ത്രം ഇംഗ്ലണ്ടിൽ ആദ്യമായി പ്രദർശിപ്പിച്ചു. ആ അവസരത്തിൽ എഡിസൻെറ ശബ്ദത്തിൽ സ്വനഗ്രാഹിയന്ത്രം നൽകിയ പ്രസ്താവനയാണിതു്:—

19 "മാന്യരേ, യാതൊരു മഹാൻെറ ദുർല്ലഭമായ പ്രതിഭയുടേയും, അനുപമമായ ക്ഷമയുടേയും, അവിശ്രമ

പരിശ്രമത്തിൻേറയും ഫലമായി ഞാൻ ജനിച്ചുവോ, ആ എഡിസൻെറ പേരിൽ ഞാൻ നിങ്ങളെ സ്വാഗതം ചെയ്യുന്നു. ഇന്നു് ഇവിടെ സന്നിഹിതരായി എന്നെ മാനിച്ചതിനു ഞാൻ നിങ്ങളോടു നന്ദിപറഞ്ഞുകൊള്ളുന്നു. 'എൻെറ യജമാനൻെറ ശബ്ദ'മെന്നപോലെതന്നെ അദ്ദേഹത്തിൻെറ ദേഹവും ഇവിടെ നിങ്ങളെ സ്വീകരിക്കുന്നതിനുണ്ടായില്ലല്ലൊ എന്നു ഞാൻ വ്യസനിക്കുന്നു. അദ്ദേഹത്തിൻെറ അഭാവത്തിൽ നിങ്ങളോടും, ഇവിടെ സന്നിഹിതരും അല്ലാത്തവരും ആയ ലണ്ടനിലെ പത്രപ്രതിനിധികളോടും, എൻെറ മാതൃഭൂമിയിലേയ്ക്കുള്ള വരവിൽ നൽകിയ ഉദാരവും അഭിമാനജനകവും ആയ സ്വീകരണത്തിനു നന്ദിപ്രകാശിപ്പിച്ചില്ലെങ്കിൽ ഞാൻ കർത്തവ്യം നിർവ്വഹിക്കാത്തവനായിത്തീരും."

20 1889-ൽ പാരീസിലെ പ്രദർശനത്തിൽവെച്ചു് ഒരു ദിവസം നാല്പതിനായിരം ആളുകൾവന്നു സ്വനഗ്രാഹിയന്ത്രത്തിൻെറ പ്രവർത്തനങ്ങൾ കാണുകയും കേൾക്കുകയും ഉണ്ടായത്രെ.

21 എഡിസൻ തൻെറ സ്നേഹബഹുമാനങ്ങൾക്കു പാത്രമായ ഗ്ലാഡ്സ്റ്റനോടു് അനന്തരതലമുറകൾക്കുള്ള ഒരു സന്ദേശം രേഖപ്പെടുത്തുന്നതിനഭ്യർത്ഥിച്ചു. അതു് ഒരു ബഹുമതിയായി കരുതി ഗ്ലാഡ്സ്റ്റൻ ആ അപേക്ഷ സസന്തോഷം കൈക്കൊണ്ടു. എഡിസൻെറ ഗൃഹത്തിൽ 'മഹാന്മാരുടെ ശബ്ദങ്ങൾ' ശേഖരിച്ചുവെച്ചിട്ടുണ്ടു്. അവിടെ നിങ്ങൾക്കു ബിസ്മാർക്കു്, ടെന്നിസൻ, ഗ്ലാഡ്സ്റ്റൺ, ബ്രൌണിങ്ങു് മുതലായവരുടെ ശബ്ദങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള 'റിക്കാർഡുകൾ' കേൾക്കാൻ കഴിയും. മൺമറഞ്ഞ മഹാന്മാരിൽ

ആരുടെ ശബ്ദത്തെ രേഖപ്പെടുത്താനാണ് നിങ്ങൾ അധികം ഇഷ്ടപ്പെടുന്നതു് എന്നു് ഒരു സുഹൃത്തു ചോദിച്ചപ്പോൾ, നെപ്പോളിയന്റെ ശബ്ദത്തെയാണ് താൻ കേൾക്കുവാൻ ഇച്ഛിക്കുന്നതു് എന്നു് എഡിസൻ സകാരണം സമാധാനം നൽകുകയുണ്ടായി.

22 വിക്ടോറിയാമഹാരാജ്ഞി, ജർമ്മിനിയിലെ കൈസർ, വില്യം രണ്ടാമൻ റഷ്യയിലെ ഒടുവിലത്തെ സാർ ചക്രവർത്തി, ബൽജിയത്തിലെ ലിയോപ്പോൾഡ് രാജാവു് തുടങ്ങിയ പ്രമുഖരാജകുലാംഗങ്ങളും സ്വനഗ്രാഹിയന്ത്രത്തിന്റെ വലിയ ആരാധകന്മാരായിരുന്നു. കൈസർ ചക്രവർത്തി തന്റെ സേവകവൃന്ദത്തിനു് അതിന്റെ നിർമ്മാണത്തേയും പ്രവർത്തനങ്ങളേയുംപററി വിവരിച്ചുകൊടുക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശബ്ദം രേഖപ്പെടുത്തിയ 'റിക്കാർഡു'കൾ ഹാർവേഡ് സർവ്വകലാശാലയിലും, വാഷിങ്ങ്ടണിലെ 'നാഷണൽ മ്യൂസിയ'ത്തിലും സൂക്ഷിച്ചുവെച്ചിട്ടുണ്ടു്.

23 എഡിസന്റെ സ്വനഗ്രാഹിയന്ത്രം പരിഷ്കരിക്കുന്നതിനു പലരും സഹായിച്ചിട്ടുണ്ടു്. അവരിൽ എമിൽ ബർലിനർ എന്ന അമേരിക്കക്കാരന്റെ പേർ പ്രത്യേകം പ്രസ്താവ്യമത്രെ. അദ്ദേഹമാണു് എഡിസന്റെ 'ഉരുള'കൾക്കു പകരം വട്ടത്തിലുള്ള 'റിക്കാർഡു'കൾ നടപ്പിൽ വരുത്തിയതു്.

24 നാം പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ വായുവിൽ അലകൾ ഉണ്ടാക്കുന്നു. അവ സ്വനഗ്രാഹിയന്ത്രത്തിന്റെ 'കോളാമ്പിവായി'ൽക്കൂടി പ്രവേശിച്ചു്, അതിന്റെ മറെറ അററത്തുള്ള ചർമ്മത്തെ ചലിപ്പിക്കുകയും ആ ചർമ്മത്തോടുതൊട്ടുകി

ടക്കുന്ന സൂചി പ്രസ്തുതചലനങ്ങളെ 'മെഴുക്'കൊണ്ടുള്ള തട്ടിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ആ സൂചിയെ നാം പിന്നെ അതേ രേഖകളിൽക്കൂടി നടത്തുമ്പോൾ ചർമ്മം അതിനനുസരിച്ചു ചലിക്കുന്നതിനാൽ ആ റിക്കാർഡുണ്ടാക്കിയ ശബ്ദങ്ങൾതന്നെ നമുക്കു കേൾക്കാറാകുന്നു. മെഴുകിൽ ഉണ്ടാക്കുന്നവയിൽനിന്നു വാർത്തെടുക്കുന്നവയാണു് നാം വാങ്ങിക്കുന്ന ബലമുള്ള റിക്കാർഡുകൾ.

25 'സംസാരിക്കുന്ന യന്ത്രം' കണ്ടുപിടിച്ച 'മെൻലോ പാർക്കിലെ ജാലവിദ്യക്കാരന്റെ' പ്രതിഭയുടെ മുമ്പിൽ നമുക്കു കൃതജ്ഞതാപൂർവ്വം തലകുനിക്കുക.

—എം. ബാലരാമമേനോൻ.

കുറിപ്പുകൾ

ചോദ്യങ്ങൾ :—

(1) എഡിസൻ കണ്ടുപിടിച്ച ആദ്യത്തെ സ്വനഗ്രാഹി യന്ത്രത്തിന്റെ സ്വരൂപം വിവരിക്കുക.

(2) സ്വരങ്ങൾ 'റിക്കാർഡു്' ചെയ്യാൻ എഡിസൻ നടത്തിയ ശ്രമങ്ങൾ വിവരിക്കുക.

വ്യാകരണം :—

വാക്യവിഭാഗം

ചൂർണ്ണിക, സങ്കീർണ്ണകം എന്നിവയ്ക്കു പുറമെ, വാക്യത്തിനു മൂന്നു വിഭാഗങ്ങൾ കൂടിയുണ്ടു് :—നിർദ്ദേശകം, ആനുയോഗികം, ആഭിലാഷികം.

(1) എന്തെങ്കിലും ഒരു വസ്തുത നിർദ്ദേശിക്കുന്നതു് നിർദ്ദേശകം

ഉദാ :—

കാലവർഷം ആരംഭിച്ചു.

(2) ചോദ്യത്തിൻെറ രീതിയിലുള്ളതു് ആനുയോഗികം. (അനുയോഗം=ചോദ്യം)

ഉദാ :—

കൊടുങ്കാററുണ്ടാകുമോ?

(3) അഭിലാഷത്തെ പ്രകാശിപ്പിക്കുന്നതു് ആഭിലാഷികം.

ഉദാ :—

നാളെ ഉഴവു തുടങ്ങണം.

അഭിലാഷത്തിൽ നിയോഗം, അനുജ്ഞ, വിധി, പ്രാർത്ഥന, എന്നിങ്ങനെ ചില ഭാവങ്ങളാണു് അന്തർഭവിക്കുന്നതു്.

ഉദാ :—(a) നീ പോ. നിങ്ങൾ പോക. നിങ്ങൾ പോകുവിൻ. അവൻ പോകട്ടെ. (നിയോജക പ്രകാരം)

(b) ഉണ്ടാൽ ഉറങ്ങണം (ശീലം)
ധർമ്മം ആചരിക്കണം (മുറ)
സത്യം പറയു (ഉപദേശം)
} വിധായക പ്രകാരം

(c) ഇനി നിങ്ങൾക്കു പോകാം (അനുജ്ഞ)
നമുക്കു നാളെ കാഴ്ചബംഗ്ലാവു കാണാം
നിങ്ങൾക്കു എൻെറകൂടെ വരാം (അനുവാദം)
} അനുജ്ഞായക പ്രകാരം

(d) മംഗളം വരേണമേ (പ്രാർത്ഥന) ആശംസക പ്രകാരം.

ഇവയെ പൊതുവെ "ആഭിലാഷിക"ത്തിൽ പ്പെടുത്താം.

പാഠം 11

ശാസ്താംകാവിലെ ശാന്തിക്കാരൻ

1 ഏതാണ്ടൊരു നാല്പതു സംവത്സരങ്ങൾക്കു മുമ്പ്, ഒരു തെളിഞ്ഞ സുപ്രഭാതത്തിൽ, ചെറുതുരുത്തിപ്പാലം കഴിഞ്ഞു സുമാർ രണ്ടു നാഴികയൊഴുകിയശേഷം ഭാരതപ്പുഴ വടക്കോട്ടു തിരിയുന്ന വളവിൽ, വടക്കേഭാഗത്ത് ഇടതൂർന്നു നില്ക്കുന്ന മാമരക്കൂട്ടങ്ങളുടെ ഇടയിൽനിന്ന്, രണ്ടുകൈയിലും ചെമ്പുകുടങ്ങൾ തൂക്കി കറുത്തു കൃശനായൊരു യുവാവ് അർദ്ധനഗ്നനായി പുഴയിലേക്കിറങ്ങിവന്നു. വെള്ളസ്സാരിക്കു നീലക്കസവുകരപോലെ ഒഴുകിപ്പോകുന്ന പ്രവാഹത്തിൽനിന്നു വെള്ളം മുക്കി, ഒന്നു തലയിൽച്ചൂടിയ തുണിത്തെരികയിലും മറ്റേതു ഇടംകൈയിലും ഏന്തിക്കൊണ്ട്, ആ കുഴഞ്ഞ മണലിൽക്കൂടെ വെച്ചുവെച്ചു കാൽവെപ്പോടെ വന്ന വഴിയെ തന്നെ അയാൾ കയറിപ്പോവുകയും ചെയ്തു. അയാൾ ഇറങ്ങിവന്ന സ്ഥലം മുണ്ടമുക അയ്യപ്പൻകാവാണ്; ആ യുവാവോ, അവിടത്തെ ശാന്തിക്കാരനായ ഈ എഴുത്തുകാരനും.

2 പഴയ ശാന്തിക്കാരനിൽനിന്നു താക്കോലും തിടമ്പും ഏറ്റുവാങ്ങി മുണ്ടമുകക്ഷേത്രത്തിൽ സ്ഥിരതാമസം തുടങ്ങിയ കാലത്ത് എനിക്കു പതിനേഴുവയസ്സു പ്രായമാണ്. ആറേഴു വയസ്സു മുതൽ മുന്യാശ്രമത്തിലെ മുനികുമാരനെപ്പോലെ വേദാധ്യയനവും വൈദികവൃത്തിയും ശീലിച്ചുകൊണ്ടു ഗുരുഗൃഹത്തിൽ കഴിഞ്ഞുകൂടിയിരുന്ന എന്നെ യൗവനത്തിന്റെ ഇതൾ വിരിയുന്ന വസന്തത്തിൽത്തന്നെ ഒരു ശാന്തിക്കാരനായി അമ്പലവട്ടത്തിലേയ്ക്കുന്തിയയച്ചു കാരണ

വരുടെ പേരിൽ കഠിനമായ വെറുപ്പും വിദ്വേഷവും അന്നെനിക്കു തോന്നാതിരുന്നില്ല. എങ്കിലും ആ പണി ഏറെറടുക്കാനും, നടതള്ളിയ കാളക്കിടാവിനെപ്പോലെ അവിടെ മേഞ്ഞുകൂടാനും ഞാനുറച്ചു. കാരണം, ഫലപ്രദമായ മററു പ്രവൃത്തി അന്വേഷിച്ച് ഒട്ടിയ മടിശ്ശീലയും ഉലഞ്ഞ തലയുമായി മനുഷ്യസമുദായത്തിലേയ്ക്കു കയറിച്ചെല്ലാനുള്ള ധൈര്യക്ഷയംതന്നെ.

3 വാസ്തവത്തിൽ, ശാന്തി അക്കാലത്ത് അഭിജാതന്മാർക്കു മാന്യമായൊരു തൊഴിലായി സമുദായം അംഗീകരിച്ചു കഴിഞ്ഞിരുന്നു, സംശയമില്ല. പക്ഷേ, അറപ്പുതോന്നിക്കുന്ന ഒരു ടിമത്തമുണ്ടതിലെന്നു എനിക്കു തോന്നാതിരുന്നില്ല. എന്തുകൊണ്ടെന്നാൽ, ഉന്നതന്മാരായ ഊരാളന്മാരുടെ പാകം നോക്കണം, വിടുപണി ചെയ്യണം, കാര്യസ്ഥന്റെ സേവ സമ്പാദിക്കണം, അമ്പലവാസികളുടെ അപഹരണത്തിന്നു നില്ക്കണം, തൊഴവാൻ വരുന്നവർക്കു തുണ നില്ക്കണം, വഴിപാടുകാരെ വലവീശിപ്പിടിക്കണം, ഇങ്ങനെ ഒരു നൂറു ലുട്ടുകളനുഭവിക്കേണ്ടതുണ്ടൊരു ശാന്തിക്കാരനായാൽ. എങ്കിലും ഈശ്വരസന്നിധിയിൽ തന്തിരുവടിയുടെ സപര്യ ചെയ്തു ജീവിക്കുന്ന ശാന്തിക്കാരന്ന് അന്നത്തെ സാമൂഹ്യജീവിതത്തിൽ അപ്രധാനമല്ലാത്തൊരു മാന്യത വകവെച്ചു കിട്ടിയിരുന്നു. അപ്പോൾ പഠിപ്പും പണവും പോരാത്ത ഞാൻ പൊതുജനമദ്ധ്യത്തിൽ പൊന്തിനില്ക്കാവുന്നൊരു പദവി എന്തിന്നു കൈവെടിയണം? "യോഗ്യ"നാവാനുള്ള ഈയൊരാശയായിരിക്കണമെന്നെന്നെ അതിലേയ്ക്കാകർഷിച്ചതെന്ന് ഇന്നു ഞാൻ വിചാരിക്കുന്നു. ഏതായാലും ജീവിതനാടകത്തിലെ വിഷ്കംഭം കഴിഞ്ഞു ഞാൻ രംഗപ്രവേശം

1. നാന്ദി
2. വിഷ്കംഭം.

ചെയ്തതു് ഇടംകൈയിൽ പിടിമണിയും വലംകൈയിൽ ധൂപക്കുററിയും ഭേസിക്കൊണ്ടാണു്.

കുലപരമ്പരയാ ഞങ്ങൾ "ശാന്തിദ്വിജ" രല്ല; പൂജയും പുഷ്പാഞ്ജലിയും ഞങ്ങളുടെ കുലത്തൊഴിലുമല്ല. സന്ധ്യാവന്ദനം, വേദാദ്ധ്യയനം, സ്വാദ്ധ്യായം ഇത്രമാത്രമേ യഥാർത്ഥബ്രാഹ്മണ്യത്തിൻെറ ചട്ടക്കൂട്ടിൽ ഒതുക്കിനിർത്തേണ്ടതുള്ളൂ. എന്നല്ല, തനിസ്സനാതനബ്രാഹ്മണൻെറ ദൃഷ്ടിയിൽ "ശാന്തി" നികൃഷ്ടമാണു്; വിഗ്രഹാരാധന അപ്രധാനവും, ദാനവും പ്രതിഗ്രഹവും വാങ്ങൽ കടുത്ത അധമത്വവുമാണു്. പക്ഷേ, തലമുറ തലമുറയായി കാണക്കാണെ ജന്മിത്തം വിററുതിന്നു കൊണ്ടു കേവലം പാപ്പരായിപ്പോയ ഒരു തറവാടായിരുന്നു അന്നു ഞങ്ങളുടേതു്. അതിനാൽ സമുദായമദ്ധ്യത്തിൽ ഞങ്ങളുടെ കുടുംബം അപ്രശസ്തമായി. ചുരുക്കത്തിൽ ശാന്തി ചെയ്യാനും ചാത്തമുണ്ണാനും വാരം, വിവാഹം, മരണാനന്തരക്രിയകൾ എന്നിവയ്ക്കു 'ദേഹണ്ണി'ക്കുവാനും പാകത്തിൽ അധഃപതിച്ചു കഴിഞ്ഞിരുന്നു ഞങ്ങൾ. "ഇല്ലത്തു മൂസ്സ്" മാത്രം മണിക്കാളയെപ്പോലെ നാലും അഞ്ചും വിവാഹം കഴിച്ചു തറവാട്ടിൽ തിന്നുകൂടും. ഇളമുറക്കാർ സമാവർത്തനത്തിനുശേഷം ദേവാലയത്തിലേയും ബ്രഹ്മാലയത്തിലേയും ഉച്ഛിഷ്ടം തിന്നുകൊണ്ടു തെണ്ടിനടക്കും. പൂമുള്ളി, കൂടല്ലൂര്, ആഴ്വാഞ്ചേരി, വരിക്കാശ്ശേരി തുടങ്ങിയ ധനാഢ്യഗൃഹങ്ങളിലെ 'അടിയന്തിര'ങ്ങൾക്കു ക്ഷണമില്ലെങ്കിലും മണത്തറിഞ്ഞു കയറിച്ചെല്ലും. ഒരു നവരക്കിഴിക്കെന്നപോലെ കുളുകുളുക്കെ എണ്ണതേച്ചു കുളിക്കും. 'ദേഹണ്ണപ്പുര'യിൽ ചെന്നു്, മുക്കിയ മുണ്ടു് ചെമ്പടപ്പിൽ തീജ്വാലയിൽ വിടുർത്തിപ്പിടിച്ചു് ഉണക്കിയുടുക്കും. മുഖപ്പന്തിക്കുതന്നെ ഒഴിഞ്ഞ മുക്കാടനാക്കി സ്ഥലം

പിടിച്ച മൂക്കററം 'ഘോസ്സും'. തിക്കിയും തിരക്കിയും കൂട്ടത്തിൽ കടന്നിരുന്ന് ദാനവും പ്രതിഗ്രഹവും പററിക്കും. കലവറക്കാര്യസ്ഥൻെറ മുമ്പിൽ പൂണൂൽപ്പൂജ്യത കാട്ടി ഒരുപാട മുറക്കാൻ തരമാക്കും. എല്ലാം കൈയിലായാൽ എങ്ങോ തിരുകിവെച്ചിരുന്ന കുടയുമെടുത്തു് അപ്രത്യക്ഷനാകും. അങ്ങനെ, ദാരിദ്ര്യംകൊണ്ടും ദാസ്യമനോഭാവംകൊണ്ടും പുച്ഛം തോന്നിക്കുന്ന പല തരക്കാരും അന്ന് സമുദായത്തിലുണ്ടായിരുന്നു. പെരിങ്ങോട്ടുള്ള നയം, കുറുങ്കാട്ട് മുതലായ ഗൃഹങ്ങൾ പൂമുള്ളിമനക്കാരുടെ പൂണൂലിട്ട അടിയാന്മാരായിരുന്നു. കേളികേട്ട എല്ലാ ആഢ്യഗൃഹങ്ങൾക്കുമുണ്ടായിരുന്നു ഇത്തരം അടിയാളുകൾ. വസ്ത്രം മുക്കിയുണക്കുക, പൂജയ്ക്കൊരുക്കുക, ശ്രാദ്ധത്തിനു പരികർമ്മംചെയ്യുക, കുലിശ്ലോത്തു ചൊല്ലിക്കുക, സാളഗ്രാമസമ്പുടം ഭേസി നടക്കുക എന്നീ വിടുപണികൾ ചെയ്യുന്നവർ അഭിജാതന്മാരായ അടിയാന്മാരാണ്. പള്ളിയറ മേൽനോട്ടം, മുറക്കാൻ കലവറ, ദൂതു പറയുക, അനുയാത്ര ചെയ്യുക, സ്വകാര്യജീവിതത്തിലെ ചേട്ടത്തരങ്ങൾക്ക് ചൂട്ടുപിടിക്കുക, സുഖവിഭവങ്ങൾ ചൂണ്ടലിട്ടുപിടിക്കുക എന്നീ സേവനങ്ങൾ നിർവ്വഹിക്കുന്നവർ നായരിൽ പള്ളിച്ചാനെന്നപോലെ, കിഴിഞ്ഞ അടിയാന്മാരാണ്. ഈ പരിതഃസ്ഥിതിയിൽ വളർന്നുവന്ന ഏതൊരാൾക്കാണ് കൈയിൽ കിട്ടിയ 'ശാന്തി' കൈവിടാൻ ധൈര്യം വരിക?

ശാന്തിക്കുള്ള അധികാരപത്രത്തോടുകൂടി, ഇദംപ്രഥമമായി, പ്രസ്തുത ശാസ്താംകാവിലേയ്ക്ക് കയറിച്ചെന്നതു് ഒരു തികഞ്ഞ വേനലിലാണ്. കുളിച്ചീറനുടുത്ത്, ഉച്ചപ്പൂജയ്ക്ക് നട തുറക്കുന്നതു കാത്തു് ഞാൻ സോപാനത്തിൽ നിന്നു. മദ്ധ്യാഹ്നത്തോടുകൂടി പഴയ ശാന്തിക്കാരൻെറ

സ്വയംപാകത്തിൽ പങ്കെടുത്തശേഷം ബലിക്കല്പുരയിൽ വിശ്രമാർത്ഥം ചെന്നുകൂടി. പിരിഞ്ഞുപോകുന്ന ശാന്തിക്കാരനെ യാത്രയയപ്പാനും പുതുതായി വന്ന എന്നെ ഒന്നു നോക്കിക്കാണാനുമായിട്ടായിരിക്കാം, മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞു് മുറുക്കിച്ചുവപ്പിച്ച് വാർമുടി വിടർത്തിക്കൊണ്ടു് ചില അബലാജനങ്ങൾ അവിടെ വന്നുചേർന്നു. അടിച്ചുതളിപ്പെണ്ണുമുതൽ അമ്മവാരസ്യാർ വരെയുള്ള എല്ലാ തരക്കാരും അതിലുണ്ടായിരുന്നു.

൬ "മനയ്ക്കൽ പാട്ടമെത്ര പിരിയും? അച്ഛനില്ലേ? അമ്മയില്ലേ? മൂത്ത ആളാരാണോ? മുമ്പു ശാന്തിചെയ്തതു് എവിടെയായിരുന്നു?" ചെറുതും വലുതുമായ ചോദ്യാവലി കൊണ്ടു് അവരെന്നെ വേലികെട്ടി വളച്ചു. അങ്ങനെ നേരം പതിററടി താണു. പുഴവക്കത്തുള്ള മാമരക്കൂട്ടങ്ങളിൽ പതിററടിക്കാററു വീശി. വൃക്ഷച്ഛായകളിൽ അയവിറക്കിക്കിടന്നിരുന്ന കന്നാലികൾ മൂരിനിവന്നെഴുന്നേററു് വീണടിഞ്ഞ ചപ്പിലകളെ കാർന്നുതിന്നു മേയാൻ തുടങ്ങി. പഴയ ശാന്തിക്കാരൻ യാത്രയ്ക്കൊരുമ്പെട്ടു. ഉടുത്ത മുണ്ടിൻ കോന്തല മടിയിൽ കുത്തി കക്ഷത്തിലൊരു ചെല്ലപ്പെട്ടി, കൈയിലൊരു മൂക്കുഗ്ലാസ്സ് _ പാനീസ്സ്, തലയിലൊരു തെരികക്കെട്ടു് ഇങ്ങനെ അദ്ദേഹം തിരുമുററത്തേയ്ക്കിറങ്ങി. നടയ്ക്കൽ കൺചിമ്മി തെല്ലിട പ്രാർത്ഥിച്ചശേഷം ഞങ്ങളോടു യാത്ര പറഞ്ഞു. ആററുവക്കത്തോളം ഞങ്ങൾ അദ്ദേഹത്തെ അനുയാത്രചെയ്തു.

൭ "ഇനി വല്ലപ്പോഴും കാണാം", മണലിൽ ഇറങ്ങിയ ശേഷം അദ്ദേഹം വിടവാങ്ങി. ഇടറിയ ശബ്ദം, പകച്ച നോട്ടം, വിഷാദാത്മകമായ മുഖഭാവം, ഭൂതകാലാനുഭവ

ങ്ങളെ അനുസ്മരിപ്പിക്കുന്ന ദീർഘനിശ്വാസം. എനിക്കദ്ദേഹത്തിന്റെപേരിൽ പാവം തോന്നി. അന്തരീക്ഷം തെല്ലിട മൂകമായി.

8 “ഇനി കാണാത്തവണ്ണം ഇവിടുന്നു വിട്ടുപോവുകയാണെന്ന വിചാരം അടിയങ്ങൾക്കില്ല. കുട്ടിയോളെ കാണാൻ കൂടെക്കൂടെ അക്കരെയ്ക്കെഴുന്നള്ളാണ്ട് കഴീല്യല്ലോ! അപ്പോൾ തേവരേയും അടിയങ്ങളേയും മറക്കാതിരുന്നാൽ മതി”, പ്രായംകൂടിയ ഒരു അമ്പലവാസിസ്ത്രീ ആ മൂകാന്ധകാരത്തെയകററി.

9 “ഇരുപത്തിമൂന്നു കൊല്ലമായി ഞാനിവിടെ വന്നിട്ട്. ഓ, പട്ടേരീടെ പ്രായമായിരുന്നു അന്നെനിക്ക്. തേവരുടെ ചോറ് ഞാൻ ഇഷ്ടി ഉണ്ടു. വളരെ പണം എന്റെ കൈയിൽ വന്നു; പോയി. ഒന്നും കരുതിവെക്കാൻ കഴിഞ്ഞില്ല. ദാരിദ്ര്യത്തോളം ശാന്തി, ശാന്തിയോളം ദാരിദ്ര്യം, എന്നു കേട്ടിട്ടുണ്ട്. അതു ശരിയായി. ഈ വയസ്സുകാലത്ത് കൈയുംവീശി ഇല്ലത്തു ചെന്നുകയറി അവിടെച്ചെടത്തു കൂടാമെന്നൊരു ജാള്യം. എന്താ ചെയ്യ?” അദ്ദേഹം കൺതുടച്ചു

10 “ഇവിടെയ്ക്കെന്താണൊരു കുറവ്? ഇവിടുന്ന് ബ്രാഹ്മണകുലത്തിൽ ജനിച്ച ആളല്ലേ? എവിടെച്ചെന്നാലും വയറുനിറച്ച് അമരേത്തുണ്ട്. അത്യാവശ്യങ്ങൾക്ക് ദക്ഷിണയും കിട്ടും. അവസാനകാലത്ത് മനസ്സിലെ കാണ്ണുവസ്ഥാനവും; പോരേ? മലയാളത്തിൽ ഇത്ര ഭാഗ്യംചെയ്ത ജാതിയേതാണ് വേറെ?” ഒരു മദ്ധ്യവയസ്കൻ വീറോടെ പറഞ്ഞു.

11 ‘ഈശ്വരോ രക്ഷതു.’ താഴികക്കുടത്തിനുനേരെ കൈകൂപ്പി തൊഴുതശേഷം ഒന്നു വട്ടംതിരിഞ്ഞു് അദ്ദേഹം ആ

കഴഞ്ഞ മണലിൽക്കൂടെ യാത്രയായി. സ്ത്രീകളെല്ലാം പരസ്സരം സംസാരിച്ചുകൊണ്ടു പിരിഞ്ഞു. പഴയ ശാന്തിക്കാരൻ മെല്ലെമെല്ലെ പുഴ കയറി അക്കരെ പച്ചപിടിച്ചു നില്ക്കുന്ന റോട്ടവൃക്ഷപ്പടപ്പിൽ ചെന്നുമറഞ്ഞു. പിന്നിട്ടു പോയ തലമുറയിലെ കർമ്മപദ്ധതിപോലെ മണലിൽ അവ്യക്തമായി പതിഞ്ഞുകിടന്നിരുന്ന അദ്ദേഹത്തിൻെറ കാലടിപ്പാടുകളെ നോക്കിക്കൊണ്ടു് ആലോചനാമഗ്നനായി ഞാനും ൨തല്ലിട അവിടെ നിന്നുപോയി. ഭാരംകൂടിയ ഒരു അസ്വാദിതാം കഴഞ്ഞുറയ്ക്കാത്ത എൻെറ തലയിൽ ഏററതിൻെറ ക്ഷീണം തോന്നി എനിക്കു്. സൗഹാർദ്ദംനിറഞ്ഞ ഗുരുഗൃഹത്തിലെ കൂട്ടുകെട്ടിൽനിന്നു് അപരിചിതമായ ബഹുജനമദ്ധ്യത്തിലേയ്ക്കുള്ള ഈ ജീവിതവ്യതിയാനം, കരയ്ക്കിട്ട മത്സ്യത്തെപ്പോലെ, എന്നെ വ്യാകുലപ്പെടുത്തി. ഇദംപ്രഥമമായി അനുഭവിക്കാൻപോകുന്ന സ്വാശ്രയജീവിതത്തിൻെറ പടിവാതിൽ തട്ടിത്തുറന്നുകുത്തു കടന്നപ്പോഠം എൻെറ കാലു ഇടറി എന്നു ചുരുക്കം.

12. എഴരനാഴികവെളുപ്പിന്നെഴുന്നേൽക്കണം. വേനൽ വർഷഭേദമെന്യേ പുഴയിൽനിന്നു് തലച്ചുമടായി വെള്ളം കൊണ്ടുവരണം. ആനത്തലയോളം ചന്ദനമരച്ചുരുട്ടണം. അപ്പം, അട, പായസം എന്നീ നിവേദ്യങ്ങഠം പാകം ചെയ്യണം. ഉഷഃപൂജ, ഉച്ചപ്പൂജ, പുറശ്ശാന്തി ഇതൊക്കെ സമയത്തിനു നിർവ്വഹിക്കണം. ചെയ്യേ കഴിയൂ എന്നുള്ള ദിനചര്യയ്ക്കുപുറമേ, വഴിപാടുകഠം, ധാരകഠം, പാട്ടു്, പുഷ്പാഞ്ജലി മുതലായ പ്രത്യേകതകളം നിറവേററണം. പ്രദോഷംനോൻപുകാർ, തിങ്കളാഴ്ചനോൻപുകാർ, ഭജനക്കാർ, എന്നിവരുടെ താളത്തിന്നനുസരിച്ചു് ചവിട്ടുകയും വേണം. ചിന്നിച്ചിതറിയ ഇത്തരം ചിന്തകളോടുകൂടി

ബലിക്കല്പുരപ്പടിമേൽ വീണ്ടും ചെന്നുകിടന്നു. ബാലിശമായ ഒരു നിസ്സഹായതാബോധത്താൽ തരളിതമായ എൻെറ മനസ്സ് ഒന്നു മയങ്ങി.

13. നീറിപ്പുകഞ്ഞൊരു ചകിരിപ്പൊളിയും ഉരുളിയുമായി അടുത്തുനില്ക്കുന്ന അമ്മവാരസ്യാരുടെ വിളികേട്ടു ഞാൻ ഞെട്ടിയുണൎന്നു. ദിനകൃത്യത്തിലേയ്ക്കു് അവർ എൻെറ ശുശ്രൂഷയെ ക്ഷണിച്ചു. അങ്ങനെ പശ്ചിമചക്രവാളത്തിലേയ്ക്കു് അസ്തമനസൂൎയ്യനും ഇരുളടഞ്ഞ ദേവാലയത്തിലേയ്ക്കു ഞാനും പ്രവേശിച്ചു.

—വി. ടി. ഭട്ടതിരിപ്പാട്

കുറിപ്പുകൾ

വ്യാകരണം — ചിഹ്നനം (Punctuation)

"ആവിധം അമ്മവാരസ്യാരും അങ്ങാടിപ്പാട്ടായിത്തീൎന്നു."

ഇവിടെ വാക്യം അവസാനിച്ചിടത്തു് ഒരു ബിന്ദു ഇട്ടിട്ടില്ലേ? അതു് ആശയം വ്യക്തമാക്കാൻ സഹായിക്കുന്നു. ചിഹ്നങ്ങളുടെ പ്രയോജനവും അതുതന്നെ. ബിന്ദുവിന്നു് പൂൎണ്ണവിരാമമെന്നും പറയും. പൂൎണ്ണവിരാമത്തിന്നുപുറമേ, അൎദ്ധവിരാമം, അല്പവിരാമം, ഭിത്തിക, കാകു, വിക്ഷേപണി, ഉദ്ധരണി, വലയം, ശൃംഖല തുടങ്ങി വേറെയും ചിഹ്നനങ്ങളുണ്ടു്.

അൎദ്ധവിരാമം അഥവാ (രോധിനി) (;)

വ്യാകരണത്തിൻെറ ദൃഷ്ടിയിൽ വിഭിന്നവും ആശയദൃഷ്ട്യാ വിഭിന്നമല്ലാത്തതുമായ വാക്യങ്ങളെ വേർതിരിച്ചു കാണിക്കാൻ ഈ ചിഹ്നം ഉപയോഗിക്കുന്നു. ഉദാ:—

(1) 'എഴുത്തച്ഛൻ ഒരു മഹാകവിമാത്രമല്ല; അദ്ദേഹം ഒരാചാര്യനും കൂടിയാണു്.'

(2) ഗംഗ ശുദ്ധജലം തരുന്നു; ഹിന്ദുസ്ഥാനത്തെ ഫലപുഷ്ടമാക്കുന്നു; ഭക്തന്മാരെ അനുഗ്രഹിക്കുന്നു; എല്ലാവിധത്തിലും ആ നദിയ്ക്കു ശ്രേഷ്ഠതയുണ്ട്.

അഭ്യാസങ്ങൾ :—

വേണ്ട ചിഹ്നങ്ങൾ വേണ്ടിടത്തു ചേർക്കുക—

(1) നിൽക്കൂ ഞാനും വന്നുകഴിഞ്ഞു

(2) എഡിസൻ ഒരു ശാസ്ത്രജ്ഞൻ മാത്രമായിരുന്നില്ല അദ്ദേഹം ഒരു രസികൻകൂടിയായിരുന്നു

അല്പവിരാമം (അങ്കുശം) (,)

സങ്കീർണ്ണവാക്യങ്ങളിൽ അംഗവാക്യങ്ങളെ സൂചിപ്പിക്കാൻ ഈ ചിഹ്നം ആവശ്യമാണ്.

ഉദാ :—(1) മഴ പെയ്താൽ, വിത്തു വിതയ്ക്കാം.

(2) വളരെക്കാലം മുമ്പ്, ആ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി.

സംബോധനയ്ക്കുശേഷവും ഈ ചിഹ്നമാണ് ചേർക്കേണ്ടത്.

ഉദാ :—കൃഷ്ണാ, ഇവിടെ വരൂ.

ഒരേതരത്തിൽപ്പെട്ട രണ്ടോ അധികമോ പദങ്ങളുണ്ടെങ്കിൽ അവയെ വേർതിരിക്കാനും അങ്കുശം ഉപയോഗിക്കുന്നു.

ഉദാ :—മഹാന്മാരേ, മഹതികളേ, നിങ്ങൾക്കു നമസ്കാരം!

ഭിത്തിക (:)

തുല്യപ്രാധാന്യമുള്ള രണ്ട് ആശയങ്ങളെ വേർപെടുത്തി കാണിക്കാൻ ഈ ചിഹ്നം ഉപയോഗിക്കുന്നു.

ഉദാ :—(1) വാഗ്ദാനം മുൻപ് : പ്രവൃത്തി പിൻപ്.

(2) ദേവൻ വെറും പുഴ : മഹാബ്ധി മരുപ്രദേശം.

പൂർവ്വവാക്യാർത്ഥം വിശദീകരിക്കേണ്ട സന്ദർഭത്തിലും ഭിത്തിക ചേർക്കുന്നു.

ഉദാ :--(1) രണ്ടു ഭക്തകൾ ഭാരതഖണ്ഡത്തിലുണ്ടായിട്ടുണ്ടു് : രാധ, മീര.

(2) വാക്യം രണ്ടു വിധത്തിലാണു് : ദൃഢബന്ധം, ശിഥിലബന്ധം.

വാക്യങ്ങൾ ഉദ്ധരിക്കുമ്പോഴും :

ഉദാ :—അദ്ദേഹം ഉൽബോധിപ്പിച്ചു : "ഒന്നുകിൽ പ്രവർത്തിക്കുക; അല്ലെങ്കിൽ മരിക്കുക."

അഭ്യാസം :—

ചിഹ്നനങ്ങൾ ചേർക്കുക —

(i) സംസ്കൃതാലങ്കാരികന്മാർ ദേശഭേദത്തെ അടിസ്ഥാനപ്പെടുത്തി രീതിക്കു വിഭാഗം ചെയ്തിരിക്കുന്നു

(2) ഗംഗയുടെ തീരത്തിൽ പല പുണ്യസ്ഥലങ്ങളുമുണ്ടു് കാശി പ്രയാഗ ഹരിദ്വാരം

(3) ഉണ്ണി ഇവിടെ വരൂ

പാഠം 12

കുചേലന്റെ യാത്ര

[രാമപുരത്തു വാരിയരുടെ 'കുചേലവൃത്തം വഞ്ചിപ്പാട്ട്'' ഭാഷാപദ്യസാഹിത്യത്തിലെ ഒരു വിശിഷ്ടകൃതിയാണ്. ആത്മാർത്ഥതയിൽനിന്നുറവെടുക്കുന്ന കവിതയ്ക്കു ഹൃദ്യതകൂടുമെന്ന് ഈ കാവ്യം തെളിയിക്കുന്നു. കുചേലനും കവിയും ഒന്നായിച്ചേരുന്ന എത്രയോ ദൃശ്യങ്ങൾ അതിൽക്കാണാം. ഒടുവിൽ കുചേലന്റെ അനുഭവംതന്നെ കവിക്കും സിദ്ധിച്ചുവെന്നു കേൾക്കുന്നു.

ഭാര്യയുടെ നിർദ്ദേശപ്രകാരം സതീർത്ഥ്യനായ ശ്രീകൃഷ്ണനെ കാണാൻ ദ്വാരകയിലേയ്ക്കു പുറപ്പെടുന്ന കുചേലനെ ഈ ഭാഗം പരിചയപ്പെടുത്തുന്നു.]

അക്കാലത്തൊന്നിച്ചു ഗുരുകുലവാസം ചെയ്കമൂലം
ചിൽക്കാതല്ലു സതീർത്ഥ്യനായിരുന്ന വിപ്രൻ
ചൊല്ലേറുണ്ട കുചേലൻ ഭക്തികൊണ്ടു ദാരിദ്ര്യദുഃഖവു-
മുൾക്കൊള്ളാതെകണ്ടില്ലത്തു ഭജിച്ചിരുന്നു.

ഭക്തിയേറും ഭഗവാങ്കലെങ്കിലുമവന്റെ ഭാര്യ
ഭർത്താവോളം വിരക്തയായില്ല, ഭക്ഷിച്ചേ
ശക്തിയുള്ളൂ ശുശ്രൂഷിപ്പാനെന്നായിട്ടേകദാ സതി
സക്തിയോടുകൂടേ പതിയോടു പറഞ്ഞു.

"ചില്ലീനമാനസ, പതേ, ചിരന്തനനായ പുമാൻ
ചില്ലി ചുളിച്ചൊന്നു കടാക്ഷിപ്പാനോർക്കേണം.
ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയും
ഇല്ലം വീണു കുത്തുമാറായതും കണ്ടാലും.

വല്ലഭ, കേട്ടാലും പരമാത്മമഗ്നനായ ഭവാൻ
വല്ലഭയുടെ വിശപ്പുമറിയുന്നില്ല.
സർവ്വവേദശാസ്ത്രപുരാണജ്ഞൻ ഭവാൻ; ബ്രഹ്മശക്ര-
ശർവ്വവന്ദ്യനായ ശൗരി തവ വയസ്യൻ.
നിർവ്വാണദനായ ലക്ഷ്മീപതിയെച്ചെന്നു കണ്ടാലതി
ദുർവ്വാരദാരിദ്ര്യദുഃഖമൊഴിയും നൂനം.
ഗുരുഗൃഹത്തിങ്കൽനിന്നു പിരിഞ്ഞതിൽപ്പിന്നെ ജഗൽ-
ഗ്ഗുരുവിനെയുണ്ടോ കണ്ടു? വെറുതെ ഗുണം
വരികയില്ലൊക്കും, ഭഗവാനെക്കാണ്മാൻ കാലെതന്നെ
വിരയെ യാത്രയാകേണമെന്നു തോന്നുന്നു." × 22

"പറഞ്ഞതങ്ങനെതന്നെ, പാതിരാവായല്ലോ, [പത്നി,
കുറഞ്ഞൊന്നുറങ്ങട്ടെ ഞാ,നലകീരേഴും
നിറഞ്ഞ കൃഷ്ണനെക്കാണ്മാൻ പുലർകാലെ പുറ [പ്പെടാം,
അറിഞ്ഞു വല്ലതും കൂടെത്തന്നയയ്ക്കേണം.
ത്രിഭുവനമടക്കിവാണിരുന്നരുളുന്ന മഹാ-
പ്രഭുവിനെക്കാണ്മാൻ കൈക്കലേതും കൂടാതെ
സ്വഭവനത്തിങ്കൽ നിന്നു ഗമിക്കരുതാരും, കൈസ്സൂ-
ലിഭവുമാം, ഇലയുമാം കുസുമവുമാം.
അവിലുമാം മലരുമാം ഫലവുമാം, യഥാശക്തി
മലർക്കന്യാമണവാളനൊക്കയുമാകും." × 32

ഇപ്രകാരം ഭർത്താവിന്റെ വാക്കുകേട്ടിട്ടനന്തരം
വിപ്രഭാമിനി യാചിച്ചുകൊണ്ടുവന്ന ധാന്യം
ക്ഷിപ്രമിരുട്ടത്തിടിക്കകൊണ്ടു കല്ലും നെല്ലുമെറ-
മപ്പൃഥുകം പൊതിഞ്ഞൊരു തുണിയിൽ കെട്ടി,

കാലത്തെഴുന്നേററു കുളിച്ചുത്തുവന്ന പതിയുടെ
കാലടി വന്ദിച്ചു പൊതി കൈയിൽ കൊടുത്തു.

കൂലംകഷകുതൂഹലം കുടയുമെടുത്തിട്ടന-
കുലയായ പത്നിയോടു യാത്രയും ചൊല്ലി,

ബാലാദിത്യവെട്ടം തുടങ്ങിയനേരം കൃഷ്ണനാമ-
ജാലങ്ങളെജ്ജപിപ്പതും ചെയ്തു കുചേലൻ,

ചാലേ വലത്താട്ടൊഴിഞ്ഞ ചകോരാദിപക്ഷികടെ
കോലാഹലം കേട്ടുകൊണ്ടു വിനിർഗ്ഗമിച്ചു.

കുചേലവൃത്തം വഞ്ചിപ്പാട്ട്] —രാമപുരത്തു വാരിയർ.

കുറിപ്പുകൾ

ചിൽക്കാതൽ = ജ്ഞാനസാരമായ ശ്രീകൃഷ്ണൻ. സതീർത്ഥ്യൻ = സഹപാഠി. സക്തി = താൽപര്യം, ആശ. ബ്രഹ്മശക്രശർവ്വവന്ദ്യൻ = ബ്രഹ്മാവ്, ഇന്ദ്രൻ, ശിവൻ എന്നിവരാൽ വന്ദിക്കപ്പെടുന്നവൻ. ശൗരി = ശ്രീകൃഷ്ണൻ. നിർവ്വാണദൻ = മോക്ഷം നൽകുന്നവൻ. ദുർവ്വാരം = തടുക്കാൻ കഴിയാത്തത്. ഇഭം = ആന. മലർക്കന്യാമണവാളൻ = ലക്ഷ്മിയുടെ ഭർത്താവ് (ശ്രീകൃഷ്ണൻ). പൃഥുകം = അവിൽ. കൂലംകഷകുതൂഹലം = കരകവിഞ്ഞ (അതിരററ) കൗതുകം. ബാലാദിത്യവെട്ടം = ബാലസൂര്യന്റെ പ്രകാശം. ചകോരാദിപക്ഷികടെ = ചെമ്പോത്തുതുടങ്ങിയ പക്ഷികളുടെ. വിനിർഗ്ഗമിക്കുക = പുറപ്പെടുക.

വ്യാകരണം :—

വൃത്തം:—വഞ്ചിപ്പാട്ട് (നതോന്നത)

എട്ടക്ഷരംവീതമുള്ള രണ്ടു ഖണ്ഡം പൂർവ്വാർദ്ധത്തിൽ. എട്ടക്ഷരമുള്ള ഒരു ഖണ്ഡവും അഞ്ചക്ഷരമുള്ള ഒരു ഖണ്ഡവും ഉത്തരാർദ്ധത്തിൽ. എല്ലാ അക്ഷരവും ഗുരുവായിട്ടാണ് ചൊല്ലുക.

ചോദ്യങ്ങൾ:—

(1) കുചേലന്റെ പത്നിയുടെ വാക്യം സംഗ്രഹിച്ചെഴുതുക.

(2) കുചേലൻ പത്നിയോടു പറഞ്ഞ മറുപടി സ്വന്തം വാക്യങ്ങളിൽ എഴുതുക.

(3) യാത്ര പുറപ്പെട്ട കുചേലനെ കവി എങ്ങനെ വർണ്ണിച്ചിരിക്കുന്നു ?

പാഠം 13

ഹൈദരാലിയുടെ മലയാള ഗവർണ്ണർ

ഹൈദരാലിയാൽ തടവിലാക്കപ്പെട്ടു്, അചിരേണ അദ്ദേഹത്തിന്റെ ഒരു വിശ്വസ്തഭടനായകനും പിന്നീടു് മൈസൂരിലെ ഗവർണ്ണരുമായിത്തീൎന്ന വെള്ളുവക്കമ്മാരനെപ്പററി ചില പൊതുവിവരങ്ങൾ കേരളചരിത്രപഠനത്തിൽ ആസക്തിയുള്ളവൎക്കു രസകരമായിരിക്കും. മൈസൂർ നാവികസേനയെപ്പററി ഗവേഷണങ്ങൾ നടത്തുമ്പോൾ, അവിചാരിതമായി വെള്ളുവക്കമ്മാരനെപ്പററി ചില ചരിത്രരേഖകൾ കാണുവാനിടയായി. കണ്ണൂരിന്നടുത്തു് ‘ചാലാട്ടു്” ഗ്രാമത്തിലുള്ള വെള്ളുവവീട്ടിൽ 1772-ലാണു് കമ്മാരൻനമ്പ്യാർ ജനിച്ചതു്. 14 വയസ്സു് പ്രായമുള്ളപ്പോളാണത്രേ ഹൈദർ ഈ ബാലന്റെ യുദ്ധനൈപുണ്യവും ധൈര്യവും കണ്ടു് അവനെ ബന്ധനസ്ഥനാക്കി ഇസ്ലാമിലേക്കു പരിവൎത്തനം

ചെയ്തതു്. കമ്മാരന്റെ വംശം ഇന്നും പ്രസ്തുതപ്രദേശത്തു നിലനിന്നു വരുന്നു. കമ്മാരൻനമ്പ്യാർ ഇസ്ലാംമതം സ്വീകരിച്ചതോടുകൂടി അദ്ദേഹത്തിന്റെ പേർ അയാസ്ഖാൻ എന്നായിത്തീർന്നു.

എന്റെ അറിവിൽപ്പെട്ടിടത്തോളം മലയാളഭാഷയിൽ ഇദ്ദേഹത്തെക്കുറിച്ചു് ഒരേയൊരു പുസ്തകം മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. എന്നാൽ കണ്ണാടകത്തിൽ ഇദ്ദേഹത്തെ കഥാനായകനാക്കി രചിച്ചിട്ടുള്ള രണ്ടു നോവലുകൾ ഉണ്ടു്. വെള്ളുവക്കമ്മാരനെ, അമ്പതുകൊല്ലം മുമ്പു് എഴുതപ്പെട്ട 'നരവീരകാസിം' എന്ന കർണ്ണാടകനോവലിൽ പ്രതിനായകനായും ശ്രീ വീരകേസരിയുടെ 'ദൌലത്തു്' എന്ന നോവലിൽ പ്രധാനനായകനായും ചിത്രീകരിച്ചിരിക്കുന്നു. രണ്ടാമത്തേതിൽ വെള്ളുവക്കമ്മാരനെ ഒരു ആരാധ്യപുരുഷനായും അദ്ദേഹത്തിന്റെ പത്നിയെ സൌന്ദര്യവതിയും സർവ്വഗുണസമ്പന്നയുമായ ഒരു വനിതാരത്നമായുമാണു് പ്രതിപാദിച്ചിട്ടുള്ളതു്. ആ സ്ത്രീരത്നത്തിന്റെ മരണത്തോടുകൂടി മൈസൂരിന്റെ സ്വാതന്ത്ര്യവും രാജശ്രീയും നഷ്ടപ്പെട്ടുപോയെന്നു ഗ്രന്ഥകാരൻ പ്രസ്താവിച്ചു കാണുന്നു. 'ദൌലത്തി'ന്റെ കർത്താവായ ശ്രീ വീരകേസരിയുമായുണ്ടായ ഒരഭിമുഖസംഭാഷണമദ്ധ്യേ അദ്ദേഹം ശൃംഗേരിമഠത്തിൽനിന്നു കാണുവാനിടയായ ചില പഴയ രേഖകളെപ്പറ്റി ഞാനറിഞ്ഞു. പ്രസ്തുതമഠത്തിന്നു കമ്മാരൻ ദാനംചെയ്ത ചില പ്രത്യേകാവകാശങ്ങൾ രേഖപ്പെടുത്തീട്ടുള്ളതും കമ്മാരന്റെ മുദ്രയുള്ളതുമായ ദാനപത്രങ്ങൾ ഇന്നും അവിടെ സൂക്ഷിച്ചിരിപ്പുണ്ടു്. കമ്മാരന്റെ ദയാദാക്ഷിണ്യങ്ങളും ഭരണപാടവവും തെളിയിക്കുന്ന പല നാടോടിക്കഥകളും അവിടങ്ങളിൽ ഇപ്പോഴും പ്രചാരത്തിലുണ്ടു്.

ചിത്തൽദ്രുഗ്ഗ് വാണിരുന്ന 'പളേഗാർ' നാടുവാഴികളെ കീഴടക്കിയതോടുകൂടി ഹൈദർ ആ സ്ഥലം ഭരിക്കുവാൻ അയാസ്ഖാനെ നിയമിച്ചു. അനക്ഷരനായ താൻ ആ ഉന്നതപദവിക്കു തീരെ അർഹനല്ലെന്ന് അയാസ് ഹൈദരോടഭിപ്രായപ്പെട്ടപ്പോൾ, "അക്ഷരജ്ഞാനമില്ലാത്ത ഞാൻ എങ്ങനെയാണ് രാജാധിരാജനായിത്തീർന്നത് ? കൊരടാവിന്റെ മുമ്പിൽ സർവ്വകലകളും തല കുനിക്കും" എന്ന് ഹൈദർ മറുപടി പറഞ്ഞ് അയാസിനെ സമാശ്വസിപ്പിച്ചുവത്രെ.

നീതിന്യായപരിപാലനത്തിൽ അയാസ്ഖാൻ അത്യന്തം ശ്രദ്ധ പതിപ്പിച്ചിരുന്നു. ഹിന്ദുക്കളും മുഹമ്മദീയരും അദ്ദേഹത്തെ ഇക്കാര്യത്തിൽ അനുമോദിച്ചു. അദ്ദേഹം ചരിത്രപ്രധാനമായ ഒരു ഹിന്ദുക്ഷേത്രം പുനരുദ്ധാരണം ചെയ്യുകയും, അതിനടുത്തുതന്നെ ഒരു വൻപള്ളി നിർമ്മിക്കുകയും ചെയ്തു. എതിരാളികളേയും കുററവാളികളേയും അടിച്ചമർത്തുവാൻ അയാസ് സർവ്വശക്തികളും ഉപയോഗിച്ചിരുന്നു. ചിത്തൽദ്രുർഗ്ഗിലെ സ്ഥാനപതിയായി അദ്ദേഹം എത്ര കാലം വാണു എന്നു ശരിയായി അറിവായിട്ടില്ല. എന്നാൽ ഇവിടെനിന്ന് അദ്ദേഹം ബിദനൂർ അഥവാ 'ഹൈദർനഗർ എന്ന സ്ഥലത്തെ സ്ഥാനപതിയായിട്ടാണ് പോയതെന്നറിവുണ്ട്. മൂകാംബികയിൽനിന്ന് ഏതാണ്ട് ഇരുപതു നാഴിക കിഴക്കായി സ്ഥിതിചെയ്തിരുന്ന ഒരു വലിയ പട്ടണമായിരുന്നു ചിത്തൽദ്രുഗ്ഗ്. 'ജോൺ ഡി ക്രൂട്ടിയോ' വിന്റെ "ഇന്ത്യയിൽനിന്നയച്ച എഴുത്തുകൾ" എന്ന പുസ്തകത്തിൽനിന്ന് ഈ നഗരം പത്തു ചതുരശ്ര മൈലോളം വിസ്താരമുള്ളതും ചുററപാടും വൻകിടങ്ങുകളാൽ

രക്ഷിക്കപ്പെട്ടതുമായിരുന്നെന്നു മനസ്സിലാകുന്നു. ഈ നഗരവാസികൾ സംതൃപ്തരും ഉത്സാഹഭരിതരുമാണെന്നും, നീതിന്യായപരിപാലനം അന്നു വളരെ കർശനമായാണു് നടത്തപ്പെട്ടിരുന്നതെന്നും, അക്കാലങ്ങളിൽ കൊലയും കൊള്ളയും വളരെ വിരളമായിരുന്നുവെന്നും മിസ്റ്റർ ജോൺ പ്രസ്താവിക്കുന്നുണ്ടു്.

ഇംഗ്ലീഷുകാർ കോട്ട കീഴടക്കിയതിനു ശേഷമുണ്ടായ ഒരു സംഭവം അന്നത്തെ നാട്ടുകാരുടെ സത്യസന്ധതയ്ക്കു ഒരുദാഹരണമായി ഉദ്ധരിക്കാം. ഒരു ഗ്രാമീണന്റെ കാളയെ ആരോ മോഷ്ടിച്ചതിനെത്തുടന്നു് അയാൾ ഇംഗ്ലീഷുകമാണ്ഡരോടു പരാതിപ്പെട്ടു; തന്റെ കാളയെ തിരിച്ചു കിട്ടുന്നതിനു വേണ്ട നടപടികളെടുക്കുവാൻ അപേക്ഷിച്ചു. പട്ടാളക്യാമ്പിൽ നടത്തിയ പരിശോധനകൾ വിഫലമായിത്തീന്നതിനാൽ കമാണ്ഡർ അയാളോടു് അയൽവാസികൾ ആരെങ്കിലും കാളയെ അപഹരിച്ചതായിരിക്കാമെന്നു പറഞ്ഞു. "അവരാരുമാവില്ല, എന്തെന്നാൽ നിങ്ങൾ ഇവിടെ വരുന്നതുവരെ ഇത്തരം കളവുകൾ ഒന്നുമുണ്ടായിരുന്നില്ല" എന്നു കുപിതനായ ആ ഗ്രാമീണൻ തിരിച്ചടിച്ചു.

തന്റെ രാജ്യംപോലെ സമാധാനവും സംതൃപ്തിയമുള്ള മറ്റൊരു രാജ്യവും ഇന്ത്യയിലില്ലെന്നു് അയാസ് അഭിമാനപൂർവ്വം പറയാറുണ്ടു്. ഇംഗ്ലീഷ് പട്ടത്തലവനായ മേജർ കേമ്പൽ അയാസ്ഖാനുമായി നടത്തിയ സുദീർഘസംഭാഷണം അദ്ദേഹം എഴുതിയ ഒരു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. തന്റെ ഭരണത്തിന്റെ കാഠിന്യം ന്യായീകരിച്ചുകൊണ്ടു് അയാസ് ഇങ്ങനെ പറഞ്ഞുവത്രെ: "ഭയംകൊണ്ടു മാത്രമേ കുററവാളികൾ ഒതുങ്ങുകയുള്ളു. കഴിഞ്ഞ

പത്തു കൊല്ലങ്ങളിൽ സുമാർ പതിനായിരം പേരെ തൂക്കിക്കൊല്ലുവാൻ ഞാൻ കല്പിക്കുകയുണ്ടായിട്ടുണ്ടു്. രാജ്യത്തിൽ പരിപൂർണ്ണസമാധാനം വേണമെങ്കിൽ നടത്തേണ്ട കാൎയ്യങ്ങളെല്ലാം നടത്തിയേ തീരൂ."

7 ഈ ലേഖകൻ ചിത്തൽദ്രുഗ്ഗ് സന്ദർശിച്ചപ്പോൾ പാളേഗാർവംശത്തിൽ അവശേഷിച്ച ഒരു അംഗത്തെ അവിടെ കാണുവാനിടയായി. അയാസ് നിർമ്മിച്ച പള്ളിയും കോട്ടയും എനിക്കു് അദ്ദേഹം കാണിച്ചുതന്നു. ആ പുരാതനനഗരത്തിന്റെ ചിന്നിച്ചിതറി കിടന്നിരുന്ന അവശിഷ്ടങ്ങളുടെ മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്ന ഒരു മൺകുന്നു മാത്രമേ അയാസിന്റെ പ്രൌഢഗംഭീരമായ കൊട്ടാരത്തിന്റെ സ്ഥാനത്തു് ഇന്നു ശേഷിപ്പുള്ളൂ. നിരവധിസത്രങ്ങൾ ഇന്നും വലിയ കേടുപാടുകൾ തട്ടാതെ നില്ക്കുന്നുണ്ടു്.

8 പശ്ചിമഘട്ടത്തിന്റെ മുകളിലുള്ള 'നഗർ' എന്ന സ്ഥലത്തേയ്ക്കാണു് ഈ ലേഖകൻ ഇവിടെനിന്നു പോയതു്. ഇന്നു ഈ സ്ഥലം ഒരു താലൂക്കിന്റെ തലസ്ഥാനം മാത്രമാണു്. എങ്കിലും, പണ്ടു് ഇതു ബദന്നൂർരാജവംശത്തിന്റെ ഇരിപ്പിടമായിരുന്നു. ഹൈദർ ഈ രാജ്യം കീഴടക്കിയതിന്നു ശേഷം അതിന്റെ പേർ ഹൈദർനഗർ എന്നാക്കി. കുറച്ചു കഴിഞ്ഞു് അയാസ്സിനെ അവിടുത്തെ സ്ഥാനപതിയാക്കി നിയമിക്കുകയും ചെയ്തു. അയാസ് അവിടെ പത്തു കൊല്ലക്കാലം ഉദ്യോഗം ഭരിച്ചു. തന്റെ ദത്തുപുത്രനും പുത്രനിർവ്വിശേഷം താൻ സ്നേഹിച്ചിരുന്നവനുമായ അയാസ്സും പുത്രനായ ടിപ്പുവും തമ്മിലുണ്ടായിരുന്ന സ്വരച്ചേർച്ചയില്ലായ്മ തീക്ഷ്ണബുദ്ധിയായ ഹൈദർ കാലേക്കൂട്ടിത്തന്നെ

മനസ്സിലാക്കി; അവരിരുവരേയും കഴിയുന്നത്ര അകററി നിൎത്തു വാൻ ശ്രമിക്കുകയും ചെയ്തു. ഹൈദർ മരിക്കുമ്പോൾ അയാസ് ഇംഗ്ലീഷുപടത്തലവനായ കേണ്ണൽ മേത്യൂസിന്നെതിരായി പടവെട്ടി ഹൈദർനഗരത്തിന്റെ കോട്ട രക്ഷിക്കുകയായിരുന്നു. ഹൈദരാലിയുടെ നിൎയ്യാണശേഷം ടിപ്പു അയാസ്സിനെ കൊലപ്പെടുത്തുവാൻ ഉദ്യമിച്ചു. അന്നു് ഇംഗ്ലീഷുകാരനായിരുന്ന മേജർ കേമ്പൽ അയാസ്സിന്റെ തടവുകാരനായി കോട്ടയ്ക്കകത്തുണ്ടായിരുന്നു. ആത്മരക്ഷയ്ക്കായി അയാസ്സ് കേമ്പലിനെ മേത്യൂസിന്റെ അടുക്കലേയ്ക്കയച്ചു് കോട്ട വിട്ടുകൊടുത്തു് ഇംഗ്ലീഷുകാരുടെ രക്ഷയിലിരിക്കുവാൻ തീരുമാനിച്ചു.

ജനറൽ മേത്യൂസ്സ് ദുരാഗ്രഹിയും അഴിമതിക്കാരനുമായിരുന്നു. അദ്ദേഹം സ്റ്റേററഖജാന പിടിച്ചെടുത്തെന്നു മാത്രമല്ല, അയാസ്സിന്റെ സ്വന്തം സ്വത്തുക്കൾ കൈയേറുവാനും ഒരുമ്പെട്ടു. പക്ഷേ, സ്വന്തം സ്വത്തുക്കളിൽ ചിലതെല്ലാം അവിടെനിന്നു രക്ഷപ്പെടുത്തുവാൻ അയാസ്സിന്നു സാധിച്ചു. ഇതിന്നെല്ലാം പുറമേ മേത്യൂസ്സ് അയാസ്സുമായുണ്ടായ ഉടമ്പടി ലംഘിച്ചു് അയാസ്സിനെ തടവിലിടുകയും ചെയ്തു. ജനറൽ മേത്യൂസ്സ് കള്ളക്കണക്കുകൾ ഉണ്ടാക്കി പട്ടാളത്തിലെ മററു ഉദ്യോഗസ്ഥന്മാരെ കബളിപ്പിക്കുവാൻ ചെയ്ത ശ്രമത്തിൽ സഹായിച്ചില്ലെന്നതാണു് അയാസ്സിനെ തടവിലിടുവാൻ മുഖ്യകാരണം. ഈ കൊള്ളയിൽ ശരിയായ ലാഭവിഹിതം കിട്ടാത്തതിനാൽ അസംതൃപ്തരായ ചില ഇംഗ്ലീഷ് പട്ടാളോദ്യോഗസ്ഥന്മാർ മേത്യൂസ്സിനോടു പരസ്യമായി ലഹളയ്ക്കൊരുങ്ങി. ഇതിൽപ്പെട്ട രണ്ടു പട്ടാളക്കാർ സ്വദേശത്തെത്തിച്ചേൎന്ന ശേഷം മേത്യൂസ്സിനെ ആക്ഷേപിച്ചു ലഘുലേഖകൾ പ്രസിദ്ധീകരിക്കുകയുണ്ടായെന്നു

പ്രത്യേകം പ്രസ്താവ്യമാണ്. മേതൃസ്സും കീഴുദ്യോഗസ്ഥന്മാരും തമ്മിൽ ഐക്യമില്ലെന്നു കണ്ടു ടിപ്പു അവസരം പാഴാക്കാതെ ഒരു വലിയ സൈന്യവുമായി വന്നു കോട്ട കൈവശപ്പെടുത്തി ഇംഗ്ലീഷുകാരെ തടവുകാരാക്കി. അയാസ ഖാൻ ഇതിനിടയ്ക്കു രക്ഷപ്പെട്ട് മംഗലാപുരത്തെത്തിച്ചേർന്നു. മംഗലാപുരത്തുനിന്നു കപ്പൽവഴി അദ്ദേഹം തലശ്ശേരിയിൽ എത്തി. അവിടെ കുറച്ചുകാലം താമസിച്ചശേഷം ഗോവയിൽ അഭയം പ്രാപിച്ചു. ഗോവയിൽനിന്ന് അയാസ്സയച്ച രണ്ടു കത്തുകളിൽനിന്നാണ് ഈ സംഭവം മനസ്സിലാവുന്നത് തനിക്കു ന്യായമായ മാലീഖാൻ അനുവദിക്കണമെന്നപേക്ഷിച്ചുകൊണ്ടു് അദ്ദേഹം ബോംബെ ഗവർമ്മേണ്ടിലേയ്ക്കു് അനേകം നിവേദനങ്ങൾ സമർപ്പിച്ചു. മേജർ കേംബൽ ഈക്കാര്യത്തിൽ അയാസ്സിന്ന് ഉള്ളഴിഞ്ഞ സഹായങ്ങൾ നല്കി എങ്കിലും മാലീഖാൻ കിട്ടിയതായി രേഖകളില്ല.

അങ്ങനെ സംഭവബഹുലമായിരുന്നു ഈ വീരയോദ്ധാവിന്റെ ജീവിതം. വെളുത്ത് ഉയരം കൂടി ദൃഢഗാത്രനായി ഉയർന്ന നാസികയും തിളങ്ങുന്ന കണ്ണുകളുമുള്ള ഒരു സുമുഖനായിട്ടാണ് ഇദ്ദേഹത്തെ ചരിത്രകാരന്മാർ ചിത്രീകരിച്ചിരിക്കുന്നത്. ബുദ്ധിപൂർവ്വം സംസാരിച്ചു മററുള്ളവരെ വശീകരിക്കുവാനുള്ള കഴിവ് അയാസ്സിനുണ്ടായിരുന്നുവെന്ന് അവർ അഭിപ്രായപ്പെടുന്നു.

പണ്ടു പ്രാധാന്യമേറിയിരുന്ന ചിത്തൽദ്രുഗ്ഗ് ഇന്ന് തീരെ നശിച്ചമട്ടിലാണ് ഞാൻ കണ്ടത്. അവിടവിടെ കോട്ടയുടെ അവശിഷ്ടങ്ങളും ചിലേടത്തു തുറന്ന കിണറുകളും കുളങ്ങളും കാണാനുണ്ടു്. ഒരുകാലം കിടങ്ങുകളും കോട്ട മതിലുകളുമുണ്ടായിരുന്നേടത്ത് ഇപ്പോൾ കരിമ്പുതോട്ടങ്ങ

ഉണ്ടുള്ളതു്. ഇരുന്നൂറുകൊല്ലങ്ങൾക്കപ്പുറം കണ്ണൂർസ്വദേശിയായ ഒരു മലയാളി ഈ പ്രദേശത്തു നീതിയും നിയമവും നടത്തി ജനങ്ങൾക്കു് അഭിവൃദ്ധിയും സമാധാനവും നല്കിയിരുന്നുവെന്ന വസ്തുത എനിക്കു രോമാഞ്ചത്തോടുകൂടിയല്ലാതെ സ്മരിക്കുവാൻ കഴിഞ്ഞില്ല.

—ഒ. കെ. നമ്പ്യാർ

കുറിപ്പുകൾ

ചിഹ്നനം—(തുടച്ച്)

കാകു (?) :—ചോദ്യരൂപത്തിലുള്ള വാക്യങ്ങളുടെ അവസാനത്തിൽ ഈ ചിഹ്നം ചേർക്കണം.

ഉദാഹരണം:—ഏതു നാണു് കാളിദാസൻ ജീവിച്ചിരുന്നതു് ?

വിക്ഷേപണി (!):—അത്ഭുതം, സന്തോഷം, സങ്കടം എന്നീ ഭാവങ്ങളെ പ്രകാശിപ്പിക്കുന്ന ചിഹ്നമാണു് 'വിക്ഷേപണി'.

ഉദാ :—(1) എന്തൊരു ഭംഗിയാണു് ആ പൂവിന്നു് !

(2) ഭാഗ്യം കെട്ട മനുഷ്യൻ !

(3) ഇന്നൊരു സുദിനംതന്നെ !

ഉദ്ധരണി (" ") മററുള്ളവരുടെ വാക്യം ഉദ്ധരിക്കുമ്പോൾ ചേർക്കേണ്ടുന്ന ചിഹ്നം.

ഉദാ :—ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ ഘോഷിക്കുന്നു:—"സത്യമേ ജയിക്കൂ"

വലയം '( )' വാക്യത്തിന്റെ ഇടയ്ക്കു് ഒരു വാക്യം ചേർക്കേണ്ടിവരുമ്പോൾ 'വലയം' ഉപയോഗിക്കുന്നു.

ഉദാ:—ലീല (അതായിരുന്നു വർത്തകന്റെ മകളുടെ പേരു്) സൌന്ദര്യംകൊണ്ടും സൌശീല്യംകൊണ്ടും എവരേയും ആകർഷിച്ചു.

അഭ്യാസം :—

ഉചിതമായ ചിഹ്നങ്ങൾ ചേർക്കുക :—

(1) ബുദ്ധമതം പിറന്നതു ഭാരതത്തിലല്ലേ

(2) ഉൽകൃഷ്ടങ്ങളായ ഗ്രന്ഥങ്ങൾ മാത്രമേ വായിക്കാവൂ

(3) എനിക്കു് അയാളെ രക്ഷിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ

(4) ഹാ പുഷ്പമേ അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ

പാഠം 14

മിനിക്കോയ് I

ഡിസംബർ 6-ാം തിയ്യതി രാവിലെ അഞ്ചര മണിക്കെഴുന്നേററ ഞാൻ എൻെറ മുറിയിൽനിന്നു പുറത്തുവന്നു നോക്കി. നിലാവു കടൽത്തിരകളിൽ കസവു തുന്നിച്ചേർക്കുന്നു. മുമ്പിൽ വലത്തുഭാഗത്തു് ചക്രവാളത്തിൽ "ഐ. എൻ. എസ്സ്. കൃഷ്ണ" യുടെ വിളക്കുകൾ കാണ്മാനുണ്ടു്. രാത്രിയിൽ അതു ഞങ്ങളെ കടന്നുപോയിരിക്കുന്നു. കുറച്ചകലെ, ഇടിമിന്നലിൻേറതെന്നപോലൊരു പ്രഭ ഇടയ്ക്കിടെ ചക്രവാളത്തിൽ പുരളുന്നതാണു് മിനിക്കോയ് ദീപസ്തംഭം. ഇടത്തുഭാഗത്തു് മങ്ങിയ ഒരു നക്ഷത്രംപോലെ മററൊരു കപ്പലിൻെറ വിളക്കും കണ്ടു—ലോകവാണിജ്യത്തിൻെറ മുഖ്യമായൊരു പെരുവഴിയിൽ, കൊളമ്പിൽനിന്നു് ഏഡ

നിലേയ്ക്കുള്ള കപ്പൽപ്പാതയിൽ, ആണ് ഞങ്ങളെ ന്നതിൻെറ ഓരോമ്മക്കുറിപ്പ്.

ഒരു മണിക്കൂറിന്നുശേഷം "ഐ. എൻ. എസ്സ്. കൃഷ്ണ" തീരെ അപ്രത്യക്ഷമായി. ദീപസ്തംഭമാകട്ടേ പൂർവ്വാധികം ഉജ്ജ്വലമായും സ്പഷ്ടമായും കണ്ടുതുടങ്ങി.

ഏഴര മണിക്ക പ്രാതൽ കഴിഞ്ഞു പുറത്തുവന്നപ്പോൾ കരകണ്ടു. കടലിൻെറ കരിനീലത്തിന്നു മീതെ ചാരനിറത്തിൽ തെങ്ങിൻനിര നടുവിൽ ദീപസ്തംഭത്തിൻെറ വെള്ള രേഖ. "ഐ. എൻ. എസ്സ്. കൃഷ്ണ" വലത്തോട്ടു മാറി ചക്രവാളത്തിൽ ഉയൎന്നുനില്ക്കുന്നു.

ഒമ്പതുമണിക്ക് ഞങ്ങൾ "എസ്. എസ്. ഷൈലാ മാർഗററി"ൽനിന്നിറങ്ങി. മിനിക്കോയിലെ ഡെപ്യൂട്ടി ആമീൻ 'റെമ്മിഡു ഗണ്ഡുവാൻ ഹസൻ മാനിക്ഫാൻ' കയറിയ ഒരു പായത്തോണി കപ്പലോട്ട് ഓരംചാർന്നിന്നു. കപ്പൽ നിന്നതു് കരയിൽനിന്നു് എട്ടു മൈൽ അകലെയാണ്. മിനിക്കോയ്ക്കാർ "മാസ്" മത്സ്യം പിടിക്കുന്നതിന്നു് ഉപയോഗിക്കുന്നതാണ് തോണി. ദ്വീപുകളിലേക്ക പുറപ്പെടുംമുമ്പ് കോഴിക്കോട്ടുവെച്ച് എന്നെ കണ്ടിരുന്ന ഇബ്രാഹിമിൻെറ സഹോദരിയുടെ ഭൎത്താവാണ് ഹസൻ മാനിക്ഫാൻ. ഒരുമാതിരി ഭംഗിയായി ഇംഗ്ലീഷ് സംസാരിക്കുന്നുണ്ടു്.

മിനിക്കോയിലേയ്ക്കു് കൊച്ചിയിൽനിന്നു് 220 മൈൽ ദൂരമുണ്ടു്. ഈ ദൂരം പോകാൻ ഞങ്ങളുടെ കപ്പൽ 26 മണിക്കൂറോളം എടുത്തിരിക്കുന്നു. കൊല്ലത്തിന്നു മിക്കവാറും നേർപടിഞ്ഞാറാണ് മിനിക്കോയ്യുടെ കിടപ്പ്. ലക്ഷ

ദ്വീപുകളിൽ മിനിക്കോയിക്ക് ഏററവും അടുത്ത "കല്പേനി"യിലേയ്ക്കു ഇവിടെനിന്നു 115 മൈൽ പോകണം. എന്നാൽ മാലദ്വീപുകളിലെ ഏററവും വടക്കെ അററത്തെ ദ്വീപിലേയ്ക്കു എഴപതു മൈലേയുള്ളു. വാസ്തവത്തിൽ മിനിക്കോയ് മാലദ്വീപിൻെറ ഒരു ഭാഗമത്രെ. ലക്ഷദ്വീപിലെ മററു ദ്വീപുകളിലെല്ലാം മലബാറിൽനിന്നു കുടിയേറിപ്പാർത്ത മാപ്പിളമാരാണു്. മിനിക്കോയിക്കാർ വർഗ്ഗപരമായിത്തന്നെ ഇവരിൽനിന്നു വ്യത്യസ്തരാകുന്നു. കറുത്ത വട്ടമുഖമുള്ള ഇവർ സംസാരിക്കുന്നതു് മാലദ്വീപിലെ ഭാഷയായ "മഹൽ" ആണു്. പഴയ സിംഹള ഭാഷയുടേയും, അറബി, ഹിന്ദുസ്താനി, മലയാളം, മുതലായ പല ഭാഷകളുടേയും സങ്കരമാണു് "മഹൽ". അറബി ലിപിമാലയിൽനിന്നു രൂപപ്പെടുത്തിയെടുത്തതാണു് മഹൽ ലിപി. മാലദ്വീപിലെ ഗവമ്മേണ്ടിന്നുവേണ്ടി കല്ക്കത്തയിലെ ഗവമ്മേണ്ടുപ്രസ്സിൽ ഈ ലിപിയിലച്ചടിച്ച "തർതീബ് സലാത്ത്" എന്നൊരു മതപുസ്തകം പിന്നീടു് ഞാൻ കാണുകയുണ്ടായി. മാലദ്വീപിൽ ഈ ഭാഷയിൽ വത്തമാനപത്രംകൂടിയുണ്ടത്രെ.

മിനിക്കോയിക്കു് 1,120 ഏക്കർ വിസ്താരമുണ്ടു്. $6\frac{1}{8}$ മൈൽ നീളത്തിൽ അർദ്ധചന്ദ്രാകൃതിയിൽ തെക്കുവടക്കു കിടക്കുന്ന ഈ ദ്വീപിൻെറ പടിഞ്ഞാറുവശം വെള്ളത്തിൽ താഴ്ന്നുകിടക്കുന്ന പവിഴപ്പാറകൾമൂലമുണ്ടായ ഒരു തടാകമാണു്. ലക്ഷദ്വീപുകാർ ഇതിന്നു് "ബില്ലം" എന്നു പറയുന്നു. ഈ ബില്ലത്തിൻെറ പടിഞ്ഞാറെ അതിർവരമ്പു് വേലിയിറക്കസമയത്തു് വെള്ളത്തിൽനിന്നു് ഒട്ടുയന്നു കാണാം. തടാകത്തിൻെറ സ്ഥായിയായ നിറം കടുംപച്ചയാകുന്നു. ഇടയിലിടയിൽ, അടിയിലെ പവിഴപ്പാറകളു

ടേയും മണലിൻേറയും പ്രതിഫലനം നിമിത്തം, മഞ്ഞ, നീല, വയലററ്, കറപ്പ് മുതലായ പല നിറങ്ങളും വെട്ടി ത്തിളങ്ങുന്നുണ്ട്. ഇത്രയധികം വൎണ്ണഭംഗിയുള്ളൊരു തടാകം വേറെ എങ്ങാനുമുണ്ടോ എന്നു സംശയമാണ്.

മരപ്പലകകളും തെങ്ങിൻതടികളും ചേൎത്തു നിൎമ്മി ച്ചൊരു ജെട്ടി തടാകത്തിലേയ്ക്കു നീണ്ടുകിടക്കുന്നുണ്ട്. ഞങ്ങ ളിതിലിറങ്ങുമ്പോൾ, കരയിൽ ഒരു വശത്ത്, കസവുള്ള പാവാടയും അതിന്നുമീതെ, കക്ഷത്തിൽ ചുകപ്പുവരകളും ചുമലുകളിൽ കുടുക്കുകളുമുള്ള ചുവന്ന ഫ്രോക്കുകളുമിട്ട് തല യിൽ കറപ്പുറമാലിട്ട സ്ത്രീകളും, മറവശത്ത് കറത്ത കാലുറ കളിട്ട് ഷർട്ടിടാത്ത പുരുഷന്മാരും, ഭംഗിയുള്ള കുപ്പായവും കാലുറയും ധരിച്ചു തോളിൽ ചെണ്ടുകൾ തൂക്കിയ കുട്ടികളും നിന്നിരുന്നു. സ്ത്രീകളുടെ വസ്ത്രം മുഴവൻ പട്ടാണ്. പുരുഷ ന്മാരും രാത്രിയിൽ അധികവും ധരിക്കുക പട്ടാണത്രെ. സുഗന്ധദ്രവ്യങ്ങൾ ഇവൎക്കത്യന്തം പ്രിയപ്പെട്ടവയാണെന്ന് കരയിലിറങ്ങുമ്പോൾത്തന്നെ ഞങ്ങൾക്കറിയാൻ കഴിഞ്ഞു. കഴിഞ്ഞ കാനേഷുമാരിയനുസരിച്ച് മിനിക്കോയിക്കാരുടെ എണ്ണം ഏതാണ്ട് 3,700 ആണ്.

പത്തുമണിക്ക് മദ്രാസ് ഗവൎണ്ണർ ശ്രീ പ്രകാശ കരയ്ക്കി റങ്ങി. ആമീൻ ബുഢുഗണ്ഡുവാരുമൂസാ മാനിക്ക് ഫാൻ അ ദ്ദേഹത്തെ സ്വീകരിച്ച് ജെട്ടിക്കടുത്തുള്ള പന്തലിലേയ്ക്ക് കൊ ണ്ടുവന്നു. ലക്ഷദ്വീപുകളുടെ ഭരണം 1912-ലെ 1-ാം റഗു ലേഷനനുസരിച്ചാണ്. ഓരോ ദ്വീപിലും ഭരണാധികാരിയും നീതിന്യായാധിപതിയും എല്ലാം ആയ ഉദ്യോഗസ്ഥനാണ് 'ആമീൻ'. ആമീനെ നിയമപരിപാലനത്തിൽ സഹായി ക്കുവാൻ ഏതാനും 'കാരണവന്മാരു'മുണ്ട്. കാരണവ

സ്ഥാനം മിക്കവാറും പാരമ്പര്യലക്ഷ്യമാണ്. മററുള്ള കാര ണവന്മാരെ ജീവകാലാവധിവെച്ച് ഗവമ്മേണ്ട് നോമി നേററു ചെയ്യുന്നു. മിക്കവാറും കാരണവർ മൂത്ത് ആമീനാ വുകയാണ് പതിവ്. ആമീനും കാരണവന്മാക്കും അക്ഷര ജ്ഞാനം വേണമെന്നൊന്നുമില്ല. ഇക്കാരണങ്ങളാൽ ഈ വ്യവസ്ഥയിൻകീഴിലുണ്ടാകുന്ന അഴിമതികൾക്കററമില്ല. "റെഗ്ഗുലേഷൻഭരണ" ത്തോട് ലക്ഷദ്വീപിൽ പൊതുവേ വലിയ എതിർപ്പുണ്ടെന്നെനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ഭരണത്തിൻെറ നിലവാരം ഇന്ത്യയിലെ മററു ഭാഗങ്ങളിലേ തിനോടൊപ്പമായുയത്തുകയെന്നതു് ദ്വീപുകാരോട് ഇന്ത്യ അനുഷ്ഠിയ്ക്കേണ്ട പ്രാഥമികനീതിമാത്രമാകുന്നു.

ഗവണ്ണർ ആദ്യമായി സന്ദർശിച്ചതു് "മദ്രസ്സ ഇസ്ലാമിയ ബാഡ" എന്ന വിദ്യാലയമാണ്. "ബാഡ" എന്ന അത്തിരിയുടെ മതപാഠശാലയാണിതു്. മിനിക്കോയ് ദ്വീപിൻെറ മധ്യഭാഗത്ത് ഒമ്പതു് "അത്തിരി" കൾ, അഥവാ ഗ്രാമങ്ങൾ, ആയിത്തിരിഞ്ഞാണ് ആളുകൾ താമ സിക്കുന്നതു്. ബാഡ, ഔമഗ്ഗ, ബോഡു, റമ്മിട്ട, സേഡി യോൾ, ആളൂഡി, ഫുംഗിലോൾ, കുദേഹി, പല്ലിശ്ശേരി എന്നിവയാണ് മിനിക്കോയിലെ അത്തിരികൾ. ഏററവും തെക്കെ അററത്ത് പല്ലിശ്ശേരി, വടക്കെ അററത്ത് ബാഡ. അത്തിരികൾ എല്ലാം തൊട്ടുതൊട്ടു കിടക്കുന്നു. വളഞ്ഞും തിരിഞ്ഞും പോകുന്ന ഇടുങ്ങിയ വൃത്തിയുള്ള തെരുവുകൾ. തെങ്ങോലവേലി. തൊട്ടുതൊട്ട് ഓലമേഞ്ഞ പുരകൾ. ചില പുരകൾ ഓടിട്ടവയും ചിലതു് തകരപ്പലകകൊണ്ടു മേഞ്ഞവയും. ഓരോ അത്തിരിക്കും സ്വന്തം പൊതുക്കെട്ടിട മുണ്ട്. മിനിക്കോയിലാകെയുള്ളൊരു രണ്ടുനിലക്കെട്ടിടം ഇത്തരമൊന്നത്രെ. അത്തിരിക്കാരുടെ സമ്മേളനഗൃഹ

മാണ് "വരാംതെ". മുൻവശംമാത്രം തുറന്ന ഒരു ചെറിയ ഹാൾ. മററു മൂന്നുവശത്തും ചുമരിന്നടുത്ത് കൽബെഞ്ചുകൾ. തട്ടിലും മുഖപ്പിലും മരത്തിൽ ഭംഗിയുള്ള കൊത്തുപണികൾ. ഇടയിൽ ഉജ്ജ്വലമായ ചായങ്ങൾ. കടൽക്കരയിലടിഞ്ഞു കിടക്കുന്ന പരന്ന പവിഴപ്പാറക്കല്ലുകൾ പൊട്ടിച്ച് അടുക്കിയാണവർ ചുമരുണ്ടാക്കുന്നത്. ഈ പാറ ചുട്ടാൽ ഒന്നാംതരം ചുണ്ണാമ്പായി. മിക്ക ചുമരുകളുടേയും ഉൾവശത്ത് കുമ്മായം തേച്ചിരിക്കും; പുറം പരുക്കനായി വിട്ടിട്ടുമുണ്ടാകും. മിനിക്കോയിൽ ആശാരിമാരും മററും വേറെയില്ല. എല്ലാവരും എല്ലാ പണിയും ചെയ്യുന്നു. പണിയിൽ അവർക്കു നല്ല വൈദഗ്ദ്ധ്യമുണ്ട്. ബാഡപ്പള്ളി പണിതുവരികയാണു്. ഉയരത്തിൽ സിമൻറകൊണ്ടുള്ളൊരു വട്ടഗോപുരം. അതിൻെറ മീതെ മഴവെള്ളം സംഭരിക്കാനൊരു വലിയ ടാങ്ക്. ഈ ടാങ്കിൽനിന്നു വെള്ളം ചെറുകുഴലിലൂടെ കൊണ്ടുവന്ന് ടാപ്പുകളിലൂടെ ആവശ്യക്കാർക്ക് നല്കുന്നു. ഇതെല്ലാം ദ്വീപുകാർതന്നെ പണിയുന്നതാണ്. ഇവിടെ ക്ഷുരകനോ ധോബിയോ വേറെയില്ല.

മിനിക്കോയിൽ എല്ലാവരും മുസ്ലീങ്ങളാണ്. മുപ്പതോളം പള്ളികളുമുണ്ടവിടെ. പള്ളികൾക്കടുത്തുള്ള ശ്മശാനങ്ങളിൽ പല നിറത്തിലുള്ള പവിഴപ്പാറകളിൽ ഭംഗിയായി കൊത്തിയെടുത്ത ശ്മശാനശിലകൾ കാണാം. മാനിക്ക് ഫാൻ, തക്രുഫാൻ, തക്രു, റാവേരി എന്നു നാലു ജാതിക്കാരായി ജനങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. മാനിക്ക, ബീഫാൻ, ബെീബി എന്ന് ആദ്യത്തെ മൂന്നു ജാതിക്കാരുടേയും സ്ത്രീകളുടെ പേരുകളോടു യഥാക്രമം ചേർക്കുന്നു. ആദ്യത്തെ രണ്ടു ജാതിക്കാരും തമ്മിൽ മിശ്രവിവാഹമുണ്ട്. മററുള്ള

വർത്തമ്മിലില്ല. മിശ്രവിവാഹത്തിൻെറ ഫലമായുണ്ടാകുന്ന കുട്ടികൾ ഉയന്ന ജാതിയേതോ, അതിലേയ്ക്കു പോകുന്നു. മാനിക്കുഫാന്മാരധികവും ഭൂവുടമകളാണു്. റാവേരിമാരാണു് തെങ്ങിലേറുന്നതും കള്ളു ചെത്തുന്നതും. തക്രു, റാവേരി എന്നീ ജാതിക്കാരും, തക്രുഫാന്മാരിൽച്ചിലരും 'അല്ലറ' എന്ന തലനികുതി കൊടുക്കണം. ഒരു പുരുഷനു പന്ത്രണ്ടണ, സ്ത്രീയ്ക്കു നാലണ, വൃദ്ധനു് ആറണ—ഇതാണു് തലനികുതി നിരക്കു്. ഇന്ത്യയിൽ മററവിടെയെങ്കിലും ഇപ്പോൾ തലനികുതിയുണ്ടോ എന്നു സംശയമാണു്.

ജാതിഭേദം വേഷഭേദത്തിന്നു് കാരണമാകുന്നുണ്ടു്. പുരുഷന്മാരിൽ താഴ്ന്ന ജാതിക്കാർ പാദംവരെ നീണ്ട കാലുറ ധരിക്കണം. ഉയന്നവർ അത്രതന്നെ നീളമില്ലാത്ത കാലുറയും. തലയിലെ ഉറുമാലിന്നും ജാതിഭേദമനുസരിച്ചു നിറഭേദമുണ്ടു്. റാവേരിസ്ത്രീകൾ മേൽക്കാതു തുളച്ചു് അവയിൽ കറുത്ത ചരടണിയുന്നു. ബീബിമാക്കു് വെള്ളി കണ്ണാഭരണങ്ങളാണു്; മാനിക്കമൊക്കും ബീഫാൻമാക്കും സ്വർണ്ണകണ്ണാഭരണങ്ങളും. ഇവരുടെ ആഭരണങ്ങളും, മുറുക്കാൻ ചെല്ലങ്ങളും അവയിലെ അടപ്പൻ മുതലായവയും വളരെ അഴകുള്ളവയാണു്. ബാഡ, പളിശ്ശേരി, ഔമഗു എന്നീ അത്തിരികളിലേ റാവേരിമാരുള്ളു. രണ്ടു ചിരട്ടകൾ തമ്മിൽ കയറുകൊണ്ടു തുളച്ചു കെട്ടി യോജിപ്പിച്ചു് അതിലാണവർ കള്ളു ചെത്തുന്നതു്. മിനിക്കോയിൽ മൺപാത്രങ്ങളില്ല. കള്ളുപാനിയുടെ അകത്തു് ഇവർ ചുണ്ണാമ്പുതേയ്ക്കില്ല; പവിഴക്കൽക്കഷണങ്ങളിടുകയേ ഉള്ളു. ഈ കള്ളു് പുളിപ്പിക്കാതെ ഇവർ കുടിക്കുന്നു. അതു കുറുക്കിയെടുക്കുന്നതാണു് കുഴമ്പുപ്രായത്തിലുള്ള വെള്ളച്ചക്കര. ഇതിന്നു ശക്കര

യോളം മധുരമില്ല. കള്ള ചെത്തി കൈകൊണ്ട് തൊടാതേയും അനക്കാതേയും മൂന്നുമാസത്തോളം വെച്ചിരുന്നാൽ അതു് 'സൂക്ക'യായിത്തീരും. സൂക്കയെററമതിക്ക് പല പ്രതിബന്ധങ്ങളുമുള്ളതിനാൽ ഇപ്പോളതു് ധാരാളമുണ്ടാകുന്നില്ല.

മിനിക്കോയിലെ ഒമ്പതു് അത്തിരികളും ഓരോ നർത്തകസംഘത്തെ നിലനിർത്തുന്നുണ്ട്. തെങ്ങുകൊണ്ടുള്ള കറുത്ത കുററിയും ആട്ടിൻതോൽകൊണ്ടുള്ള വെളുത്ത തട്ടമുള്ള ചെണ്ടകൾ തോളിൽത്തൂക്കിയിട്ട് കൈകൊണ്ടു കൊട്ടിക്കൊണ്ടാണു് വിചിത്രവേഷധാരികളായ ഇവർ നൃത്തംചെയ്യുക. വർഷക്കാലത്തു് മീൻപിടുത്തത്തിന്നും കടൽസ്സഞ്ചാരത്തിന്നും സൗകര്യമില്ലാത്തപ്പോൾ ആണു് ഇവരുടെ മുഖ്യോത്സവങ്ങൾ. അത്തിരികളിൽ പള്ളികളുടെ മുമ്പിലുണ്ടാക്കിയ പന്തലുകളിൽവെച്ചു് ബക്രീദ്കാലത്തു നാലുദിവസവും റംസാൻകാലത്തു മൂന്നു ദിവസവും ഇവർ ഉത്സവമാഘോഷിക്കുന്നു. മുറീദിന്നു രാത്രി തപ്പുപയോഗിച്ചുള്ള നൃത്തഗാനോത്സവവുമുണ്ട്. ഈ മതച്ചടങ്ങുകൾ ഇസ്ലാമിന്നു വിരുദ്ധമാണെന്ന ധാരണ "ബാഡ" അത്തിരിക്കാരിൽ പരന്നിട്ടുണ്ടു്. മാലദ്വീപിൽനിന്നുവന്ന ഹുസ്സേൻ ദീദിയാണു് ബാഡക്കാരിൽ ഈ മതപരിഷ്കരണമനോഭാവം പ്രചരിപ്പിച്ചതു്. മതകലഹങ്ങളുണ്ടായെങ്കിലോ എന്ന ആശങ്കയാൽ മിനിക്കോയിലേക്ക് പ്രവേശനം നിരോധിക്കപ്പെട്ട ഹുസ്സേൻ ദീദി ഇപ്പോൾ പരപ്പനങ്ങാടിയിൽ താമസിക്കുകയാണു്. "കുദേഹി" അത്തിരിക്കാരും ബാഡക്കാരോട് അനുഭാവമുള്ളവരാണു്. ഇവർ ഭൗതികമായി മററുള്ളവരേക്കാൾ അഭിവൃദ്ധിപ്പെട്ടവരുമാണ്ട്. ഇവരുടെ ഭാഗത്തേയ്ക്കു ചായുന്നവർ മെല്ലെ മെല്ലെ സ്വന്തം അത്തിരി

കാം വിട്ട് ഇവരുടെ അത്തിരികളിലേയ്ക്കു താമസം മാറുന്നു. ബാഡ അത്തിരിക്കാരുടെ സ്കൂൾ—അവർക്കുമാത്രമേ അങ്ങനെയൊന്നുള്ളു—ഓടു മേഞ്ഞ നല്ലൊരു കെട്ടിടമാണ്. ഇവിടെ കുട്ടികാം ഖുറാനം ഉർദു അക്ഷരങ്ങളും പഠിക്കുന്നു. ഉർദുഭാഷ അവർക്കു മനസ്സിലാകുന്നുണ്ടെന്നു തോന്നിയില്ല.

സ്കൂരം സന്ദർശിച്ചുശേഷം ഗവർണ്ണർ ബാഡ അത്തിരിയിലുള്ള ഒരു തക്കൂഫാന്റെ വീടു പോയി നോക്കി. വീടു സാമാന്യം നന്ന്. മരം ബർമ്മയിൽനിന്നു കൊണ്ടുവന്നതാണ്. മിനിക്കോയ്ക്കാർ നല്ല കപ്പലോട്ടക്കാരാണ്. അവനൂറോളം പുരുഷന്മാർ കപ്പലുകളിൽ വേലയെടുത്തുകൊണ്ടു ഭൂമിയുടെ നാനാഭാഗങ്ങളിലുമായി ചിതറി കഴിഞ്ഞുകൂടുന്നു. പുരുഷന്മാരുടെ ആകെ സംഖ്യയിൽ മൂന്നിൽ ഒരു ഭാഗമാണിതു്. ഇവർ പുറമേനിന്നു പല സാധനങ്ങളും ദ്വീപിലേയ്ക്കു കൊണ്ടുവരുന്നു. ഈ ദ്വീപിൽ തുന്നൽയന്ത്രങ്ങളുണ്ടാവാൻ കാരണമിതാണ്. വീടുകാംക്കു സാധാരണയായി രണ്ടു മുറികളുണ്ടാവും. ഒന്നു പുരുഷന്മാക്കും മറേറതു സ്ത്രീകാംക്കും. ഓരോ മുറിയിലും ഓരോ കട്ടിലും വേറെ നാലോ അഞ്ചോ കട്ടിലുകളുമുണ്ടായിരിക്കും. ഓരോ കട്ടിലിലും തടിച്ച കിടക്കയും നീണ്ടുരുണ്ട 3 തലയണയും വിലപിടിച്ച വിരിപ്പുകളും ജഗന്നാഥൻശീല കൊണ്ടുള്ള കൊതുകുവലകളും ഉണ്ടാവും. മരുമക്കത്തായമാകയാൽ ഓരോ വീട്ടിലും വളരെ അംഗങ്ങളുണ്ടാകും. സ്ത്രീകാംക്കു മാത്രമേ വീടുകളിൽ ക്രയവിക്രയാവകാശമുള്ളു. പുരുഷന്മാക്കു മരണംവരെ "ആറടി മണ്ണിനു്" അവിടെ അധികാരമുണ്ടെന്നുമാത്രം.

മിനിക്കോയിൽ ഗവമ്മേണ്ടുവക ഒരു എലിമെണ്ടറി സ്കൂളുണ്ടു. കെട്ടിടം ദ്രവിച്ചും മോശമായുമിരിക്കുന്നു.

നിലത്തു മണൽ വിരിച്ചിരിക്കയാണ്. ഏതാനും പഴയ ബെഞ്ചുകളും രണ്ടു ബോർഡുമുണ്ട്. മാസ്റ്റർ ഇല്ല. ആമീനെൻറ ഗുമസ്തൻ കണക്കാരൻ പി. വി. അസ്സൻകുഞ്ഞ് ഒഴിവുസമയത്ത് അദ്ധ്യാപകജോലികൂടി നോക്കുന്നു. ഇരുപത്താറു കുട്ടികൾ പഠിക്കുന്നുണ്ടത്രെ. മൂന്നാംതരമാവുമ്പോഴേയ്ക്കും ഇവരൊക്കെ വിട്ടുപോകയാണ് പതിവ്. മലയാളത്തിലും മഹലിലും ചില വാക്കുകൾ ബോർഡിൽ എഴുതിക്കണ്ടു. മിനിക്കോയിക്കാരിൽ മലയാളം അറിയുന്നവർ കുറവാണ്. വളരെ പേർക്കു ഹിന്ദുസ്ഥാനി അറിയാം. ആമീൻെറ കച്ചേരിയിലെ നടപടി എല്ലാം മഹലിലാണ്. പക്ഷേ റിക്കാർഡുകൾ സൂക്ഷിക്കുന്നതു് മലയാളത്തിലാകുന്നു.

—എൻ. വി. കൃഷ്ണവാര്യർ

കുറിപ്പുകൾ

ചോദ്യങ്ങൾ :—

1. മിനിക്കോയ്ദ്വീപ് കേരളത്തിൻെറ ഏതു ഭാഗത്താണ്?
2. അവിടുത്തെ നിവാസികളുടെ ഭാഷയെന്ത്?
3. മിനിക്കോയിലെ പ്രധാനപ്പെട്ട കാഴ്ചകൾ എന്തെല്ലാം?
4. മിനിക്കോയിലെ വിദ്യാഭ്യാസത്തിൻെറ ശോചനീയത വ്യക്തമാക്കുക.
5. മിനിക്കോയ് നിവാസികളുടെ ജീവിതരീതിയെക്കുറിച്ചുപന്യസിക്കുക.

വ്യാകരണം :—

ക്രിയ—കാരിതം, അകാരിതം.

(കേവലം, പ്രയോജകം എന്നീ വിഭാഗങ്ങളെപ്പററി മുമ്പ് പഠിച്ചിരിക്കുമല്ലൊ.)

ഉദാഹരണം :—

ഓടുക, പറയുക, മായുക ഇതൊക്കെ കേവലക്രിയകൾ.

ഓടിക്കുക, പറയിക്കുക, മായ്ക്കുക ഇവയെല്ലാം പ്രയോജകങ്ങളും.

പരപ്രേരണകൂടാതെ, കർത്താവ് സ്വയം ചെയ്യുന്ന ചില പ്രവൃത്തികളെ കുറിക്കുന്ന ക്രിയകളിലും 'ക്ക്' ചേക്കാറുണ്ട്.

ഉദാഹരണം :—

നടക്കുക, പഠിക്കുക, വിളിക്കുക, കുളിക്കുക.

ഇവയെ കാരിതമെന്നു വിളിക്കുന്നു. 'ക്ക്' ചേന്ന കേവലക്രിയ കാരിതം; 'ക്ക്' ചേരാത്ത കേവലക്രിയ അകാരിതം.

കേവലം, കാരിതം	കേവലം, അകാരിതം
ചിരിക്കുന്നു	പറയുന്നു
കേൾക്കുന്നു	നിറയുന്നു
തിളയ്ക്കുന്നു	തെളിയുന്നു
പഠിക്കുന്നു	കരയുന്നു

GOVERNMENT HIGH & TRAINING SCHOOL KOTTAYAM. KERALA STATE.

മുററുവിന—പറവിന

പരാശ്രയമില്ലാതെ നില്ക്കുന്ന ക്രിയ മുററുവിന.

ഉദാഹരണം :—

നിങ്ങൾ തന്ന പുസ്തകം ഞാൻ തിരിച്ചുതന്നു. ഇതിൽ 'തിരിച്ചു തന്നു' എന്നതു മുററുവിന.

അന്യപദങ്ങളെ ആശ്രയിച്ചുനില്ക്കുന്ന ക്രിയ പറവിന.

ഉദാഹരണം :—

നിങ്ങൾ തന്ന പുസ്തകം എന്നതിലെ 'തന്ന' എന്ന ക്രിയ. അതു പുസ്തകമെന്ന നാമത്തിൻെറ വിശേഷണവുമാണ്.

ഇങ്ങനെ നാമത്തിൻെറ അംഗമായ പറ്റുവിനയെ പേരെച്ചമെന്നു വിളിക്കുന്നു. ക്രിയാപദങ്ങളിൽ അന്വയിക്കുന്ന പറ്റുവിനയെ വിനയെച്ചമെന്നും.

ഉദാഹരണം :—

“ പറഞ്ഞുകേൾപ്പിച്ചു. ഉണരാൻ വൈകി.—എന്നതിലെ പറഞ്ഞു, ഉണരാൻ എന്നിവ.

പാഠം 15

കോമൻെറ പുറപ്പാട്

ഹൃദയത്തിൽനിന്നു താനേ വഴിഞ്ഞൊഴുകിയ അകൃത്രിമ ഗാനങ്ങളുടെ സൗന്ദര്യവും മാധുര്യവും വടക്കൻപാട്ടുകളിൽക്കാണാം. അവയുടെ കർത്താവ്, കാലം എന്നിവയെല്ലാം ഇനിയും നിർണ്ണയിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ഇവിടെ ഉദ്ധരിച്ചിട്ടുള്ള ഭാഗം വടക്കൻ പാട്ടുകളിലൊന്നായ “ കോമന്നോരുടെ കഥ ” യിലെ ഒരു ഘട്ടമാണു്. ധീരവനിതയായ കൊങ്കിയമ്മ തൻെറ പത്താമത്തെ മകനായ കോമനെ പതിനാറു വയസ്സുവരെ ഒരു കല്ലറയിലാണു് വളർത്തിയതു്. കാരണം, അവരുടെ ഒമ്പതു മക്കളേയും ശത്രുക്കളായ തൊണ്ണൂറാം വീട്ടിലെ കുറുപ്പന്മാർ കൊന്നൊടുക്കി. പത്താമത്തേതു പെൺകുട്ടിയാണെന്നു പറഞ്ഞിട്ടാണത്രെ ആ സ്ത്രീ ആശ്വസിച്ചതു്. കോമൻ കല്ലറയിൽവെച്ചുതന്നെ വിദ്യയും പയറ്റും പരിശീലിച്ചു.

തൻെറ പ്രേമഭാജനമായ ഉണ്ണിയമ്മയെ ശത്രുക്കളിൽനിന്നു രക്ഷിക്കാൻ കോമൻ തയ്യാറാകുന്നതാണു് ഇവിടത്തെ സന്ദർഭം.]

നിലയറവാതുക്കൽ ചെന്നു നിന്നു
താക്കോലുംകൂട്ടം എടുത്തുകൊണ്ടു്
നിലയറവാതിൽ തുറക്കുന്നുണ്ടു്.

മെയ്യാഭരണപ്പെട്ടി തുറന്നുവെച്ചു
ചമയങ്ങൾ വേഗത്തിലെടുത്തു കോമൻ
പൂക്കച്ചമാറാപ്പും അഴിക്കുന്നുണ്ടു്.

കുഴലിൽ തെറുത്തുള്ള പൂക്കച്ചയും
ഉറുമി പരിച തൊഴുതെടുത്തു
നിലയറ പൂട്ടിപ്പുറത്തുപോന്നു
പടകാളിമുററത്തും ചെന്നുനിന്നു.

അങ്കപ്പുട്ടങ്ങു ഞെറിഞ്ഞുടുത്തേ
മേൽമുണ്ടു നന്നായിച്ചുററുന്നല്ലോ.

പടകലികൊണ്ടല്ലോ കോമന്നോക്കേ
ആലിലപോലെ വിറതുടങ്ങി.

തഞ്ചംപകരുന്ന കോമനല്ലോ.
പന്തുകണക്കിലും ചുരുട്ടിക്കച്ച
ആകാശംചൂണ്ടി എറിയുന്നുണ്ടു്.

അഞ്ചാളുയരത്തിൽ വരുന്ന മുമ്പിൽ
പകിരിതിരിഞ്ഞങ്ങു കെട്ടി കച്ച.

വടക്കൻഞെറിവെച്ചു കുന്തൽവെച്ചു
തെക്കൻഞെറിവെച്ചുഴകവെച്ചു

ആനമുഖംവെച്ചു കെട്ടിക്കച്ച
കതിരമുഖംവെച്ചു കെട്ടുന്നുണ്ടു്.

അങ്കവാലും തൊങ്കലിട്ടു കെട്ടി
ചന്തംപെരുമയിൽ കെട്ടി കച്ച.

അങ്കപ്പൂലിവാലും ഉഴിഞ്ഞുകെട്ടി.
കോട്ടപ്പടിവെച്ച പൊന്നരഞ്ഞാറം
മീതെ അഴകിന്നു പൂട്ടുന്നുണ്ട്.
ഏലസ്സരഞ്ഞാറം അര മുറുക്കി
ചമയങ്ങളൊക്കെച്ചമഞ്ഞൊരുങ്ങി.
പൊന്നുംതൊപ്പിയും തലയ്ക്കണിഞ്ഞു
പൊൻകുപ്പായം ഇട്ടു ഇടമുറുക്കി
ചുരിക പരിച തൊഴുതെടുത്തു
കാട്ടിൽ ഇളമാനും ചാട്ടംപോലെ
പടകാളി മുററത്തു ചാടിനിന്നു
പരിചയിളക്കി തുടയ്ക്കടിച്ചു.
പുത്തിടിപോലെ പരിച മുട്ടി,
ഇടിവാളുപോലെ ചുരികയിളക്കി
നാലുനാട്ടിലും കേട്ടു നാദം.

വടക്കൻപാട്ടുകറം]

കുറിപ്പുകറം

നിലയറ=നിലത്തുള്ള അറ. (നിലത്തിന്നു താഴെ കരിങ്കല്ലു കൊണ്ടു കെട്ടിയുണ്ടാക്കുന്ന അറ). ചമയം=അലങ്കാരം. പൂക്കച്ചെമാറാപ്പ്=പൂക്കച്ചെ കെട്ടിവെച്ചിരിക്കുന്ന ഭാണ്ഡം. പൂക്കച്ചെ=പൂവും കുറിയും ഇട്ടു നെയ്തിട്ടുള്ള കച്ച. കച്ച=അരയിൽ ചുററുന്ന ശീല. ഉറുമി=മടക്കാവുന്ന ഒരുതരം വാള്. പരിച=വെട്ടു തടുക്കാനുള്ള ഉപകരണം.

പടകാളിമുററം=പരദേവതയായ പടകാളിയുടെ മുററം അങ്കപ്പട്ട്=പോരാട്ടമ്പോറം ഉടുക്കാനുള്ള പട്ട്

പടകലി=യുദ്ധത്തിന്നുള്ള ആവേശം. തഞ്ചംപകരുക= സ്വഭാവം മാറുക. ക്കുന്തൽ=തൊങ്ങൽ, അഴക്=ഒരുതരം മുഴ.

ആനമുഖം, കുതിരമുഖം എന്നിവ കച്ചകെട്ടുന്നതിലുള്ള ഓരോ സമ്പ്രദായമാകുന്നു.

കോട്ടപ്പടി=ഒരുതരം മുകപ്പ്. പുത്തിടി=പുതുമഴയ്ക്കു വെട്ടുന്ന ഇടി.

ചോദ്യം :—

കോമൻെറ പടപ്പുറപ്പാടിനെ സ്വന്തം വാക്യങ്ങളിൽ വർണ്ണിക്കുക.

പാഠം 16

മിനിക്കോയ് - II

മിനിക്കോയിലെ ഒമ്പതു് അത്തിരികളുടേയും വകയായി ഓരോ ചുണ്ടൻവള്ളമുണ്ടു്. തടാകത്തിൽ മത്സരിച്ചു് ഓടിക്കാനും വിശിഷ്ടാതിഥികൾക്കു് അകമ്പടി സേവിക്കാനുമല്ലാതെ മീൻപിടിത്തത്തിന്നു് ഇവ ഉപയോഗിക്കാറില്ല. ഗവർണ്ണരുടെ വരവു പ്രമാണിച്ചു് നടത്തിയ വള്ളംകളിമത്സരത്തിൽ ആറു വള്ളങ്ങൾ പങ്കെടുത്തു. ഇതിൽ ജയിച്ച 'പളിശ്ശേരി'ക്കാരുടെ 'സ്റ്റാർ' എന്ന വള്ളം പണിയാൻ മുപ്പത്തീരായിരം ഉറുപ്പിക ചിലവായത്രെ. ഇവയുടെ പങ്കായങ്ങൾ ഒരു ദീർഘവൃത്തത്തിൻെറ പകുതി പോലെയാണു്. മഞ്ഞ, നീല, വെള്ള, വെള്ളയിൽ കറുപ്പ്, ചുവപ്പ് മുതലായ ചായങ്ങൾ പങ്കായങ്ങളിൽ

തേച്ചിരിക്കുന്നു. ഇവ ഉരുണ്ട തെങ്ങുകഴകളിൽവെച്ചു കെട്ടിയിരിക്കയാണ്. കൈതക്കയറുകൊണ്ട് ഈ കഴകൾ കുററികളോടുചേർത്തു കെട്ടുന്നു. തോണികളുടെ അകത്തും പുറത്തും അഴകുള്ള ചിത്രവേലകളുണ്ട്. തോണികൾ തടാകത്തിൽ ഒന്നരമൈലോളം പോയി തിരിഞ്ഞു മത്സരിച്ചോടിവന്നു. കരയിൽ മുട്ടി മുട്ടിയില്ലെന്നായപ്പോൾ തുഴക്കാർ ഒരുമിച്ചു ചാടിയിറങ്ങി തോണി പെട്ടന്നു നിർത്തി. "സ്റ്റാറിൽ" 43 ആളുകളുണ്ടായിരുന്നു; രണ്ടാമതു വന്നെത്തിയ "വിക്ടർ ഓഫ് ബാഡ" എന്ന ഓടിയിൽ 37 പേരും. ജയിച്ചവർക്കെല്ലാം ഓരോ ബനിയൻ സമ്മാനമായി നല്കി. തോററവർ തലയിലെ ഉറുമാലുകൾ അഴിച്ചു കളഞ്ഞു. അന്നും പിറേറന്നും അവർ തോണി തുഴഞ്ഞതു നഗ്നശീർഷരായിട്ടാണ്. തോണികളുടെ അമരത്തിൽ, ചെറിയ, തോണി കവിഞ്ഞുനില്ക്കുന്ന, ഒരു പ്ലാററ്ഫോം ഉണ്ട്. ചുക്കാൻെറ പിടി മലർത്തിവെച്ച ഒരരിവാളിൻെറ ആകൃതിയിലാണ്. "സ്റ്റാറിൽ" ചുക്കാൻെറ തണ്ടു വലിയൊരു നിലക്കണ്ണാടി തറച്ചു മനോഹരമാക്കിയിരിക്കുന്നു. തങ്ങൾക്കല്ല, തങ്ങളുടെ തോണിക്കാണ് സമ്മാനം നൽകേണ്ടിയിരുന്നതെന്നു് പളിശ്ശേരി അത്തിരിയുടെ മൂപ്പൻ എന്നോടു പറഞ്ഞു. വിജയം പ്രമാണിച്ച് രണ്ടായിരം രൂപകൂടി ആ തോണിക്കുവേണ്ടി ചിലവാക്കാനും അവർ ഉദ്ദേശിക്കുന്നുണ്ട്. തോണികളെപ്പററി അവർ പാട്ടുകളുണ്ടാക്കി പ്രചരിപ്പിക്കുമത്രെ.

മിനിക്കോയ്റേഡിയോവിലെ ശ്രീ പിച്ചുമണിയും ഒബ്സർവേററിയിലെ ശ്രീ രാജഗോപാലനുമൊരുമിച്ച് ഞാൻ രാത്രിയിൽ ഒമ്പതു് അത്തിരികളും ചുററിനടന്നു കണ്ടു. പുറത്തേയ്ക്കിറങ്ങുമ്പോൾ അവർ "വീടുകൾ പൂട്ടുക"യു

ണ്ടായില്ല. മിനിക്കോയിൽ ഇപ്പോഴും "അശോകസാമ്രാജ്യ" മാണ്. വാതിലുകൾക്ക പൂട്ടില്ല. പൂട്ടപോലെത്തന്നെ നമുക്ക് നിത്യപരിചയമുള്ള പലതും അവിടെ ഇല്ലായ്ക യുണ്ട്. അവിടെ പോലീസ്സുകാരില്ല, ചായക്കടകളില്ല. നിലം സർവ്വേ ചെയ്യിട്ടില്ലായ്കയാൽ സർവ്വേക്കല്ലുകളുമില്ല. ഏതാനും സൈക്കിളുകളൊഴികെ യാതൊരു വാഹനവുമില്ല. കക്കൂസ് ഒരു വീട്ടിലുമില്ല. എന്നാലും ദ്വീപിൽ വൃത്തി കേടില്ല. സ്ത്രീകൾക്കും പുരുഷന്മാക്കും വെവ്വേറെ പടുത്തു കെട്ടിയ കുളങ്ങളുണ്ട്. അവർ രണ്ടു നേരവും കുളിക്കുന്നു. കിണറുകൾ നന്നേ ചെറിയവയാണ്. സാധാരണമായി നാലടി ചതുരം. നാലോ അഞ്ചോ അടി ആഴത്തിൽ മണൽ നീക്കിയാൽ രണ്ടു മൂന്നിഞ്ചു കനത്തിൽ ഒരു ചുണ്ണാമ്പു പാറ കാണാം; അതു പൊട്ടിച്ചാൽ വെള്ളമായി. ദ്വീപിന്റെ നടുവിൽ കിട്ടുന്ന വെള്ളം കുടിക്കാൻ നന്ന്. വടക്കേ അററ ത്തുള്ള കുഷ്ഠരോഗക്കോളനിയിലും തെക്കേ അററത്തുള്ള ലൈററ് ഹൗസിലും മഴവെള്ളം സംഭരിച്ചുവെയ്ക്കാനേർപ്പാ ടുണ്ട്.

മിനിക്കോയിലെ ഭൂമിയിൽ കുറെ ഭാഗം വ്യക്തികളു ടേതാണ്. ഇവയ്ക്കു പാട്ടമോ നികുതിയോ കൊടുക്കേണ്ട. തെങ്ങാണ് കൃഷി. വെററില, വാഴ, മരച്ചീനി, മധുരക്കി ഴങ്ങ മുതലായ കൃഷികളും അപൂർവ്വമായി കാണാം. ആടു മാടുകളെ ഇവർ അപൂർവ്വമായേ വളത്തുന്നുള്ളു. പൂച്ചയ ല്ലാതെ വേറെ മൃഗങ്ങളൊന്നുമില്ല. എലികൾ വളരെയുണ്ട്. ഇവ തെങ്ങുകൾക്ക വലിയ നാശം വരുത്തുന്നുമുണ്ട്. തേങ്ങ വളരെ ചെറുതാണ്. ഇതു് കൊപ്രയാക്കി അവർ കയററി അയയ്ക്കുന്നു. മിനിക്കോയിക്കൊപ്ര പേരുകേട്ട

തത്രെ. 'തെക്കേ പണ്ടാര' മെന്നറിയപ്പെടുന്ന ഒരു ലക്ഷത്തിലേറേ തെങ്ങുകളുള്ള വലിയ തോട്ടം മിനിക്കോയ് നാട്ടുകാരുടെ പൊതുസ്വത്താണ്. ഇവിടെ ആൎക്കും തെങ്ങു നടാം. കായ്ച്ചു തുടങ്ങിയാൽ തെങ്ങൊന്നിന്നു രണ്ടണ വീതം സക്കാരിലേക്കു് പാട്ടം കൊടുക്കണം. മുമ്പേതന്നെ അവിടെയുള്ള തെങ്ങുകൾക്കു നാലണയാണ് പാട്ടം. ഈ പാട്ടവും മുമ്പു പറഞ്ഞ തലനികുതിയുമടക്കം 1951-ൽ മിനിക്കോയിൽനിന്നുള്ള റവന്യൂ 3,230 ക.യായിരുന്നുവത്രെ.

തെക്കേ പണ്ടാരത്തിൻെറ അടിമുഴവൻ കൈതക്കാടാണ്. തെങ്ങുകൾ പടുമുളയായുണ്ടായവയെന്നാണ് തോന്നുക. യാതൊരു ശുശ്രൂഷയും അവയ്ക്കു നൽകുന്നില്ല. ഇവിടെ തേങ്ങ കയറിപ്പറിക്കാറുമില്ല. നിലത്തു വീഴുന്നതു മൂന്നു മാസത്തിലൊരിക്കൽ ശേഖരിച്ചു പങ്കിടുകയാണത്രേ പതിവ്. ഇത്തവണ ഗവർണ്ണരുടെ സന്ദർശനം പ്രമാണിച്ച് അവിടെയെത്തിയിരുന്ന ചില പോലീസുകാർ വീണു കിടന്ന ഏതാനും തേങ്ങയെടുത്തതിന്നു് ദ്വീപുകാർ മേലധികാരത്തിൽ ആവലാതി ബോധിപ്പിക്കുകയുണ്ടായി. തേങ്ങയുടെ വിലകൊടുക്കാമെന്നു പറഞ്ഞു വഴക്കൊതുങ്ങിയുള്ളൂ.

അമ്പതു ടൺവീതം കയററാവുന്ന മൂന്നു ഓടങ്ങൾ മിനിക്കോയിലുണ്ടു്. ഈ ഓടങ്ങൾ കണ്ണൂരിന്നും മിനിക്കോയിയ്ക്കുമിടയിൽ ഓടുന്നവയാണ്. കാററും ഒഴുക്കും അനുകൂലമാകയാൽ, കണ്ണൂരാണ് ഇവർ സാധാരണ അടുക്കുന്നതു്. ഇവയ്ക്കു പുറമേ നൂറും നൂററിപ്പത്തുണ്ടും ടൺ കയററാവുന്ന മൂന്നു പായ്ക്കപ്പലുകളും അവിടെയുണ്ടു്. ഇവയൊ

ലൊന്നായ "ലോജോടി" അഥവാ "മഹബൂത്ത് ബണ്ടോടി" മിനിക്കോയിക്കാരുടെ മറെറാരു പൊതുസ്വത്താണ്. മിനിക്കോയിൽ ജനിക്കുന്ന ഓരോ കുട്ടിയും ഈ കപ്പലിന്റേയും "തെക്കേ പണ്ടാര"ത്തിന്റേയും ഉടമയാണു്. ഈ കപ്പലുകൾ പോർബന്തർ മുതൽ ബർമ്മവരെ ഇന്ത്യൻ കടൽത്തീരത്തു ഗതാഗതം നടത്തുന്നു.

പണ്ടാരത്തിൽ തേങ്ങ കയറിപ്പറിക്കായ്കയാൽ പച്ചച്ചകിരി വേണ്ടത്ര കിട്ടാനില്ല. അതു നിമിത്തം കയർ നിർമ്മാണം—ദ്വീപിലെ ഏക കുടിൽവ്യവസായം—വളരെ മോശനിലയിലാണ്. മീൻ പിടിക്കാൻ കഴിയാത്ത വർഷകാലത്തേ അവർ സാധാരണമായി കയർ പിരിക്കു. തെങ്ങിൻതോപ്പുകളിൽ കുഴിച്ച ചെറുകുളങ്ങളിലാണവർ ചകരി ചീയ്ക്കുന്നതു്. ഈ കുളങ്ങളിൽ പെറുപെരുകുന്ന ചെറിയൊരുതരം കൊതുക് ഇവിടത്തെ ഏററവും വലിയ ബാധയാണ്. ഇതുനിമിത്തം കൊതുകുവലയില്ലാതെ ഉറങ്ങുക അസാദ്ധ്യമാകുന്നു.

മാസ്മത്സ്യം പിടിക്കലാണ് മിനിക്കോയ്ക്കാരുടെ മുഖ്യതൊഴിൽ. ഞണ്ടുകളേയും മററും പിടിച്ചരച്ചു് തടാകത്തിൽ കലക്കി, അവിടെ വലയിട്ടു് ഇവർ ചെറുമത്സ്യങ്ങളെ പിടിക്കുന്നു. തോണിയിൽ ഒരറയുണ്ടാക്കി അതിൽ ഒരു തുളയിലൂടെ കടൽവെള്ളം കടത്തി ഇവയെ ജീവനോടെ സംഭരിക്കുന്നു. തോണിയുടെ അമരത്തിൽ ഒരു പ്ലാററ്ഫോമുണ്ടായിരിക്കും. പുറങ്കടലിൽ എത്തിയ ഈ തോണി മാസ്മത്സ്യക്കൂട്ടങ്ങളെ തിരഞ്ഞു നടക്കുന്നു. പെട്ടെന്നു് ഒരു വലിയ കൂട്ടം കാഴ്ചയിൽപ്പെടുന്നു. ജീവനുള്ള ചെറുമത്സ്യങ്ങളെ ഉടനെ പുറത്തേയ്ക്കെറിയുകയായി.

മാസ്മത്സ്യക്കൂട്ടം ഇവയെ പിടിക്കാനെത്തുവരുന്നു. തോണിയുടെ പ്ലാററഫോമിൽ നില്ക്കുന്നവർ, ജർമ്മൻവെള്ളി വളച്ചു ഉടക്കില്ലാതെ നിർമ്മിച്ചതും ഇരകോർക്കാത്തതുമായ ചൂണ്ടൽ മത്സ്യക്കൂട്ടത്തിലേയ്ക്കിടുന്നു. ചൂണ്ടൽ വെട്ടിച്ചും, അതിൽ വെള്ളം മുക്കിയൊഴിച്ചും ഇരിക്കുന്നതിനാൽ, അതുമൊരു മത്സ്യമാണെന്നു കരുതി മാസ്മത്സ്യങ്ങൾ അടുത്തുവരുന്നു. ഒരു വലി, ഒരു വെട്ടിക്കൽ——ഒരു മത്സ്യം തോണിയിലും ചൂണ്ടൽ തിരിയെ കടലിലുമായി. രണ്ടോ മൂന്നോ മിനിട്ടിനിടയ്ക്ക്, മത്സ്യക്കൂട്ടം നീന്തിയകലുമ്പോഴേയ്ക്ക്, വിദഗ്ദ്ധനായൊരു മീൻപിടിത്തക്കാരൻ അനേകം മത്സ്യങ്ങൾ വാരി തോണിനിറച്ചിരിക്കും. കരയിലെത്തിയാൽ ഈ മത്സ്യം പങ്കിട്ടെടുക്കുന്നു. പല "അവകാശ"ങ്ങളും പറഞ്ഞു ദ്വീപിലെ മിക്ക ആളുകളും ഇതിൽ പങ്കു പററും. മത്സ്യം കീറി, തലയും കുടലും കളഞ്ഞു്, നാലാക്കി കടൽവെള്ളത്തിൽ വേവിച്ചുണക്കുന്നു. ഇതാണ് മിനിക്കോയിക്കാരുടെ മുഖ്യഭക്ഷണം. ഇതു കയററി അയയ്ക്കുന്നുമുണ്ട്. റാത്തലിന്നു് നാലണയാണിന്നത്തെ നിലവാരം. മീൻ വേവിച്ചെടുത്തശേഷം ബാക്കിവരുന്ന കുഴമ്പാണ് "റിഹാക്കുറ". പല കറികളിലും സ്വാദിനുവേണ്ടി ഈ വിശിഷ്ട ദ്രവ്യം ചേർക്കാറുണ്ട്. മാസ്മത്സ്യം കിട്ടുന്ന കാലത്തു് മിനിക്കോയിക്കാർ സമ്പന്നരാണ്. എന്നാൽ, ചില മാസങ്ങളിൽ മത്സ്യം തീരെ കിട്ടിയില്ലെന്നുംവരും.

അതിപ്രാകൃതമായൊരു സാമൂഹ്യവ്യവസ്ഥയാണു മിനിക്കോയിക്കാരുടേതു്. ഓരോ അത്തിരിയും ഓരോ മൂപ്പന്റെ കീഴിലാണ്. മൂപ്പൻ പറഞ്ഞാൽ അവർ എന്തും ചെയ്യും. കണിശമായ അച്ചടക്കം അവർക്കുണ്ട്. ഓരോ

അത്തിരിയിലേയും സ്ത്രീകൾക്കുമുണ്ടൊരു മൂപ്പത്തി—ബൊഡു ഭാത്ത. മോഷണക്കുററത്തിന്നു് അത്തിരികൾ അടിച്ചുവാര ലാണു് ശിക്ഷ. വ്യഭിചാരത്തിന്നു് അവർ നൂററൊന്നടി നൽകുന്നു. മിനിക്കോയിയിലെ ഏററവും പഴയ ജുമ്മാപ്പള്ളി യുടെ പിൻവശത്തുള്ള തുറന്നൊരു സ്ഥലത്തുവെച്ചാണു് വ്യഭിചാരവിചാരണ. വിചാരണയിൽ സ്ത്രീകൾ സത്യം പറയാതിരുന്നിട്ടില്ല. പന്നീടാണു് അടിശിക്ഷ. സ്ത്രീ ഗർഭിണിയെങ്കിൽ പ്രസവശേഷമേ ശിക്ഷ അനുഭവിക്കേണ്ടൂ. ഒരു ഭാഗത്തു് തോൽവാറ കെട്ടിയ, ഏകദേശം രണ്ടടി നീളമുള്ള, ചൂരൽകൊണ്ടാണു് അടി. ഈ "അള്ളാവിന്റെ നിയമം" നടപ്പിൽ വരുത്തുന്ന കിഴവനേയും ഞാൻ കണ്ടു. അടിച്ചാൽ ചോര പൊടിയില്ല; നല്ലപോലെ വേദനിക്കും. അടിക്കുശേഷം കുററക്കാരെ മൂന്നുദിവസം പ്രദർശിപ്പിക്കുന്ന, കന്നാലിപ്പൌണ്ടുപോലുള്ള, പൊതു കെട്ടിടവും ഞാൻ പോയിനോക്കി. അവിടെ എല്ലാവരും കുററക്കാരെ വന്നുനോക്കി പരിഹസിക്കുന്നു. 'ബാഡു' അ ത്തിരിയിൽമാത്രം ഈ പൊതുപ്രദർശനമില്ല. പകരം അടികൊണ്ട കുററക്കാരെ ഒരുകൊല്ലക്കാലത്തേയ്ക്കു് എല്ലാ പൊതുക്കാര്യങ്ങളിൽനിന്നും അകററി നിർത്തുന്നു. ഇങ്ങനെ തല്ലുകൊണ്ടവർ മാനിക്ക്ഫാൻ ജാതിയിൽ ചുരുക്കമാണു് തക്കു, റാവേരി എന്നീ ജാതികളിൽ തല്ലുകൊള്ളാത്തവരും ചുരുക്കമത്രെ. തല്ലിന്നു വിധിക്കപ്പെട്ടശേഷം ആ ശിക്ഷ സ്വീകരിക്കാൻ വിസമ്മതിച്ചവരുടെ പേരിൽ ആമീൻ മലബാർ കലക്ടരുടെ മുമ്പിൽ കേസ്സുകൊണ്ടുവരുന്നു. ഇത്തരം ചില കേസ്സുകൾ ഇപ്പോൾ നിലവിലുണ്ടു്.

മിനിക്കോയിനിവാസികൾ ഗവർണ്ണർക്കു് കൊടുത്ത സ്വീകരണം മനോഹരമായിരുന്നു. മൂന്നു നൃത്തസംഘങ്ങൾ

ചെണ്ടകൊട്ടി നൃത്തം ചെയ്യു. പട്ടുകാലുറ, അതിന്നുമീതെ പുടവ, അരയിൽ കോന്തലയിട്ടു കെട്ടിയ പട്ട്, അതിൻ മീതെ തൊങ്ങലുകളും വെള്ളിയാഭരണങ്ങളും, തലയിൽ ഓരോ സംഘത്തിന്നും വ്യത്യസ്തമായ തൊപ്പിയും കെട്ടും— ഇതായിരുന്നു വേഷം. പുരുഷന്മാരും സ്ത്രീകളും മഷിതേച്ച് കൂട്ടുപുരികമെഴുതി ഭംഗിയാക്കിയിരുന്നു. നൃത്തത്തിന്നുശേഷം ദ്വീപിലെ സ്ത്രീകൾ ഭംഗിയുള്ള ചെല്ലങ്ങളിൽ താംബൂലം, അത്തർ, പനിനീർ, മുട്ടപ്പലഹാരം, ജീവനുള്ള കോഴി എന്നീ കാഴ്ചദ്രവ്യങ്ങളുമേന്തി ഒരു വരിയായി വന്നു. ഗവർണ്ണർക്ക് ഇവരുടെ ഉപചാരം സ്വീകരിക്കാൻ അരമണിക്കൂറിലധികം സമയം വേണ്ടിവന്നു.

പിറ്റേന്നു് മിനിക്കോയ്ദീപസ്തംഭവും ഞങ്ങൾ കാണുകയുണ്ടായി. പവിഴപ്പാറകളിൽത്തട്ടി പല കപ്പലുകളും ഉടഞ്ഞശേഷം—ഇവയിൽ ചിലതിന്റെ അസ്ഥികൂടങ്ങൾ ഇപ്പോഴും മിനിക്കോയ്ക്കടലിൽ കാണാം—ആണു് ഈ അന്താരാഷ്ട്രീയവ്യാപാരമാർഗ്ഗത്തിലൊരു ദീപസ്തംഭമുണ്ടാക്കിയതു്. 159 അടി പൊക്കവും 214 പടികളുമുള്ള ഇതു് 1883–ൽ പവിഴപ്പാറക്കഷണങ്ങൾകൊണ്ടു നിർമ്മിച്ചു. ഇപ്പോഴും ഇതു് ബ്രിട്ടീഷ് ബോർഡ് ഓഫ് ട്രെയിഡിന്റെ കീഴിലാണു്. പിന്നീടു് ഇതു് ഇന്ത്യാഗവർമ്മേണ്ടു് ഏറ്റെടുത്തു. സിലോൺകാരാണു് ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർ. ഗവർണ്ണർ സന്ദർശിക്കുമ്പോൾ ഇതിന്മേൽ യൂണിയൻ ജാക്കാണു് പാറിപ്പറന്നിരുന്നതു്. ഇതിന്റെ മുകളിൽ നിന്നു നോക്കിയപ്പോൾ മിനിക്കോയ്ത്തടാകം പെട്ടോൾ പരന്നപോലെ പല വർണ്ണങ്ങളിൽ വെട്ടിത്തിളങ്ങിയിരുന്നു.

മിനിക്കോയ് മലബാർജില്ലയുടെ ഒരു ഭാഗമായിട്ട് എത്രയോ വഷമായി. എന്നിട്ടും ഈ ദ്വീപിനെപ്പറ്റി മലബാറിൽ വളരെക്കുറച്ചേ അറിവുള്ളു. അവരുടെ ഭാഷ, വിചിത്രങ്ങളായ ആചാരങ്ങൾ, നടപടികൾ, കലകൾ മുതലായവയെപ്പററി വിസ്തരിച്ചു പഠിക്കേണ്ടതുണ്ട്. പരിഷ്കാരത്തിൻെറ പുരോഗതിയിൽ വളരെയധികം പിന്നിൽപ്പെട്ടുപോയ ഈ സരളശീലന്മാരെ ഉയത്തി അഭിവൃദ്ധിപ്പെടുത്തേണ്ടതും നമ്മുടെ കടമയാകുന്നു. ഒരു പോസ്റ്റാഫീസ്സോ, ഒരദ്ധ്യാപകനോ ഇല്ലെന്നു പറഞ്ഞാൽ മിനിക്കോയിയുടെ ചിത്രം പൂത്തിയായി. ഇത്ര മനോഹരമായ ഒരു സ്ഥലവും ഇത്രയും ഉദാരരും സത്യസന്ധരുമായ ജനങ്ങളും ലോകത്തിൽ മറെറവിടെയെങ്കിലുമുണ്ടോ എന്നു സംശയമാണ്; മലബാർജില്ലയിൽ ഇല്ലതന്നെ. നമ്മുടെ സാമൂഹ്യശാസ്ത്ര വിദ്യാത്ഥികളുടേയും സമുദായസേവകന്മാരുടേയും ഭരണാധികാരികളുടേയും സംയുക്തശ്രദ്ധ ഈ അത്ഭുതദ്വീപിലേയ്ക്ക് പതിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

—എൻ. വി. കൃഷ്ണവാരിയർ.

കുറിപ്പുകൾ

ചോദ്യങ്ങൾ:—

1. മിനിക്കോയ്നിവാസികളുടെ പ്രധാനമായ തൊഴിലെന്തു്?
2. അവരുടെ സാമൂഹ്യവ്യവസ്ഥ അതിപ്രാകൃതമാണെന്നു പറയാൻ കാരണമെന്തു്?

വ്യാകരണം :—

പ്രകൃതിയും പ്രത്യയവും:— അർത്ഥഹീനമായ വർണ്ണങ്ങൾ ചേർന്ന് അർത്ഥയുക്തമായ ശബ്ദമാകുന്നതാണ് പ്രകൃതി.

ഉദാ:

മ് + അ + ല് + അ = മല.

പ്രകൃതികളെ പദങ്ങളായി ഭാഷയിൽ പ്രയോഗിക്കാവുന്നതാണ്.

പ്രകൃതിയുടേയും ധാതുവിന്റേയും രൂപത്തിൽ മാററം വരുത്തുവാൻ ചേർക്കുന്ന ശബ്ദമാണ് പ്രത്യയം.

ഉദാ:

താമര + ഉടെ = താമരയുടെ. ഇതിൽ ഉടെ എന്നതു് പ്രത്യയം. അതു് പ്രകൃതിയായ 'താമര'യോടു ചേർത്തിരിക്കുന്നു.

പോ + ഉന്നു = പോവുന്നു. പോ + ഉം = പോവും. എന്നിവയിൽ 'പോ' എന്ന ധാതുവിനോട് ഉന്നു, ഉം, എന്നീ പ്രത്യയങ്ങൾ ചേർത്തിട്ടുണ്ട്. ഇതുപോലെ മല + കൾ = 'മലകൾ'; മല + ഉടെ = 'മലയുടെ'; വാഴ് + ഉം = 'വാഴും'; തൊഴ + തു = 'തൊഴുതു' എന്നിങ്ങനെ പദങ്ങൾ ഉണ്ടാകുന്നു.

പ്രകൃതിയുടേയും പ്രത്യയത്തിന്റേയും ഇടയ്ക്കു ചേർക്കുന്ന ശബ്ദം 'ഇടനില'.

ഉദാ:

നാട് + ഇൻ + കൽ എന്നതിൽ ഇൻ എന്ന ഇടനില ചേർത്തു് 'നാടിങ്കൽ' എന്ന രൂപം.

പാഠം 17

കൃഷിക്കാരന്റെ വീട്

[അകൃത്രിമസുന്ദരമായ ഒരു കവിതയാണ് ശ്രീ. കുററിപ്പുറത്തു കേശവൻ നായരുടെ 'ഗ്രാമീണകന്യക'. അതിൽ ചിത്രീകരിച്ചിട്ടുള്ള ഒരു നാട്ടിലെ 'വീട്' ഇതാ നിങ്ങളുടെ മുന്നിൽ.]

മാവും പിലാവും പുളിയും കരിമ്പും
തെങ്ങും ഫലം തിങ്ങുമിളം കവുങ്ങും
നിറഞ്ഞഹോ ! സസ്യലതാഢ്യമായ
വീടൊന്നിതാ, മുന്നിൽ വിളങ്ങിടുന്നു. 1

കടിഞ്ഞിൽ കാച്ചീടിന കയ്യുവള്ളി
കിടന്നിടും വേലികളാൽ മറഞ്ഞും
നേത്രാഭിരാമം ഗൃഹമോല മേഞ്ഞും
വൃക്ഷച്ഛദച്ഛായയിൽ നിന്നിടുന്നു. 2

നോക്കുന്നിടത്തൊക്കെയുമുണ്ടു കായ്കൾ
മൂത്തും പഴുത്തും കദളീകദംബം;
അതിൻ നടുക്കിച്ചെറുതായ വീടു
കണ്ണിന്നനായാസസുഖം തരുന്നു. 3

മുററത്തൊരററത്തൊരു പൂവെരിഞ്ഞി
മുററിത്തഴച്ചങ്ങനെ നിന്നിടുന്നു;
അധ്യാത്മചിന്താപരനായ് ഗൃഹസ്ഥ—
നന്തിക്കതിൻ ചോട്ടിലിരിപ്പുതുണ്ടാം 4

പാല്പാത്രവുംകൊണ്ടു പുറത്തുപററി–
ശ്ശാഠ്യം പിടിക്കുന്ന കിടാവുതന്നെ
ഇടയ്ക്കു ശാസിച്ചു ഗൃഹേശിയോരോ
പശുക്കളെപ്പേർത്തു കറന്നിടുന്നു. 5

തോട്ടത്തിലിപ്പോൾ ഗൃഹസാർവ്വഭൌമ–
നതാതു സസ്യങ്ങളെയങ്ങുമിങ്ങും
ഗംഭീരമായൊരു വിലോകനത്താൽ
സംഭാവനം ചെയ്തു നടന്നിടുന്നു. 6

നീണ്ടുള്ള കൈ, നീരുജലോഹകായ,–
മുദ്ഗാഢമായുദ്ധതമായ നോട്ടം,
അത്യന്തസാധാരണമായ വേഷ–
മഹോ ! ഗൃഹസ്ഥൻ ബഹുധീരശാന്തൻ ! 7

പുറം കഠോരം പരിശുഷ്കമൊട്ടു–
ക്കുള്ളോ മൃദുസ്വാദുരസാന്വിതം ;
നാടൻ കൃഷിക്കാരൊരു നാളികേര–
പാകത്തിലാണിങ്ങനെ മിക്കപേരും. 8

ഗ്രാമീണകന്യക] —കുററിപ്പുറത്തു കേശവൻ നായർ

കുറിപ്പുകൾ

സ്യലതാഢ്യം=സസ്യങ്ങളും ലതകളും നിറഞ്ഞ. വൃക്ഷച്ഛദച്ഛായ=വൃക്ഷങ്ങളിലെ ഇലകളുടെ തണൽ. കദളീകദംബം=വാഴക്കൂട്ടം. അധ്യാത്മചിന്താപരൻ=ആത്മാവിനെക്കുറിച്ചുള്ള ചിന്തയിൽ മുഴുകിയവൻ. ഗൃഹേശി=ഗൃഹനാഥ. ഗൃഹസാർവ്വഭൌമൻ=വീടിൻെറ ചക്രവർത്തി (ഗൃഹനാഥൻ). സംഭാവനം ചെയ്യുക=ബഹുമാനിക്കുക. നീരുജലോഹകായം=ആരോഗ്യമുള്ള,

ജരുമ്പുപോലുള്ള, ശരീരം. അനുവിദ്ധം=കൂടി ച്ചേൎന്നു.

അഭ്യാസം :—

1. ഉൾനാട്ടിലെ വീടിന്റെ ഭംഗി സ്വന്തം വാക്കുകളിൽ വൎണ്ണിക്കുക.
2. "നാടൻ കൃഷിക്കാരൊരു നാളികേര-
പാകത്തിലാണിങ്ങനെ മിക്കപേരും"—ആശയം വിശദമാക്കുക :—
3. വിഗ്രഹിച്ചു് അൎത്ഥം പറയുക.

(i) സസ്യലതാഢ്യം, (ii) വൃക്ഷച്ഛദച്ഛായ, (iii) അധ്യാത്മചിന്താപരൻ, (iv) നീരുജലോഹകായം.

പാഠം 18

പേരു്

ക്ഷീരസാഗരൻനായരു് എന്നു പേരു്, വീട്ടിൽ ഊണിനു മോരുവെള്ളംകൂടിയില്ല. അയാളുടെ സഹോദരി സുഭാഷിണി, പക്ഷേ ജനിച്ചശേഷം മിണ്ടിയിട്ടില്ല. ഇങ്ങനെ എത്രയെത്ര സങ്കടക്കാരാണു് നമ്മുടെ നാട്ടിൽ! സുശീലയെന്നാണു് എല്ലാവരും വിളിക്കുന്നതു്, മുഴുവൻ ദുശ്ശീലം; പോരെങ്കിൽ ഒരു നല്ല 'ശീല'കൂടിയില്ല. ഒരൊററ ചക്രത്തിനു വകയില്ലെങ്കിലും ചക്രവൎത്തിയെന്നാണു് നാമധേയം. പല്ലി

നള്ള തരക്കേടുകൊണ്ടു് സുഹാസിനിക്ക ചിരിക്കാൻ നിവൃത്തിയില്ല. കാപ്പിരിയിനത്തിൽ പെട്ടവരായതുകൊണ്ടു് തങ്കത്തിനും രത്നത്തിനും സവൎണ്ണകമാരിക്കും പേർ പറയാൻ മടി.

ഇതിനെല്ലാം അച്ഛനമ്മമാരല്ലേ കുററക്കാർ ? അല്ല. ഓരോ കുട്ടിയുടെ പേരും വെറും പേരുമാത്രമല്ല. മാതാപിതാക്കന്മാരുടെ ആശയും ആദൎശവും ശുഭാപ്തിവിശ്വാസവും ശിശുക്കളിലെന്നപോലെ അവരുടെ പേരിലും മൊട്ടിട്ടു നില്ക്കുകയാണു്. 'ഈശ്വരാ, ഇതു നന്നായി വരണേ!' എന്നൊരു പ്രാൎത്ഥനയാണു് ഓരോ പേരും. കുരുത്തംകെട്ടവൻ, മണ്ടഗണേശൻ, കറമ്പിക്കാളി, ശകുനി, ശൂർപ്പണഖ എന്നൊക്കെ ഒരു രസികൻ മക്കൾക്ക പേരിട്ടെന്നു വിചാരിക്ക. നാമെന്തു പറയും ? ആ കുട്ടികളെന്തു പറയും ? ആ രസികൻ പച്ചവെള്ളം പോലും കിട്ടാതെ മരിക്കും. അയാളുടെ കുട്ടികൾ ഏകദേശം ഒരുപോലെയൊക്കെയാകുകയും ചെയ്യും.

പേരിലെന്തിരിക്കുന്നു ? മാമ്പഴത്തിനു കാഞ്ഞിരക്കായയെന്നു പേരിട്ടാലും മധുരിക്കുകയില്ലേ എന്നു ചോദിക്കുന്നവരുണ്ടു്. പക്ഷേ, മധുരം അറിയുന്നതു കടിച്ചുനോക്കുമ്പോഴല്ലേ ? വാസം കൂടുതൽ കൂടുതൽ അടുത്താകുംതോറും ജീവിതം കൂടുതൽ കൂടുതൽ അകന്നുവരുന്ന ഇക്കാലത്തു് എത്രയാളുകളെ മണപ്പിക്കാനും കടിക്കാനും മററും നമുക്ക കിട്ടും? അധികമാളുകളുടേയും പേരു മാത്രമേ നാം അറിയുന്നുള്ളു. അതെങ്കിലും നന്നായിരിക്കട്ടെ. ഒരു കാൎയ്യംകൂടി : കുട്ടികളുടെ സ്വഭാവവും മററും വ്യക്തമാകുന്നതുവരെ നാമകരണത്തിനു് കാത്തിരിക്കാൻ സാധിക്കുമോ ? കാത്തിരുന്നാൽത്തന്നെ സ്വഭാവം മാറുന്തോറും പേരും മാറേണ്ടിവരികയില്ലേ ?

പേരിടൽ എല്ലാംകൊണ്ടും അപകടം പിടിച്ച ഒരു തൊഴിലായിത്തീർന്നിരിക്കുന്നു. പേരിനു പുതുമവേണം, എന്നാൽ അത്രയധികം പുതിയതു് ആകരുതു്. നീളം വേണം; പക്ഷേ ഒടിച്ചാൽ വേണ്ട വിധത്തിൽ വേണ്ട ദിക്കിൽ ഒടിയുന്നതായിരിക്കണം. ആദ്യത്തെ കഷണത്തിനെങ്കിലും—അതാണല്ലോ ആളുകൾ ഉപയോഗിക്കുക—തരക്കേടില്ലാത്ത അർത്ഥംവേണം. കർമ്മചന്ദ്രൻ വെറും കർമ്മമാകുന്നതു കഷ്ടമല്ലേ? പുറമേ, വീട്ടിൽ വോട്ടിനിടുമ്പോൾ പേരിനു ഭൂരിപക്ഷം കിട്ടിയാൽമാത്രം പോര, ന്യൂനപക്ഷത്തിന്റെ ശക്തിയായ എതിർപ്പില്ലാതിരിക്കയും വേണം. അല്ലെങ്കിൽ കുട്ടിക്കു പേരു പലതാകും, അതിലൊന്നു മററുള്ളവയെ കാലക്രമത്തിൽ കീഴടക്കിയെന്നും വരാം, ഇല്ലെന്നും വരാം.

പണ്ടു് ഈ ദുർഘടമൊന്നുമില്ല. സന്ദലിയുടെ മകൻ ബപ്പി, ബപ്പിയുടെ മകൻ സന്ദലി, ഈ സന്ദലിയുടെ മകനും ബപ്പി. പേരിനു വല്ല അർത്ഥവുമുണ്ടോ എന്നു് ആരും അധികം ചിന്തിച്ചിരുന്നില്ല. പരമേശ്വരൻ, കൃഷ്ണൻ, ലക്ഷ്മി, പാർവ്വതി എന്നൊക്കെ പേരിട്ടാൽ, തലയിൽ ഗംഗപ്പെണ്ണു് ഒളിച്ചിരിക്കുന്നുണ്ടോ, വീട്ടിൽ പതിനാറായിരത്തെട്ടു പട്ടിണി കിടക്കുന്നതെങ്ങനെ സഹിക്കും, അങ്ങേരുടെ പൊക്കിൾക്കൊടിയിലുള്ള താമരപ്പൂവു് പറിച്ചുകളയാത്തതെന്തു്, നിന്റെ പിച്ചക്കാരൻ ഇപ്പോൾ എവിടെയാണു്, എന്നൊന്നും ആരും ചോദിക്കാറില്ല. അവ വെറും സംജ്ഞകൾ മാത്രം. പക്ഷേ, പേരു കുറച്ചും ആളുകൾ അധികവുമായതുമൂലം പേരുകൊണ്ടു് തിരിച്ചറിയാനും പ്രയാസം. തിരിച്ചറിയണമെങ്കിൽ കോന്ത്രമ്പല്ലി ലക്ഷ്മി, കൂനൻ പരമേശ്വരൻ, വെളുത്തേടൻ നാണു, കല്ലിലെ കാളി, മുള്ളിലെ

പാറ എന്നൊക്കെ വിശേഷണം ചേർക്കണം. വിശേഷണവും വിശേഷ്യവും തമ്മിൽ ചില യോജിപ്പെല്ലാം സംസ്കൃതത്തിലെപ്പോലെ മലയാളത്തിൽ വേണ്ടാത്തതു വലിയ സൗകര്യമായി. ഇന്നത്തെ പേർപെരുപ്പംകൊണ്ടുണ്ടായ ഒരുപകാരം മറക്കാവതല്ല. ശകാരപ്പേരുകളുടെ വർദ്ധനയെ അതു അത്രകണ്ടു തടഞ്ഞിരിക്കുന്നു.

പേരിന്റെ കാര്യത്തിൽ നമുക്കു വന്നുചേർന്നിട്ടുള്ള സംസ്കൃതപക്ഷപാതം ഇനി വിട്ടുപോകുമോ? കാവു്, പാപ്പി, കേളു, കോത, കുമ്മാരൻ, കുഞ്ചി, കുഞ്ചു, കോപ്പു മുതലായവരും "നിച്ചിരിയിച്ചിരി നെററിയണ്ണാച്ചിയും താച്ചിയും നേച്ചുയും ഇട്ടിച്ചിയച്ചിയും കുഞ്ഞിയും കുഞ്ഞോണ്ണും താലുവും മാലുവും", കേരളത്തിലേക്കു് ഇനി തിരിച്ചു വരിക സാദ്ധ്യമാണോ?

പരിഷ്കാരപ്പേരിനുള്ള നമ്മുടെ ഭ്രമം ഇനി നില്ക്കുകയില്ല. പുതിയ പേരുകൾ പരക്കുന്നതു് ഇന്നു് പകർച്ചവ്യാധിയേക്കാൾ വേഗത്തിലാണു്. ഒരു മഹാനുഭാവൻ എവിടെനിന്നോ ഒരു പുതിയ പേരുംകൊണ്ടു ഉൾനാട്ടിലെത്തുന്നു. തന്റെ ഏകസന്താനത്തിനു മാത്രമായി അതു കൊടുക്കുന്നു. അടുത്ത ദിവസംതന്നെ കേൾക്കാം അയൽവീട്ടിലെ കുട്ടിക്കും അതാണു് പേരെന്നു്. അവിടത്തെ കുട്ടിക്കു പേരിട്ടിട്ടു കൊല്ലം ഒന്നുകഴിഞ്ഞു. പക്ഷേ, പുതിയ പേരിനു് "പേററൻ്റ്" ഇല്ലല്ലോ. അതു് അവരും സ്വീകരിച്ചു. 'എം. എ.' പാസ്സായ 'പച്ചപ്പരിഷ്കാരി' യാണു് അതിന്റെ അങ്ങേലത്തെ കുടുംബിനി. അവർ കാണാത്ത ഊരും പേരും പെരുമയുമില്ല. പക്ഷേ, അവർക്കും വേണം കുട്ടിക്കിടാൻ ഈ പുതിയ പേരു്. ആറു മാസംകൊണ്ടു നാടുമുഴുവൻ 'വന്ന-

ജ്യോൽസ്ന'യായി. ഒരു വീട്ടിൽനിന്നു വിളിച്ചാൽ വിളി കേൾക്കുന്നതു മറ്റൊരു വീട്ടിൽനിന്നാണ്. ഒട്ടുക്കം മുറി മൂക്കി വന്നജ്യോൽസ്ന, വട്ടക്കണ്ണി വന്നജ്യോൽസ്ന, ചൊറിയ മ്പുഴ വന്നജ്യോൽസ്ന .... എന്നിങ്ങനെ തരം തിരിയലും തുടങ്ങി....ഒരു ഗുണമുണ്ട്, ഈ വ്യാധി വന്നപോലെ തന്നെ പോവുകയും ചെയ്യും. പുതിയ പേരോ അതിൻെറ ഏതെങ്കിലും വകഭേദമോ ഒരു മാതിരി വീടുകളിലെല്ലാം പരന്നുകഴിഞ്ഞാൽ അതു യാത്രപറയുകയായി. ഇതു കുട്ടികളുടെ രോഗമായതുകൊണ്ടു പ്രായമായവൎക്കു പേടിക്കാനില്ല. എന്നാലൊ, ഈ രോഗം പിടിപെട്ടു പേരു മാററാൻ ഹൈക്കോടതിവരെ പോകുന്ന വയോവൃദ്ധന്മാരില്ലേ? ഉണ്ട്, അവരുമുണ്ട്. ✗

൮ പേരു കേട്ടാൽ ആണോ പെണ്ണോ വസ്തുവോ എന്നു തിരിച്ചറിയാൻ മലയാളത്തിൽ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ഇന്നു നമുക്ക് ആ അഭിമാനത്തിനും വഴിയില്ലാതായി. 'സത്യം' ഇപ്പോൾ ആണാണ്. ചിലപ്പോൾ പെണ്ണുമാണ്. 'പത്മ' ഇപ്പോൾ ആണായിരിക്കുന്നു. 'രത്ന'ത്തെ മൂന്നുവൎഗ്ഗത്തിലും കാണാം. ഭാഷ അഭിവൃദ്ധി പ്രാപിച്ചുവരുന്നുവെന്നു നമുക്കു നിസ്സംശയം പറയരുതോ?

൯ പേരിനു നീളം കൂടുംതോറും പേരുകാരൻെറ യോഗ്യതയും വൎദ്ധിക്കുമെന്ന സിദ്ധാന്തം നവീനമല്ല. പേരു കേൾക്കുമ്പോൾതന്നെ ശത്രുരാജാക്കന്മാർ വിറയ്ക്കണമെന്നായിരുന്നു പണ്ടത്തെ രാജാക്കന്മാരുടെ മതം. തൻെറ രാജാവിൻെറ നാമം ഉച്ചരിക്കുന്ന ദൂതനും അതു കേട്ടുനില്ക്കുന്ന മറുപുറത്തോനും ഒരേ സമയത്ത് ശ്വാസം മുട്ടുകയാണ് പതിവ്. നാമപാരായണം കഴിഞ്ഞു് യഥാൎത്ഥവൈകല്യത്തിലെത്തു

മ്പോഴേയ്ക്കും ബഹുമാനം കുറഞ്ഞവക്ക് ഒന്നുരണ്ടുറക്കം കഴിക്കാം. ഒരു ഗാഢനിദ്ര കഴിഞ്ഞു ചെവി തുറക്കുമ്പോൾ 'ചോളമണ്ഡലകുന്ദബാണൻ, കുണ്ടാമണ്ടികണ്ടൻ—' എന്നു കേൾക്കാം. 'ആ, അത്രയേ ആയുള്ളോ, എന്നു സമാധാനിച്ചു പിന്നെയും ഉറങ്ങാം.... പക്ഷേ എത്ര വലിയ രാജാവാണെങ്കിലും വേണ്ടില്ല, ഒപ്പ് 'ഷ്പ്രർ' എന്നോ 'ഷ്ടർ' എന്നോമറ്റോ ആയിരിക്കും. അക്ബർ ചക്രവർത്തിക്കുകൂടി എഴുത്തറിഞ്ഞിരുന്നില്ല, എന്നു ഓർക്കണം. അന്നു രാജ്യഭരണം വാളുകൊണ്ടും വായകൊണ്ടുമായിരുന്നു. ഇന്നല്ലേ അതു് പേനക്കുന്തത്തിന്റെ പ്രവൃത്തിയായതു്? തിരുവിതാംകൂർരാജാവിനു ജനിച്ചാൽ പേരായി. ശ്രീമൂലം തിരുനാൾ, അശ്വതി തിരുനാൾ, അങ്ങനെ. കൊച്ചിരാജാക്കന്മാർക്കു മരിച്ചാലേ പേരാവൂ. ചൊവ്വര തീപ്പെട്ട തമ്പുരാൻ, മദിരാശിയിൽ തീപ്പെട്ട തമ്പുരാൻ, എന്നിങ്ങനെ. ആളുടെ പേരും പെരുമയുമൊക്കെ മരണശേഷമാണു് നിർണ്ണയിക്കേണ്ടതു് എന്ന വെപ്പു് അത്ര പരിഹാസ്യമല്ലതാനും.

കാലത്തിനനുസരിച്ചു് കോലം പരിഷ്കരിക്കുന്നതുപോലെ പേരും പരിഷ്കരിക്കാറുണ്ടു്. സംസ്കൃതാധിപത്യകാലത്തു് നാടൻ "കോമര്" കുമാരനായി; മുഗളസാമ്രാജ്യകാലത്തു് അയാൾ "കമ്മർ" ആയി; ഇംഗ്ലീഷുകാർ വന്നപ്പോൾ പുള്ളി "കെ. ഉമർ" ആയി; സ്വാതന്ത്ര്യപ്രസ്ഥാനവും, ദ്രാവിഡസ്ഥാൻവാദവും ആവിർഭവിച്ചപ്പോൾ "കുമാരൻ" വഴി തിരിയെ ഈ മിടുമിടുക്കൻ "കോമര്" തന്നെയായി. അവസരസേവകത്വത്തിൽ പേരിനെ തോല്പിക്കാൻ ഒരു വിഭീഷണനും സാധിക്കുകയില്ല. ആ ചിരഞ്ജീവി വെറും അവസരവാദിയാണെന്നു സമർത്ഥിച്ചുകഴിഞ്ഞുവെന്നല്ലേ വെച്ചിരിക്കുന്നതു്?

പേരിന്റേയും പേരിടലിന്റേയും ഭാവിയെന്താണ്? എല്ലാ രംഗങ്ങളിലും പ്രവർത്തിക്കുന്ന വിപ്ലവമനഃസ്ഥിതി ഈ പഴമയെമാത്രം പിഴുതു കളയാതിരിക്കുമോ? വിശ്വസിക്കാൻ വയ്യ. വാസ്തവത്തിൽ നാമധേയലോകത്തിലും സമൂലപരിവർത്തനം തുടങ്ങിയിട്ട് കാലം കുറെയായില്ലേ? പോലീസിലും പട്ടാളത്തിലും പേരൊക്കെ നമ്പറുകളായി കഴിഞ്ഞിട്ട് വർഷങ്ങൾ പലതായല്ലോ. കോളേജിലും സ്കൂളിലും ആശുപത്രിയിലും എഴുത്തുകുത്തിലും ഇന്നു നമ്പറല്ലേ കാര്യം? ജനിക്കുന്നതും മരിക്കുന്നതും, ജയിക്കുന്നതും തോല്ക്കുന്നതും, പാതയിൽ ഓടുന്നതും ആകാശത്തു പറക്കുന്നതും, എല്ലാം ഇന്നു വെറും സംഖ്യകളാണല്ലോ. അധികം താമസിയാതെ പേരിടൽ എന്ന ഇന്നത്തെ പരിവർത്തനകർമ്മം വെറും നമ്പറിടലാകും. അതു് ഭരണകർത്താക്കന്മാരുടെ ജോലിയുമാകും. പേരു വരുത്തിവെയ്ക്കുന്ന അപകടങ്ങൾക്കു കണക്കില്ലെന്ന് നമുക്കെല്ലാമറിയാം. ഓരോ പേരിനുമുണ്ട് വികാരങ്ങളെ അകാരണമായി ഇളക്കിവിട്ടു നിഷ്പക്ഷതയേയും സമഭാവനയേയും നശിപ്പിക്കാനുള്ള ശക്തി. കുട്ടികളെല്ലാം നോട്ടുകളെപ്പോലെ, $\genfrac{}{}{0pt}{}{C}{47}$ 39592, $\genfrac{}{}{0pt}{}{A}{20}$ 01540, $\genfrac{}{}{0pt}{}{K}{113}$ 766197, $\genfrac{}{}{0pt}{}{G}{98}$ 813098 ഇങ്ങനെയായാൽ വാത്സല്യവും തജ്ജന്യമായ സ്വാസ്ഥ്യവും നിശ്ശേഷം ഇല്ലാതാകും. 501 നെ സ്നേഹിക്കാത്ത ശുദ്ധഹൃദയങ്ങളുണ്ടോ? നമ്പർ 13 അപ്, നമ്പർ 14 ഡൌൺ, ഇവയെപ്പററി ആവേശഭരിതരായി സംസാരിക്കാത്ത, പത്രാധിപക്ക് എഴുതാത്ത, ഒററ മലബാറുകാരനുണ്ടോ? സ്നേഹിക്കാതെയും ദ്വേഷിക്കാതെയും നമുക്കു വയ്യ. 18-ാം വാർഡും 19-ാം വാർഡും

തമ്മിൽ മത്സരത്തിന്നു വല്ല കുറവുമുണ്ടോ, രണ്ടും സംഖ്യക ളായിട്ടും ? നമ്പറുകൾ തമ്മിൽത്തന്നെ പുതിയ സമുദായ ലഹളകൾ നടക്കില്ലെന്നു് ആർക്കു തീർത്തു പറയാം ?

—പ്രൊഫസർ സി. ആർ. കേരളവർമ്മ, എം. എ.

കുറിപ്പുകൾ

വ്യാകരണം :—

ലിംഗം :—പ്രപഞ്ചത്തിലെ വസ്തുക്കളെ ചേതനം, അചേതനം എന്നു രണ്ടായി വിഭജിക്കാം. ജീവനുള്ളവ ചേതനങ്ങൾ; ജീവനില്ലാത്തവ അചേതനങ്ങൾ. ചേതനങ്ങളിൽ പുംസ്ത്വം കുറിക്കുന്നവ പുല്ലിംഗങ്ങൾ; സ്ത്രീത്വം കുറിക്കുന്നവ സ്ത്രീലിംഗങ്ങൾ. അചേതനങ്ങൾക്കു് സ്ത്രീപുരുഷഭേദമില്ലല്ലോ. അതിനാൽ അവ നപുംസകലിംഗങ്ങളാണു്. വിശേഷബുദ്ധിയില്ലാത്ത പക്ഷിമൃഗാദികളിലും ആ വ്യത്യാസം കാണാത്തതുകൊണ്ടു് അവയെക്കുറിക്കുന്ന നാമങ്ങളും നപുംസകലിംഗങ്ങളായി ഗണിച്ചുവരുന്നു.

പുല്ലിംഗം.—അവൻ, രാമൻ, സുന്ദരൻ.

സ്ത്രീലിംഗം.—അവൾ, നളിനി, സുന്ദരി.

നപുംസകലിംഗം.—അതു്, മരം, സുന്ദരം.

'അൻ' പുല്ലിംഗ പ്രത്യയം. 'അൾ', 'ഇ' എന്നിവ സ്ത്രീപ്രത്യയങ്ങൾ. 'അം', 'തു്' എന്നിവ നപുംസക പ്രത്യയങ്ങൾ.

അഭ്യാസം :—

താഴെ കൊടുത്തിട്ടുള്ള പദങ്ങളിലെ ലിംഗപ്രത്യയങ്ങൾ നിർദ്ദേശിക്കുക:—

1. ചെറുതു്, വലുതു്, കേമം, പാത്രം, തട്ടാൻ, പറയൻ, തമ്പുരാൻ.
2. മകൾ, മകൻ, പാൽക്കാരൻ, മിടുക്കത്തി, അലക്കുകാരി, തട്ടാത്തി, പറച്ചി, തമ്പുരാട്ടി.

പാഠം 19

ശംഖ്

(ഒന്നാം ഭാഗം)

ഹൈന്ദവമതാചാരങ്ങളിൽ സാരമായ സ്ഥാനമുള്ള ഒരു വസ്തുവാണ് ശംഖ്. എന്നുമുതലാണ് അതു നമ്മുടെ സാംസ്കാരികവും മതപരവുമായ ജീവിതത്തിൽ കയറിക്കൂടിയതെന്ന് ഇന്നും ഊഹിക്കാനേ ആവൂ. ആര്യന്മാർ കൊണ്ടുവന്നതല്ല അതെന്നു മാത്രമേ ഇന്നു തെളിഞ്ഞിട്ടുള്ളു. കിഴക്കൻ യൂറോപ്പിൽനിന്നും പടിഞ്ഞാറൻ ഏഷ്യയിൽനിന്നും വടക്കുപടിഞ്ഞാറൻ ചുരങ്ങളിൽക്കൂടി ഇന്ത്യയിലേക്കു കുടിയേറിപ്പാർത്ത ഈ കൃഷിക്കാർ സമുദ്രംപോലും കാണാത്തവരായിരുന്നു. പിന്നെയല്ലേ ശംഖിനേയോ അല്ലെങ്കിൽ അതിന്റെ "ഖും" എന്നു തുടങ്ങി "ഓംകാര"ത്തിൽ ചെന്നവസാനിക്കുന്ന നീണ്ട നാദത്തേയോ അറിയാൻ! പോത്തിൻ കൊമ്പോ മറ്റോ ആയിരുന്നു അവരുടെ കാഹളം. അവരുടെ കൃതികളിൽ വിവരിച്ചിട്ടുള്ള സംഗീതോപകരണങ്ങൾ ചെണ്ടയും കുഴലും പുല്ലാങ്കുഴലും മാത്രമാണ്.

പുരാതനദ്രാവിഡർ യക്ഷികളേയും പിശാചുക്കളേയും അകററാൻ ഉപയോഗിച്ചിരുന്ന ഒരു വസ്തുവായിരിക്കണം ശംഖ്. ഏറെക്കുറെ അവരുടെ ഏതെങ്കിലും ഒരു ദൈവത്തിന്റെ ആയുധമോ ചിഹ്നമോ കൂടി ഇതായിരുന്നിരിക്കാം. "റോമിൽ വസിക്കുമ്പോൾ റോമാക്കാരനെപ്പോലെ" എന്ന തത്ത്വമനുസരിച്ച്, പുതുതായി വന്ന ആര്യന്മാർ

പഴയ നാട്ടാരുടെ ചില നടപ്പുമര്യാദകളും വിശ്വാസങ്ങളും പകർന്നെടുത്ത കൂട്ടത്തിൽ ആ ദൈവത്തേയും ശംഖിനേയും പാടെ സ്വീകരിച്ചിരുന്നിരിക്കണം. അങ്ങനെയായിരിക്കാം ഹൈന്ദവസംസ്കാരത്തിലേയ്ക്കു ശ്യാമളകളേബരനും അദ്ദേഹത്തിന്റെ പ്രധാനചിഹ്നമായ ശംഖും കയറിപ്പററിയതെന്നാണ് ഹോർണൽ പറയുന്നതു്.

വിഷ്ണു ആര്യന്മാരുടേയോ ദ്രാവിഡന്മാരുടേയോ സങ്കല്പസൃഷ്ടിയായിക്കൊള്ളട്ടെ. അതല്ലല്ലോ പ്രതിപാദ്യം, ശംഖല്ലേ ? ക്രിസ്തുവിന്നു് 2,000 കൊല്ലങ്ങൾക്കു മുമ്പുതന്നെ മന്നാറിന്റെ തീരപ്രദേശം സാമുദായികമായും സാംസ്കാരികമായും വളരെ മുന്നിട്ടു നിന്നിരുന്നു. ബാബിലോണിയ, പേർഷ്യ മുതലായ സംസ്കാരക്ഷേത്രങ്ങളുമായി കച്ചവടസമ്പർക്കത്തിലേർപ്പെട്ടിരുന്നു ഈ പ്രദേശം. ഇവിടത്തെ ദ്രാവിഡരുടെ ആചാരങ്ങളിലായിരിക്കണം ശംഖിന്റെ ആവിർഭാവം. രണകാഹളമെന്ന നിലയ്ക്കായിരുന്നു ആദ്യം അവർ ശംഖ് ഉപയോഗിച്ചിരുന്നതു്. കൌരവന്മാരും പാണ്ഡവരും നിരന്ന കുരുക്ഷേത്രത്തിൽ ശംഖനാദം നാം കേൾക്കുന്നുണ്ടല്ലോ. കാലക്രമേണ മതച്ചടങ്ങുകളിലും യാഗശാലകളിലും ജനങ്ങളുടെ ചെവിയും മനസ്സും ആകർഷിക്കുവാനായി ശംഖ് ഉപയോഗിക്കുവാൻ തുടങ്ങി. മതച്ചടങ്ങുകളിൽനിന്നു മതത്തിലേയ്ക്കും മതത്തിൽനിന്നു ദൈവികത്വത്തിലേയ്ക്കും "ചടചടാ" എന്നു ശംഖ് കയറിപ്പററി. ജനങ്ങൾ ശംഖിനെ ഒരു പൂജ്യവസ്തുവായി കരുതിപ്പോരുവാനും തുടങ്ങി. ദൈവികത്വം ലഭിച്ചപ്പോൾ പിന്നെ സകല സൽക്കർമ്മങ്ങളിലും ശംഖിനു വളരെ പ്രധാനമായ പങ്കു വഹിക്കേണ്ടിവന്നു. അതിന്റെ ദിവ്യത്വത്തെപ്പററി തമിഴിൽ ഒരു പഴഞ്ചൊല്ലുണ്ടു്: "ശംഖിൽ

വാൽത്താൽ തീൎത്ഥം, ചട്ടിയിൽ വാൎത്താൽ തണ്ണീർ" "ശംഖും ചക്രം ഗദാ പങ്കജമിതി വിലസും നാലുതൃക്കൈകേ" ഉള്ള മഹാവിഷ്ണുവിൻെറ ഒരു പ്രധാനചിഹ്നമാണു് ശംഖു്. എല്ലാ അവതാരങ്ങളിലും വിഷ്ണുവിനെ ശംഖധാരിയായി ട്ടാണു് കാണുന്നതു്. ചുരുക്കം ചിലപ്പോൾ ശിവൻെറ കൈയിലും ശംഖു കണ്ടിട്ടുണ്ടു്.

"വലംപിരി"

പക്ഷേ സാധാരണ ശംഖുമാതിരിയല്ല ദേവന്മാരുടെ ശംഖുകൾ. സാധാരണ ശംഖു് ഇടത്തോട്ടാണു് പിരിഞ്ഞിരിക്കുക. വിഷ്ണുവിൻെറ കൈയിലും ശിവൻെറ കൈയിലും കാണുന്ന ശംഖുകളാകട്ടേ വലത്തോട്ടു പിരിഞ്ഞവയാണു്. പ്രകൃതിയിൽ രണ്ടുതരം ശംഖുകളുണ്ടു്: "ഇടംപിരിയും" "വലംപിരിയും". ഇടംപിരിശ്ശംഖു് സാധാരണവും വലംപിരിശ്ശംഖു് വളരെ അസാധാരണവുമാണു്. പ്രകൃതിയുടെ ഒരു വികൃതി മാത്രമാണു് വലംപിരിശ്ശംഖു്. 60 ലക്ഷം ഇടംപിരിശ്ശംഖിന്നു് ഒരു വലംപിരിശ്ശംഖു് എന്ന തോതാണു് പ്രകൃതിയിൽ കാണുകയെന്നു് ഹോർണൽ കണക്കുകൂട്ടിയിരിക്കുന്നു. ഇക്കാലത്തെ ഉൽപാദനക്കണക്കു നോക്കുമ്പോൾ ഈ തോതു് വളരെ ശരിയല്ലെന്നാണു് തോന്നുന്നതു്. എട്ടുലക്ഷം ഇടംപിരിശ്ശംഖിന്നു് ഒരു "വലംപിരി" എന്നാണു് കഴിഞ്ഞ പതിനഞ്ചു വർഷത്തെ കണക്കുകൾ കാണിക്കുന്നതു്. 60 ലക്ഷമായാലും എട്ടുലക്ഷമായാലും പ്രകൃതിയിലെ ഒരസാധാരണവസ്തുവാണു് വലംപിരിശ്ശംഖു് എന്നുള്ളതിന്നു യാതൊരു തൎക്കവുമില്ല. ഈ അസാധാരണത്വംതന്നെയാണു് വലംപിരിശ്ശംഖിനെ വിഷ്ണുവിൻെറ ഒരു പ്രധാന ചിഹ്നമായും ഐശ്വൎയ്യപ്രാപ്തി

ക്കുള്ള പ്രധാന വസ്തുവായും ഹിന്ദുക്കൾ കരുതിപ്പോരുന്നതിന്നു പ്രധാനകാരണം.

വലംപിരിശ്ശംഖുകളിൽ ഏററവും പേരുകേട്ടതു് ശ്രീകൃഷ്ണന്റെ പാഞ്ചജന്യം ആണു്. സാന്ദീപനിമഹർഷിയുടെ പുത്രനെ കട്ടുകൊണ്ടുപോയി പഞ്ചജനാസുരൻ ഒളിച്ചിരുന്നതു് ഒരു വലംപിരിശ്ശംഖിലാണത്രെ. അസുരനെ വെന്നു് ആ ശംഖു് സ്വന്തം ചിഹ്നമാക്കുകയാണു് ഭഗവാൻ ചെയ്തതു്. പേരുകേട്ടതും പ്രധാനപ്പെട്ടതുമായ സകല വിഷ്ണുക്ഷേത്രങ്ങളിലും ഒരു വലംപിരിശ്ശംഖെങ്കിലും കാണാം. ഒരു കാലത്തു് വലംപിരിശ്ശംഖിന്റെ വില അതിന്റെ തൂക്കത്തിലുള്ള സ്വർണ്ണമായാണു് കൊടുത്തിരുന്നതു്. ഇപ്പോൾ ഒരുറപ്പികത്തൂക്കത്തിന്നു് 50 ക. എന്ന രീതിയിലാണു് അതിന്റെ നിലവാരം. ചിലപ്പോൾ വലിയ മോഹവിലയ്ക്കും അതു വിററുപോകാറുണ്ടു്. അഭിഷേകാവശ്യങ്ങൾക്കായി പ്രഭുക്കന്മാരും മഹാരാജാക്കന്മാരും വലിയ വിലകൊടുത്തു് വലംപിരിശ്ശംഖു് വാങ്ങിക്കാറുണ്ടു്. ഒരു വലംപിരിശ്ശംഖു് കൈവശമുണ്ടായാൽ ഐശ്വര്യപ്രാപ്തിക്കു് മാർഗ്ഗമായെന്നാണു് മിക്കവരുടേയും വിശ്വാസം. വടക്കെ ഇന്ത്യയിലെ പേരുകേട്ട ഒരു ശാസ്ത്രകാരൻ വലംപിരിശ്ശംഖിനെ പൂജിച്ചതുകൊണ്ടു് തന്റെ മകൾ ഉന്മാദം മാറി വിവാഹിതയായെന്നും തനിക്കുതന്നെ അവിചാരിതമാംവണ്ണം ഒരു വലിയ സ്ഥാനലബ്ധിയുണ്ടായിയെന്നും മററും ഈയിടെ പറകയുണ്ടായി. പൊളിഞ്ഞ കേസുകൾ ജയിപ്പിച്ചതും കാശിനു കൊള്ളരുതാത്തവനെ ലക്ഷപ്രഭുവാക്കിയതും മററും വലംപിരിശ്ശംഖിന്റെ അത്ഭുതകൃത്യങ്ങളാണത്രെ. ശംഖിന്റെ ശക്തിയെന്തോ? നാലായിരം വർഷങ്ങളിലെ ശക്തിയേറിയ വിശ്വാസത്തിന്റെ പ്രതിഫലനം

മികച്ചു കാണുന്നുണ്ടു്, വലംപിരിശ്ശംഖിന്റെ പൂജയിൽ. ഏതായാലും മുൻപറഞ്ഞ പ്രൊഫസർ ഇന്നും ശംഖിനെ കൊണ്ടുപിടിച്ചു പൂജിക്കയാണു്. വലംപിരിശ്ശംഖു് കൈവശംവെച്ചാൽ 'പുലിവാ'ലാണെന്നും ഒരു വിശ്വാസം ഉണ്ടു്. ശരിയാംവണ്ണം പൂജ നിർവ്വഹിച്ചില്ലെങ്കിൽ വലിയ 'ശൂലമാലാ'ണത്രെ. വാങ്ങിയാൽപ്പിന്നെ വിൽക്കുന്നതും വളരെ അനൎത്ഥങ്ങൾക്കു കാരണമാകും. ചുററളവിന്റെയത്ര തന്നെ നീളം; വായയ്ക്കു നീളത്തിന്നു തുല്യം വീതി; തൂവെള്ളയോ അല്ലെങ്കിൽ ഒരു നേരിയ ചുവപ്പോ നിറം; ഒരു കുത്തോ പുള്ളിയോ വെട്ടോ മുറിയോ പാടില്ല—ഇതാണു് ഉത്തമമായ വലംപിരിശ്ശംഖു്. പൂജിക്കയാണെങ്കിൽ ഇമ്മാതിരി ശംഖുതന്നെ വേണം. വലംപിരിശ്ശംഖു് സാധാരണമായി സ്വൎണ്ണംകൊണ്ടു കെട്ടിയാണു് പൂജയ്ക്കും മററും ഉപയോഗിക്കുക. വൈഷ്ണവരുടെ ഇടയിലാണു് ശംഖിന്റെ പൂജ പ്രധാനമായി കാണുന്നതു്. വൈഷ്ണവമതത്തിന്റെ ഒരു പ്രധാനഘടകമാണു് ശംഖു്. വൈഷ്ണവനാകുവാൻ ഇച്ഛിക്കുന്ന ശിഷ്യന്റെ ദേഹത്തിൽ ആചാൎയ്യൻ ശംഖുചക്രാദികളുടെ മുദ്ര വെയ്ക്കുകയാണു് പതിവു്. ശംഖിന്റേയും ചക്രത്തിന്റേയും ലോഹംകൊണ്ടുള്ള പ്രതിമകൾ ചൂടുപിടിപ്പിച്ചിട്ടാണു് ഈ മുദ്രകൾ വെയ്ക്കുക. ഇതേ പതിവുതന്നെ ദേവദാസിസമ്പ്രദായത്തിലും നടപ്പുണ്ടു്. മലയാളക്കരയിലെ തണ്ടാന്മാരുടെ ഇടയിലും ശംഖുമുദ്ര പച്ചകുത്താറുണ്ടെന്നു തർസ്റ്റൻ പ്രതിപാദിച്ചിട്ടുണ്ടു്.

ശംഖും വിവാഹവും

തമിഴ്നാട്ടിൽ ക്ഷേത്രങ്ങൾ, ഗൃഹങ്ങൾ മുതലായവ പണിയുന്നതിന്നുമുമ്പു് ഒന്നുമുതൽ ആയിരത്തെട്ടുവരെ ശംഖു

കൾ കഴിച്ചിടാറുണ്ട്. വിവാഹാദികർമ്മങ്ങളിലും ശംഖു വിളി മുഖ്യമാണ്. തെന്നിന്ത്യയിൽ അബ്രാഹ്മണരുടെ വിവാഹങ്ങളിൽ മാത്രമേ ഇതു കാണാറുള്ളൂ. ഇതിന്നു പുറമേ ബംഗാളിൽ വിവാഹിതയായ ഓരോ സ്ത്രീയും കുംകുമലിപ്തങ്ങളായ ശംഖുവളകൾ അണിയേണ്ടതു് അത്യാവശ്യമാണ്. ഭർത്താവിൻെറ നന്മയ്ക്കും ഭാവിക്കുംവേണ്ടി ഏതൊരു ഭാര്യയും ശംഖുവളകൾ അണിയേണ്ടതു് അവിടെ വിവാഹത്തിൻെറ വിട്ടുകൂടാത്തൊരുപാധിയാണ്.

തെക്കെ ഇന്ത്യയിൽ ശംഖുവളകൾ വിവാഹത്തിൻെറ ഒരു പ്രധാന ഘടകമായി അണിയുന്നതു് വെള്ളാളന്മാരും ഇടയന്മാരും മാത്രമാകുന്നു പുരാതനകാലത്തു് തമിഴരുടെ ഇടയിൽ താലിയുമായി വളരെ ബന്ധപ്പെട്ടതായിരുന്നു ശംഖ്. അവരുടെ വിവാഹത്താലി "ശംഖുതാലി" യായിരുന്നു. "ശംഖുതാലി" ഇന്നു് ഇടയർ, തണ്ടാന്മാർ, പുലയർ മുതലായവരുടെ ഇടയിൽ മാത്രം കാണാം. മന്നാർ തീരത്തിലെ പറവരുടെ ഇടയിലും ഇതു് ഇന്നും ഉപയോഗത്തിലിരിക്കുന്നുണ്ട്. പറവന്മാർ കത്തോലിക്കാമതം സ്വീകരിച്ചെങ്കിലും ശംഖുതാലി അവർ കൈവെടിഞ്ഞിട്ടില്ല. വിവാഹത്തിലെന്നപോലെ മരണത്തിലും ചില സമുദായക്കാർ ശംഖ് ഉപയോഗിക്കാറുണ്ട്. കന്നുകാലികൾക്കു കണ്ണുകൊള്ളാതെയിരിക്കാൻ ശംഖ് ഒരു രക്ഷയാണെന്നാണ് മദിരാശിസംസ്ഥാനത്തിൽ ഒരു വിശ്വാസം. അതുകാരണം മിക്കപ്പോഴും ഇവയുടെ കഴുത്തിലോ കൊമ്പിന്മേലോ ഒരു ശംഖ് കെട്ടിയിട്ടിരിക്കും. കന്നുകാലികൾക്കെന്നമാതിരിതന്നെ ചില മനുഷ്യർക്കും ഒരു രക്ഷയാണത്രെ ശംഖ്—ശംഖുകൊണ്ടുള്ള മോതിരവും ശംഖുമോതിരമാലയും. ചെറുശിശുക്കൾക്കു പാൽ കൊടുക്കാൻ ഒരു കൊച്ചു മൂല

കപ്പിയായും ശംഖ് ഉപയോഗിക്കാറുണ്ട്. കാലു രണ്ടും നീട്ടി മടിയിൽ കിടത്തിയ ശിശുവിനു് ഒരു ചെറു ശംഖിൽ നിന്നും പാൽ കുറേശ്ശയായി ഒഴിച്ചുകൊടുക്കുന്ന രംഗം തമിഴ്നാട്ടിൽ സാധാരണ കാണാം. ആറു കൊല്ലത്തിനു മുമ്പുവരെ ആസ്സാമിലെ നാഗരുടെ ഇടയിൽ ശംഖ് നാണയമായി ഉപയോഗിച്ചിരുന്നു. അക്കാലത്തു് നാഗരുടെ ഇടയിൽ ഒരു പെണ്ണിനു് അടിമമാക്കേററിൽ 35 ശംഖായിരുന്നുവത്രെ വില, ഒരു പുരുഷനു് വെറും 13 ശംഖും. മനുഷ്യരുടെ ആചാരങ്ങളും വിശ്വാസങ്ങളും എങ്ങനെയെല്ലാം പടന്നു പിടിക്കുന്നു !

കുറിപ്പുകൾ

ചോദ്യങ്ങൾ :—

1 ശംഖിനു ദൈവികത്വം സിദ്ധിച്ചതെങ്ങനെ ?
2. വലംപിരിശ്ശംഖിൻെറ പ്രത്യേകതകൾ വിവരിക്കുക.

വ്യാകരണം :—

വിഭക്തികൾ.—മററു പദങ്ങളോടുള്ള സംബന്ധം കാണിക്കാൻ നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങളെ 'വിഭക്തി' കളെന്നു പറയുന്നു. വിഭക്തികൾ ഏഴെണ്ണമാണ് :—

1. നിർദ്ദേശിക.—ഈ വിഭക്തിക്കു പ്രത്യയമില്ല. കേവലനാമരൂപങ്ങളൊക്കെ നിർദ്ദേശികാവിഭക്തിയാകുന്നു.

ഉദാഹരണം :

രാമൻ, നക്ഷത്രം, ശാരദ, മനസ്സു്, രാജാവു്. . .

കർത്തരിപ്രയോഗത്തിലെ കർത്താവും കർമ്മണിപ്രയോഗത്തിലെ കർമ്മവും നിർദ്ദേശികാവിഭക്തിയിലായിരിക്കും.

ഉദാഹരണം:

ഭോജരാജാവ് കവികളെ പ്രോത്സാഹിപ്പിച്ചിരുന്നു. (കർത്തരിപ്രയോഗം).

ഭോജരാജാവിനാൽ കവികൾ പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. (കർമ്മണിപ്രയോഗം).

നിർദ്ദേശികയുടെതന്നെ ഒരു വിഭാഗമായതിനാൽ 'സംബോധിക'യെ ഒരു പ്രത്യേകവിഭക്തിയായി ഗണിക്കാറില്ല. സംബോധന ചെയ്യുമ്പോളാണ് അതിന്റെ ആവശ്യം വരുന്നതു്.

ഉദാഹരണം:

(1) രാമാ, ഇവിടെ വരൂ.

(2) 'ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര......'

2. പ്രതിഗ്രാഹിക.—പ്രത്യയം. എ.

ഉദാഹരണം:

രാമനെ, നക്ഷത്രത്തെ, ശാരദയെ, മനസ്സിനെ, രാജാവിനെ....

കർത്തരിപ്രയോഗത്തിൽ കർമ്മത്തെക്കുറിക്കുന്നതു് പ്രതിഗ്രാഹികയാണ്.

ഉദാഹരണം:

ജനങ്ങൾ ഗാന്ധിജിയെ ബഹുമാനിക്കുന്നു.

3. സംയോജിക.—പ്രത്യയം. ഓട്; ഒട്.

ഉദാഹരണം:

രാമനോട്, നക്ഷത്രത്തോട്, ശാരദയോട്, മനസ്സിനോട്......

പദ്യത്തിലാണ് 'ഒട്' എന്നു കാണുക.

ഉദാഹരണം:

നദിയൊടു......

പാഠം 20

സുകുമാരസൃഷ്ടി

[ഭാവനാശാലിയായ പള്ളത്തു രാമൻ നിരവധി കവിതകൾ രചിച്ചിട്ടുണ്ടു്. അവയിലൊന്നാണു് ഇവിടെ ചേർത്തിട്ടുള്ള 'സുകുമാരസൃഷ്ടി'.]

പാശ്ചാത്യദേശാംബരമാർന്ന മന്ദം
പൗരസ്ത്യനാദിത്യനധഃപതിച്ചു;
പാടത്തുടൻ പഞ്ജരമുക്തർപോലെ
മാടപ്പിറാവിന്നിണ വന്നണഞ്ഞു. 1

തത്തിക്കളിച്ചും വരിനെല്ലു മെല്ലെ-
ക്കൊത്തിക്കൊറിച്ചും ചിറകിട്ടടിച്ചും
രസിച്ചു രമ്യാകൃതി പൂണ്ട രണ്ടും
ദാമ്പത്യസമ്പത്തു വെളിപ്പെടുത്തി. 2

പാരാവതം വാരൊളിമെയ്യിളക്കി-
ക്കൊഞ്ചിപ്പുറം പൂഞ്ചിറകിട്ടടിക്കെ
മനുഷ്യവാക്കിന്റെ പതിന്മടങ്ങു
ശക്ത്യാ മിഥോഭാവമറിഞ്ഞുകൊൾവൂ. 3

കപോതമേ, നീയൊരു കാമചാരി;
വിഹാരി വൈഹായസവീഥിയിങ്കൽ;
വിമാനവും വേണ്ട — നിനക്കു നീതാൻ
വിശിഷ്ടമാലംബ,മിതെത്ര ധന്യം! 4

മനോജ്ഞവസ്തുക്കളിൽ മർത്ത്യദൃഷ്ടി
വിനോദനാർത്ഥം വിഹരിപ്പു; പക്ഷേ,

കണ്ണേ കഠോരാർപ്പണചിന്തകൂടി-
ക്കണ്ണേതരം ചെയ്തു കരാളലീലം. 5

അഹോ! മഹാത്മസ്നേഹകടാക്ഷമൊന്നിൻ-
ദുർഗ്രഹമാകും പരിണാഹശക്തി
ധരിച്ചൊരാളാം കവിയെങ്കി,ലെങ്കൽ
സ്ഫുരിച്ചിതപ്പോളതു—ഞാൻ കൃതാർത്ഥൻ. 6

—പള്ളത്തു രാമൻ.

കുറിപ്പുകൾ

പാശ്ചാത്യദേശാംബരം = പടിഞ്ഞാറെ ആകാശം. പഞ്ജരമുക്തർ = കൂടുവിട്ടവർ. കാമചാരി = യഥേഷ്ടം സഞ്ചരിക്കുന്നവൻ. വൈഹായസവീഥി = ആകാശവീഥി. കഠോരാർപ്പണചിന്ത = കത്ത് വെയ്ക്കാനുള്ള ആലോചന. കണ്ണേതരം = ഉത്സാഹത്തോടെ; മടിക്കാതെ. ദുർഗ്രഹം = ഊഹിക്കാൻ കഴിയാത്ത. പരിണാഹശക്തി = വിപുലമായ, വമ്പിച്ച, ശക്തി.

വ്യാകരണം :—

വൃത്തം.—ഒന്നാമത്തെ പദ്യം ഇന്ദ്രവജ്ര; 4-ം 6-ം പദ്യങ്ങൾ ഉപേന്ദ്രവജ്ര; 2-ം 3-ം 5-ം പദ്യങ്ങൾ ഉപജാതി.

ലക്ഷണം:

1. കേളീന്ദ്രവജ്രയ്ക്കു തതം ജഗം ഗം.
2. ഉപേന്ദ്രവജ്രയ്ക്കു ജതം ജഗം ഗം.
3. അത്രേന്ദ്രവജ്രാവ്യുപേന്ദ്രവജ്ര
   കലർന്നുവന്നാലുപജാതിയാകും—

പാഠം 21

ശംഖ്

(രണ്ടാം ഭാഗം)

ഔഷധവും ഭക്ഷണവും

ചുണ്ണാമ്പുവ്യവസായത്തിനു കേടുവന്ന ശംഖ് ധാരാളം ഉപയോഗിക്കപ്പെടാറുണ്ട്. ഭാരതീയവൈദ്യസംപ്രദായത്തിലും ശംഖിനു വലിയ ഒരു സ്ഥാനമുണ്ട്. നേത്രരോഗം, ക്ഷയം, പിത്തം, കഫം മുതലായവയ്ക്കു ശംഖ് പല വിധത്തിലായി മരുന്നിൽ ഉപയോഗിക്കാറുണ്ട്. ഗുളുക്കടിയിൽ "ശംഖുപൂവ്" നല്ലെണ്ണയിൽ അരച്ചു കുരുമുളകും കൊത്തമല്ലിയും മേമ്പൊടിയായിച്ചേർത്തു തലവേദനയ്ക്കു സിദ്ധൌഷധമായി നെറ്റിയിൽ പുരട്ടാറുണ്ട്.

ശംഖിന്റെ മാംസം വേവിച്ചു വട്ടത്തിൽ നുറുക്കി ഉണക്കി ഉപ്പേരിക്കഷണംമാതിരി വില്ക്കുക പതിവാണ്. ഇതിനെ "ശംഖുചതെ" എന്നാണു പറയുക. എണ്ണയിലോ നെയ്യിലോ വറുത്താൽ വളരെ വിശേഷപ്പെട്ട ഭക്ഷണപദാർത്ഥമത്രെ ഇതു. ഞാനൊരിക്കൽ ഉപയോഗിച്ചപ്പോൾ പല്ലിനു നല്ല ബലം വേണമെന്നു മാത്രമേ മനസ്സിലാക്കുവാൻ സാധിച്ചുള്ളൂ. പക്ഷേ, തമിഴ്നാട്ടിൽ "ശംഖുചതെ"ക്കു വലിയ വിലയാണു. ശംഖിന്റെ "നാവണവും" ഉപയോഗപ്രദമാണ്. അതു ഉണക്കിപ്പൊടിച്ചു ചന്ദനപ്പൊടിയും മറ്റു സുഗന്ധദ്രവ്യങ്ങളും ചേർത്താണു ചന്ദനത്തിരിയുണ്ടാക്കുക.

കാഹളം, ആഭരണം, അഭിഷേകപാത്രം, വൈഷ്ണവചിഹ്നം, "രക്ഷ", മരുന്നു, ചന്ദനത്തിരി, മുലക്കുപ്പി,

താലി, ഭക്ഷ്യപദാൎത്ഥം—എന്നെല്ലാം വിധത്തിലാണ് ഭാരതീയസമുദായത്തെ ഈ ശംഖ് സ്വാധീനിച്ചിട്ടുള്ളതു്!

ശരീരശില്പം

ശംഖ് ഒരു ജീവിയുടെ തോടുമാത്രമാണു്. "കുത്തനെ" യുള്ള ഒരു നടുത്തൂണിനു ചുററം ഇടത്തോട്ടു പിരിഞ്ഞു് അഞ്ചു ചുററുകളുള്ള ഒരു അറ. അറയുടെ വായയ്ക്കു നല്ല വീതിയും വികാസവുമുണ്ടു്. വായയുടെ അടിഭാഗം കോടി ഒരു ചുണ്ടുമാതിരിയാണു്. ശംഖിന്റെ ദേഹം അട്ടയുടെ മാതിരി നീണ്ടിരിക്കും. അതിന്റെ പിൻഭാഗത്തിനു് ഒരു ചെറിയ വളവുണ്ടു്. ഈ വളവുകൊണ്ടാണു് അതു തോടിന്റെ നടുത്തൂണിനെ ചുററിപ്പിടിക്കുക. വളരെ മാൎദ്ദവമേറിയതും നനുത്തതുമായ ഒരു തോൽ അതിന്റെ ദേഹത്തെ ആവരണം ചെയ്തിരിക്കും. ഈ "ആവരണ" ത്തിന്റെ പുറമെയുള്ള സൂക്ഷ്മരന്ധ്രനിരകളാണു് ശംഖിന്റെ തോടു് ഊറുന്നതു്. തോടിന്റെ വായയുടെ ഭാഗത്താണു് അതിന്റെ തല; തലയുടെ താഴെ പാദവും. പാദത്തിന്റെ അടിഭാഗത്തു് അതിനു് ഒരു ചെരിപ്പും ഉണ്ടു്. തോടുണ്ടാക്കുന്ന അതേ പദാൎത്ഥംകൊണ്ടുതന്നെയാണു് ഈ ചെരുപ്പു്. ഇതിനെ "നാവണം" എന്നാണു് തമിഴിൽ പറയുക. ജീവനുള്ളപ്പോൾ തലയും പാദവും തോടിനു് പുറത്തു തള്ളിയിരിക്കും. ശംഖിന്റെ തോടിനു നല്ല കനവും ശക്തിയുമുണ്ടു്. സാധാരണ തോടിനു പുറമേ തിവിട്ടുനിറത്തിൽ മിനുസമുള്ള ഒരു തോലുണ്ടായിരിക്കും. ഉണങ്ങിയാൽ ഈ തോലു പൊളിഞ്ഞുപോവുകയാണു് പതിവു്. ഈ തോലുരിഞ്ഞുകഴിഞ്ഞാലേ ശംഖിന്റെ ശരിയായ വെളുപ്പും ഭംഗിയും ദൃശ്യമാവുകയുള്ളു.

ഭാരതത്തിനും സിലോണിനും പ്രത്യേകമായ ഒന്നാണു് ശംഖ്. കത്തിയവാർ തീരം, ആന്തമാൻ ദ്വീപുകൾ, തെക്കൻ തിരുവിതാംകൂർ തീരം, മന്നാർ ഉൾക്കടൽ— ലോകത്തിൽ ഈ സ്ഥലങ്ങളിൽ മാത്രമേ ശംഖിനെ കാണാറുള്ളൂ. ബ്രസീലിന്റെ തീരപ്രദേശങ്ങളിൽ ശംഖിന്റെ ഒരു അടുത്ത ബന്ധുവുണ്ടത്രേ. എന്നാലും അതു ശംഖല്ല. മന്നാർ ഉൾക്കടലിൽനിന്നാണു് ആകെയുള്ള ഉൽപാദനത്തിന്റെ 98 ശതമാനവും. ഇതിൽ പകുതിയോളം ഇന്ത്യൻതീരത്തുനിന്നും ബാക്കി സിലോൺതീരത്തുനിന്നുമാണു്. കരയിൽനിന്നും 8 മൈൽ ദൂരത്തിനുള്ളിൽ 70 അടി ആഴംവരെയുള്ള സ്ഥലത്താണു് മന്നാറിൽ ശംഖിനെ കാണാറുള്ളതു്. ചിപ്പിപ്പാറകളുടേയും കരയുടേയും ഇടയ്ക്കായി സ്ഥിതിചെയ്യുന്ന ഈ സ്ഥലത്തുള്ള കടൽത്തട്ട മിക്കവാറും മണലോ, ചളിയും മണലും കൂടിക്കലർന്നതോ, ആയിരിക്കും. ഈ സ്ഥലത്തിനു് "ശംഖുനിലം" എന്നും "പിരാൻ" എന്നും പേരുകളുണ്ടു്. ശംഖുനിലത്തിലാണു് മടകുഴിച്ചു ജീവിക്കുന്ന ഒരു തരം പുഴുക്കളുടെ കൂട്ടങ്ങൾ കാണുക. ഇതേ കാരണത്താൽത്തന്നെ ഈ സ്ഥലങ്ങളെ "പുഴുമണൽസ്ഥലം" എന്നും വിളിക്കാറുണ്ടു്. ശംഖിന്റെ പ്രധാനഭക്ഷണമാണു് മടകുഴിച്ചു ജീവിക്കുന്ന പുഴുക്കൾ. ചിലപ്പോൾ പാറകളുടെ മീതെയും ശംഖിനെ കാണാറുണ്ടു്. തോടിന്റെ നീളവും ചുററളവുംപ്രകാരം, മൂന്നുതരം ശംഖുകളെ മന്നാറിൽ കാണാറുണ്ടു്. നല്ല നീളത്തിലും വീതിയിലും ക്രമാനുസാരമായി പിരികളുള്ള ഒരു തരം ശംഖ്—ഇതിനെ "ജാതി" എന്നാണു് വിളിക്കാറു്. മുകൾഭാഗം മംഗോളിയരുടെ മൂക്കുമാതിരി അല്പമൊന്നു പതിഞ്ഞു്, ചുററളവു കുറച്ചു ജാസ്തിയായ ഒരു തരമാണു്

രണ്ടാമത്തേതു്. ഇതിനെ "പട്ടി" എന്നാണു് വിളിക്കുക. ഇതിന്റെ രണ്ടിന്റേയും ഇടയ്ക്കുള്ള തരമാണു് ഇരുപിറവി. പ്രകൃതിയിൽ ജാസ്തിയായി "ജാതി" ശംഖാണു് കിട്ടുക. നല്ല വെണ്മയും കനവും മാർദ്ദവവുമുള്ള തോടുകളാണു് ഇവയ്ക്കുള്ളതു്. "ജാതി" ശംഖുകൾക്കാണു് മാർക്കററിൽ വിലയും നിലയും. മററു രണ്ടു വർഗ്ഗക്കാർക്കും തവിട്ടുനിറമോ അല്ലെങ്കിൽ ചുവപ്പു നിറമോ ആയിരിക്കും.

മന്ദൻ

തലയും ചെരിപ്പിട്ട പാദവും പുറത്തേയ്ക്കായി കനമേറിയ തോടും മുതുകത്തു കയററി കടൽത്തട്ടിൽക്കൂടി മന്ദം മന്ദം നീങ്ങുന്ന ശംഖിനെ കണ്ടാൽ ഡാക്ടർ ലെംകെ എന്ന ഡാനിഷ് ജന്തുശാസ്ത്രജ്ഞൻ ഒരിക്കൽ പറഞ്ഞതാണു് ഓർമ്മ വരുന്നതു്: "'ഭാരം വഹിക്കുന്നവരും വേലചെയ്യുന്നവരും എന്റെ അടുക്കൽ വരിക. ഞാനവരെ സമാശ്വസിപ്പിയ്ക്കും' എന്ന ദൈവപുത്രന്റെ വാക്യം കടലിലെ ജീവജാലങ്ങൾക്കുകൂടി ബാധകമാണെന്നു തെളിയിക്കാനല്ലേ ഈയൊരു ജീവി അത്രവലിയ ഭാരം പ്രകൃതിയിൽനിന്നു ഏററുവാങ്ങിയതു്?" ഏതായാലും വളരെ സാവധാനത്തിലേ മൂപ്പർ നടക്കുകയുള്ളു. മണിക്കൂറിൽ നാലടിയോ അഞ്ചടിയോ മാത്രം. ഓട്ടവും ചാട്ടവും മററും സാധാരണക്കാർക്കു മതി. നടപ്പിനു മാഡം പോംപഡോറിന്റെ ഗാംഭീര്യമോ എലിസബത്തിന്റെ തറവാടിത്തമോ ആണു് ഉള്ളതു്. പോകുന്ന പോക്കിൽ തലയുടെ അററത്തുള്ള സ്പർശേന്ദ്രിയങ്ങൾ ചുററും ഒരു തപ്പലും നടത്തുന്നുണ്ടാകും. വല്ല പുഴുക്കളുടേയും സാമീപ്യമറിഞ്ഞാൽ പിന്നെ ആനയുടെ "തുമ്പിക്കൈ" മാതിരിയുള്ള ഒരു ചെറിയ കുഴൽ പുറ

ത്തെയ്യൊന്നു നീട്ടി ആ പുഴുവിനെ പിടികൂടി ഉള്ളിലേയ്ക്കാക്കുന്നു. ഒരു പ്രവൃത്തിയിലും "ധൃതി" എന്ന ഒരു സംഗതിയേ കാണുകയില്ല.

ശംഖിൻെറ ജീവിതം

നവംബർ പതിനഞ്ചാംതിയ്യതി മുതല്ക്കാണ് മന്നാറിൽ ശംഖ് എടുക്കുവാൻ തുടങ്ങുക. ഈ ശംഖുവാരൽ മേയ് ഒടുവുവരെ—ചിലപ്പോൾ ജൂൺവരെയും—നടക്കും. ജൂൺ മുതൽ നവംബർവരെ ശംഖുവാരൽ ഉണ്ടാവുകയില്ല. ശംഖ് എടുക്കുന്നവരോടു ചോദിച്ചാൽ അവർ പറയും: "ആഴിയുടെ അഗാധതയിലേയ്ക്കു ശംഖുകൾ ആ സമയത്തു പിക്കിനിക്കിനു പോയിരിക്കയാണ്". ഇതിൽ കുറെ യാഥാർത്ഥ്യമുണ്ടെന്ന് അടുത്ത കാലത്തെ ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ജൂൺ മുതല്ക്കു മഴവെള്ളം കരയിൽ നിന്നു കടലിലേയ്ക്ക് ഒഴുകുമ്പോൾ കരയോരജലത്തിൻെറ ലവണരസം കുറയുന്നു. ഇതിൻെറ ഫലമായി ശംഖുകൾ കരയുടെ അടുക്കൽനിന്നും പതുക്കെ ചിപ്പിപ്പാറകളുടെ സമീപത്തേയ്ക്കു നീങ്ങുന്നു. ചിലപ്പോൾ കുറേക്കൂടി ആഴത്തിലേയ്ക്കും അവ നീങ്ങാറുണ്ട്. തുലാവർഷം കഴിഞ്ഞു് കടലോരജലത്തിൻെറ ലവണരസം ക്രമാനുസാരമാകുമ്പോൾ ആഴത്തിൽനിന്നും ശംഖുനിലത്തിലേയ്ക്കു ശംഖുകൾ തിരിക്കുന്നു. നവംബർ-ഡിസംബർമാസങ്ങളിൽ മററു മാസങ്ങളെ അപേക്ഷിച്ചു ജാസ്തി ശംഖു കിട്ടാറില്ല. സാധാരണ ശംഖുവാരുന്നവർ ശംഖിനെ അത്ര അധികം കാണാറില്ലെന്നാണ് പറയുക. പക്ഷേ, ശംഖുകളുടെ പ്രത്യുൽപാദനരീതികളെപ്പററി ചാക്കോ, ദേവനേശൻ, മുകുന്ദനുണ്ണിനായർ

മുതലായവർ നടത്തിയ ഗവേഷണങ്ങൾ പല വസ്തുതകളും വെളിപ്പെടുത്തുകയുണ്ടായി.

ശംഖുകളിൽ ആണും പെണ്ണും വെവ്വേറെയാണ്. ഡിസംബർ മുതൽ ഫെബ്രുവരി അവസാനംവരെ ശംഖിന്റെ സന്തോനോൽപാദനകാലമാണ്. സന്തോനോൽപാദന കാലത്തിന്നുമുമ്പ് ആരോഗ്യം സംരക്ഷിക്കേണ്ടതു് ഭാവി തലമുറകൾ നന്നാവാൻ അത്യാവശ്യമല്ലേ? പോരെങ്കിൽ, വലിയ ഭാരമേറിയ തോട്ടംവലിച്ചു ഒക്ടോബറിന്റെ അവസാനത്തിൽ ആഴമേറിയ സ്ഥലങ്ങളിൽനിന്നും കടൽത്തട്ടിലെ കുന്നും മലയും കയറിവരുവാൻ വളരെ ശ്രമവുമാണ്. അതുകൊണ്ടു്, ആസന്നമായ ദാമ്പത്യജീവിതത്തിന്റെ മധുരസ്വപ്നങ്ങളും കണ്ടു ശംഖുനിലത്തിലെ മണലിൽ ശംഖുകൾ ഉറങ്ങുകയായി. ഹേമന്തകാലമത്രയും ഇപ്രകാരം ഉറങ്ങി ജീവിതം കഴിക്കുന്ന അനവധിജീവികൾ പ്രകൃതിയിലുണ്ടു്. ഗവേഷണശാലയിൽ ചെറിയ പ്രദർശനജലാശയങ്ങളിൽ കടലിന്റെ ഒരു 'മാതൃക' യുണ്ടാക്കി അതിൽ വളർത്തിയ ശംഖുകളിൽനിന്നും അവയുടെ ജീവിതരീതികൾ പലതും മനസ്സിലാക്കുവാൻ ഈ ലേഖകനു സാധിച്ചിട്ടുണ്ടു്. നവംബർ-ഡിസംബർ മാസങ്ങളിൽ ഇത്തരം ജലാശയങ്ങളുടെ അടിയിലുള്ള മണലിൽ അവ പൂഴ്ന്നു കിടക്കാറുണ്ടു്. ഉറക്കം കഴിഞ്ഞു മണൽപ്പരപ്പിലേയ്ക്കു ഗമിക്കുന്ന പ്രാപ്തയൌവനരായ ശംഖുകളത്രയും ദാമ്പത്യനാടകത്തിൽ അരങ്ങേറുകയാണ്. ഒന്നോ അതിൽ കൂടുതലോ കാമുകരോട് ഒരു പെൺശംഖ് ഇണചേരാറുണ്ടു്. ഇണചേർന്നതിന്നുശേഷം പെൺശംഖ് കലക്കമോ ശത്രുപീഡയോ ഇല്ലാത്ത ഒരു സ്ഥലം കണ്ടുപിടിക്കുകയായി. അവളുടെ അണ്ഡനാളത്തിന്റെ ചില സൂക്ഷ്മരന്ധ്രങ്ങളിൽ

നിന്നും മഞ്ഞനിറത്തിലുള്ള ഒരു നീരു് ആദ്യം ഊറുന്നു. ഈ ഊറൽ പതുക്കെ തോൽ മാതിരി ഘനീഭവിക്കുന്നു. ഘനീഭവിക്കുമ്പോൾ അതു ചെമ്മരിയാടിന്റെ കൊമ്പു മാതിരി ഒന്നു പിരിയും. ശംഖു് എടുക്കുന്നവരുടെ ഭാവന അതിനെ "ശംഖിന്റെ പൂവു്" ആയിട്ടാണു് കാണുന്നതു്. ഒമ്പതു് ഇഞ്ചോളം നീളമുള്ള ഒരു ശംഖുപൂവിൽ മുപ്പത ഞ്ചോളം ചെറിയ അറകൾ ഉണ്ടായിരിക്കും. "ശംഖുപൂവു്" ഊറിയശേഷം പെൺശംഖു് അതിനെ കുത്തനെ ശംഖു നിലത്തിൽ നടുകയായി. അതിന്റെ മുനയ്ക്കായിരിക്കും കൂടുതൽ വലുപ്പമുണ്ടാവുക. ഓരോ അറയിലും കോഴിമുട്ട യുടെ വെള്ളമാതിരി ഒരു കുഴമ്പു നിറച്ചിരിക്കും. ഈ വെള്ളയാണു് അറയിൽ നിക്ഷിപ്തമായ മുട്ടകൾക്കു്, വള രുമ്പോൾ, ഭക്ഷണം. പെൺശംഖു് ഓരോ അറയിലും അന വധി മുട്ടകളിടാറുണ്ടു്. പക്ഷേ "ബലംതന്നെ ജയം" എന്നാണല്ലോ പ്രകൃതിയിലെ ബാലപാഠം. അതിനാൽ നാലഞ്ചു ദിവസത്തിനുള്ളിൽ ഓരോ അറയിലും അഞ്ചോ ആറോ മുട്ടകൾ മാത്രമേ ശേഷിക്കൂ. ഈ പ്രായമാകുമ്പോൾ ഒരു നനുത്ത ശംഖുതോടും കുഞ്ഞുങ്ങൾക്കുണ്ടാകും. വളരു ന്തോറും അറയ്ക്കുള്ളിലുള്ള ഭക്ഷണപദാർത്ഥം കുറഞ്ഞുവരുന്നു. അപ്പോൾ ഒരു കുടുംബകലഹംതന്നെ ആ ചെറിയ അറയ്ക്കു ള്ളിൽ നടക്കാറുണ്ടു്. ഭ്രാതൃക്കളുള്ളിൽ കുഞ്ഞുങ്ങൾ കാര ണവന്മാരുടെ തനിപ്പതിപ്പുകളാകുന്നു. അപ്പോൾ അവയ്ക്കു് അര ഇഞ്ചോളം നീളം കാണും. അറയ്ക്കുള്ളിലെ ഭക്ഷണ ക്ഷാമം മുഴുക്കുമ്പോൾ കുഞ്ഞുങ്ങൾ അറപൊളിച്ചു കൊച്ചു ശംഖുകളായി പുറത്തേയ്ക്കു വരുന്നു. ആദ്യത്തെ രണ്ടു വർഷങ്ങ ളിൽ അവ വളരെ വേഗത്തിൽ വളരുന്നു. രണ്ടു വയസ്സു പ്രായമാകുമ്പോൾ തോടിനു രണ്ടേകാൽ ഇഞ്ചോളം ചുററ

ളവു കാണും. പിന്നീട്ട് ഓരോ വർഷവും അവയുടെ ചുററളവ് കാൽ ഇഞ്ചു മുതൽ അര ഇഞ്ചുവരെ മാത്രമേ വർദ്ധിക്കുകയുള്ളു. സാധാരണമായി 6 ഇഞ്ചു നീളവും $3\frac{1}{2}$ ഇഞ്ചു ചുററളവും മാത്രമേ ശംഖ് പ്രാപിക്കുകയുള്ളുവെങ്കിലും പ്രകൃതിയിൽ 8 ഇഞ്ച് നീളവും $4\frac{1}{4}$ ഇഞ്ച് ചുററളവുമുള്ള ശംഖുകളേയും ഇടയ്ക്കു കാണാം. രണ്ടു വർഷം പ്രായം ചെന്നാലേ ശംഖുകൾ സന്താനോൽപാദനത്തിന്നു പ്രാപ്തരാവുകയുള്ളു.

ശംഖുവാരൽ

ശംഖുവാരലിന്റെ ചരിത്രം മുത്തുവാരലിന്റേതു തന്നെയാണ്. മുത്തിനെപ്പോലെതന്നെ ശംഖും ഗവമ്മെണ്ടു കുത്തകയാണ്. ശംഖ് എടുക്കുന്നതും ചിപ്പികൾ എടുക്കുന്നതുപോലെതന്നെ. $2\frac{1}{4}$ ഇഞ്ചിൽ താഴെ ചുററളവുള്ള ശംഖുകൾ എടുത്താൽ സാധാരണമായി കടലിലേയ്ക്കുതന്നെ തിരിച്ചിടുകയാണ് പതിവ്. പക്ഷേ, ചിലപ്പോൾ ശംഖു വാരുന്നവർ മുഴുത്ത ശംഖുകളുടെകൂടെ ഇവയും കലത്താറുണ്ടു. ശംഖുനിലത്തിൽനിന്നും കരയിലേയ്ക്കുള്ള പ്രയാണസമയത്താണ് ശംഖിന്റെ മാംസം തോടിനുള്ളിൽനിന്നും പുറത്തെടുക്കുക. സാധാരണ അതിന്റെ ദേഹത്തിന്റെ ചില അംശങ്ങളെല്ലാം തോടിനുള്ളിൽതന്നെ അവശേഷിക്കുന്നതാണ്. കരയ്ക്കു വന്നതിന്നുശേഷം വാരിയവർ സകല ശംഖുകളും മത്സ്യവ്യവസായഡിപ്പാർട്ടുമെണ്ടുകാരുടെ ശംഖു ഗോഡൌണുകളിലേയ്ക്ക് കൊണ്ടുപോകുന്നു. ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാർ മുഴുത്ത ശംഖുകൾക്കോരോന്നിനും ആറണ കൊടുത്തുവാങ്ങുന്നു. കേടുവന്ന ശംഖുകളും $2\frac{1}{4}$ ഇഞ്ചിന്നു താഴെയുള്ള ശംഖുകളും സർക്കാരിലേയ്ക്കു പിടിച്ചെടുക്കുകയാണ് പതിവ്. ഒരു വലംപിരി ശംഖു കിട്ടുക

യാണെങ്കിൽ ആയിരം ഇടംപിരിശ്ശംഖിൻെറ വിലയാണു് കൊടുക്കേണ്ടതു്. ശംഖുകൾ മുഴുവൻ വലിയ ഗുദാമുകളിൽ ഒരു കൊല്ലമെങ്കിലും സൂക്ഷിച്ചതിന്നുശേഷം ലേലം വിളിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ചു കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങളായി വലിയ മോഹവിലയ്ക്കു് ശംഖുകൾ വിററുപോയിട്ടുണ്ടു്. ശരാശരി കൊല്ലംതോറും 7 ലക്ഷം ശംഖുകളാണു് മദിരാശി സംസ്ഥാനത്തിലെ ഉൽപാദനം. കഴിഞ്ഞ അഞ്ചെട്ടു വർഷങ്ങളായി സിലോൺഭാഗത്തു ശംഖു് എടുക്കാറില്ല. പക്ഷെ, ഇന്ത്യൻഭാഗത്തു 10 ലക്ഷവും 12 ലക്ഷവും കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി വാരിയിട്ടുണ്ടു്. തൂത്തുക്കുടിയിലെ ഗവേഷണശാലയിൽ ശംഖിൻെറ ഉൽപാദനക്രമത്തെപ്പററിയും ഇന്ത്യൻതീരത്തു് ആകെയുള്ള ശംഖിൻെറ കാനേഷുമാരിക്കണക്കിനെപ്പററിയും രസാവഹമായ പല ഗവേഷണങ്ങളും കഴിഞ്ഞ കുറച്ചു വർഷങ്ങളായി നടത്തുന്നുണ്ടു്. അവിടത്തെ ഗവേഷകരുടെ കണക്കുപ്രകാരം പ്രകൃതിയിലുണ്ടാവുന്ന ശംഖുകളുടെ നാലു ശതമാനം മാത്രമേ ഇപ്പോൾ കൊല്ലംതോറും വാരുന്നുള്ളു. ശംഖിൻെറ പ്രധാനമായ ഉപയോഗം വളയുണ്ടാക്കൽ മാത്രമായതുകൊണ്ടു് ഇതിലും കൂടുതൽ ഇപ്പോൾ കടലിൽനിന്നും എടുക്കേണ്ടതില്ലെന്നാണു് വിദഗ്ദ്ധാഭിപ്രായം. ശംഖുകൾകൊണ്ടു മററു അനവധി കൌതുകവസ്തുക്കൾ ഉണ്ടാക്കുവാൻ ഇപ്പോൾ ഒരു ശ്രമം നടന്നുവരുന്നുണ്ടു്. അതു് വിജയിക്കുകയാണെങ്കിൽ ശംഖുകൊണ്ടുള്ള ഈ വസ്തുക്കൾ മറുനാടുകളിലേയ്ക്കു് കയററിയയയ്ക്കുവാൻ സാധിക്കും. എന്നാൽ കുറഞ്ഞതു് ഒരു കോടി ഉറുപ്പിക ആദായമുള്ള ഒരു വ്യവസായം നമ്മുടെ നാട്ടിൽ തുടങ്ങുവാൻ സാദ്ധ്യമാണു്. ശംഖിൻെറ ശബ്ദംപോലെ ഈ വ്യവസായത്തിൻെറയും "ഓം" എന്ന നാന്ദിധ്വനി

മാത്രമേ ഇപ്പോൾ തുടങ്ങിയിട്ടുള്ളൂ. അടുത്തുതന്നെ അതു ഡോളറിന്റെ "ഓം"കാരത്തിലവസാനിക്കുമെന്നു നമ്മൾ കാംക്ഷിക്കാം.

—ദേവീദാസൻ

കുറിപ്പുകൾ

ചോദ്യങ്ങൾ:—

1. ശംഖിന്റെ വിവിധരൂപങ്ങളും നാമങ്ങളും വിവരിക്കുക.

2. ശംഖ് വാരിയെടുക്കുന്നതെങ്ങനെ?

വ്യാകരണം:—

വിഭക്തികൾ:—

1. ഉദ്ദേശിക. പ്രത്യയം—'ക്കു'

ഉദാഹരണം: നദിക്കു്, ശാരദയ്ക്കു്.

നകാരത്തിൽ അവസാനിക്കുന്ന പദങ്ങളോടു ചേരുമ്പോൾ സംവൃതമായ ഉകാരം മാത്രമേ ശേഷിക്കൂ. ഉദാഹരണം— രാമനു്, കൃഷ്ണനു്. നകാരാന്തമല്ലാത്തവയോടു 'ക്കു' ചേർക്കുന്നതിനുമുമ്പ് 'ഇൻ' എന്നു ചേർക്കും. ഉദാഹരണം—രാജാവ് + ഇൻ + ക്കു് = രാജാവിനു്.

2. പ്രയോജിക. പ്രത്യയം—'ആൽ'

ഉദാഹരണം: നദിയാൽ, നക്ഷത്രത്താൽ, ശാരദയാൽ. ഹേതു, ഉപകരണം, കർമ്മണിപ്രയോഗത്തിലെ കർത്താവ് എന്നിവയെ പ്രയോജിക കുറിക്കും. ഉദാഹരണം—കോപത്താൽ ശപിച്ചു (ഹേതു). അമ്പിനാൽ എയ്തു (ഉപകരണം). കാളിദാസനാൽ രചിക്കപ്പെട്ടു (കർമ്മണിപ്രയോഗം).

3 സംബന്ധിക. പ്രത്യയം—'ഉടെ'

ഉദാഹരണം: നദിയുടെ, ശാരദയുടെ, അവരുടെ. 'അൻ', 'ഇൻ' എന്നതിനുശേഷം വരുന്ന

‘ ഉടെ ’—‘ ടെ ’ എന്നാകും. ഉദാഹരണം — നക്ഷത്രം + ഇൻ + ഉടെ = നക്ഷത്രത്തിന്റെ. രാമൻ + ഉടെ = രാമന്റെ.

4. ആധാരിക. പ്രത്യയം—(1) ‘ ഇൽ ’, (2) ‘ കൽ ’

ഉദാഹരണം: നദിയിൽ, ശാരദയിൽ, മനസ്സിൽ, പടിയ്ക്കൽ, തലയ്ക്കൽ, നടയ്ക്കൽ.

ആധാരികയുടെ പ്രത്യയങ്ങൾ ചേർക്കാതെ, അവയുടെ അർത്ഥത്തിലും സ്ഥാനത്തും പ്രയോഗിക്കുന്ന പ്രത്യയങ്ങളെ ആധാരികാഭാസങ്ങളെന്നു പറയുന്നു. ഉദാഹരണം — മുററ<u>ത്തു്</u>, അററ<u>ത്തു്</u>, കാട്ടി<u>ലെ</u>.

സംബോധികയെ ഒരു പ്രത്യേകവിഭക്തിയായി ഗണിക്കുന്നില്ല.

പാഠം 22

കലിയും ഇന്ദ്രനും

[മിക്കവാറും ഗതാനുഗതികമായി പ്രവഹിച്ചുപോന്ന നമ്മുടെ ആട്ടക്കഥാസാഹിത്യത്തിനു നൂതനമായൊരു ചൈതന്യം പ്രദാനം ചെയ്തതു് ‘നളചരിതം കഥകളി’യുടെ രചയിതാവായ ഉണ്ണായി വാരിയരാണു്. ഭാവങ്ങളുടെ ഹൃദയസ്പർശിയായ ആവിഷ്കരണത്തിലും കവിതയിലുടനീളം ഔചിത്യം ദീക്ഷിക്കുന്നതിലും അദ്ദേഹത്തെ അതിശയിക്കുന്ന ഒരു സാഹിത്യകാരൻ കഥകളിലോകത്തിൽ ഇല്ലതന്നെ. ‘നളചരിത’ത്തിൽ കലിയും ഇന്ദ്രനും തമ്മിൽ നടക്കുന്ന സംവാദമാണു് ഇവിടെ ഉദ്ധരിച്ചിട്ടുള്ള ഭാഗം.]

(കലിയും ദ്വാപരനും പ്രവേശിക്കുന്നു. ഇന്ദ്രാദികൾ അവരുടെ മുമ്പിൽ പ്രത്യക്ഷരാകുന്നു.)

കലി (ഇന്ദ്രനോട്) :—

പല്ലവി

എങ്ങുനിന്നെഴുന്നരുളി സ്വരാധിപ

ദഹനശമനവരുണരൊടമോ ?

ഇന്ദ്രൻ :—

മോഹനം—ചെമ്പട

പോരുമന്നേനകലേ ; നീ സമ്പ്രതി

പോവതിതെങ്ങു കലേ ?

കലി :—

ചരണം 1

ഭൂമിതന്നിലുണ്ടു ഭീമസുതയെന്നൊരു

കാമിനി കമലലോചനാ

കാമനീയകത്തിൻ ധാമംപോൽ, അവൾതൻ—

നാമം കേട്ടു ദമയന്തിപോൽ ;

യാമി ഞാനവളെയാനയിപ്പതിന്നു,

സ്വാമിയതിന്നു വിട തരിക നീ ;

കാമക്രോധലോഭമോഹസൈന്യമുണ്ടു,

താമസിക്കരുതു സുരപതേ,

ജഗദധിപതേ, ഗുണകൃതരതേ,

വെളുപകൂതേരഹം പ്രതികരിഷ്യാമി. (എങ്ങു)

ഇന്ദ്രൻ :—

ചരണം 1

പാഥസാം നിചയം പോയൊഴിഞ്ഞളവു

സേതുബന്ധനോദ്യോഗമെന്തെടോ ?

ജാതമായി തദ്വിവാഹകൗതുകം
ആദരേണ ഞങ്ങളും കണ്ടുപോന്നിതു ;
ചിത്രതരം സ്വയംവരമതിലാശ്ചര്യം
നലമുള്ളോരു നവഗുണപരിമളനെ
നളനെന്നൊരു നൃപനെ അവൾ വരിച്ചു.
ഇനി ഉവി തേ ഗതി പഴുതേ ;
ശകുനപ്പിഴ തവ ജനിതം .... . (പോയ്)

കലി (കോപത്തോടുകൂടി) :—

ചരണം 2

കനക്കെക്കൊതികലർന്നു മിഴിച്ചു പാവകളെ-
ക്കണക്കെ നിങ്ങളും കണ്ടങ്ങിരിക്കവെ,
മനസ്സിലുറപ്പോടവൾ പരക്കം ജനംനടുവിൽ
മനുഷ്യപ്പുഴുവിനെയോ വരിച്ചുപോൽ ?
മിന്നുകെട്ടുമിങ്ങും നടക്കമാത്രമിഹ
നിന്നതിൽ നിങ്ങൾക്കിഹ ലാഭമായ്.
എനിക്കിന്നിതു കേട്ടു ജനിക്കുന്നുണ്ടു കോപം
'പിണക്കിയക്കരവൻ താനവനെയും
ധ്രുവമവളെയും, രാജ്യമക്കളെയും'
അതിചപലമെന്നിയെ സമയം കരോമി. . .(എങ്ങു)

ദ്വാപരൻ :—

ചരണം 2

പ്രവണനങ്ങളിൽ ഭക്തിമാൻ നളൻ ;
പ്രണതപാലനം വ്രതമവേക്ഷിക്കുമോ ;
ഗുണഗണങ്കനിലയമായ മിഥുനമി-

തദ്ഗുണരായി തന്നംഘടസ്സു ഞങ്ങളു-
മിന്നധുനാ, നിനക്കിനി നല്ലതിനായ്,
വയമൊന്നിഹ ചൊൽവതു കേൾക്ക കലേ
നളനിൽ തവ വൈരമനർത്ഥകരം;
കുമതി ഭവാൻ, അവൻ ഗുണവാൻ;
വ്യസനം തവ വരുമുടനേ .... (പോയ്)

(ഇന്ദ്രാദികൾ പോകുന്നു. കലി കോപത്തോടും ഈർഷ്യയോടുംകൂടി കൺമറയുംവരെ അവനെ നോക്കി നില്ക്കുന്നു.)

നളചരിതം ആട്ടക്കഥ.] —ഉണ്ണായി വാരിയർ.
(രണ്ടാം ദിവസം)

കുറിപ്പുകൾ

ദഹനശമനവരുണൈഃ അമാ = അഗ്നി, യമൻ, വരുണൻ—ഇവരോടുകൂടി (അമാ = കൂടി) സമ്പ്രതി = ഇപ്പോൾ. കാമനീയകം = സൗന്ദര്യം. ധാമം = ഇരിപ്പിടം. യാമി = ഞാൻ പോകുന്നു. ജഗദധിപതി = ലോകങ്ങളുടെ നാഥൻ. ഗുണകുതുകരതി = ഗുണങ്ങളിൽ താൽപര്യമുള്ളവൻ. ഭവദുപകൃതേഃ = അങ്ങയുടെ ഉപകാരത്തിന്ന്. പ്രതികരിഷ്യാമി = ഞാൻ പ്രത്യുപകാരം ചെയ്യാം. പാഥസാം = വെള്ളത്തിൻെറ. നിചയം = കൂട്ടം. പാഥസാം നിചയം = വെള്ളത്തിൻെറ പെരുപ്പം. സേതുബന്ധനോദ്യോഗം = ചിറകെട്ടാനുള്ള ശ്രമം. നലം = നന്മ. നവഗുണപരിമളൻ = പുതിയ ഗുണങ്ങളുടെ സൗരഭ്യത്തോടുകൂടിയവൻ (സദ്ഗുണശാലി).

ധ്രുവം = തീർച്ചയായും. സമയം കരോമി = ഞാൻ സത്യംചെയ്യുന്നു. പ്രവണൻ = തൽപരൻ (വിനീത

ന്നെന്നും അർത്ഥം). പ്രണതപാലനം = ആശ്രയിച്ചവരെ അല്ലെങ്കിൽ വണങ്ങുന്നവരെ രക്ഷിക്കൽ. അവേഹി = അറിഞ്ഞാലും. നോ (നഃ) = ഞങ്ങളുടെ. മിഥുനം = ദമ്പതിമാർ. അനഘടയ്യ = യോജിപ്പിച്ച്. അനൃണർ = കടം വീട്ടിയവർ. കുമതി = ദുർബ്ബുദ്ധി. വയം = ഞങ്ങൾ.

ചോദ്യം :—

കലിയും ഇന്ദ്രനും തമ്മിൽ നടന്ന സംവാദം സംഗ്രഹിക്കുക.

(സന്ധിയും സമാസങ്ങളും അദ്ധ്യാപകൻ വിവരിച്ചുകൊടുക്കണം.)

പാഠം 23

കുലദ്രോഹി

1 നല്ല ഇരുട്ട്. തലയ്ക്കുമീതെയുള്ള നാട്ടിലെ മിന്നാമിനുങ്ങിൻകൂട്ടം മരങ്ങളുടെ വിടവിലൂടെ താഴോട്ടെത്തിനോക്കുന്നു.

2 ആഫ്രിക്കയിലെ കോംഗോമലകളിൽ ഒരിടത്തു വള്ളിക്കാടുകൾ തടിച്ചുവളർന്നു കോട്ടകെട്ടിയ ഒരു മേടിന്റെ നടുവിൽ ഒരു കൂററൻമരത്തിന്റെ കടയ്ക്കൽ 'ചാക്കൻ' കാവൽ കുത്തിയിരിക്കയാണ്. ആറടി പൊക്കവും, പത്തു ചാക്ക് ഉപ്പിന്റെ തൂക്കവുമുള്ള സാമാന്യം വൃദ്ധനായ ഒരു ഗോറില്ലാക്കരങ്ങാണ് ചാക്കൻ.

3 മരത്തിന്റെ മുകളിൽ, ശിഖരക്കൂട്ടങ്ങൾക്കിടയിൽ ചൂരൽവള്ളികൾ ഘടിപ്പിച്ച് മീതെ ഉണക്കില വിരിച്ചു സജ്ജമാക്കിയ മെത്തകളിൽ ചാക്കന്റെ രണ്ടു ഭാര്യമാരും, നാലു സന്താനങ്ങളും സുഖമായുറങ്ങുകയാണ്.

4 ആ ഘോരകാന്താരത്തിലെ നിശാനാദങ്ങളോരോന്നും ആശങ്കാപൂർവ്വം ശ്രദ്ധിച്ചുകൊണ്ടാണ് അവൻ സമയം കഴിക്കുന്നത്. എല്ലാം പരിചിതസ്വരങ്ങളാണ്. 'ഹൂംംം' അതു് മലമുഴക്കിപ്പക്ഷിയുടെ കൂകലാണ്. 'ക്രിണിം—ക്രിണിം—ക്രിണിം' കാട്ടുചീവീടുകളുടെ കരച്ചിൽ. 'ഹ്രാങ്—ഹ്രാങ്—ഹ്രാങ്' അകലെയെവിടുന്നോ സിംഹഗർജ്ജനങ്ങൾ.

5 ചാക്കൻ പീപ്പപോലത്തെ പള്ള ചൊറിഞ്ഞുകൊണ്ട് ചെവികൂർപ്പിച്ചിരുന്നു. സിംഹങ്ങളേയും ആനകളേയും അവനു പേടിയില്ല. എന്നാൽ ആ കരിമ്പുലിയുണ്ടല്ലോ, നീചനായ ഒരു കാട്ടുകള്ളനാണ്. തരംകിട്ടിയാൽ അവൻ കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടു പൊയ്ക്കളയും. ശിഖരങ്ങളിലെങ്ങാനും അനക്കം കേൾക്കുന്നുണ്ടോ എന്ന് ചാക്കൻ ചെവിയോർത്തുകൊണ്ടിരുന്നു.

6 ഒരു വലിയ മിന്നാമിനുങ്ങ് തത്തിത്തത്തിപ്പറന്നു ചാക്കന്റെ മോന്തയ്ക്കുനേരെയെത്തി. അവൻ വായ പിളർന്നുകാട്ടി, ആ പ്രാണിയെ അതിലാക്കി നാക്കുകൊണ്ടു ഞെരിച്ചു്, നാക്കു പുറത്തേയ്ക്കു നീട്ടി പരിശോധിച്ചുനോക്കി. പ്രകാശമില്ല. പശപോലെ അതു നാക്കിൽ ഒട്ടിപ്പിടിച്ചുപോയി. അവൻ ഒന്നു നൊട്ടിനുണച്ചു്, പല്ലിളിച്ചു്, വീണ്ടും പള്ളയൊന്നു ചൊറിഞ്ഞു വിഷാദഭാവത്തിൽ തലയും താഴ്ത്തിയിരുന്നു.

7 ചാക്കന്റെ തലച്ചോറിൽ ക്ഷണികങ്ങളായ അനേകമനേകം ചലച്ചിത്രപ്രദശനങ്ങൾ നടന്നുകൊണ്ടിരുന്നു. ആളിക്കത്തുന്ന തീ. അവൻ മിഴിയടച്ച് കീഴ്ച്ചുണ്ട നീട്ടി തീയിനെപ്പററി ചിന്തിച്ചു. കുറെ ദിവസംമുമ്പ് ഒരു പിശിത്താവളത്തിന്നരികിലുള്ള പച്ചക്കറിത്തോപ്പിൽ അവൻ ഒരാക്രമണം നടത്തിയപ്പോൾ അവിടെ ആളിക്കത്തുന്ന തീ കണ്ട് അവൻ പേടിച്ചു തിരിച്ചോടിപ്പോരുകയുണ്ടായിട്ടുണ്ട്. ഇടിമിന്നലിന്നേയും അവന്നു പേടിയാണു്. മിന്നൽ പുളയുന്നതു കാണുമ്പോൾ അവൻ വള്ളിപ്പടർപ്പുകൾക്കിടയിൽ ഓടി ഒളിച്ച് കമ്പയിൽ മുഖംചായ്ച്ച് മിഴിയടച്ചിരുന്നുകളയും.

8 തലയ്ക്കുമീതെയുള്ള നാട്ടിൽ നടക്കുന്ന പല കോലാഹലങ്ങളെപ്പററിയും അവൻ ഓത്തുനോക്കി. അവിടെ എല്ലാററിനേക്കാളും വലിയ ഒരു 'പഹയൻ' പോക്കിരി ഗോറില്ല പാക്കുന്നുണ്ടെന്നാണു് അവന്റെ വിശ്വാസം. ആ പരാക്രമിയെ അവന്നു കാണാൻ കഴിഞ്ഞിട്ടില്ല. ഇടിമുഴക്കത്തിലൂടെ അവൻ ആ ഗോറില്ല പള്ളയ്ക്കിടിക്കുന്ന ശബ്ദം കേൾക്കാറുണ്ട്.

9 തലയ്ക്കുമീതെയുള്ള നാട്ടിലെ മിന്നാമിനുങ്ങിൻപററത്തെ അവൻ അത്ഭുതത്തോടെ നോക്കിക്കൊണ്ടിരിക്കും. ഒരിക്കൽ അവൻ ഏററവും പൊക്കമുള്ള ഒരു മരത്തിന്റെ തുഞ്ചത്തു കയറിനിന്നു് ആകാശത്തിലേയ്ക്കു് കൈ വീശിപ്പിടിച്ച് ആ മിന്നാമിനുങ്ങുകൾ വല്ലതും കൈപ്പിടിയിൽപ്പെട്ടുപോയിട്ടുണ്ടോ എന്നു പരിശോധിച്ചുനോക്കി. ഒന്നുമില്ല. ചാക്കൻ പള്ള ചൊറിഞ്ഞു് ഒന്നിളിച്ചുകാട്ടി; പിന്നെ ആകാശത്തിലെ പഴത്തെപ്പററി ചിന്തിച്ചു.

10 ഭൂമി മുഴുവനും വെളുത്ത ചാറൊലിപ്പിക്കുന്ന ഒരു വലിയ പഴം ആകാശത്തിൽ പൊങ്ങിവരുന്നതു്. അവൻ കാണാറുണ്ടു്. ആകാശത്തിലെ പഹയൻഗോറില്ലയുടെ ആഹാരം ആ പഴമായിരിക്കണം. കാരണം കുറേശ്ശെ കുറേശ്ശേ കടിച്ചു കാൎന്നപോലെ ആ പഴം ചെറുതായിച്ചെറുതായി വരുന്നതും, ഒടുവിൽ തീരെ ഇല്ലാതാകുന്നതും അവൻ സൂക്ഷിച്ചുനോക്കിയിട്ടുണ്ടു്. നാനാവർണ്ണം കലൎന്ന ഒരു വള്ളി, പകൽ വെളിച്ചം പുറപ്പെടുന്ന ദിക്കിൽ, ഇരുട്ടാകുന്നതിന്നു മുമ്പു് പടൎന്നുകയറുന്നതും അവൻ ശ്രദ്ധിച്ചിട്ടുണ്ടു്. ആ വള്ളിയിൽ കായ്ച്ച ആ പഴം ഒന്നു സ്വാദു നോക്കാൻ അവന്നു സാധിച്ചിരുന്നുവെങ്കിൽ!

11 പേമാരി ചൊരിയുന്നതുപോലെ ഒരു ശബ്ദം ചാക്കന്റെ ശ്രദ്ധയെ ആകൎഷിച്ചു. അവൻ കൈനീട്ടിനോക്കി. മഴയല്ല—ഓ, കാട്ടാനകളാണു്. ഒരാനക്കൂട്ടം കാടു് തിമൎത്തുകൊണ്ടു് തെല്ലകലെ നീങ്ങുകയാണു്.

12 ഇന്നു് ആകാശത്തിലെ ഗോറില്ലയ്ക്കു് പട്ടിണിയായിരിക്കണം. കാരണം, ആ പഴം കാൎന്നതിന്നു് തീൎന്നുപോയിരിക്കുന്നു. ഭൂമി മുഴുവനും അന്ധകാരം വ്യാപിച്ചിരിക്കുന്നു.

13 ചാക്കൻ ഒരു കോട്ടുവായിട്ടു. അവന്നു് കുറേശ്ശെ ഉറക്കം വരുന്നുണ്ടു്. എന്നാൽ, ഉറങ്ങിയാൽ പററില്ല—തന്റെ പ്രഥമപത്നി ക്രീങ്ങിന്റെ കുഞ്ഞു ജനിച്ചിട്ടു മൂന്നു മാസം തികഞ്ഞിട്ടില്ല—കരിമ്പുലികൾ തക്കംനോക്കിയിരിക്കുന്നുണ്ടാകും. മരക്കൊമ്പുകളിൽ വല്ല കലപലാശബ്ദവും കേൾക്കുന്നുണ്ടോ എന്നു് അവൻ വീണ്ടും ശ്രദ്ധിച്ചു.

14 ഗർഭിണിയായ ദ്വിതീയപത്നി ക്രാങ്ങിനെപ്പററി അവൻ ഓൎത്തു. അവളെന്തൊരു യുവസുന്ദരിയാണെന്നോ

ദൂരെയുള്ള ഒരു മലമുകളിലെ ഒരു കുടുംബത്തിൽനിന്നു താൻ അവളെ വശീകരിച്ചു തട്ടിക്കൊണ്ടുവന്ന രോമാഞ്ചജനകമായ കഥ അവൻ ഓർത്തു. ക്രാങ്കിന്നുവേണ്ടി അവൻ വിദൂരവനങ്ങളിൽപോയി സ്വാദുള്ള കായ്കനികളും മുളങ്കൂമ്പുകളും കൂണും മററും ശേഖരിച്ചുകൊണ്ടുവന്നു കൊടുക്കുമ്പോഴും ആ മലമ്പ്രദേശക്കാരി അതു് വാരിവിഴുങ്ങുന്ന കാഴ്ച ഒന്നു കാണേണ്ടതുതന്നെയാണു്. ക്രാങ്കിന്റെ അരക്കെട്ടിന്നും പുരികത്തടത്തിന്നും മൂക്കിന്നും ഒരു വിശേഷസൌന്ദര്യമില്ലേ? ആ ഗിരികന്യകയുടെ വിയർപ്പിന്റെ ഗന്ധം അവനെ പലപ്പോഴും ഭ്രാന്തനാക്കിത്തീർത്തിട്ടുണ്ടു്. പക്ഷേ, ക്രീങ്കിന്നു് അവളെ കണ്ടുകൂടാ—വൈരം അസൂയ. നവോഢയും ലജ്ജാവതിയുമായ ക്രാങ്കിനെ അവൾ തരം കിട്ടുമ്പോഴെല്ലാം ഉപദ്രവിക്കും. തടുക്കാൻ ചാക്കൻ ധൈര്യപ്പെടാറില്ല. ക്രീങ്ക് തന്റെ വിശ്വരൂപം കാണിച്ചാൽ ചാക്കൻ ചൂളിപ്പോകും. ഒരു രാത്രി മുഴുവനും 'ക്രപ്പ്—ക്ലപ്പ്' എന്ന പുലഭ്യം ശകാരിക്കാൻ ആ പഹച്ചിക്കു കഴിയും—എന്നാലും മൂന്നു പിള്ളേരുടെ തള്ളയായ ക്രീങ്കിനോടു് ചാക്കന്നു് ഒരാദരവാണുള്ളതു്.

സുഖമായുറങ്ങുന്ന തന്റെ മൂന്നു അരുമസ്സന്താനങ്ങളെക്കുറിച്ചു് അവൻ ചിന്തിച്ചു. എന്തൊരോമനക്കുട്ടന്മാർ! അവരിൽ മുതിന്ന രണ്ടു കുട്ടികൾ 'ചാററനും ചീററനും' ഉച്ചയ്ക്കു ശേഖരിച്ച കായ്കനികൾ ഒരു മരത്തണലിൽ കൂട്ടിവെച്ചു സന്തോഷത്തോടെ ഭക്ഷിക്കുന്നതും, പിന്നെ ആകാശം നോക്കി അവിടെ മലന്നു കിടന്നു മയങ്ങുന്നതും, ഉറക്കം കഴിഞ്ഞു മരക്കൊമ്പുകളിൽ സർക്കസ്സു് കളിക്കുന്നതും, തമ്മിൽ ഗുസ്തിപിടിക്കുന്നതും മററും അവൻ ഓർത്തു തനിയേ രസിച്ചു: നാലുമാസം പ്രായംചെന്ന 'ച്യാന്നും' ഒരു

വികൃതിക്കൂട്ടന്റെ ലക്ഷണങ്ങളുണ്ടു്. ച്യാന്നു കുറച്ചുമാസം കൂടി പ്രായമായാൽ ആ മലയിൽനിന്നു താമസം മാററണമെന്നു് ചാക്കൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. ക്രാങ്ങിന്റെ നാട്ടിൻറടുത്തുള്ള മലയിലേയ്ക്കു് പോകാം. ഇപ്പോഴത്തെ സ്ഥലം അത്ര ഭദ്രമല്ലാതായിത്തീൎന്നിട്ടുണ്ടു്. മലയ്ക്കുതാഴെ ദൂരെയുള്ള അജ്ഞാതരാജ്യത്തിലെ ദുഷ്ടന്മാർ എന്തിനോവേണ്ടി അതിന്നടുത്തു ചിലപ്പോഴെല്ലാം വരുന്നതു് അവൻ കണ്ടിട്ടുണ്ടു്——ദേഹത്തിലെ രോമമെല്ലാം കൊഴിഞ്ഞുപോയ വികൃതസത്വങ്ങൾ. അവർ മനുഷ്യൻ എന്നു പേരുള്ള കൌശലക്കാരും ദുഷ്ടന്മാരുമായ ഇരുകാലി ജന്തുക്കളാണെന്നും, അവരുടെ നാററം ഉള്ള ദിക്കിൽനിന്നു് ഉടൻ മാറി താമസിച്ചില്ലെങ്കിൽ കുലം മുടിഞ്ഞുപോകുമെന്നും മററും ചാക്കന്റെ ചത്തുപോയ തന്ത അവനെ ഉപദേശിച്ചതു് അവൻ ഓൎത്തു. ആ മനുഷ്യൎക്കു് ചിരിക്കാൻ കഴിയുമത്രേ——അവൻ വളരെ സൌമ്യത നടിച്ചു പല്ലിളിച്ചു ചിരിക്കാൻ ഒന്നു പരിശ്രമിച്ചുനോക്കി.

16 അപ്പോൾ ദൂരെനിന്നു് അപരിചിതമായൊരു ശബ്ദം തുടരെത്തുടരെ ചാക്കന്റെ കാതുകളിൽ വന്നലച്ചു. അവൻ ആദ്യം അലസമായും പിന്നെപ്പിന്നെ ജാഗ്രതയായും ആ ശബ്ദം ശ്രദ്ധിച്ചു. കാട്ടുചീവീടുകളുടെ കരച്ചിലല്ല; ഗജവീരന്മാർ വൃക്ഷങ്ങളുടെ കടയ്ക്കൽ കൊമ്പുകൾകൊണ്ടിടിക്കുന്ന ശബ്ദവുമല്ല.

17 ചാക്കൻ എഴുന്നീററു് നീണ്ട കൈകൾ വീശി ആടിക്കുഴഞ്ഞുകൊണ്ടു് പൊക്കമുള്ളൊരു മരത്തിന്നടുക്കലേയ്ക്കു നടന്നു് കൊമ്പുകളിൽ പിടിച്ചുകയറി മരത്തിന്റെ ഏററവും മുകളിൽ നിന്നുകൊണ്ടു് ചുററുപാടും ഒന്നു കണ്ണയച്ചു. അകലെ

ഒരു വെളിസ്ഥലത്തു തീ കത്തിയെരിയുന്നു. അവൻ ഭയന്നു തലകുനിച്ചു കളഞ്ഞു—കുറച്ചു കഴിഞ്ഞപ്പോൾ അവൻ ശിഖരങ്ങൾക്കിടയിലൂടെ ഒന്നു പാളിനോക്കി. ആളിക്കത്തുന്ന അഗ്നിയുടെ ചുററുപാടും തലയിൽമാത്രം രോമമുള്ള കുറിയ ഇരുകാലിമൃഗങ്ങൾ ചാടിക്കളിക്കുന്നു. അവർ പള്ളപോലുള്ള എന്തോ ഒന്നിൽ ഇടിച്ചു് ഡ്റം—ഡ്റം—ഡ്റം എന്ന ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.

ആ കാഴ്ച കുറെനേരം നോക്കിയിരുന്നപ്പോൾ അവന്നും ഒരു രസം പിടിച്ചു—തൻെറ ഭാര്യാമക്കളെ വിളിച്ചുവരുത്തി ആ തമാശ ഒന്നു കാട്ടിക്കൊടുത്താലോ എന്നുകൂടി അവന്നു തോന്നിപ്പോയി.

പെട്ടെന്നു് താഴത്തെ പടപ്പിന്നടിയിൽനിന്നു് എന്തോ ചില ശബ്ദങ്ങളുണ്ടായി. ചാക്കൻ മരത്തിൽനിന്നു ബദ്ധപ്പെട്ടിറങ്ങിവന്നു മുമ്പത്തെ സ്ഥാനത്തുതന്നെ കാവലുറപ്പിച്ചു.

II

മേലാകെ ചെമ്മണ്ണും ചാരവുംകൊണ്ടു് കളം വരച്ചു്, മൃഗചർമ്മംകൊണ്ടു് അര മറച്ചു ഹ്രസ്വകായരായ പിഗ്മികൾ ഗോറില്ലാനായാട്ടിന്നു കരുത്തും കൌശലവും കൈവരുത്തുന്നതിന്നു തങ്ങളുടെ പ്രപിതാമഹപ്രേതങ്ങളെ പ്രസാദിപ്പിക്കാൻ ഗംഭീരമായ നൃത്തം ചവിട്ടുകയാണു്. പടർന്നു ജ്വലിക്കുന്ന തീ ആ പച്ചക്കാടിൻെറ വക്ഷസ്സിൽ ചഞ്ചലാത്മകമായ കാഞ്ചനപ്രകാശവലയം വീശിക്കൊണ്ടിരിക്കുന്നു. അമ്പും വില്ലും കൈയിലേന്തി ആ വികൃതരൂപങ്ങൾ അപസ്മാരരോഗികളെപ്പോലെ പല വികൃതഗോഷ്ടികൾ

കാണിച്ചു തീക്കു ചുററും തുള്ളുകയും അലറുകയും ചെയ്യുന്നു. അവർ മരത്തിന്റെ കൂററൻ കരിനിഴലുകളെ ശത്രുവായി സങ്കല്പിച്ചു് കുന്തം വീശിയെറിഞ്ഞു് വിജയാട്ടഹാസങ്ങൾ മുഴക്കുന്നു. പറയടിയുടെ താളത്തിന്നു് പിരിമുറുക്കം കൂടുന്നു. അതിന്റെ ആരവം കാട്ടിന്നുള്ളിലെ മൃഗങ്ങളെ അമ്പരപ്പിക്കുന്നു. രാത്രിക്കു് എന്തു സംഭവിച്ചുവെന്നു് ഒരന്തവും കിട്ടാതെ സിംഹങ്ങളും പുലികളും ആത്മരക്ഷയ്ക്കായി പരക്കം പായുന്നു.

21 ഒരു മരച്ചുവട്ടിൽ സ്ഥാപിച്ച ഒരു കൊച്ചുതമ്പിന്നുള്ളിൽ, വായിൽ പുകയുന്ന പൈപ്പും മടിയിൽ നിറച്ച റൈഫിളുമായി ജാക്സൻ സായ്പു് ആ പിഗ്മിക്കാട്ടാളന്മാരുടെ പ്രാകൃതവിനോദങ്ങൾ നോക്കിയിരിക്കയാണു്. ചളിമ്പു കയറിന്റെ ഒരു ക്രമ്പാരത്തിന്നു മുകളിൽ നാലു സുലുക്കാപ്പിരികൾ സുഖമായി ഉറങ്ങുന്നു.

22 ജാക്സൻ ചുററുപാടും ഒന്നു നോക്കി—പിന്നെ കിഴക്കുഭാഗത്തെ ആ ഇരുണ്ട വനഭൂവിലേയ്ക്കും. സംതൃപ്തമായ മുഖഭാവത്തോടെ അയാൾ എഴുന്നേററു് വാച്ചുനോക്കി. പന്ത്രണ്ടുമണി. അയാൾ ക്യാമ്പുകോട്ടു നിവർത്തി ഉറങ്ങാൻ കിടന്നു. പിഗ്മികളുടെ പറകൊട്ടലും തുള്ളലും അപ്പോഴും തുടർന്നുകൊണ്ടേയിരുന്നു.

23 പിറേറന്നു പ്രകാശത്തിനു മുമ്പേ ജാക്സൻ ഉണർന്നു.

നാലു സുലുക്കാപ്പിരികളും പതിനൊന്നു പിഗ്മിക്കാട്ടാളന്മാരും, തമ്പിന്നു പുറത്തു് തയ്യാറായി നില്ക്കുന്നുണ്ടായിരുന്നു.

24 കയറിന്റെ ഭാണ്ഡം ചുമലിലേററി രണ്ടു കാപ്പിരികൾ മുമ്പേ നടന്നു. അവരുടെ കൈയിൽ കോടാലിയും

വെട്ടുകത്തിയും മററ് ആയുധങ്ങളും ഉണ്ടായിരുന്നു. അവരുടെ പിറകിൽ, തോക്കും കക്ഷത്തിലിറുക്കി ജാക്സൻ സായ്പ്. ആഹാരസാധനങ്ങൾ നിറച്ച കുട്ടകളും ശുദ്ധജലം നിറച്ച കുപ്പികളും താങ്ങിപ്പിടിച്ച്, ചുമലിൽ തോക്കും തൂക്കിയിട്ട മറേറ രണ്ടു കാപ്പിരികൾ സായ്പിന്റെ അംഗരക്ഷകന്മാരുടെ മട്ടിൽ പിറകേ നടന്നു. അമ്പും വില്ലും കുന്തവും ധരിച്ച പിഗ്മിക്കാട്ടാളന്മാർ ഒരു പിന്നണിസ്സൈന്യംപോലെയും നടന്നു. ആ ഘോഷയാത്ര നിശ്ശബ്ദം വനാന്തരത്തിലേയ്ക്കു നീങ്ങി.

25 കാട്ടിൽ കുറെ ഉള്ളിലേയ്ക്കു ചെന്നപ്പോൾ സായ്പ് നില്ക്കാൻ കല്പന കൊടുത്തു. ആ പരിസരം ഒന്നു പരിശോധിച്ച് കാട്ടിന്റെ ഒരു കോണിലേയ്ക്കു ചൂണ്ടി അയാൾ പറഞ്ഞു: "അവിടെയായിരിക്കണം ഗോറില്ലാക്കുടുംബത്തിന്റെ പാർപ്പിടം. ഇനി മരം മുറിക്കാൻ തുടങ്ങിക്കോളൂ."

26 കാപ്പിരികളും പിഗ്മികളും കാടു വളഞ്ഞു. ചുററുപാടുമുള്ള കുററൻ മരങ്ങളും വള്ളിക്കെട്ടുകളും തെരുതെരെ മുറിച്ചു തള്ളിത്തുടങ്ങി. ഉച്ചയാകുമ്പോഴേയ്ക്ക് അവർ വിശാലമായൊരു വിടവ് വൃത്താകൃതിയിൽ പൂർത്തിയാക്കി. നടുവിൽ ഒററപ്പെട്ടു നില്ക്കുന്ന ഒരു കോട്ടപോലെ ആ ഇരുണ്ട വനഖണ്ഡം അവരെ തുറിച്ചുനോക്കി.

27 "ഇനി ഈ കോട്ടയുടെ നടുവിലും മരങ്ങൾ മുറിച്ചൊഴിച്ച് ഒരു കിടങ്ങുണ്ടാക്കുക." ജാക്സൻ വീണ്ടും കല്പന കൊടുത്തു. അവർ ആ വനഖണ്ഡത്തിന്നു് വിലങ്ങനെ തുറസ്സായ മറെറാരു മാർഗ്ഗവും നിർമ്മിച്ചു; മീതെ ഭദ്രമായി വല വിരിച്ചു. ജാക്സൻ ആ കോട്ടയ്ക്കു ചുററിലും

നടുവിലും കിടങ്ങുകൾപോലെ ഉണ്ടാക്കിയ വിടവുകളുടെ വീതിയും ഭദ്രതയും മററും നല്ലപോലെ ഒന്നുകൂടി പരിശോധിച്ചുതൃപ്തിപ്പെട്ടു.

28 "ഇനി നമുക്കു വേട്ട തുടങ്ങാം." ജാക്സൻ ആകാശത്തിലേയ്ക്കു് ഒരു വെടി പൊട്ടിച്ചു് സൂചന നല്കി.

29 ആ വെടിയുടെ ശബ്ദത്തെത്തുടൎന്നു് പിഗ്മികളുടെ ആൎപ്പും വിളിയും അന്തരീക്ഷത്തെ മുഖരിതമാക്കി. 'ഹൈ! ഹൈ! ഹും—ഹും' എന്നാൎത്തുവിളിച്ചുകൊണ്ടു് അവർ കാട്ടിനുള്ളിലേയ്ക്കു് തുരുതുരെ അസ്ത്രങ്ങൾ അയച്ചു് ആ കാട്ടുമനുഷ്യനെ പോരിനു വിളിച്ചു. "ഇങ്ങോട്ടു പുറത്തു വാടാ, തടിമാടാ—നിന്റെ പെരുംകുമ്പയ്ക്കു നേരേ ഞങ്ങൾ അമ്പയയ്ക്കട്ടെ—എടാ, ഹമുക്കേ, ഒളിച്ചിരിക്കാതെ പുറത്തു കടക്കെടാ കാട്ടുകള്ളാ" എന്നെല്ലാം വായിൽ തോന്നിയ ചീത്ത വിളിച്ചു പറയുകയും ചെയ്തു.

30 ചാക്കൻ രാവിലത്തെ തീററിയും കഴിഞ്ഞു് ഒന്നു മയങ്ങാൻ ഭാവിക്കുന്ന നേരത്താണു് അല്പം അകലെ മരങ്ങൾ മുറിഞ്ഞു വീഴുന്ന ശബ്ദം കേട്ടതു്. കാട്ടാനക്കൂട്ടം കാട്ടു തകൎക്കുകയായിരിക്കുമെന്നു വിചാരിച്ചു് അവൻ നോക്കാൻ പോയില്ല. അപ്പോഴാണു് മുകളിൽനിന്നു ക്രീങ് 'ഭ്രോം—ഭ്രോം' എന്നു് ഒരപായസൂചകശബ്ദം പുറപ്പെടുവിച്ചതു്. ചാക്കൻ മരത്തിന്റെ മുകളിൽ കയറി നാലുപാടും ഒന്നു നോക്കി. അയ്യോ ചതിച്ചു! ദേഹത്തിൽ രോമവും വാലുമില്ലാത്ത മനുഷ്യക്കൂട്ടം കാടു വളഞ്ഞിരിയ്ക്കുന്നു.

31 "പേടിക്കേണ്ട, നമുക്കിവിടെ ഒളിച്ചിരിക്കാം. ഈ നിബിഡതയിലേയ്ക്കു് ആ ദുഷ്ടന്മാരുടെ അമ്പുകൾ എല്ലാം

കയില്ല. അവർ അടുത്തു വരികയാണെങ്കിൽ അവരെ ഞാൻ ശരിപ്പെടുത്തിക്കൊള്ളാം.'' ചാക്കൻ ക്രാങ്ങിനെ സാന്ത്വനപ്പെടുത്തി. പിന്നെ ഗർഭിണിയായ ക്രാങ്ങിന്റെ മുഖത്തേയ്ക്കു ദയനീയമായി ഒന്നു നോക്കുകയും ചെയ്തു.

32 പിഗ്മികളുടെ ആർപ്പുവിളിയും ശരപ്രയോഗവും അസഹനീയമായിത്തുടങ്ങി. അവർ ക്രമേണ ആ കോട്ടയുടെ ഉള്ളിലേയ്ക്കു കടന്നു് ആക്രമണമാരംഭിച്ചു. ഇടയ്ക്കിടെ ഇടിവെട്ടുംപോലെയുള്ള വെടിയുടെ ശബ്ദവും ചാക്കനെ വിറളി പിടിപ്പിച്ചു.

33 അതാ, അവർ അവന്റേയും കുടുംബത്തിന്റേയും പാർപ്പിടം കണ്ടുപിടിച്ചു കഴിഞ്ഞു. മൂർച്ചയുള്ള ഒരമ്പു ചാക്കന്റെ മൂക്കിന്നു തറച്ചു.

34 “കുഞ്ഞുങ്ങളെ രക്ഷിക്കുക! പെണ്ണുങ്ങളേ, ഞാനിതാ യുദ്ധത്തിന്നു പോവുകയാണു്. ഞാൻ മരിക്കുകയാണെങ്കിൽ നിങ്ങളെങ്ങോട്ടെങ്കിലും രക്ഷപ്പെട്ടുകൊള്ളുക'' എന്നു ഗദ്ഗദത്തോടെ പറഞ്ഞുകൊണ്ടു ചാക്കൻ താഴോട്ടു ചാടിയിറങ്ങി.

35 രണ്ടു കൈകൊണ്ടും മാറത്തു തെരുതെരെ അടിച്ചു പറകൊട്ടുംപോലത്തെ ശബ്ദമുണ്ടാക്കിക്കൊണ്ടു് അവൻ ശത്രുക്കളുടെ നേർക്കണഞ്ഞു. “ഉശിരുണ്ടെങ്കിൽ എന്നെപ്പോലെ നിരായുധനായി യുദ്ധം ചെയ്യെടാ'' എന്നൊരു ഭാവത്തോടെയാണു് ചാക്കൻ അവരുടെ മുന്നിലേയ്ക്കു നെഞ്ഞുന്തിക്കൊണ്ടു ചെന്നതു്.

36 ജാക്സൻ സായ്പു് ചാക്കന്റെ കരളിനെ ലക്ഷ്യമാക്കി ഒരു വെടി പൊട്ടിച്ചു. തുടർന്നുകൊണ്ടു പിഗ്മികൾ അവന്റെ മാറിൽ ഒരു ശരക്കൂടം നിർമ്മിച്ചു. മാറിൽ കൈയ

മത്തി ദയനീയമായ ഒരു നിലവിളിയോടെ ചാക്കൻ കമഴ്ന്നു വീണു, കുറച്ചുനേരം പിടഞ്ഞു, പിന്നെ ജീവൻ വെടിയുകയും ചെയ്തു.

37 ഭത്താവ് മൃതിയടഞ്ഞതു കണ്ടപ്പോൾ ക്രാങ്കും, ക്രീങ്കും അടുത്ത മരങ്ങളിലേയ്ക്കു ചാടി—പിന്നാലെ കുഞ്ഞുങ്ങളും. വൃക്ഷങ്ങൾ പകന്നുപകന്നു അവർ കുറെ അപ്പുറമെത്തി. പിന്നെ ചാടാൻ മരം കാണുന്നില്ല—താഴെ ഇറങ്ങുകയേ നിവൃത്തിയുള്ളൂ. പിഗ്മികൾ താഴെ തങ്ങളെ പിടിക്കാൻ തയ്യാറായി നില്ക്കുന്നു. ക്രീങ്കും ക്രാങ്കും കുഞ്ഞുങ്ങളും, കോട്ടയ്ക്കുള്ളിലേയ്ക്കുതന്നെ തിരിഞ്ഞു.

38 കാപ്പിരികളും പിഗ്മികളും ജാക്സന്റെ കല്പനപ്രകാരം വലിയ മരങ്ങളുടെ ശാഖകൾ വെട്ടി മുറിച്ചുതുടങ്ങി. പെൺകുരങ്ങുകൾ രക്ഷപ്രാപിച്ച വൃക്ഷങ്ങളും അവർ വെട്ടിമുറിക്കാൻ ശ്രമിച്ചു. സർക്കസ്സിലെ ട്രപ്പീസ് ചാട്ടക്കാരെപ്പോലെ കുരങ്ങുകൾ ആകാശത്തിൽ മലക്കം മറിച്ചിൽ തുടങ്ങി. പക്ഷേ അവക്കു തുടന്നു ചാടാനും പിടിക്കാനുമുള്ള സാധ്യത ചുരുങ്ങിച്ചുരുങ്ങി വന്നു.

39 ഗർഭിണിയായ ക്രാങ്ക് ക്ഷീണാധിക്യത്താലും ഭയത്താലും ചാട്ടം പിഴച്ചു താഴെ പ്ധും എന്നു പതിച്ചു. വയറും കാലുകളും ചതഞ്ഞു് അപ്പോൾത്തന്നെ മൃതിയടഞ്ഞു. ക്രീങ്ക് ഗതിമുട്ടി നടുവിലത്തെ പഴുതിലേയ്ക്കു ചാടി വലയിൽ കുടുങ്ങി— അവളുടെ പിന്നാലെ ചാടിയ രണ്ടു ചെക്കന്മാർ വലയ്ക്കു പുറത്തു ഒരു പാറയിൽ വീണു സിദ്ധികൂടി.

40 വലയിൽപ്പെട്ട ക്രീങ്കിനെ പിഗ്മികൾ അപ്പോൾത്തന്നെ കുന്തംകൊണ്ടു കുത്തിക്കൊന്നുകളഞ്ഞു.

41 പരാക്രമികളായ പ്രായപൂർത്തിക്കാരൊക്കെ ചത്തൊടുങ്ങിയപ്പോൾ പിഗ്മികളും കാപ്പിരികളും രക്ഷപ്പെട്ട കുഞ്ഞുങ്ങളെ തിരച്ചൽ തുടങ്ങി; പൊന്തകളും പടപ്പുകളും പരിശോധിച്ചു. ഒരു മരച്ചുവട്ടിൽ കരഞ്ഞുകൊണ്ടു നില്ക്കുന്ന ച്യാനിനെ അവർ കണ്ടുപിടിച്ചു. ജാക്കുൻ ഓടിവന്നു ച്യാനിന്റെ പിൻകഴുത്തിൽ പിടികൂടി ബലമായി അമർത്തി. പിഗ്മികൾ ക്ഷണത്തിൽ അവനെ ബന്ധിക്കയും ചെയ്തു. സന്ധ്യയോടുകൂടി എല്ലാം അവസാനിച്ചു. ഉച്ചത്തിൽ വിജയഗാനങ്ങൾ മുഴക്കിക്കൊണ്ടു പിഗ്മികളും കാപ്പിരികളും ജാക്കുനും ക്യാമ്പിലേയ്ക്കു തിരിച്ചു.

III

42 ജാക്കുൻ തമ്പിനുള്ളിൽ ഒരു കസാലയിൽ പൈപ്പും വലിച്ചുകൊണ്ടിരിക്കുകയാണു്. പുറത്തെ വനഭൂവിൽ പൂനിലാവു് വഴിഞ്ഞൊഴുകുന്നു.

43 പെട്ടെന്നൊരു കറുത്ത രൂപം തമ്പിന്നകത്തേയ്ക്കു നൂണു വന്നു്, ഒരു മൂലയിൽ ഇട്ടിരുന്ന, ക്യാൻവാസ്കട്ടിലിന്റെ ഒരററത്തു് ഇരിപ്പുറപ്പിച്ചു.

44 ജാക്കുൻ ഒട്ടും പരിഭ്രമം കാട്ടിയില്ല. ആഫ്രിക്കൻവനങ്ങളിലെ ഭയങ്കര ജന്തുക്കളുമായി സമരം നടത്തുന്ന ആ അമേരിക്കക്കാരനെ ഭയപ്പെടുത്തുവാൻ ഒന്നിനും സാദ്ധ്യമല്ല— അഥവാ ഭയന്നാലും അയാൾ അതു പുറമേ കാണിക്കുകയില്ല. എങ്കിലും, ആകസ്മികമായി അർദ്ധരാത്രിയിൽ തന്റെ തമ്പിലേയ്ക്കു് ഒരു കൂസലും കൂടാതെ കടന്നു വന്ന ആ ക്രൂരൻ മനുഷ്യനെ ജാക്കുൻ തെല്ലൊരു വിസ്മയഭാവത്തോടെ നോക്കി.

ആഗതന്റെ മുഖം വ്യക്തമായി കാണാൻ കഴിഞ്ഞിരുന്നില്ല. അയാൾ നെരിയാണിവരെ എത്തുന്ന നീണ്ട കറുത്ത മേൽക്കുപ്പായം ധരിച്ചിട്ടുണ്ട്. ഒരു ഫെൽററ് ഹാററ് നെററിയുടെ കീഴ്പ്പോട്ടു നല്ലതുപോലെ ചെരിച്ചു വെച്ചിരിക്കുന്നു. ആറടിയിൽ അധികം പൊക്കമുള്ള ഒരു തടിയൻ.

"ഇസ്റ്റ് ഈവനിങ്ങ് ജാക്സൻ" ആഗതൻ ഒന്നാംതരം ഇംഗ്ലീഷിൽ ആ നിശ്ശബ്ദതയെ ഭഞ്ജിച്ചു.

"ഗുഡീവിനിങ്ങ്--നിങ്ങൾ--നിങ്ങൾ? എനിയ്ക്കു മനസ്സിലായില്ല." ജാക്സൻ എഴുന്നേല്ക്കാൻ ശ്രമിച്ചു, സാധിച്ചില്ല.

"നമ്മൾ പഴയ കുടുംബക്കാരാണ്. ഒരിക്കൽ തമ്മിൽ കണ്ടിട്ടുമുണ്ട്."

"അതേയതെ, എനിക്കു നിങ്ങളുടെ സ്വരം കേട്ടു പരിചയമുള്ളതുപോലെ തോന്നുന്നു. എന്റെ കുടുംബം ഇംഗ്ലണ്ടിലെ നോർഫോക്കിൽനിന്നാണ് അമേരിക്കയിൽ കുടിയേറിപ്പാർത്തതു്. നിങ്ങളുടെ പേർ?...."

"എന്നെ ജാക്ക് എന്നു വിളിച്ചോളൂ--ആ കുടുംബചരിത്രം ഞാൻ പിന്നീടു പറയാം. നിങ്ങളുടെ ഗോറില്ല വേട്ട എങ്ങനെ ഉണ്ടായിരുന്നു?"

ജാക്സന്റെ കണ്ണുകൾ വികസിച്ചു. തന്റെ അന്നത്തെ ഗോറില്ലപിടിത്തത്തിന്റെ രസകരമായ ചരിത്രം കേൾപ്പിക്കാൻ ഒരാളെ കിട്ടാതെ അയാൾ പരുങ്ങുകയായിരുന്നു. ജാക്കിന്റെ കുടുംബചരിത്രം കൂടുതൽ ചോദിച്ചു മനസ്സിലാക്കാൻ നില്ക്കാതെ ജാക്സൻ ആ കഥ പറയാൻ തുടങ്ങി.

"ജാക്കമ്മാമാ—ഞാൻ നിങ്ങളെ അങ്ങനെ വിളിക്കാം—ഓ, നല്ല ഭാഗ്യമുള്ള ദിവസമായിരുന്നു ഇന്നു്. ഒരു ഗോറില്ലക്കുഞ്ഞിനെ കിട്ടി—അതാ ആ മൂലയിലെ കൂട്ടിൽ കിടക്കുന്നു. എന്റെ ആദ്യത്തെ ഗോറില്ലപിടിത്തമാണിതു്. ആറായിരം ഉറപ്പിക ചിലവായി ഈ സംരംഭത്തിന്നു്. സാരമില്ല. ഇതിനെ ജീവനോടെ അമേരിക്കയിൽ എത്തിച്ചാൽ മൃഗശാലക്കാർ എനിക്കു തരുന്നതു് ഇരുപതിനായിരം ഉറപ്പികയാണു്. ഹ! ഹ!"

"മുതിർന്ന ഗോറില്ലകളെ ഒന്നും കിട്ടയില്ലേ ?" ജാക്ക് ഒരിടറിയ സ്വരത്തിൽ ചോദിച്ചു.

"ജാക്കമ്മാമാ, നിങ്ങൾക്ക ഗോറില്ലപിടിത്തത്തെപ്പററി ഒരു ചുക്കും അറിഞ്ഞുകൂടെന്നാണു് തോന്നുന്നതു്. മുതിർന്ന ഗോറില്ലകളെ പിടിച്ചാൽ മെരുക്കാൻ സാധിക്കയില്ല—അവ കുറച്ചു ദിവസത്തിന്നകം ചത്തുപോവുകയും ചെയ്യും. കുഞ്ഞുങ്ങളെ കിട്ടിയാലേ ലാഭമുള്ളു. എന്നാൽ ഒരു കാര്യമുണ്ടു്: ഒരു കുഞ്ഞിനെ കിട്ടണമെങ്കിൽ ആ കുടുംബത്തിലെ പ്രായപൂർത്തിയെത്തിയ എല്ലാ അംഗങ്ങളേയും കൊന്നൊടുക്കാതെ നിവൃത്തിയില്ല."

"ഇന്നത്തെ വേട്ടയിൽ അങ്ങനെ എത്രയെണ്ണത്തിനെ വധിച്ചു ?"

"ഞങ്ങളുടെ നേക്ക് മാറത്തു തല്ലിക്കൊണ്ടു് സമരത്തിന്നു വന്ന തന്തക്കുരങ്ങനെ ആദ്യം ശരിപ്പെടുത്തി. വലയിൽ വീണ ഒരു തള്ളക്കുരങ്ങിനെ പിഗ്മികൾ കുന്തംകൊണ്ടു ശരിപ്പെടുത്തി. രണ്ടിടത്തരക്കാരും ഒരു പെണ്ണും ചാട്ടം തെററി താഴെ വീണു ചാവുകയും ചെയ്തു. ഞങ്ങളുടെ ഭാഗ്യം എന്നു പറയട്ടെ—പരുക്കൊന്നും പററാതെ

ഈ കുഞ്ഞു താഴെ ഒരു മരത്തിന്റെ ചുവട്ടിൽ കരഞ്ഞു കൊണ്ടു നില്ക്കുന്നേടത്തുനിന്നു ഞങ്ങൾക്കു പിടികിട്ടി. ഇനി പേടിക്കാനില്ല. ആ ചിട്ടങ്ങൻ കുറേശ്ശ പാൽ കുടിക്കുന്നുണ്ടു്. അല്ലാ, ഞാൻ നിങ്ങൾക്കൊന്നും സൽക്കരിച്ചില്ലല്ലോ—നിങ്ങൾ പുകവലിക്കുമോ ?"

"ഇല്ല. ഞാൻ പുക വലിക്കുകയില്ല."

"എന്നാൽ ഒരു ഗ്ലാസ്സു് വിസ്കി."

"ഞാൻ മദ്യം കഴിക്കുകയില്ല."

"എന്നാൽപ്പിന്നെ, നല്ല സോസേജസ്സ് ഉണ്ടു്. ഞാൻ അമേരിക്കയിൽനിന്നു് തയ്യാറാക്കിക്കൊണ്ടുവന്നതാണ്— ഒരെണ്ണം രുചിനോക്കണം."

"വേണ്ട. ഞാൻ മാംസം കഴിക്കുകയില്ല."

"പിന്നെ നിങ്ങളുടെ ആഹാരമെന്താണ് ?"

"പഴങ്ങളും, മുളങ്കൂമ്പുകളും, പച്ചവെള്ളവും."

"നിങ്ങൾ ഒരു കാട്ടുമനുഷ്യനാണെന്നു തോന്നുന്നു വല്ലോ."

"അതേ, ഞാനൊരു തനിക്കാട്ടുമനുഷ്യനാണ്— അതിൽ ഞാൻ അഭിമാനം കൊള്ളുകയും ചെയ്യുന്നു. ജാക്കൻ, നീയും ഒരു കാലത്തു് കാട്ടുമനുഷ്യനായിരുന്നു. എത്രയോ ആയിരം സംവത്സരങ്ങൾക്കപ്പുറമാണതു്. ഒരു ദിവസം നിനക്കൊരു പുതുമ കാണിക്കാൻ സാധിച്ചു—നീ ഒന്നു ചിരിച്ചു. എത്രതന്നെ ശ്രമിച്ചിട്ടും ഞങ്ങൾക്കതനുകരിക്കാൻ സാധിച്ചില്ല. ചിരിക്കുന്ന വിദ്യ സ്വായത്തമായതോടുകൂടി നീ ഞങ്ങളെപ്പിരിഞ്ഞു. വനങ്ങൾക്കപ്പുറത്തുള്ള അജ്ഞാത വിശാലതയിലേയ്ക്കു് ഓടിപ്പോവുകയും ചെയ്തു.

പിന്നീടു നിനക്കും നിൻെറ ജീവിതരീതിക്കും വന്ന പരിവത്തനങ്ങളെപ്പററി അറപ്പോടും നാണത്തോടും കൂടിയല്ലാതെ ഞങ്ങൾക്കു ചിന്തിക്കാൻ കഴിയുന്നില്ല. നാറുന്ന മാംസവും, പുളിക്കുന്ന മദ്യവും നീ ആഹാരമാക്കി സ്വീകരിച്ചു. ആയുധങ്ങൾ ഉണ്ടാക്കി അന്യോന്യം ഉപദ്രവിക്കുന്നതും സംഹരിക്കുന്നതും ഒരു വിനോദമാക്കിത്തീർത്തു. എന്നാൽ, ആ പഴയ കുടുംബക്കാരായ ഞങ്ങളോ, അന്നത്തെ മട്ടിൽത്തന്നെ ഇന്നും ജീവിക്കുന്നു. നിങ്ങളേയും നിങ്ങളുടെ വികൃിയകളേയും അകററിനിത്തി, ഞങ്ങൾ ഈ വൻകാടുകളുടെ കോണിൽ കായ്കനികളും തളിരുകളും ഭക്ഷിച്ചു ഭാര്യമാരും കുഞ്ഞുകുട്ടികളുമായി ഒതുങ്ങിക്കഴിയുകയാണു്. എന്നാൽ നിങ്ങളിതാ, ഇവിടേയും കടന്നുവന്നു ഞങ്ങളെ കൊന്നൊടുക്കാൻ തുടങ്ങുന്നു. കുലദ്രോഹി! ഞാനാരാണെന്നു മനസ്സിലായോ—നോക്കു്, എൻെറ മാറിലേയ്ക്കു്"

ജാക്കു് തൻെറ ഓവക്കോട്ടു് വലിച്ചുനീക്കി, തൊപ്പി തള്ളിമാററി, നെഞ്ചുന്തിക്കാണിച്ചുകൊണ്ടു് ജാക്കുൻെറ നേക്കുവന്നു.

ആറടി പൊക്കവും, 600 റാത്തൽ തൂക്കവുമുള്ള ചാക്കുൻെറ ഭയങ്കരാകാരം തൻെറ നേക്കു നീങ്ങിവരുന്നതുകണ്ടു് ജാക്കുൻ ചാടിയെഴുന്നേല്ക്കാൻ ശ്രമിച്ചു. സാധിച്ചില്ല.

ചാക്കുൻെറ മാറിൽനിന്നു ചോരയൊഴുകുന്നുണ്ടായിരുന്നു. പിശ്ചിമകൾ എയ്ത ശരങ്ങൾ തറച്ച മാറിടം ഒരു പിൻകുഷ്യൻപോലെ തോന്നിയിരുന്നു. ചാക്കുൻെറ കഴുത്തുമിന്നുന്ന ചുളിഞ്ഞ തൊലിയുള്ള മോന്തയും, തുരന്നുണ്ടാക്കിയപോലുള്ള നാസാദ്വാരങ്ങളും വിറയ്ക്കുന്നുണ്ടായിരുന്നു. അവൻെറ മിഴികളിൽനിന്നു് അശ്രുക്കൾ ഒഴുകുന്നുണ്ടായിരുന്നു അവ

ൻെറ മൂർദ്ധാവിലെ ചെമ്പിച്ച രോമങ്ങൾ എഴുന്നുനിന്നിരുന്നു. കീഴ്ച്ചുണ്ടും നാക്കും തമ്മിൽ ഒട്ടിപ്പിടിച്ചപോലെ തോന്നിയിരുന്നു. രണ്ടുകൈകൊണ്ടും തുടരത്തുടരെ മാററത്തു തല്ലിക്കൊണ്ടു ചാക്കൻ ഒന്നലറി.

ജാക്സൻ അരികിൽവെച്ചിരുന്ന തോക്ക് തപ്പിയെടുത്ത് ആ ഗോറില്ലയുടെ മാറിലേയ്ക്ക് ഒരൊററ വെടി . . . . അതോടുകൂടി ജാക്സൻ ഉണൎന്ന് കണ്ണുമിഴിച്ചു.

കുറച്ചുനേരത്തേയ്ക്ക് അയാൾക്ക് ഒന്നും തിരിഞ്ഞില്ല. വെടിയുടെ ശബ്ദംകേട്ട് തമ്പിന്നു പുറത്തു കാവൽകിടന്നിരുന്ന കാപ്പിരികൾ 'ബ്വാനാ, ബ്വാനാ' എന്നുവിളിച്ചുകൊണ്ട് അകത്തേയ്ക്കോടിയെത്തി. 'ഗോറില്ലാ, ഗോറില്ലാ' ജാക്സൻ അൎദ്ധപ്രജ്ഞതയോടെ പറഞ്ഞു.

കാപ്പിരികൾ തമ്പിന്നകത്തും പുറത്തും തിരഞ്ഞുപാഞ്ഞു, മടങ്ങിവന്നു പറഞ്ഞു: 'ബ്വാനാ, ഇവിടെയെങ്ങും ഒരു ജന്തുവിനേയും കാണുന്നില്ലല്ലോ.'

ജാക്സൻ തൻെറ തോക്ക കൈയിലെടുത്തുനോക്കി, അതു പൊട്ടിയ പുകയും മണവും അപ്പോഴും അവിടെ പരന്നു കിടന്നിരുന്നു.

ജാക്സൻ മെല്ലെ ഗോറില്ലക്കുഞ്ഞിനെയിട്ടടച്ച കൂട്ടിന്നരികിലേയ്ക്കു ചെന്നുനോക്കി. വെടിയുണ്ടയേററ മാറിൽ ചോരയൊലിപ്പിച്ചുകൊണ്ട് ആ കുഞ്ഞു ചത്തുകിടക്കുന്നു.

—എസ്. കെ. പൊററക്കാട്ട്.

കുറിപ്പുകൾ

വ്യാകരണം :—

ഗതികൾ :—വിഭക്തികളുടെ അർത്ഥത്തെ പരിഷ്കരിക്കുന്ന ദ്യോതകശബ്ദങ്ങളെ 'ഗതികൾ' എന്നു വ്യവഹരിക്കുന്നു.

ഉദാ: കൊണ്ടു്, നിന്നു്, മുതൽ, ഓളം . . . . രാമനെക്കൊണ്ടു്, മരത്തിൽനിന്നു്, അടിമുതൽ മുടിയോളം.

അഭ്യാസങ്ങൾ:—

1. തലയ്ക്കൽ, തലയിൽ; കാൽക്കൽ, കാലിൽ; ഈ ആധാരികാരൂപങ്ങളുടെ അർത്ഥത്തിലുള്ള അന്തരം വിശദമാക്കുക.
2. രാജാവു്, രാമൻ, തല, മുനി ഈ നാമങ്ങളുടെ ഉദ്ദേശികാരൂപവും സംബന്ധികാരൂപവും എഴുതുക.
3. ഗതികൾ വിഭക്ത്യർത്ഥം പരിഷ്കരിക്കുന്നതെങ്ങനെയെന്നു സോദാഹരണം വിവരിക്കുക.
4. ഈശ്വരൻ, നാണു, അമ്മ, രമ, കുഞ്ഞു്—ഇവയുടെ സംബോധികാരൂപമെഴുതുക.
5. ആധാരികാഭാസമെന്നാലെന്തു് ? വിവരിക്കുക.

പാഠം 24

സാഹിത്യപുരോഗതി

വൈദികകാലത്തിൽനിന്നു് ഉപനിഷത്തുകളുടെ കാലത്തേയ്ക്കും അവിടുന്നു രാമായണകാലത്തേയ്ക്കും ഒന്നു കണ്ണോടിച്ചുനോക്കിയാൽ വ്യക്തമായ ചില പരിണാമങ്ങൾ കാണാം. ഉപനിഷത്തുകളിൽ ചിന്താപരമായി മനുഷ്യനുണ്ടായിട്ടുള്ള അത്യുജ്ജ്വലമായ വളർച്ചയും, രാമായണത്തിൽ കലാപരമായ വളർച്ചയുമാണു് കാണുന്നതെങ്കിലും ഭാഷയുടേയും സാഹിത്യത്തിന്റേയും ക്രമികമായ അഭിവൃദ്ധിയും അവയിലൂടെ കാണാവുന്നതാണു്. കാളിദാസന്റെ കാലമാകുമ്പോഴേയ്ക്കു് ഭാരതീയസാഹിത്യത്തിന്റെ വളർച്ച അതിന്റെ പരമകോടിയിലെത്തി; പിന്നീടു് സംസ്കൃതഭാഷയും സാഹിത്യവും കുറെയൊക്കെ കൃത്രിമമാർഗ്ഗത്തിലൂടെ തിരിയുകയായി. മാഘാദികളുടെ കവനസമ്പ്രദായം ഇതിനുദാഹരണമാണു്. സംസ്കൃതത്തിൽനിന്നു പ്രചോദനം കിട്ടിക്കൊണ്ടിരുന്ന നമ്മുടെ കവികൾ എല്ലാററിൽനിന്നും കൈയിട്ടുവാരി; അതിൽ നല്ലതും ചീത്തയും കിട്ടി. അത്രമാത്രം വിവേചനത്തോടുകൂടി നല്ലതിനെ മാത്രം സ്വീകരിക്കുകയെന്ന ഒരു സ്ഥിതി അപ്പോളുണ്ടായിരുന്നില്ല. രുചിഭേദങ്ങളേയും അതിൽ ഗണിക്കേണ്ടതുണ്ടല്ലോ.

സുദീർഘമായ ഒരു ചരിത്രമാണു് സംസ്കൃതത്തിനുള്ളതെങ്കിലും, ഒന്നു നമുക്കു വ്യക്തമായിക്കാണാം. ഇന്ത്യയുടെ മണ്ണിൽ അതുൽഭവിച്ചു; ഇന്ത്യയുടെ വായുവും വെള്ളവും വെളിച്ചവും അതിനെ വളർത്തി; ഇന്ത്യയുടെ മണ്ണിൽത്തന്നെ അതു ലയിച്ചുചേരുകയും ചെയ്തു. അതിന്റെ വളർച്ചയ്ക്കു് വൈദേശികമായ വളങ്ങളൊന്നും പറയത്തക്ക പ്രേരണ നൽകിയിട്ടില്ല. ദ്രാവിഡസംസ്കാരം ഒന്നു വേറെയാണെ

ന്നിരുന്നാലും, അടുത്തകാലത്തു് അനാച്ഛാദനം ചെയ്യപ്പെട്ട സൈന്ധവസംസ്കാരംകൂടി അതിന്റെ കലവറയിൽപ്പെട്ടതാണെന്നു് ഊഹിക്കപ്പെടുന്നുണ്ടെങ്കിലും, സാഹിത്യത്തിന്റെ ഉള്ളിലേയ്ക്കു് കടന്നു നോക്കിയാൽ, സംസ്കൃതസാഹിത്യത്തിൽനിന്നു പറയത്തക്ക വ്യത്യാസങ്ങളൊന്നും നാമതിൽ കാണുന്നില്ല.

പത്തൊമ്പതാം നൂററാണ്ടോടുകൂടി പാശ്ചാത്യരോടുള്ള പരിചയത്തിന്നു്—ആചാരത്തിലും വിചാരത്തിലും പരിതഃസ്ഥിതിയിലും സംസ്കാരത്തിലും മററും വളരെയധികം വൈജാത്യമുള്ള ഒരു ജനസമുദായവുമായി അടുത്തു് ഇടപെടുന്നതിന്നു്—നമുക്കു സാധിച്ചു. അവരുടെ സാഹിത്യവും സംസ്കാരവും നമ്മളിൽ ഒട്ടേറെ സ്വാധീനശക്തി ചെലുത്തി. അതേവരെ "ഒന്നു മാത്രമറിയുന്നവൻ ശരിയായി ഒന്നിനേയും അറിയുന്നില്ല" എന്ന നിലയിൽ നാം കഴിഞ്ഞുകൂടുകയായിരുന്നു. കേരളീയയുവാക്കന്മാർക്കു് ആംഗ്ലേയഭാഷയിൽക്കൂടി ഉയർന്ന വിദ്യാഭ്യാസം ലഭിക്കാൻ തുടങ്ങിയപ്പോൾ താരതമ്യവിവേചനത്തിന്നു് അവസരം കിട്ടി. ഇംഗ്ലീഷുവിദ്യാഭ്യാസം ഒരു തരത്തിൽ നമ്മെ അധഃപതിപ്പിച്ചിട്ടുണ്ടെങ്കിലും മറെറാരു തരത്തിൽ ഉയർത്തുകയും ചെയ്തിട്ടുണ്ടു്. ഈ താരതമ്യവിവേചനത്തിൽനിന്നു പാശ്ചാത്യസാഹിത്യത്തിന്റേയും പൌരസ്ത്യസാഹിത്യത്തിന്റേയും ഗുണദോഷങ്ങൾ നാം കുറെയൊക്കെ മനസ്സിലാക്കി; മലയാളസാഹിത്യം ചെന്നെത്തിയിട്ടുള്ളതു് കൃത്രിമമായ ഒരു സ്ഥിതിവിശേഷത്തിലാണെന്നു നാം കണ്ടു. ആ സ്ഥിതിയിൽ അസംതൃപ്തരുമായി.

ഉൽപതിഷ്ണുക്കളുടെ നേതൃത്വം വഹിച്ചതു് പുണ്യശ്ലോകനായ പ്രൊഫസർ തമ്പുരാനായിരുന്നു. പാശ്ചാത്യപൌരസ്ത്യസാഹിത്യങ്ങളിൽ അദ്ദേഹം പ്രാമാണികനായ ഒരു

പണ്ഡിതനും കവിയുമായിരുന്നു. ദ്വിതീയാക്ഷരപ്രാസത്തിന്റെ പേരിൽ വാദം പ്രത്യക്ഷപ്പെട്ടു; എങ്കിലും പ്രാസകാര്യം മാത്രമല്ല അതിലുണ്ടായിരുന്നതു്. വാദപ്രതിവാദങ്ങളുടെ ഇടിയും മിന്നലും നമ്മുടെ സാഹിത്യനഭോമണ്ഡലത്തെ പ്രക്ഷുബ്ധമാക്കിത്തീർത്തു. വിപ്ലവത്തിന്റെ ജ്വാലാമാലകൾ അവിടവിടെ പടർന്നു പിടിക്കാൻ തുടങ്ങി. നമ്മുടെ പ്രധാനസാഹിത്യകാരന്മാരെല്ലാം ഇതിൽ ചേരിപിരിഞ്ഞു രണ്ടുകക്ഷികളായി പടപൊരുതി. പ്രക്ഷോഭമടങ്ങി ശാന്തമാകുവാൻ കുറെക്കാലം പിടിച്ചു. ആരു ജയിച്ചു, ആരു തോററു, എന്നതല്ല പ്രധാനകാര്യം; സാഹിത്യകാരന്മാരെ ഇരുത്തിച്ചിന്തിപ്പിച്ചുവെന്നുള്ളതാണു് ശ്രദ്ധേയമായിട്ടുള്ളതു്. വാദപ്രതിവാദത്തിന്റെ മൌലികമായ നേട്ടവും അതുതന്നെയായിരുന്നു. എഴുത്തച്ഛൻ, നമ്പ്യാർ മുതലായവരുടെ ശേഷം നാം കലാധർമ്മങ്ങളെ വിസ്മരിച്ചു. ഒരൊഴുക്കൻ രചനയും തെല്ലൊരു ഫലിതവുമുണ്ടായാൽ അതു നമുക്കു് നല്ല സാഹിത്യമായിത്തോന്നിയിരുന്നു. പ്രാസത്തിനുവേണ്ടി 'ചത്തുപോയാത്തമോദം' എന്നുകൂടിപ്പറവാൻ നമ്മുടെ സാഹിത്യകാരന്മാർ തെയ്യാറായിരുന്നു. അങ്ങനെ അലസന്റെ ദിവാസ്വപ്നത്തിൽ മയങ്ങിക്കിടന്നിരുന്ന നമ്മുടെ സാഹിത്യകാരന്മാരെ ദ്വിതീയാക്ഷരപ്രാസവാദം പിടിച്ചുകുലുക്കി ഉണർത്തിവിട്ടു. അവർ കണ്ണുമിഴിച്ചെഴുന്നേററിരുന്നു് ആലോചിക്കാനും തുടങ്ങി. സാഹിത്യം എന്നതെന്താണു്? അതിന്റെ മൌലികധർമ്മങ്ങൾ എന്തൊക്കെയാണു്? അവർ മറവിയുടെ മങ്ങിയ വഴികളിൽക്കൂടെ തപ്പിത്തടഞ്ഞു കണ്ണോടിച്ചുതുടങ്ങി.

ഈ കാലഘട്ടത്തിലാണു് "വീണപൂ"വും "നളിനി"യും ആവിർഭവിച്ചതു്. വാദപ്രതിവാദത്തിലൊന്നും പങ്കുകൊള്ളാതെ കേവലം അജ്ഞാതനായി നിന്നിരുന്ന ആ കവിയിൽനിന്നു പുറപ്പെട്ട ആ കലാസൃഷ്ടികൾ, സാഹിത്യ

മണ്ഡലത്തിൽ വലിയൊരു കോളിളക്കംതന്നെയാണുണ്ടാക്കി യതു്. കവിതന്നെ, അന്നത്തെ സ്ഥിതിക്കു് 'ഇതൊരു പുതിയ പ്രസ്ഥാനമാകയാൽ വായനക്കാർക്കു് രസിക്കുമോ' എന്നാശങ്കിച്ചു് ചില രക്ഷാമാർഗ്ഗങ്ങളൊക്കെ നോക്കിയി രുന്നു; പക്ഷേ ഫലമൊന്നുമുണ്ടായില്ല. പഴമ മാത്രം ആഹാ രമായിട്ടുള്ള നമ്മുടെ പണ്ഡിതന്മാർ ഇളകിവശരായി. പദദോഷം, പാദദോഷം, അന്വയദോഷം, രസദോഷം എന്നുതുടങ്ങിയ സകല ദോഷവും അവരതിൽ കണ്ടു. അവ രുടെ ദൃഷ്ടിയിൽ അവ കാവ്യങ്ങളല്ല, ദോഷസങ്കലനങ്ങളാ യിരുന്നു. ദോഷങ്ങളിൽനിന്നെല്ലാം അതീതമാണു് നളി നിയെന്നല്ല പറയുന്നതു്. കാവ്യമൂല്യംകൊണ്ടു് അതു് കാല ത്തെ അതിവർത്തിച്ചു. ഇന്നു നാം അതിൻെറ ആരാധക ന്മാരാണു്. വള്ളത്തോൾ പഴയ സമ്പ്രദായത്തിൽ കവിത യെഴുതിത്തുടങ്ങിയ ആളാണു്; എന്നാൽ അചിരേണ അദ്ദേഹം പുതിയ പ്രസ്ഥാനത്തിൻെറ നേതാവായിത്തീർന്നു. അദ്ദേഹം ധാരാളം ഭാവഗീതങ്ങൾ (Lyrics) എഴുതി നമ്മുടെ ഭാഷയെ അനുഗ്രഹിച്ചു. ആശാൻ രസപ്രധാനങ്ങളായ ഖണ്ഡകാവ്യങ്ങൾ എഴുതിയപ്പോൾ വള്ളത്തോൾ ഭാവാത്മ കങ്ങളായ കവിതകളെഴുതി; അദ്ദേഹത്തിൻെറ പരിചരണ ത്തിൽ മലയാളഭാഷ താരുംതളിരുമണിഞ്ഞു് ഏററവും വലിയ മനോഹാരിത കൈക്കൊണ്ടു. നവീനഭാരതത്തി ൻെറ സാംസ്കാരികാന്ദോളനം കേരളത്തിൽ വള്ളത്തോളിൽ ക്കൂടി മാറെറാലിക്കൊണ്ടു. വള്ളത്തോളിൻെറ വൈദ്യുത തൂലിക ആധുനികകേരളത്തിൻെറ ഓരോ ആവശ്യങ്ങ ളേയും സജീവമായി ചിത്രീകരിച്ചു. ഉള്ളൂരിനെ വലി യൊരു യാഥാസ്ഥിതികനായി ചിത്രീകരിച്ചുകാണാറുണ്ടു്. കേരളചരിത്രത്തിലെ ഒരു സംഭവത്തെ മുൻനിർത്തി കേര ളീയനായികാനായകന്മാരെ കഥാപാത്രങ്ങളാക്കിക്കൊ ണ്ടൊരു മഹാകാവ്യം എഴുതിയതു് അദ്ദേഹം മാത്രമാണു്

പുതിയ പ്രസ്ഥാനത്തിൽ അദ്ദേഹം മററ രണ്ടു കവികളെ പ്പോലെ മുന്നിൽ നടന്നു നേതൃത്വം നൽകിയിട്ടില്ലെങ്കിലും അവരെ അനുഗമിച്ചിട്ടുണ്ടെന്നുള്ളതാണ് വാസ്തവം. ശ്രീമ ഷിയമായ അദ്ദേഹത്തിൻെറ കവിതാശൈലിയും പാണ്ഡി ത്യപുഷ്ടമായ ഭാഷാരീതിയും അദ്ദേഹത്തെ കുറെയൊക്കെ അകററിനിൎത്തുന്നുണ്ടു്. വളരെയധികം പുരോഗമനപര മായ കവിതാശൈലിയുടെ നേതാവായിരുന്നാലും ഗൂരവഗാ ഹമായ ആശയത്തിനിമിത്തം ആശാനും അത്രയൊന്നും അഭിഗമ്യനല്ല; അദ്ദേഹത്തിൻെറ മേത്തരം കലാസൃഷ്ടിക ളിൽ വിശേഷിച്ചും. ജനകീയസാഹിത്യത്തിൻെറ മധുര ജിഹ്വ വള്ളത്തോളാണ്.

പദ്യസാഹിത്യത്തിൻെറ വളർച്ച അങ്ങനെ തുടർന്നു കൊണ്ടിരിക്കുമ്പോൾതന്നെ ഗദ്യസാഹിത്യവും മെല്ലെ മെല്ലെ വളരുവാൻ തുടങ്ങി. ചന്തുമേനവനും സി. വി. യും ആഖ്യായികകൾക്ക് അടിക്കല്ലിട്ടു. ഇംഗ്ലീഷിനെ അനുക രിച്ചു നോവലുകളും ചെറുകഥകളും ഭാഷയിൽ സുലഭമായി ഉണ്ടായി. നമുക്കഭിമാനിക്കത്തക്കവണ്ണം ഇന്നു ചെറുകഥാ പ്രസ്ഥാനം ആശാസ്യമായി വളർന്നുവരുന്നു. ഉപന്യാസ ങ്ങൾ, സ്മരണകൾ, നിരൂപണങ്ങൾ, ഡയറിക്കുറിപ്പുകൾ, ആസ്വാദനങ്ങൾ, യാത്രാവിവരണങ്ങൾ, ജീവിതചരിത്ര ങ്ങൾ, തൂലികാചിത്രങ്ങൾ തുടങ്ങി ആംഗ്ലേയസാഹിത്യത്തെ അനുകരിച്ചു നാനാമുഖമായ ഗദ്യപ്രബന്ധരീതികൾ വള ൎന്നുവരുന്നു. പത്രങ്ങളും മാസികകളും വൎദ്ധിച്ചുതോടുകൂടി അവയ്ക്കുവേണ്ടി എഴുതാൻ സാഹിത്യകാരന്മാർ നിർബ്ബന്ധ രായി. നമ്മുടെ ഗദ്യസാഹിത്യത്തിനുണ്ടായിട്ടുള്ള വളർച്ച മുഴുവൻ ഇംഗ്ലീഷിനെ ആശ്രയിച്ചാണ്; എന്നാൽ പദ്യസാ ഹിത്യം അതിൻെറ ചില പ്രേരണാശക്തികളെയും ബാഹ്യ

സമ്പ്രദായങ്ങളെയും മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. ബാക്കി യെല്ലാം അതിന്നു കിട്ടിയതു സംസ്കൃതത്തിന്റെ കലവറ യിൽനിന്നാണു്.

സാഹിത്യത്തിൽ എന്തിന്നാണു് പുരോഗമനപ്രസ്ഥാന മെന്നും മററും ചിലർ ചോദിക്കാറുണ്ടു്. ഒരു മുപ്പത്തഞ്ചു കൊല്ലം മുമ്പുള്ള പദ്യസാഹിത്യം അങ്ങനെതന്നെ തുടർന്നു പോകുകയാണു് ചെയ്തിരുന്നതെങ്കിൽ—നമ്മുടെ അഭിവന്ദ്യ രായ ത്രിമൂർത്തികളിൽനിന്നുള്ള നേട്ടങ്ങളിൽ സാരമായതൊ ന്നും നമുക്കു കൈവന്നിരുന്നില്ലെങ്കിൽ—നമ്മുടെ സാഹിത്യ ത്തിന്റെ സ്ഥിതി എന്താകുമായിരുന്നു! ആകൃതിയിലും പ്രകൃതിയിലും കാലാനുകൂലമായ വൈചിത്ര്യം വരുത്തേ ണ്ടതു് അത്യാവശ്യമാണു്. നമുക്കുള്ള നല്ലതൊന്നും കള യാതെ അന്യരുടെ നല്ലതിനെ സ്വീകരിക്കുക. അതുകൊണ്ടു ഗുണമല്ലാതെ ദോഷമൊന്നും ഉണ്ടാകാൻ വയ്യ. ജീവിത ത്തിന്റെ പ്രതിബിംബമാണു് സാഹിത്യം. നാം ദൈനം ദിനം വളൎന്നുകൊണ്ടുവരുന്നു; സാഹിത്യം യാതൊരു വളൎച്ചയുമില്ലാതെ നില്ക്കുകയും! ഇതിലൊരു പന്തികേടില്ലേ? ശൈശവത്തിലാവശ്യത്തിന്നു തുന്നിവെച്ച കുപ്പായം ഒരു മുതിർന്ന ആറം എടുത്തിടുന്നതു് പരിഹാസ്യമാണു്. കെട്ടി നില്ക്കുന്ന കുളത്തിലെ വെള്ളമാണു് പരിവൎത്തനമില്ലാത്ത സാഹിത്യം. അതുകൊണ്ടു ബാഹ്യവും ആഭ്യന്തരവുമായ മാററങ്ങൾ വരുത്തുന്നതു് സാഹിത്യത്തിന്നു് ആവശ്യമാകുന്നു.

—കെ. എസ്സ്. എഴുത്തച്ഛൻ.

കുറിപ്പുകൾ

ചോദ്യം :—

1. സാഹിത്യത്തിന്ന പുരോഗതിയുണ്ടാകേണ്ടതിൻെറ ആവശ്യത്തെക്കുറിച്ച് ഉപന്യസിക്കുക.
2. "ജനകീയസാഹിത്യത്തിൻെറ മധുരജിഹ്വ വള്ളത്തോളാണ്." എന്തുകൊണ്ട്?

വ്യാകരണം:—

വിശേഷണം:— മററ പദങ്ങളുടെ അത്ഥത്തെ ഭേദിപ്പിക്കുന്ന അഥവാ വിശേഷിപ്പിക്കുന്ന ശബ്ദമാണ് ഭേദകം അല്ലെങ്കിൽ വിശേഷണം. വിശേഷണങ്ങൾ ഏതു ശബ്ദത്തെ വിശേഷിപ്പിക്കുന്നുവോ അതു വിശേഷ്യം.

ഉദാഹരണം:—

'ചുവന്ന താമര വെളുത്ത താമരയെക്കാൾ മനോഹരമാണ്.'

ഈ വാക്യത്തിലെ 'ചുവന്ന', 'വെളുത്ത' എന്നീ പദങ്ങൾ വിശേഷണങ്ങൾ. 'താമര' വിശേഷ്യവും.

1. നാമത്തെ വിശേഷിപ്പിക്കുന്നതു് നാമവിശേഷണം.

ഉദാ :—

വിദഗ്ദ്ധയായ ഗായിക.

2. ക്രിയയെ വിശേഷിപ്പിക്കുന്നതു് ക്രിയാവിശേഷണം.

ഉദാ :—

ഉറക്കെ പാടുന്നു.

3. വിശേഷണത്തെ വിശേഷിപ്പിക്കുന്നതു് ഭേദകവിശേഷണം.

ഉദാ :—

ഏററവും നല്ല പൂവ്.

വിശേഷണങ്ങളെ ശുദ്ധം, സാർവ്വനാമികം, സാംഖ്യം, പാരിമാണികം, വിഭാവകം, നാമാംശജം, ക്രിയാംശജം എന്നിങ്ങനെ ഏഴായി തിരിച്ചിട്ടുണ്ട്.

1. ശുദ്ധം—പ്രത്യയമൊന്നും ചേരാതെ പ്രകൃതിരൂപമായിത്തന്നെ നില്ക്കുന്ന ഭേദകങ്ങളാണ് ശുദ്ധഭേദകങ്ങൾ.

ഉദാ:—

ചെമ് + താമര = ചെന്താമര. ചെമ് + പരുത്തി = ചെമ്പരുത്തി. കാർ + മേഘം = കാർമ്മേഘം. നറും + പുഞ്ചിരി = നറുംപുഞ്ചിരി.

2. സാർവ്വനാമികം—സർവ്വനാമത്തിൽ നിന്നുണ്ടായ ഭേദകം.

ഉദാ:—

അക്കാലം, (അ) ഇക്കാലം, (ഇ) എല്ലാ മനുഷ്യരും, ചില പുസ്തകങ്ങൾ.

3. സാംഖ്യം—വിശേഷണമായി പ്രയോഗിക്കുന്ന സംഖ്യാവാചകം.

ഉദാ:—

ഒരു പുസ്തകം, അറുമുഖൻ, എട്ടുകാലി.

4. പാരിമാണികം—പരിമാണത്തെ (അളവിനെ) കുറിക്കുന്നതു്.

ഉദാ: —

ഇടങ്ങഴിപ്പാൽ ; പത്തുപറ നെല്ല് ; നാഴി എണ്ണ.

5. വിഭാവകം—വസ്തുവിന്റെ സൌന്ദര്യാദിഗുണങ്ങളെ കുറിക്കുന്നതു്.

ഉദാ :—

തടിച്ച മനുഷ്യൻ ; സമർത്ഥനായ ബാലൻ.

6. നാമാംഗജം—നാമാംഗത്തെ (പേരെച്ചത്തെ) വിശേഷണമാക്കി പ്രയോഗിക്കുന്നതു്.

ഉദാ :—

വിരിഞ്ഞ പൂവ്, ഉദിച്ച സൂര്യൻ, കുടിച്ച വെള്ളം.

7. ക്രിയാംഗജം—ക്രിയാംഗത്തെ (വിനയെച്ചത്തെ) വിശേഷണമാക്കി പ്രയോഗിക്കുന്നതു്.

ഉദാ :—

ഉറക്കെച്ചിരിക്കുന്നു, ചാടിക്കയറുന്നു, കൂടെപ്പോകുന്നു

പാഠം 25

മാഡംക്യൂറി

1 പോളണ്ടിനു യൂറോപ്പിൻെറ രാഷ്ട്രീയചരിത്രത്തിലെന്നപോലെ, സയൻസിൻെറ ചരിത്രത്തിലും അവിസ്മരണീയമായ ഒരു സ്ഥാനമുണ്ടു്. റഷ്യയുടേയും ജർമ്മനിയുടേയും ഇടയ്ക്കുകിടന്നു് ഇരുകൂട്ടരുടേയും മർദ്ദനം അനുഭവിക്കാനും, ഇടയ്ക്കിടെ സ്വാതന്ത്ര്യത്തിൻെറ സ്വാദറിയുവാനും വീണ്ടും പരാധീനമാകുവാനുമാണു് ആ രാജ്യത്തിൻെറ വിധിയെന്നു തോന്നുന്നു. പക്ഷേ, ശാസ്ത്രവിജ്ഞാനത്തിൻെറ പുരോഗതിയിൽ അതു് അഭിമാനകരമായ ഒരു പങ്കു വഹിച്ചിട്ടുണ്ടു്.

ആ വിജ്ഞാനമണ്ഡലത്തിന്റെ അടിസ്ഥാനസങ്കല്പങ്ങളെ ഉടച്ചുവാർത്ത രണ്ടു മഹാത്മാക്കളുടെ മാതാവാകുവാൻ ആ രാജ്യത്തിനു ഭാഗ്യമുണ്ടായി. ഇവരിൽ ഒരാൾ പ്രാചീന വിശ്വാസങ്ങളെ തകിടംമറിച്ച് ഭൂമി സൂര്യനു ചുററും കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഗോളമാണെന്നു സ്ഥാപിച്ചു. അദ്ദേഹമാണ് പതിനാറാം നൂററാണ്ടിൽ ജീവിച്ചിരുന്ന നിക്കോളാസ് കോപ്പർനിക്കസ്സ്. സൂര്യനല്ല ഭൂമിയാണ് കറങ്ങുന്നതെന്നുള്ള അദ്ദേഹത്തിന്റെ കണ്ടുപിടിത്തം ഇരുപതാം നൂററാണ്ടിൽ ജീവിക്കുന്ന നമുക്കു നിസ്സാരമായി തോന്നിയേയ്ക്കാം. എങ്കിലും അതു് മാനവസംസ്കാരത്തിന്റെ പുരോഗതിയിൽ സർവ്വപ്രധാനമായ ഒരു സംഭവമാകുന്നു. മററേതു് ഒരു സ്ത്രീയാണ്. ലോകത്തുണ്ടായിട്ടുള്ള സ്ത്രീകളുടെ കൂട്ടത്തിൽ അഗ്രഗണ്യയെന്നുമാത്രമല്ല അദ്വിതീയയെന്നുകൂടി പറയാവുന്ന ഈ മഹതിയുടെ ഒരു ജീവചരിത്രസംക്ഷേപത്തിനാണ് ഇവിടെ തുനിയുന്നതു്.

മാഡം ക്യൂറിയുടെ ആദ്യത്തെ പേരു് മേര്യാസ്ക്ലൊഡോവ്സ്കാ എന്നായിരുന്നു. ഇരുപത്തെട്ടാമത്തെ വയസ്സിലുണ്ടായ വിവാഹത്തിനുശേഷമാണ് ലോകത്തിനു സുപരിചിതമായ നാമം അവർ സ്വീകരിച്ചതു്. മേര്യ 1867 നവംബർ 7-ാംനു പോളണ്ടിന്റെ തലസ്ഥാനമായ വാർസാ നഗരത്തിൽ ജനിച്ചു. പിതാവായ വ്ളാഡിസ്ലാവു സ്ക്ലോഡോവ്സ്കി ആ നഗരത്തിലെ ആൺകുട്ടികൾക്കായുള്ള ഹൈസ്കൂളിൽ ഫിസിക്സ് അദ്ധ്യാപകനായിരുന്നു. അഭ്യസ്തവിദ്യയും രൂപവതിയുമായിരുന്ന മാതാവു് ക്ഷയരോഗബാധിതയായി നേരത്തെ മരിച്ചുപോയി. ഈ ദമ്പതികൾക്കു് ഒരാണും നാലു പെണ്ണും ഉൾപ്പെടെ അഞ്ചു സന്താനങ്ങളുണ്ടായിരുന്നതിൽ അവസാനത്തേതായിരുന്നു മേര്യ.

സ്ക്ലൊഡോവ്സ്കിയ്ക്കു നിസ്സാരമായ ശമ്പളമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു കുടുംബം വലിയ കഷ്ടപ്പാടിലാണ് കഴിഞ്ഞതു്. എങ്കിലും തന്റെ കുട്ടികൾക്കു് ശരിയായ വിദ്യാഭ്യാസം കൊടുക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. മൂത്തസന്താനമായ സോസിയ വളരെ ചെറുപ്പത്തിലേ മരിച്ചുപോയെങ്കിലും മററുള്ള നാലുപേരും പഠിത്തത്തിൽ അത്യധികമായ സാമർത്ഥ്യം പ്രദർശിപ്പിച്ചു. പരീക്ഷകളിലെല്ലാം പ്രഥമസ്ഥാനവും പല സമ്മാനങ്ങളും അവർ ഓരോരുത്തരും കരസ്ഥമാക്കി. സ്കൂൾവിദ്യാഭ്യാസത്തിനുശേഷം തന്റെ ഏകപുത്രനായ ജോസഫിനെ ഉപരിപഠനത്തിനയയ്ക്കുവാനുള്ള പണമേ സാധുവായ ആ അദ്ധ്യാപകനുണ്ടായിരുന്നുള്ളു. പെൺകുട്ടികൾ ഇക്കാരണത്താൽ നിരാശരായി. ഓരോ ജോലിയിൽ പ്രവേശിച്ചു. എങ്കിലും ഉന്നതവിദ്യാഭ്യാസം സമ്പാദിക്കണമെന്നുള്ള ആഗ്രഹം അവരിൽ രണ്ടുപേർക്കു് വളരെയുണ്ടായിരുന്നു. ബ്രോണ്യ, മേര്യ, എന്ന ഈ രണ്ടു സഹോദരിമാരും ശൈശവംമുതലേ അതിഗാഢമായ പരസ്പരസ്നേഹം പുലർത്തിവന്നു. മാതൃവാത്സല്യം എന്തെന്നറിഞ്ഞിട്ടില്ലാത്ത മേര്യയ്ക്കു് അവളുടെ മൂത്ത സഹോദരിയോടുണ്ടായ കടപ്പാടു് ഏററവും കൂടുതലായിരുന്നു. ഏതുവിധേനയും പാരീസ്സിൽപോയി ഉന്നതവിദ്യാഭ്യാസം നേടണമെന്നു് ഇവർ രണ്ടുപേരും തീർച്ചപ്പെടുത്തി. മേര്യ ഉൾനാട്ടിലുള്ള ഒരു പ്രഭുകുടുംബത്തിൽ അദ്ധ്യാപനവൃത്തി സ്വീകരിച്ചു. അതിൽനിന്നു സമ്പാദിക്കുന്ന പണംകൊണ്ടു് ബ്രോണ്യ പാരീസിൽ വൈദ്യശാസ്ത്രം പഠിക്കണമെന്നും, അവളുടെ വിദ്യാഭ്യാസം പൂർത്തിയായി ജോലിയിൽ പ്രവേശിക്കുമ്പോൾ മേര്യ പാരീസിലേയ്ക്കു പോകണമെന്നുമാണു് അവർ നിശ്ചയിച്ചതു്. ഇങ്ങനെ പതിനെട്ടാമത്തെ വയസ്സിൽ പ്രതിഭാ

സമ്പന്നയും സുന്ദരിയുമായ ഈ പെൺകുട്ടി ഒരുഗ്രാമത്തിൽ അദ്ധ്യാപികയായി ജീവിതം തുടങ്ങി. ആനന്ദരഹിതങ്ങളായ ആറു നീണ്ട വർഷങ്ങളാണ് അവൾക്ക് ആ വിധത്തിൽ കഴിക്കേണ്ടിവന്നതു്. ആറുവർഷങ്ങൾ! അവളുടെ സർവ്വദുരിതങ്ങളും ഈ കാലത്തിനുള്ളിൽ അനുഭവിച്ചുതീരണമെന്നാണ് വിധി നിശ്ചയിച്ചതു്. യൗവനത്തിന്റെ ഈ നവോദയവേളയിൽ കൃതാർത്ഥമാകാത്ത വിജ്ഞാനതൃഷ്ണയാൽവിവശയായി അവൾ ഇത്രയുംകാലം ഏകാന്തദാരുണമായ ജീവിതം നയിച്ചു. അവൾക്ക് ഭാവിയെക്കുറിച്ച് ആദ്യമുണ്ടായിരുന്ന മോഹനസ്വപ്നങ്ങളെല്ലാം ക്രമേണ പൊലിയുവാൻ തുടങ്ങി. അവളുടെ പ്രസന്നതയെല്ലാം നശിക്കയും ആ യുവഹൃദയം നിരാശയുടെ അടിത്തട്ടിലേയ്ക്കു താഴുകയും ചെയ്തു. വ്യക്തിപരമായ ദൗർഭാഗ്യം മാത്രമല്ല അവളെ പീഡിപ്പിച്ചതു്. റഷ്യയുടെ കാൽച്ചുവിട്ടേററ് കഷ്ടപ്പെടുന്ന മാതൃഭൂമിയെക്കുറിച്ചുള്ള ഹൃദയവേദനയും അവൾക്കു ദുസ്സഹമായിരുന്നു. ജീവിതത്തിൽ കാമ്യമായ യാതൊന്നും തനിക്ക് ആശിക്കാനില്ലെന്നുള്ള ഒരു ബോധം അവൾക്കുണ്ടായി. അക്കാലത്തു് അവളെഴുതിയ കത്തുകളിലെല്ലാം ഈ ചിന്താഗതിയുടെ ശോകമയങ്ങളായ പ്രതിഫലനങ്ങൾ കാണ്മാനുണ്ട്. "എനിക്കു ഭാവിയെക്കുറിച്ച് വലിയ ഉദ്ദേശങ്ങളൊന്നുമില്ല. ആവുംവിധത്തിൽ കാലം കഴിക്കുവാൻ ശ്രമിക്കണമെന്നും നിവൃത്തിയില്ലാതാകുമ്പോൾ ഈ നീചലോകത്തോടു യാത്ര പറയണമെന്നും മാത്രമേ മോഹമുള്ളു. ഞാൻമൂലമുള്ള നഷ്ടം തുച്ഛവും എന്നെക്കുറിച്ചുള്ള ദുഃഖം ക്ഷണികവുമായിരിക്കും". ഈയിടയ്ക്കു് അവൾ ജോലിചെയ്തിരുന്ന പ്രഭുകുടുംബത്തിലെ ഏകപുത്രൻ അവളിൽ അനുരക്തനായിത്തീർന്നു. പക്ഷേ, നിർദ്ധനയും കേവലം ഒരു വേലക്കാരിയുടെ നിലമാത്രമുള്ളവളു

മായ മേര്യയെ വിവാഹം ചെയ്യുവാൻ അയാളുടെ മാതാപിതാക്കന്മാർ സമ്മതം നൽകിയില്ല. ഈ സംഭവംകൂടി ആയപ്പോഴേയ്ക്കു മേര്യ ജീവിതംകൂടി വെറുത്തു. ആത്മഹത്യയെക്കുറിച്ചുള്ള ചിന്തകൾപോലും അവളുടെ മനസ്സിൽ ഉദിക്കാതിരുന്നില്ല. തന്റെ നിർഭാഗ്യജീവിതം നിർമ്മയൂഖമായ അന്ധകാരത്തിൽ ആണ്ടുപോയെന്നും തന്നെക്കുറിച്ചു വ്യസനിക്കരുതെന്നും കാണിച്ച് അവൾ തന്റെ സഹോദരിക്കെഴുതുകയുണ്ടായി. "ഈ ലോകത്ത് ഞാൻ ഭാഗ്യഹീനയായിട്ടാണ് തീർന്നതു്. ഭാവിയുടെ വിസ്തൃതിയിൽ ഞാൻ നിർമ്മിച്ച ആശാസൌധങ്ങളെല്ലാം തകർന്നുപോയി. പതിനെട്ടാമത്തെ വയസ്സിലാണ് ഞാൻ ഇവിടെ വന്നതു്. ഈ ആറുവർഷത്തിനുള്ളിൽ ഞാൻ എന്തെല്ലാം അനുഭവിച്ചില്ല! സഹോദരി! ഞാൻ എന്റെ ഭാഗ്യദോഷം വർണ്ണിച്ചു നിന്റെ ആനന്ദത്തെ കളങ്കപ്പെടുത്തുന്നുവെങ്കിൽ ക്ഷമിക്കണം. നിനക്കുവേണ്ടിമാത്രമാണ് ഞാൻ ജീവിക്കുന്നതു്. എന്റെ ആലിംഗനങ്ങൾ സ്വീകരിക്കൂ. എന്നെക്കുറിച്ച് അലിവോടുകൂടി ചിന്തിക്കൂ—ഒരു പക്ഷേ ഇവിടെ ഇരുന്നുപോലും അതറിയുവാൻ എനിക്കു കഴിഞ്ഞേയ്ക്കാം."

ഇങ്ങനെ ആറുവർഷം കഴിഞ്ഞപ്പോഴേയ്ക്കു ബ്രോണ്യയുടെ പഠനം പൂർത്തിയായി. അവസാനത്തെ പരീക്ഷയ്ക്കു കുറച്ചുമുമ്പ് അവൾ തന്റെ ഒരു സഹപാഠിയെ വിവാഹം ചെയ്തു. ബിരുദങ്ങൾ നേടിയശേഷം അവർ രണ്ടുപേരുംകൂടി പാരീസിൽ ഒരു ചികിത്സാലയം തുടങ്ങി. ഇതിനുശേഷം ബ്രോണ്യ ചെയ്ത ആദ്യത്തെ കൃത്യം പോളണ്ടിന്റെ ഒരു കോണിലെവിടെയോ കിടന്നു കഷ്ടപ്പെടുന്ന തന്റെ അനുജത്തിയെ പാരീസിലേക്കു വരുത്തുകയായിരുന്നു. പഴയ

ആശകളെല്ലാം നശിച്ചിരുന്നതിനാൽ മേര്യ ഈ ക്ഷണം സ്വീകരിക്കാൻ കുറച്ചൊന്നു മടിച്ചു. പോളണ്ടിൽത്തന്നെ താമസിച്ചു തന്റെ പ്രിയപ്പെട്ട പിതാവിനെ അദ്ദേഹത്തിന്റെ ജീവിതസായാഹ്നത്തിൽ ശുശ്രൂഷിക്കുകയാണ് ഭേദമെന്നു് അവൾ വിചാരിച്ചു. പക്ഷെ, ജ്യേഷ്ഠസഹോദരിയുടെ നിർബ്ബന്ധംമൂലം ഒടുവിൽ പാരീസിലേയ്ക്കു പോകുവാൻ തന്നെ അവൾ തീർച്ചപ്പെടുത്തി. വാർസയിലെ റെയിൽവേ സ്റ്റേഷനിൽവെച്ചു വൃദ്ധനായ സ്ക്ലൊഡോവ്സ്കി തന്റെ ഓമനപ്പുത്രിയെ അനുഗ്രഹിച്ചു യാത്രയാക്കി. "ഞാൻ പോകുന്നതോർത്തു് വ്യസനിക്കരുതു്. രണ്ടു വർഷം, ഏറിയാൽ മൂന്നു്, അതിനകം ഞാൻ വിദ്യാഭ്യാസം പൂർത്തിയാക്കി തിരിച്ചെത്താം. തിരിച്ചുവന്നതിനുശേഷം പിന്നീട് ഒരിക്കലും പിരിയാതെ നമുക്ക് ഒരുമിച്ചു ജീവിക്കാം" എന്നു പറഞ്ഞുകൊണ്ടാണ് മേര്യ യാത്രയായതു്. സാധുവായ പെൺകുട്ടി!! പാരീസിൽനിന്നു സർവ്വകലാശാലാബിരുദം നേടിയശേഷം സ്വദേശത്തുവന്നു് ഒരു അദ്ധ്യാപികയായോ മറേറാ തന്റെ ജീവിതം കഴിച്ചുകൂട്ടാമെന്നാണു് അവൾ വിചാരിച്ചതു്. എന്നാൽ വിദൂരമായ പാരീസിനെ ലക്ഷ്യമാക്കി പ്രയാണംചെയ്ത ആ തീവണ്ടിയിൽ കാലുകുത്തിയപ്പോൾ, യഥാർത്ഥത്തിൽ നിസ്സാരവും നിർഭാഗ്യവുമായ ഒരു ജീവിതത്തെ പിന്നിട്ടു് അതുല്യവും ജാജ്വല്യമാനവുമായ ഒരു ഭാവിയെ അവൾ അറിയാതെ കൈവരിച്ചുകഴിഞ്ഞിരുന്നു! മേര്യ പാരീസ് സർവ്വകലാശാലയിൽ ഒരു വിദ്യാർത്ഥിനിയായി. മററനേകം പോളിഷ്ജനങ്ങൾ പാർത്തിരുന്ന ആ നഗരപ്രാന്തത്തിൽ, സഹോദരിയുടെ ഭവനത്തിലാണു് അവൾ താമസിച്ചതു്. പക്ഷേ, ആ സ്ഥലം വിദ്യാലയത്തിൽനിന്നു വളരെ അകലെയായതിനാൽ അ

വരം പിന്നീട സർവ്വകലാശാലയുടെ സമീപം ഒരു മുറിയെടുത്തു പ്രത്യേകം താമസം തുടങ്ങി. കാററം വെളിച്ചവും കടക്കാത്ത ആ ഇടുങ്ങിയ ഗുഹയിൽ തന്നത്താൻ ഭക്ഷണം പാകംചെയ്തും മിക്കപ്പോഴും ഒന്നും കഴിക്കാതെയും അവരം പഠനം ആരംഭിച്ചു. നല്ല വസ്ത്രങ്ങരം ധരിക്കുന്നതിനോ സുഖമായി ജീവിക്കുന്നതിനോ അവരംക്ക പണമില്ലായിരുന്നു. പോഷകാംശമുള്ള ആഹാരം കഴിക്കായ്കയാൽ പലപ്പോഴും അവരം പുസ്തകങ്ങളുടെ മുൻപിൽ മൂർഛിക്കയുണ്ടായി. വിദ്യാഭ്യാസാർത്ഥം ലോകത്തിൽ ഒരു മനുഷ്യനും ഇത്ര കഷ്ടപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. സഹപാഠികളുടെ ഇടയിൽ വളരെ ഒതുങ്ങിയും അകന്നുമാണ് അവരം കഴിച്ചുകൂട്ടിയതു്. മേര്യ എന്ന പോളീഷ് നാമത്തെ അവരം മേരി എന്നു മാററി. പഠിത്തത്തിലല്ലാതെ മറെറാന്നിലും അവരംക്ക ശ്രദ്ധയില്ലായിരുന്നു. ഇങ്ങനെ ഏകാഗ്രവും ശ്രമാവഹവുമായ രണ്ടുകൊല്ലത്തെ പഠനത്തിനുശേഷം 1893-ൽ അവരം ഭൌതികശാസ്ത്രത്തിൽ മാസ്റ്റർ ഓഫ് സയൻസ് എന്ന ബിരുദം നേടി. പരീക്ഷയിൽ അവരം പ്രഥമസ്ഥാനത്തിന് അർഹയായി. ഉടൻതന്നെ അവരം ജന്മദേശമായ പോളണ്ടിലേയ്ക്കു തിരിച്ചു. പോളിഷ് ഗവമ്മെണ്ടു സാധുവിദ്യാർത്ഥികരംക്കായി ഉദ്ദേശിച്ചിരുന്ന ഒരു സ്കോളർഷിപ്പു് അക്കൊല്ലം അവരംക്ക കിട്ടുവാൻ ഭാഗ്യമുണ്ടായി. അതിന്റെ സഹായത്തോടെ അവരം വീണ്ടും പാരീസിലേയ്ക്കു വന്നു. ഗണിതശാസ്ത്രത്തിലും ഉന്നത ബിരുദം നേടുവാൻ യത്നിച്ചു. ഒരുകൊല്ലത്തിനകം അതും അവരം കരസ്ഥമാക്കി. കുറേ കൊല്ലങ്ങരംക്കശേഷം തന്റെ ആദ്യസമ്പാദ്യത്തിൽനിന്നു് ഈ വിദ്യാർത്ഥിവേതനം മുഴുവനും അവരം അധികാരസ്ഥാനങ്ങളിൽ തിരിച്ചേല്പിക്കയുണ്ടായി.

തന്നെപ്പോലെ കഷ്ടപ്പെടുന്ന പോളീഷ് വിദ്യാർത്ഥികൾ അനവധിയുണ്ടെന്നും, അവക്കുവേണ്ടിയാണു് താൻ ഈ തുക തിരിച്ചുകൊടുക്കുന്നതെന്നും അവൾ പറഞ്ഞു. അഭൂതപൂർവ്വമായ ഈ കൃത്യം സകലരേയും ആശ്ചര്യപരതന്ത്രരാക്കി. ഇങ്ങനെ ഇരുപത്താറു് വയസ്സായപ്പോഴേയ്ക്കു മേരി രണ്ടു ശാസ്ത്രങ്ങളിൽ പ്രാവീണ്യം സമ്പാദിച്ചു.

4 ബിരുദങ്ങൾ നേടിയശേഷം ഭൌതികശാസ്ത്രസംബന്ധമായ ചില ഗവേഷണങ്ങൾ ചെയ്യുവാൻവേണ്ടി അവൾ പാരീസിൽ കുറച്ചുനാൾകൂടി കഴിച്ചുകൂട്ടി. ഈ താമസം മേരിയുടെ ജീവിതത്തിൽ സർവ്വപ്രധാനമായ മാററങ്ങൾ വരുത്തി. അന്നാണു് അവൾ തൻെറ ഭാവിഭത്താവിനെ ആദ്യം കണ്ടുമുട്ടിയതു്. പിയർ ക്യൂറിക്കു് അന്നു് 35 വയസ്സോളം പ്രായമുണ്ടായിരുന്നുള്ളുവെങ്കിലും ഭൌതികശാസ്ത്രത്തിൽ പ്രാധാന്യമേറിയ പല ഗവേഷണങ്ങളുടേയും കത്താവെന്ന നിലയിൽ അദ്ദേഹം വിഖ്യാതനായിരുന്നു. സ്വന്തം ഗവേഷണങ്ങളെക്കുറിച്ചു ചില ഉപദേശങ്ങൾ ലഭിക്കുവാനായി മേരി അദ്ദേഹത്തിൻെറ അടുക്കലേയ്ക്കു നിയോഗിക്കപ്പെട്ടു. പക്ഷെ ഈ സന്ദർശനം ഇവരുടെ ദാമ്പത്യബന്ധത്തിൻെറ നാന്ദിയായിട്ടാണു് കലാശിച്ചതു്. 1895 ജൂലൈ മാസത്തിൽ പാരീസിൽവെച്ചു് അവർ വിവാഹിതരായി. അവളുടെ അച്ഛനും സഹോദരിമാരും ആ മംഗളകർമ്മത്തിൽ സന്നിഹിതരായിരുന്നു.

5 പിയർ ക്യൂറിക്കു് 500 ഫ്രാങ്കു മാത്രമേ ശമ്പളമുണ്ടായിരുന്നുള്ളു. ഇക്കാരണത്താൽ അവരുടെ ദാമ്പത്യജീവിതം പ്രയാസമേറിയതായിരുന്നു. പക്ഷേ അന്യോന്യമുള്ള സ്നേഹവിശ്വാസങ്ങൾ അവക്കു് അവാച്യമായ ആനന്ദത്തെ പ്രദ

നംചെയ്തു. രണ്ടു സൈക്കിൾവണ്ടികളിൽ, അവധികാലത്തു് അവർ ഫ്രാൻസു മുഴുവനും ചുററിസ്സഞ്ചരിച്ചു. ഭൂഭാഗഭംഗികൾ കണ്ടു രസിച്ചും, നാട്ടിൻപുറങ്ങളിൽ വിശ്രമിച്ചും ഉല്ലാസചിത്തരായി അവർ വളരെനാൾ കഴിച്ചുകൂട്ടി. 1896-ൽ മേരി ഗർഭവതിയായി. സപ്തംബർമാസത്തിൽ അവൾ ഒരു പെൺകുട്ടിയെ പ്രസവിച്ചു. അവരുടെ ഈ ഓമനപ്പുത്രി പില്ക്കാലത്തു് വിശ്വവിഖ്യാതയായ ഒരു ശാസ്ത്രജ്ഞയായിത്തീർന്നു. വിവാഹംചെയ്തു് ദാമ്പത്യജീവിതം സ്വീകരിച്ചതുമൂലം തന്റെ വിദ്യാഭ്യാസത്തെ പാഴിലാക്കണമെന്നല്ല മേരി നിശ്ചയിച്ചതു്. സ്വഭർത്താവിന്റെ ഗവേഷണങ്ങളിൽ പങ്കെടുക്കുവാനും സ്വന്തമായി ഗവേഷണങ്ങൾ നടത്തി ഉന്നതബിരുദങ്ങൾ നേടുവാനും അവൾ ആഗ്രഹിച്ചു. ഇതിന്റെ ഫലമായി ഈ ദമ്പതികൾ ചെയ്ത ഗവേഷണങ്ങൾ ശാസ്ത്രത്തിന്റെ ചരിത്രത്തിൽ കാലക്കുത്തുകളായിത്തീർന്നു. അവരുടെ പ്രയാസമേറിയ പര്യവേക്ഷണങ്ങൾക്കുവേണ്ട യാതൊരു സൌകര്യവും ഇല്ലായിരുന്നുവെങ്കിലും, കാലിത്തൊഴുത്തിലുംകഷ്ടമായ, ഒരു കെട്ടിടത്തിൽ രാപ്പകലില്ലാതെ അവർ പ്രയത്നിച്ചു. ആദ്യത്തെ ഗവേഷണങ്ങളുടെ ഫലമായി ഒരു പുതിയ ലോഹം കണ്ടുപിടിക്കുവാൻ അവർക്കു സാധിച്ചു. ഇതിന്നു മേരിയുടെ ജന്മഭൂമിയുടെ സ്മാരകമായി പൊളോണിയം എന്നു നാമകരണം ചെയ്തു. ഈ നിരീക്ഷണങ്ങളിൽ, പൊളോണിയത്തേക്കാൾ അത്ഭുതാവഹമായ ഒരു ലോഹം ഉണ്ടെന്ന ബോധം അവർക്കുണ്ടായി. അടുത്ത ഉദ്യമം അതു വേർതിരിച്ചെടുക്കുവാനായിരുന്നു. ഈ ഉദ്യമത്തിൽ പിയറും മേരിയും ചെയ്ത അദ്ധ്വാനത്തിന്നു് അറുതിയില്ല. 1898 മുതൽ 1902 വരെ നാലുകൊല്ലക്കാലം അവർ അവിശ്രമം പ്രയത്നിച്ചു. ഭൂമി

യിൽനിന്നു കുഴിച്ചെടുക്കുന്ന രണ്ടും മൂന്നും ടൺ ധാതുദ്രവ്യത്തെ അരിച്ചും നീററിയും ശുദ്ധിചെയ്തും എടുത്തെങ്കിലേ ഒരു കടുകിൻമണിയോളം നൂതനലോഹം കിട്ടുകയുള്ളൂ. ഇതെല്ലാം ഇടിച്ചുപൊടിക്കുന്ന ജോലി മേരിയാണു് ചെയ്തതു്. പിയർ അതിസൂക്ഷ്മങ്ങളായ രസതന്ത്രപ്രയോഗങ്ങൾ ചെയ്തു് പുതിയ ലോഹത്തെ ശുദ്ധിയാക്കി. അതിമഹത്തായ ഈ അദ്ധ്വാനത്തിൻെറ ഫലമായി 1902-ൽ അവർ റേഡിയം എന്ന പുതിയ ലോഹത്തെ വേർതിരിച്ചെടുത്തു. പക്ഷേ, ഒരുവിധത്തിലുള്ള ആനന്ദവും പൂർണ്ണമായി അനുഭവിക്കുവാൻ വിധി സമ്മതിക്കുകയില്ല. ആ കൊല്ലത്തിൽത്തന്നെ മേരിയുടെ വൃദ്ധപിതാവു ദിവംഗതനായി. അദ്ദേഹത്തിനു സുഖമില്ലെന്ന വാർത്ത കിട്ടിയ നിമിഷത്തിൽത്തന്നെ മേരി വാർസായ്ക്കു വണ്ടി കയറി. പക്ഷേ അവൾ താമസിച്ചുപോയി. അദ്ദേഹത്തിൻെറ മൃതശരീരം മാത്രമേ അവൾക്കു കാണുവാൻ കഴിഞ്ഞുള്ളൂ. നാസാദ്വാരത്തിൽനിന്നു പുറപ്പെട്ട രക്തധാരയാൽ കളങ്കിതവും അസ്തചേതനവുമായ ആ മുഖത്തോടു് അവൾ ദീർഘനേരം ക്ഷമാപണം ചെയ്തു. പിതാവിൻെറ ഇംഗിതാനുസാരം വാർദ്ധക്യത്തിൽ അദ്ദേഹത്തിൻെറകൂടെ താമസിക്കാഞ്ഞതിൽ അവൾ തന്നെത്തന്നെ രൂക്ഷമായി കുററപ്പെടുത്തി.

1903-ൽ മേരി തൻെറ ഗവേഷണപ്രബന്ധങ്ങളെ സമാഹരിച്ചു് പാരീസ്സർവ്വകലാശാലയിലെ ഡോക്ടർ ബിരുദത്തിനുവേണ്ടി സമർപ്പിച്ചു്. ബിരുദദാനം കാണുവാനായി ജോസഫും ബ്രോണ്യയും പോളണ്ടിൽനിന്നു വരുകയുണ്ടായി. അതേ വർഷത്തിൽത്തന്നെ അവൾക്കും ഭർത്താവിനും, ഹെൻറി ബെക്വറൽ എന്ന ശാസ്ത്രജ്ഞനുംകൂടി ഭൌതികശാസ്ത്രത്തിനുള്ള നോബൽസമ്മാനം നല്കപ്പെട്ടു.

ഇതോടെ ഈ ദമ്പതികൾ വിശ്വവിഖ്യാതിയുടെ ഉജ്ജ്വല പ്രകാശത്തിലേയ്ക്ക് ആനീതരായി. അഭിമുഖസന്ദർശനത്തിന്ന വന്ന പത്രലേഖകരെക്കൊണ്ട വിഷമിച്ചെങ്കിലും അഭൂതപൂർവ്വമായ സംതൃപ്തിയോടെ ജീവിതം നയിച്ചുവരവേ, 1906 ഏപ്രിൽ മാസത്തിൽ ലോകത്തിന് ഒരിക്കലും മറക്കുവാൻ കഴിയാത്ത ഒരത്യാഹിതം നിസ്തുലമായ ഈ ദാമ്പത്യത്തിന്ന വിരാമമിട്ടു. പിയർ ഭാരമേറിയ ഒരു സാമാന വണ്ടിയുടെ അടിയിൽപ്പെട്ടു മൃതിയടഞ്ഞു. പരമദാരുണമായ ഈ സംഭവം ഒരു വ്യക്തിയെന്നനിലയിൽ മേരിയുടെ അനന്തരജീവിതത്തെ ശോകസങ്കലമാക്കിയെങ്കിലും അവളുടെ ശാസ്ത്രീയഗവേഷണങ്ങളെ തെല്ലും സ്പർശിച്ചില്ല. രണ്ടു പേരുംകൂടി ചെയ്തിരുന്ന ജോലിയെല്ലാം തനിച്ചു ചെയ്യുവാൻതന്നെ ഈ വിധവ തീർച്ചപ്പെടുത്തി. പിയർ വഹിച്ചിരുന്ന പാരീസ് സർവ്വകലാശാലയിലെ പ്രൊഫസർ സ്ഥാനം അവൾക്കു നല്കപ്പെട്ടു. പൂർവ്വവൽശക്തിയോടെ അവൾ ഗവേഷണം തുടൎന്നു. ഇതിന്റെ ഫലമായി 1912-ൽ അവൾക്കു രസതന്ത്രത്തിനുള്ള നോബൽ സമ്മാനം നല്കുകയുണ്ടായി. ലോകത്തിൽ ഇന്നുവരെ ഒരു മനുഷ്യനും ഇങ്ങനെ രണ്ടു പ്രാവശ്യം ഈ വിശ്രുത സമ്മാനത്താൽ ബഹുമാനിതനായിട്ടില്ല. ഇരുപതു വർഷം മുമ്പ് തനിക്കു ലോകത്തിൽ യാതൊരു ഭാഗ്യവും വിധിച്ചിട്ടില്ലെന്നു വിലപിച്ച ഈ സ്ത്രീരത്നം ഈ സംഗതിയിൽ ഇന്നും അദ്വിതീയയായിത്തന്നെ നില്ക്കുന്നു. മൂത്ത മകളായ ഐറീൻ, സഹോദരിയായ ബ്രോണ്യാ എന്നിവരോടുകൂടി പ്രസ്തുത സമ്മാനം സ്വീകരിക്കാനായി മേരി, സ്റ്റോക്ക്ഹോമിലേയ്ക്കു പോയി. കേവലം 16 വയസ്സു മാത്രം പ്രായമുണ്ടായിരുന്ന ആ ബാലിക (ഐറിൻ) 24 വർഷങ്ങൾക്കുശേഷം അതേ

ഹാളിൽവെച്ചുതന്നെ തൻെറ പ്രിയമാതാവിനു ലഭിച്ച അതേ സമ്മാനത്തിനു് അർഹയായി ഭവിച്ചു. ×

7 മാഡം ക്യൂറിക്കു ലഭിച്ച അതുല്യമായ ഈ പ്രശസ്തികൾ ഫ്രാൻസിലെ പലക്കും അസൂയയ്ക്കു കാരണമായി. ഇതിൻെറ ഫലമായി ദുസ്സഹമായ പലതും അവൾക്കു സഹിക്കേണ്ടിവന്നു. ഇക്കാലത്തു സുപ്രസിദ്ധസാഹിത്യകാരനായ സീയൻകീവിക്കിൻെറ നേതൃത്വത്തിൽ ഒരു പോളിഷ് പ്രതിനിധിസംഘം പാരീസിൽ വന്നു മേരിയെ വാർസയിലേയ്ക്കു പോരുവാൻ ക്ഷണിക്കുകയുണ്ടായി. പക്ഷേ അവൾ അതിനു് സന്നദ്ധയല്ലായിരുന്നു. താൻ ഇത്രനാളും സേവിച്ച ഫ്രാൻസ്, തൻെറ വിജയങ്ങളിൽ അസൂയാകുലമായി ഹൃദയഭേദകവും നീചവുമായ നിലയിൽ തന്നോടു പെരുമാറിയെങ്കിലും ഫ്രാൻസിനെ വിട്ടുപിരിയുവാൻ തനിക്കു സമ്മതമില്ലെന്നാണു് അവൾ പറഞ്ഞതു്.

8 1914–ലെ യുദ്ധകാലത്തു മാഡം ക്യൂറി ഫ്രാൻസിനു് ഒട്ടു വളരെ സേവനങ്ങൾ ചെയ്തു. റേഡിയം ശാസ്ത്രലോകത്തിൽ സിദ്ധാന്തപരമായ വിപ്ലവമുണ്ടാക്കിയ ഒരത്ഭുതവസ്തു മാത്രമായിരുന്നില്ല. അതു് അർബുദം എന്ന മഹാരോഗത്തിനു് ഒരു പ്രതിവിധികൂടിയായിരുന്നു. തൻെറ കണ്ടുപിടിത്തത്തിൻെറ ഈ വശത്തെ പുഷ്ടിപ്പെടുത്തുന്നതിനും ആ മഹതി വളരെ പ്രയത്നിച്ചു. 1921–ൽ മേരി അമേരിക്ക സന്ദർശിച്ചു. അമേരിക്കൻജനതയുടെ പാരിതോഷികമായി പ്രസിഡൻറ് ഹാർഡിങ്ങ് അന്നു് അവൾക്കു് ഒരു ഗ്രാം റേഡിയം നൽകുകയുണ്ടായി. ശാസ്ത്രത്തിനു വേണ്ടിയുള്ള അത്യദ്ധ്വാനത്തിനോടൊപ്പംതന്നെ ഒരു ഭാര്യ എന്നും മാതാവെന്നുമുള്ള നിലകളിൽ സ്ത്രീധർമ്മങ്ങളെല്ലാം പൂർണ്ണമായി

അനുഷ്ഠിക്കുകകൂടി ചെയ്ത മഹാമനസ്വിനിയാണു് മാഡം ക്യൂറിയെന്നു് അദ്ദേഹം പ്രസ്താവിച്ചു. ഇതിനുശേഷം 1934 വരെ മാഡം ക്യൂറി പാരീസിലെ റേഡിയം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറെന്ന നിലയിലാണു് ജീവിതം കഴിച്ചതു്. ഇക്കാലത്തു് അവർ വിലയേറിയ പല ഗവേഷണങ്ങളും ചെയ്തതുകൂടാതെ, ലോകത്തിന്റെ നാനാഭാഗങ്ങളിലുംനിന്നു വന്ന അനേകശതം വിദ്യാർത്ഥികൾക്കു മാർഗ്ഗദർശനം ചെയ്യുകയും ചെയ്തു. 1934 ജൂലായി മാസത്തിൽ അനുപമശോഭനവും ഏകാന്തശാന്തവുമായ ഒരു ജീവിതം പൂർത്തിയാക്കിയതിനുശേഷം വിശ്രുതയായ ഈ സ്ത്രീരത്നം ദിവംഗതയായി. സ്വഭർത്താവിന്റേയും അദ്ദേഹത്തിന്റെ പിതാവിന്റേയും മൃതദേഹങ്ങൾ അടക്കിയിരുന്ന ശവകുടീരത്തിനുള്ളിൽത്തന്നെ തന്റെ ശരീരത്തേയും നിക്ഷേപിക്കണമെന്നു് ആ മഹതി മരണപത്രത്തിൽ അനുശാസിച്ചിരുന്നു. യാതൊരു വിധമായ ചടങ്ങുകളോ ബഹുമാനങ്ങളോ ആ സന്ദർഭത്തിൽ അനുഷ്ഠിക്കരുതെന്നും അവർ നിർബ്ബന്ധിച്ചിരുന്നു. ഇതനുസരിച്ചു് കേവലം ഒരു കൃഷീവലകന്യകയ്ക്കു ലഭിക്കുന്ന ഒരു ലളിതമായ ശവസംസ്കാരമേ അനന്യസാധാരണയായ ഈ മഹിളാമണിക്കു ലഭിച്ചുള്ളു. അവരുടെ സഹോദരനും സഹോദരിയും ആ സന്ദർഭത്തിൽ സന്നിഹിതരായിരുന്നു. പോളണ്ടിൽനിന്നു കൊണ്ടുവന്നിരുന്ന ഓരോ പിടി മണ്ണു് അവർ ആ ശവകുടീരത്തിൽ നിക്ഷേപിച്ചു കണ്ണുനീർ വാർത്തു. "മേരി ക്യൂറീസ്ക്ലോഡോവ്സ്കം 1867—1934" എന്നുള്ള ലിഖിതം മാത്രമേ ആ ശവക്കല്ലറമേൽ കൊത്തിയിട്ടുള്ളു.

—ഡോക്ടർ കെ. ഭാസ്കരൻ നായർ

കുറിപ്പുകൾ

ചോദ്യങ്ങൾ :—

1. മാഡം ക്യൂറിയുടെ വിദ്യാർത്ഥിജീവിതത്തെപ്പററി ഒരു ലഘു പ്രബന്ധമെഴുതുക.
2. മാഡം ക്യൂറിയുടെ ശാസ്ത്രീയഗവേഷണത്തെക്കുറിച്ചു് വിവരിക്കുക.

വ്യാകരണം—അക്ഷരമാല—

സ്വരാക്ഷരങ്ങൾ : അ, ആ, ഇ, ഈ, ഉ, ഊ, ഋ, ൠ, ഌ, ൡ, എ, ഏ, ഒ, ഓ, ഐ, ഔ.

വ്യഞ്ജനാക്ഷരങ്ങൾ :—

ക, ഖ, ഗ, ഘ, ങ—ക വർഗ്ഗം.

ച, ഛ, ജ, ഝ, ഞ—ച വർഗ്ഗം.

ട, ഠ, ഡ, ഢ, ണ—ട വർഗ്ഗം.

ത, ഥ, ദ, ധ, ന—ത വർഗ്ഗം.

പ, ഫ, ബ, ഭ, മ— പ വർഗ്ഗം.

യ, ര, ല, വ—മധ്യമങ്ങൾ.

ശ, ഷ, സ—ഊഷ്മാക്കൾ.

ഹ—ഘോഷി.

ള, ഴ, റ—ദ്രാവിഡമധ്യമം.

ഓരോ വർഗ്ഗത്തിലേയും ആദ്യത്തെ അക്ഷരം ഖരം; രണ്ടാമത്തേതു് അതിഖരം; മൂന്നാമത്തേതു് മൃദു; നാലാമത്തേതു ഘോഷം; അഞ്ചാമത്തേതു് അനുനാസികം.

വേലു, വേലു്; താണു, താണു്; ഈ ശബ്ദങ്ങൾ വായിക്കുമ്പോൾ അനുഭവപ്പെടുന്നതുപോലെ, തുറന്നുച്ചരിക്കുന്നതും സംവരണംചെയ്തു് ഉച്ചരിക്കുന്നതുമായി രണ്ടുതരം ഉകാരങ്ങൾ ഭാഷയിലുണ്ടു് ആദ്യത്തേതു വിവൃതം; രണ്ടാമത്തേതു സംവൃതവും.

വിവൃതോകാരം	സംവൃതോകാരം
നിന്നു	നിന്നു്
കണ്ടു	കണ്ടു്
ആളുകൾ	ആളു്
കൂണുകൾ	കൂണു്

ഉകളിലെ ചന്ദ്രക്കല സംവൃതോകാരത്തെ കുറിക്കുന്നു.

സ്വരസഹായംകൂടാതെ ഉച്ചരിക്കാവുന്ന വ്യഞ്ജനങ്ങളുണ്ടു്.

ഉദാഹരണം :—

'വൻ', എന്നതിലെ 'ൻ', 'കൺ' എന്നതിലെ 'ൺ', 'വാൾ' എന്നതിലെ 'ൾ', 'മലർ' എന്നതിലെ 'ർ', 'മുതൽ' എന്നിടത്തെ 'ൽ' ഇവയെ 'ചില്ലുകൾ' എന്നു വിളിക്കുന്നു.

പാഠം 26

ഒരു കഠിനതപസ്സ്

[കൈരളിക്കു സ്വന്തമായ ഒരു വ്യാകരണഗ്രന്ഥവും അലങ്കാരശാസ്ത്രവും വൃത്തശാസ്ത്രവും സമ്മാനിച്ചു്, കേരളപാണിനിയെന്ന വിഖ്യാതി സമ്പാദിച്ച മറെറാരു യുഗാചാര്യനാണു് രാജരാജവർമ്മകോയിത്തമ്പുരാൻ. ഇന്നും അദ്ദേഹത്തിന്റെ കൃതികളേ നമുക്കു് വ്യാകരണത്തിലും മററും മാർഗ്ഗദർശകമായിട്ടുള്ളു.

കവിതയുടെ ശാഖയിലും തമ്പുരാന്റെ സേവനം സ്മരണീയമാണു്. ഗതാനുഗതികമായ മാർഗ്ഗം കൈവിട്ടു് നൂതനമായ ഒരു സരണി സ്വീകരിക്കാൻ കവികളോടു് അദ്ദേഹം ആഹ്വാനം ചെയ്തു.

തമ്പുരാന്റെ “ഭാഷാകുമാരസംഭവ”ത്തിൽ പാർവ്വതിയുടെ തപസ്സു വർണ്ണിക്കുന്ന ഭാഗമാണ് താഴെച്ചേർത്തിട്ടുള്ളത്].

കരുതിന ഫലമീവിധം തപസ്സാ-
ലസുലഭമെന്നവളെന്നു താനുറച്ചാൾ,
അതുമുതൽ നിനയാതെ തൻശരീര-
സ്ഥിതിയതിഘോരതരം തപംതുടർന്നാൾ. 1

കളികളിലൊരു പന്തുമാഞ്ഞടിച്ചാൽ
തളരുവൊളാമവൾ തീവ്രമായ് തപിച്ചാൾ,
സ്ഫുടമുടലതു തീർത്തു കെല്ലെഴുന്നോ-
രതിമൃദുപൊന്മലർകൊണ്ടുതാൻ വിരിഞ്ചൻ. 2

പിറകിലിരുപുറത്തു മുൻവശത്തും
കനലിയലുംപടി തീയെരിച്ചുകൊണ്ട്,
ഉപരി കതിരവന്നു നേർക്കു ക്രുസാ-
തവൾ മിഴിചേർത്തു കഴിച്ചിതുഷ്ണകാലം 3

കൊടിയ വെയിലിവണ്ണമേററു തണ്ടാർ-
ക്കുടമതുപോലെ തദാനനം വിളങ്ങി;
കടുതയതിൽ വളർന്നു മെല്ലെ മെല്ലെ-
ക്കടമിഴിമാത്രമിരുണ്ടു നീണ്ടു രണ്ടും. 4

ഘനനിര തനിയേ തരുന്ന തണ്ണീർ,
അമൃതകരൻ ചൊരിയുന്ന പൂനിലാവ്,
ഇതുകൾ പരമവൾക്കു പാരണയ്ക്കാ-
യചരജഗത്തതിനെന്നപോലെതന്നെ. 5

അതുപൊഴുതു വെളിക്കുതാൻ വസിക്കും
സുമുഖിയെ, മാരി ചൊരിഞ്ഞിടുന്നമധ്യേ,

തപമതിന്നൊരു സാക്ഷിപോലെ നിന്നോ-
രിരവുകരം മിന്നൽ മിഴിച്ചു പാൎത്തുകൊണ്ടാർ. 6

പനിമഴയൊടു കാററു ചീററിടുമ്പോരം
ജലനടുവിൽ, ശിശിരത്തു രാത്രികാലം
ക്ഷണമിണ പിരിയുന്ന ചക്രവാക-
പ്പിടയുടെയാൎത്തിയിലുള്ളലിഞ്ഞു വാണാരം. 7

മണമൊടു വിറയാൎന്നിടുന്ന ചുണ്ടാ-
മിതളുകളൊത്ത മുഖം മുതക്കി നില്ക്കേ,
സ്ഫുടമവളുളവാക്കി താമരപ്പൂ-
വതുപൊഴുതംബുജമററിരുന്നൊരാററിൽ. 8

തപമതിന്നുടെയന്ത്യകാഷ്ഠയല്ലോ
സ്വയമണയും ദ്രുമപൎണ്ണമാത്രവൃത്തി;
സുമതിയവളതും ത്യജിക്കമൂലം
വിരുതു ലഭിച്ചിതപൎണ്ണയെന്നു പാരിൽ. 9

കുറിപ്പുകരം

വിരിഞ്ചൻ=ബ്രഹ്മാവു്. ഉപരി=മുകളിൽ. കതിരവൻ=സൂൎയ്യൻ. കൊടിയ=ശക്തിയേറിയ; ഭയങ്കരമായ. തണ്ടാർക്കടം=താമരപ്പൂ. തദാനനം=അവളുടെ മുഖം. ഘനനിര=മേഘങ്ങളുടെ കൂട്ടം. അമൃതകരൻ=ചന്ദ്രൻ. അചരജഗത്തു്=സസ്യലോകം. പനി=മഞ്ഞു്. ശിശിരത്തു=മഞ്ഞുകാലം. മുതക്കി=പ്രകാശിപ്പിച്ചു്; വെളിപ്പെടുത്തി. അന്ത്യകാഷ്ഠ=അങ്ങേ അററത്തെ നില. ദ്രുമപൎണ്ണമാത്രവൃത്തി=ഇലകളെക്കൊണ്ടു മാത്രമുള്ള ഉപജീവനം. വിരുതു്=പ്രസിദ്ധി.

ചോദ്യങ്ങൾ :—

1. പാർവ്വതിയുടെ കഠിനതപസ്സു വർണ്ണിക്കുക.
2. 'അപർണ്ണ' എന്ന പേരു് പാർവ്വതിക്കു ലഭിക്കാനിടയായതു് എങ്ങനെ ?

വ്യാകരണം :—

വൃത്തം—പുഷ്പിതാഗ്ര.

"നനരയ വിഷമത്തിലും, സമത്തിൽ
പുനരിഹ നം ജജരം ഗ പുഷ്പിതാഗ്ര.

സന്ധി : വർണ്ണങ്ങളുടെ യോഗമാകുന്നു സന്ധി.

ഉദാഹരണം :—

തല+ഓട്=തലയോട്. തിരു+ആതിര=തിരുവാതിര. പച്ച+കൊടി=പച്ചക്കൊടി. വന്നു+ഇല്ല=വന്നില്ല. ചെമ്പു്+കുടം=ചെപ്പുകുടം.

(1) ഇതിൽ തല+ഓട്=തലയോട് എന്ന പദത്തിൽ 'യ്' എന്നൊരു പുതിയ വർണ്ണം വന്നിരിക്കുന്നു. അതുപോലെ 'തിരുവോണ'ത്തിൽ 'വ്' എന്നും. ഇങ്ങനെ വർണ്ണങ്ങൾ തമ്മിൽച്ചേരുമ്പോൾ പുതിയൊരു വർണ്ണംകൂടി വരുന്നതിനു് 'ആഗമം' എന്നു പേർ. (ആഗമസന്ധി)

(2) പച്ച+കൊടി എന്നിടത്തു് രണ്ടാമത്തെ പദത്തിൻെറ ആദ്യവർണ്ണം ഇരട്ടിച്ചിരിക്കുന്നു. അങ്ങനെ ഇരട്ടിക്കുന്നതത്രേ ദ്വിത്വസന്ധി.

വേറെയും ഉദാഹരണങ്ങൾ :—

കുട+പന=കുടപ്പന. പട+തലവൻ=പടത്തലവൻ. തട്ടി+കളഞ്ഞു=തട്ടിക്കളഞ്ഞു.

(3) 'ചെമ്പു്+കുടം' എന്നതു് 'ചെപ്പുകുടം' എന്നാണല്ലോ മാറിയതു്.

'മ്പ്' എന്നതു് 'പ്പ്' എന്നായിത്തീൎന്നു. 'മ' കാരം പോയി 'പ'കാരം വന്നു. സന്ധിയിൽ ഒരു വൎണ്ണം പോയി അതിന്റെ സ്ഥാനത്തു മറെറാരു വൎണ്ണം വരുന്നതിന്നു് ആദേശമെന്നു പറയുന്നു. (ആദേശസന്ധി).

വേറെയും ഉദാഹരണം :—

വിൺ+തലം=വിണ്ടലം. (ത കാരത്തിന്നു ട കാരം ആദേശം).

പൊൻ+കുടം=പൊല്ക്കുടം. (ന കാരത്തിന്നു ല കാരം).

(4) 'വന്നു + ഇല്ല=വന്നില്ല' എന്നിടത്തു് 'വന്നു' എന്നതിലെ ഉകാരം ലോപിച്ചിരിക്കുന്നു. ഉള്ള വൎണ്ണങ്ങളിൽ ഒന്നു് ഇല്ലാതാകുന്നതിനെയാണു് ലോപസന്ധിയെന്നു പറയുന്നതു്.

വേറെയും ഉദാഹരണം :—

ചൂടു്+ആറി=ചൂടാറി. (സംവൃതോകാരം ലോപിച്ചിരിക്കുന്നു).

ഇല്ല+എന്നു്=ഇല്ലെന്നു്. (അകാരത്തിന്നു ലോപം).

അഭ്യാസങ്ങൾ : —

1. പദം മുറിച്ചെഴുതുക :—

" ചൂടേററിട്ടൊട്ടു ഞെട്ടററലർനിരയെ മദി-
ച്ചാന ഗണ്ഡങ്ങൾ തേച്ചി-
ട്ടാടുമ്പോളാശു ഗോദാവരിയിലിഹ പൊഴി-
ക്കുന്നു തീരദ്രുമങ്ങൾ. "

2. ആഗമസന്ധിക്കും ലോപസന്ധിക്കും തമ്മിൽ എന്താണു് അന്തരം ? സോദാഹരണം വ്യക്തമാക്കുക.

3. സന്ധി നിൎണ്ണയിക്കുക :—

(1) പലകപ്പുറം. (2) തീയാളി. (3) തണുപ്പുണ്ടു്. (4) കരുത്തോല.

4. ചേൎത്തെഴുതുക :—

(1) രാമൻ+ഇല്ല+ഇവിടെ. (2) ഗിരിക്കു്+അരികെ. (3) വെൺ+കൊററ+കുട+കീഴിൽ.

പാഠം 27

എവറസ്റ്റാരോഹണം

ഹിമവാനെപ്പററി കേൾക്കാത്തവർ ചുരുങ്ങും. ഭൂമിശാസ്ത്രത്തെപ്പററി യാതൊരു വിവരവുമില്ലാത്തവർക്കുകൂടി ഹിമവാൻെറ പേർ പരിചിതമായിരിക്കും. അതിന്നു കാരണമുണ്ട്. പണ്ടേയ്ക്കുപണ്ടേ നമ്മുടെ പൌരാണികന്മാർ ഹിമവാനെ പുണ്യസ്ഥലങ്ങളുടെ ഒരു സങ്കേതമായിട്ട് ഇതിഹാസങ്ങളിൽക്കൂടിയും പുരാണങ്ങളിൽക്കൂടിയും കാവ്യവൃന്ദങ്ങളിൽക്കൂടിയും പരിചയപ്പെടുത്തിത്തന്നിട്ടുണ്ട്. ഈശ്വരന്മാരുടേയും, ദേവന്മാരുടേയും, ഗന്ധർവ്വന്മാരുടേയും വാസസ്ഥലമാണത്. പാർവ്വതീപരമേശ്വരന്മാരുടെ ആവാസസ്ഥാനമായ പുരാണപ്രസിദ്ധമായ കൈലാസം ഹിമാലയത്തിലാണ്. ദേവഗന്ധർവ്വന്മാരുടെ വിഹാരഭൂമിയായ മഹാമേരു ഹിമാലയപാർശ്വങ്ങളിലാണ്. പുണ്യനദിയായ ഗംഗയെ ഹിമവാൻെറ പുത്രിയായിട്ടാണ് നാം കരുതിവരുന്നത്. ഹിന്ദുക്കളുടെ ഏററവും ശ്രേഷ്ഠങ്ങളും പുരാണങ്ങളുമായ ക്ഷേത്രങ്ങളെല്ലാംതന്നെ ഹിമാലയത്തിലാണ് സ്ഥിതിചെയ്യുന്നത്. അതുപോലെതന്നെ എണ്ണപ്പെട്ട ബുദ്ധവിഹാരങ്ങളെല്ലാം ഹിമാലയപാർശ്വങ്ങളിലാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഈവക കാരണങ്ങളാൽ പുരാതനകാലം മുതല്ക്കേ വെറും ഒരു പർവ്വതനിര എന്ന നിലയ്ക്കല്ല ഹിമാലയത്തിനെ നാം ഗണിച്ചുപോന്നിട്ടുള്ളത്. ഭക്തിസമ്മിശ്രമായ ഒരു ബഹുമാനവും ശ്രേഷ്ഠതാബോധത്തിൽ നിന്നുദിക്കുന്ന ഒരാദരവും ഹിമാലയത്തിൻെറ പേരു കേൾക്കുമ്പോൾ സ്വാഭാവികമായി ജനിക്കുന്നു

ഈ ശ്രേഷ്ഠത്വം ഹിമവാൻ അർഹിക്കുന്നുണ്ടെന്നുള്ളതു തീർച്ചയാണ്. വാക്കുകളെക്കൊണ്ടോ വർണ്ണങ്ങളെക്കൊണ്ടോ പ്രകാശിപ്പിക്കുവാൻ കഴിയാത്ത, അഭൌമമായ, ദിവ്യചിത്രങ്ങളാണ് ഏതു ഭാഗത്തുനിന്നു നോക്കിയാലും ആ പർവ്വതം നൽകുന്നതു്. സമുദ്രംപോലെ പരന്നുകിടക്കുന്ന വെൺമേഘപ്പരപ്പിൽനിന്ന് അനേകായിരം അടി ഉയരത്തിൽ, ദൃഷ്ടിക്കു ചെന്നെത്താൻ കഴിയാത്തത്ര പൊക്കത്തിൽ, അനേകശതം ശൃംഗങ്ങളോടുകൂടി, ലോകത്തിലെ മറ്റേതു ഗിരിനിരയേയും അതിശയിച്ചുകൊണ്ട്, ഹിമവാൻ നില്ക്കുന്നു. ആ നില്പുകണ്ടാൽ ആരും ഭയപ്പെട്ടുപോകും. ധവളനിറത്തിലുള്ള ശൃംഗപരമ്പര, ചങ്ങലക്കണ്ണികൾപോലെ, ഒന്നിനു പിറകെ ഒന്നായി ഭൂമിക്കും ചക്രവാളത്തിന്നും ഇടയ്ക്ക് ഒരു പടുക്കൂറ്റൻ വെണ്മതിൽ കെട്ടിപ്പടുത്തപോലെ ഉയർന്നു നില്ക്കുന്നു. സൂര്യോദയത്തിൽ ഹിമാവൃതങ്ങളായ കൊടുമുടികളും താഴ്‌വാരങ്ങളും, എണ്ണമറ്റ അവർണ്ണനീയങ്ങളായ വർണ്ണങ്ങളാൽ ശോഭിതമായിത്തീരുമ്പോൾ, ആ കാന്തിപൂരത്തിൽക്കൂടി തിളങ്ങിക്കാണുന്ന പേടകംതന്നെയാണ് സ്വർഗ്ഗം എന്ന് ആരും ശങ്കിച്ചുപോകും. കലാകാരന്റെ ആലേഖനപാടവത്തിനും കവിയുടെ വർണ്ണനയ്ക്കും അതീതമായി വർത്തിക്കുന്ന ആ പ്രകൃതിരമണീയത്വം അത്ര അലൌകികവും ശ്രേഷ്ഠവുമാണ്!

വാക്കുകളെക്കൊണ്ടു ഹിമാലയത്തിനെ വർണ്ണിക്കാൻ കഴിയുന്നതല്ല എന്നുള്ളതിന്നു വാചാലന്മാരായ നമ്മുടെ പൂർവ്വകവികൾതന്നെ സാക്ഷ്യം വഹിക്കുന്നു. വർണ്ണനയിൽ അദ്വിതീയനായ കാളിദാസൻപോലും ഹിമാലയത്തിനെ,

'അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ
ഹിമാലയോ നാമ നഗാധിരാജഃ'

എന്നു വൎണ്ണിക്കാനേ മുതിൎന്നിട്ടുള്ളൂ. ദേവതാത്മാവായ ഹിമാലയത്തിന്റെ അപ്രമേയമായ ഗാംഭീൎയ്യത്തിനെ സൂചിപ്പിക്കുവാൻ, പൎവ്വതങ്ങളുടെ രാജാവു് എന്നൎത്ഥമുള്ള 'നഗാധിരാജൻ' എന്ന വിശേഷണപദം മാത്രം ഉപയോഗിച്ചു ആ കവിസമ്രാട്ടു് വിനയപൂൎവ്വം പിന്മാറുകയാണു് ചെയ്തതു്. വിശ്വരൂപിയായ ഹിമവാന്റെ ഗാംഭീൎയ്യത്തെ വാക്കുകളുടെ പരിമിതിയിൽ ഒതുക്കുക അസാദ്ധ്യമാണെന്നു് അദ്ദേഹത്തിന്നു തോന്നിയിരിക്കണം!

കാളിദാസന്റെ വൎണ്ണനാവൈഭവത്തിന്നുകൂടി പ്രകാശിപ്പിക്കുവാൻ കഴിയാത്ത ഹിമവാന്റെ ആകാരഗാംഭീൎയ്യത്തെ വെറും നാഴികക്കണക്കിലോ അടിക്കണക്കിലോ പറഞ്ഞു ധരിപ്പിക്കാൻ ശ്രമിക്കുന്നതു മഹാ സാഹസമാണു്. എങ്കിലും, ഭൂമിശാസ്ത്രപരമായി പറയുകയാണെങ്കിൽ, ഭാരതത്തിന്റെ വടക്കുപടിഞ്ഞാറൻ അതിൎത്തിയായിരുന്ന കാറക്കോറം പൎവ്വതനിരകൾ മുതൽ ആസ്സാമിന്റെ കിഴക്കേ അതിൎത്തിയായ ലൂഷായി ശൈലങ്ങൾവരെ ഹിമാലയം നീണ്ടുകിടക്കുന്നു. രണ്ടായിരത്തോളം നാഴിക നീളവും പല ഭാഗത്തും ഇരുനൂറിൽപ്പരം നാഴിക വീതിയും ഇതിനുണ്ടു്. അമേരിക്കയിലെ 'ആൻഡീസ്' പൎവ്വതനിരയ്ക്കു മാത്രമേ ഇതിലധികം നീളമുള്ളു. പക്ഷേ പൊക്കത്തിൽ ആൻഡീസ് പൎവ്വതനിര ഹിമാലയത്തിന്റെ സമീപപ്രദേശത്തൊന്നും എത്തില്ല. ആൻഡീസിന്റെ ഏറ്റവും ഉയൎന്ന ശിഖരത്തിന്നു കണക്കാക്കപ്പെട്ടിട്ടുള്ള പൊക്കം 23,100 അടി മാത്രമാണു്. ഹിമാലയത്തിലാകട്ടേ ഈ ഉയരത്തെ അതിശയിക്കുന്ന നൂറിൽപ്പരം ശൃംഗങ്ങളുണ്ടു്! ഉയരംകൊണ്ടും ഗാംഭീൎയ്യംകൊണ്ടും ഹിമാലയത്തിനെ ജയിക്കുന്ന മറ്റൊരു പൎവ്വതനിര ലോകത്തിൽ ഇല്ലെന്നുതന്നെ പറയാം.

1849-നുമുമ്പ് ഹിമാലയശൃംഗങ്ങളുടെ ഉയരത്തിനെപ്പറ്റി അന്വേഷിക്കുവാനോ, അവ അളന്നു തിട്ടപ്പെടുത്തുവാനോ ആരും ശ്രമം ചെയ്തതായിട്ടറിവില്ല. 1849-ൽ ഇതിന്ന് ഒരു ശ്രമം തുടങ്ങുകയുണ്ടായി. ഹിമാലയത്തിലുള്ള ശിഖരങ്ങളുടെയെല്ലാം പൊക്കം അളന്നു തിട്ടപ്പെടുത്തുവാനുള്ള ഒരു ശ്രമമായിരുന്നു അതു്. ഈ പ്രവൃത്തി മൂന്നു കൊല്ലം നീണ്ടുനിന്നു. അളവെടുക്കുന്ന ജോലിയിൽ വ്യാപൃതനായിരുന്ന രാധാനാഥസിക്ദാർ എന്നൊരു മനുഷ്യൻ, അതേവരെ K 15 എന്ന സംജ്ഞയാൽ അറിയപ്പെട്ടിരുന്ന ഒരു ശിഖരത്തിന്റെ പൊക്കം കണക്കുകൂട്ടി ക്ലുപ്തപ്പെടുത്തി. അതു് 29,002 അടിയായിരുന്നു! ലോകത്തിലെ ഏററവും ഉന്നതമായ പർവ്വതശിഖരം അതാണെന്നു് ഉടനെ ബോധപ്പെടുകയും ആ വിവരം ലോകമാസകലം പ്രസിദ്ധമാവുകയും ചെയ്തു. ഹിമാലയത്തിലെ ശിഖരങ്ങളുടെ ഈ സർവ്വേ തുടങ്ങിയ കാലത്തു് ഇന്ത്യയിലെ സർവ്വേഡിപ്പാർട്ടമെൻറിൻെറ മേലധികാരി 'എവറസ്റ്റ്' എന്നൊരിംഗ്ലീഷുകാരനായിരുന്നു. അദ്ദേഹത്തിൻെറ സ്മാരകമായി ലോകത്തിലെ ഏററവും പൊക്കംകൂടിയ ഈ ശിഖരത്തിന്നു് 'മൌണ്ട് എവറസ്റ്റ്' എന്നു നാമകരണം ചെയ്തു.

ലോകത്തിലേയ്ക്കുവെച്ചു് ഏററവും ഉയർന്ന 'മൌണ്ട് എവറസ്റ്റ്' കയറുന്നതിനുള്ള വാസന സ്വാഭാവികമായി പല സാഹസികന്മാരിലും അങ്കുരിച്ചു. പ്രകൃതിയെ കീഴടക്കാനുള്ള മനുഷ്യൻെറ സംരംഭങ്ങൾ പലതും നടന്നിരുന്ന കാലമായിരുന്നു അതെന്നുള്ളതു് ഇവിടെ സ്മരണീയമാണു്. ഉദാഹരണമായി ധ്രുവപ്രദേശങ്ങൾ കീഴടക്കുവാനുള്ള വളരെ ശ്രമങ്ങൾ അക്കാലത്തു നടന്നിരുന്നു. തന്നെയല്ല, പലേ ക്ലേശങ്ങളും ആൾനാശവും സഹിച്ചതിനുശേഷം ഈ ഏററം

ണ്ടിന്റെ ആരംഭത്തിൽ, കമാൻഡർ പീയാറി എന്ന മഹാൻ ഉത്തരധ്രുവത്തിൽ എത്തിച്ചേർന്നു. ദക്ഷിണധ്രുവത്തിൽ ചെന്നെത്താൻ വീണ്ടും കുറെ കൊല്ലങ്ങൾ കഴിയേണ്ടിവന്നു എങ്കിലും, ഉത്തരധ്രുവത്തെ കീഴടക്കിയതോടുകൂടി, 'ഇനി എവറസ്റ്റ്' എന്ന പല്ലവി സാഹസികന്മാരിൽനിന്നും ശാസ്ത്രജ്ഞന്മാരിൽനിന്നും പുറപ്പെട്ടു.

7 ഇതിനു വലിയൊരു പ്രതിബന്ധമായി കിടന്നിരുന്നതു് എവറസ്റ്റിലേയ്ക്കുള്ള മാർഗ്ഗമാണു്. എവറസ്റ്റിലേയ്ക്കു പോകാനുള്ള മാർഗ്ഗം അന്നു കണ്ടുവെച്ചിരുന്നതു് തിബെത്തിൽക്കൂടിയാണു്. ആ രാജ്യത്തിൽക്കൂടി സഞ്ചരിക്കുവാൻ പാശ്ചാത്യർക്കു് അനുവാദമുണ്ടായിരുന്നില്ലതാനും. പാശ്ചാത്യരുമായി വേഴ്ചയുള്ളതുകൊണ്ടു് ഇന്ത്യക്കാർക്കുപോലും തിബെത്തിൽക്കൂടി യാത്രചെയ്യുന്നതിനു് അനുവാദം സിദ്ധിച്ചിരുന്നില്ല. എന്നിരിക്കിലും വേഷപ്രച്ഛന്നരായി ചിലർ സൂത്രത്തിൽ ആ രാജ്യത്തു് സഞ്ചരിക്കാതിരുന്നില്ല. അങ്ങനെ സഞ്ചരിച്ചു് എവറസ്റ്റാരോഹണത്തിനു് ആവശ്യമായ പല പ്രാഥമികവിവരങ്ങൾ ശേഖരിച്ചുപോരുകയും ചെയ്തിരുന്നു. ആട്ടിടയന്മാരുടെ വേഷത്തിലും, ബുദ്ധഭിക്ഷുക്കളുടേയും കച്ചവടക്കാരുടേയും സമ്പ്രദായത്തിലുമാണു് പലരും സഞ്ചരിച്ചിരുന്നതു്. 1870–നും 1885–നും മദ്ധ്യേ ഇങ്ങനെ സഞ്ചരിച്ചു പല വിവരങ്ങളും ശേഖരിച്ചുവന്നവരിൽ ചിലരാണു് ഹരിറാം, ശരച്ചന്ദ്രദാസ് തുടങ്ങിയവർ. പാശ്ചാത്യരിൽ ചിലരും ഇങ്ങനെ വേഷപ്രച്ഛന്നരായി സഞ്ചരിക്കാതിരുന്നില്ല. ഡാക്ടർ എ. എം. കെല്ലാസ് എന്ന ഇംഗ്ലീഷുകാരൻ വളരെക്കാലം വേഷപ്രച്ഛന്നനായി തിബെത്തിൽ താമസിക്കുകയുണ്ടായി. തന്നെയല്ല, ഹിമാലയപ്രദേശങ്ങളെപ്പററിയും അവിടത്തെ പ്രകൃതിയുടെ സമ്പ്രദായങ്ങളെപ്പററിയും മററും

പിന്നീട്ട് ഉപകാരപ്രദങ്ങളായ പല വിവരങ്ങളും കെല്ലാസ് ശേഖരിച്ചു. പർവ്വതജാതിക്കാരായ ഷെർപ്പാസമുദായത്തിന്റെ സഹകരണം എവറസ്റ്റാരോഹണവിഷയത്തിൽ എത്രമാത്രം സാഹായ്യകരമായിത്തീരും എന്ന കാര്യം ഒന്നാമതായി അനുഭവത്തിൽനിന്നു മനസ്സിലാക്കിയതു് കെല്ലാസാണു്. അവർക്കു് ആരോഹണവിഷയത്തിൽ ചില പരിശീലനങ്ങൾകൂടി നല്കിയതിന്നു ശേഷമാണത്രെ കെല്ലാസ് മടങ്ങിയതു്.

ഇക്കാലത്തു് ഇന്ത്യയുടേയും തിബത്തിന്റേയും അതിർത്തിയിൽ കൂടെക്കൂടെ അതിർത്തിലംഘനങ്ങൾ ഉണ്ടാവുക പതിവായിരുന്നു. ഇതു നിർത്തൽ ചെയ്യുവാനായി, 1904-ൽ സർ ഫ്രാൻസിസ് യങ്ഹസ് ബൻഡ് എന്ന ഒരു മാന്യന്റെ കീഴിൽ ഒരു സംഘം സൈന്യത്തെ, അന്നു് ഇന്ത്യാരാജ്യം ഭരിച്ചിരുന്ന വിദേശീയഗവണ്മെന്റ് തിബത്തിലേയ്ക്കയയ്ക്കുകയുണ്ടായി. ഈ സംഘത്തിന്റെ യാത്രയ്ക്കുശേഷം ബ്രിട്ടീഷുകാർക്കു് തിബത്തിൽക്കൂടി സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം കിട്ടി. തിബത്തിൽക്കൂടി യാത്രചെയ്തു് എവറസ്റ്റാരോഹണം നടത്തുന്നതിന്നുള്ള ശ്രമങ്ങൾ ചെയ്യാനും ദലൈലാമയിൽനിന്നു് ബ്രിട്ടീഷ്‌കാർക്കു് അനുമതി ലഭിച്ചു. ഈ അനുമതിലബ്ധിക്കുശേഷം ലണ്ടനിലെ രാജകീയഭൂമിശാസ്ത്രസമിതി (Royal Geographycal Society) എവറസ്റ്റാരോഹണവിഷയത്തിലേയ്ക്കായി മാത്രം ഒരു പ്രത്യേക കമ്മററിയെ നിയമിച്ചു. ഈ കമ്മററിയുടെ മേൽനോട്ടത്തിലാണു് കാര്യമായ എല്ലാ ആരോഹണശ്രമങ്ങളും പിന്നീട നടന്നിട്ടുള്ളതു്.

ആ ആരോഹണശ്രമങ്ങൾ 1921 മതൽ 1952 വരെ നീണ്ടുനിന്നു; ഇത്രയും കാലത്തിന്നിടയിൽ എട്ടുപത്തു സംഘങ്ങൾ

പുറപ്പെട്ടു ചെന്നതിൽ എല്ലാം ഉദ്ദേശം സാധിക്കാതെ മടങ്ങുകയാണുണ്ടായതു്. അതിൽച്ചിലർ മരിക്കുകയും ചെയ്തു. എങ്കിലും ആ ഓരോ സംഘത്തിനും, പിന്നാലെ വരുന്നവർക്കു വേണ്ടി ചില താവളങ്ങൾ ഏർപ്പെടുത്തുവാനും, അനുഭവ പാഠങ്ങൾ നല്കുവാനും സാധിച്ചു.

ഒടുവിൽ 1953 മാർച്ചുമാസത്തിൽ കേണൽ ഹൺടിന്റെ നേതൃത്വത്തിൽ പുറപ്പെട്ടു ചെന്ന ഒരു വലിയ സംഘത്തിലെ രണ്ടു പേർ—ടെൻസിങ്ങും ഹില്ലാരിയും—മേയ് 29-ാംനു പകൽ $11\frac{1}{2}$ മണിക്കു് എവറസ്റ്റിന്റെ മൂർദ്ധാവിലെത്തി, അവിടെ നാലു കൊടി നാട്ടി:

ബ്രിട്ടന്റെയും നേപ്പാളിന്റെയും ഇന്ത്യയുടെയും ഐക്യരാഷ്ട്രങ്ങളുടേയും.

—വി. വി. മേനോൻ.

കുറിപ്പുകൾ.

വ്യാകരണം: —

മഹാവാക്യം: അംഗവാക്യമില്ലാത്തതു് ചൂർണ്ണിക; അംഗവാക്യത്തോടുകൂടിയ അംഗിവാക്യം സങ്കീർണ്ണകം; ഓരോവാക്യവും അംഗിയായതു് മഹാവാക്യം.

മഹാവാക്യത്തിന്നുദാഹരണം:—

"പശു ചത്തു; മോരിലെ പുളി പോയില്ല."

അഭ്യാസങ്ങൾ:—

1. ചൂർണ്ണിക, സങ്കീർണ്ണകം, മഹാവാക്യം എന്നിവയെ സോദാഹരണം വിവരിക്കുക.
2. സമുച്ചയിച്ചു് മഹാവാക്യമാക്കുക:—
   ധർമ്മം വർദ്ധിക്കുന്നു. അധർമ്മം ക്ഷയിക്കുന്നു.

3. ഉചിതമായ ഘടകങ്ങൾ ചേർക്കുക :—

(1) നമ്മുടെ കർഷകർ അഭ്യസ്തവിദ്യരല്ല ;—
അവർ സംസ്കാരശൂന്യരല്ല.

(2) ധനം സമ്പാദിക്കാനല്ല വിഷമം ;—അതു്
യഥാർഥം വിനിയോഗിക്കാനാണു്.

കാലം : ഭൂതം, വർത്തമാനം, ഭാവി—ഈ കാലങ്ങളെ കുറിക്കാൻ

ഇ } ഉന്നു, ഉം, എന്നീ പ്രത്യയങ്ങൾ യഥാക്രമം
ഉ }

ഉപയോഗിക്കുന്നു.

ഉദാ :—

പാടി, പാടുന്നു, പാടും.
കേട്ടു, കേൾക്കുന്നു, കേൾക്കും.

അഭ്യാസം :—

1. ഭൂതകാലരൂപം എഴുതുക :—
വിളിക്കുന്നു, അലറുന്നു, വേവുന്നു, ചിതറുന്നു.

2. വർത്തമാനകാലരൂപം എഴുതുക :—
ഉടച്ചു, നിന്നു, പാടി, കൊന്നു.

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE.

PRINTED BY
THE S.G.P. AT THE GOVERNMENT PRESS
ERNAKULAM
1958